അധികാരം ജനങ്ങളിലേയ്ക്ക് അധികാരം ജനങ്ങളിലേയ്ക്ക്

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം.



അധികാരം ജനങ്ങളിലേയ്ക്ക് അധികാരം ജനങ്ങളിലേയ്ക്ക്

3 142—8

ജനകീയ ആസൂത്രണ പദ്ധതി
ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

വികസന സെമിനാർ

1996 നവംബർ 24 ഞായർ

ഗവ. ഹൈസ്കൂൾ ശ്രീകണ്ഠപുരം

കമ്പ്യൂട്ടർ ടൈപ്പ്സെറ്റിംഗ്: രാഷ്ട്രദീപിക പ്രസ്, കണ്ണൂർ-4 ഫോൺ:501650

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ.



പ്രസിഡന്റ്
ജോസഫ് കുഴിത്തോട് (വാർഡ് -1)

വൈ. പ്രസിഡന്റ്
മുസ്സമാസ്റ്റർ (വാർഡ്-8)



സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
വിനോദ്(വാർഡ്-12)

മെമ്പർ
പി.വി. യേശോദ(വാർഡ്-2)

മെമ്പർ
പി.ഐ. മാത്യു(വാർഡ്-3)

മെമ്പർ
മേരി ജോസഫ് (വാർഡ്-4)



മെമ്പർ
പി.ജെ.ആന്റണി(വാർഡ്-5)

മെമ്പർ
ഇ.വി. പത്മാവതി(വാർഡ്-6)



മെമ്പർ
സി.എസ്. പൗലോസ്(വാർഡ്-7)



മെമ്പർ
പെണ്ണമ്മ ചാക്കോ(വാർഡ്-9)



മെമ്പർ
വി.കെ.ബേബി(വാർഡ്-10)



മെമ്പർ
എം.വി. കുഞ്ഞിക്കണ്ണൻ (വാർഡ്-11)

വിഷയവിവരം

1. ആമുഖം
2. പൊതുവിവരണം
3. സാമൂഹ്യ സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി
5. കൃഷിയും ജലസേചനവും
6. മൃഗസംരക്ഷണം, മത്സ്യം
7. വ്യവസായം
8. വിദ്യാഭ്യാസം
9. കുടിവെള്ളം, പൊതുജനാരോഗ്യം
10. ഗതാഗതം, ഊർജ്ജം
11. പാർപ്പിടം സാമൂഹ്യക്ഷേമം
12. സംസ്ക്കാരം
13. വനിത
14. സഹകരണം
15. പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം
16. വിഭവസമാഹരണം

ആമുഖം

സ്വാതന്ത്ര്യാനന്തര കാലഘട്ടം ആസൂത്രിത വികസനത്തിന്റെ കാലഘട്ടമായിരുന്നെങ്കിലും ജനപങ്കാളിത്തത്തിന്റെയും കൃത്യമായ ലക്ഷ്യബോധത്തിന്റെയും അഭാവംമൂലം അത് കേവലം ഡിപ്പാർട്ട്മെന്റലിസമായി അധഃപതിക്കുകയാണ് ചെയ്തത്. അധികാരത്തിന്റെ കേന്ദ്രീകരണവും ബ്യൂറോക്രസിയുടെ മേധാവിത്വവും കൂടിയാവുമ്പോൾ ജനങ്ങളുടെ താത്പര്യങ്ങൾക്കും അഭിലാഷങ്ങൾക്കും പ്രസക്തിയില്ലാതായുമായി. വികസന പ്രവർത്തനങ്ങൾക്കും മുൻഗണനാക്രമം നിശ്ചയിക്കപ്പെട്ടിരുന്നത് ശാസ്ത്രീയമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമായിരുന്നില്ല.

73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരത്തിലും കാതലായ മാറ്റങ്ങൾ വന്നുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ന് ഭരണക്രമത്തിന്റെ അവിഭാജ്യഘടകങ്ങളായി മാറിയിരിക്കുന്നു. മുഴുവൻ വോട്ടർമാർക്കും നേരിട്ട് പങ്കാളിത്തമുള്ള ഗ്രാമസഭകൾ യഥാസമയത്ത് തെരഞ്ഞെടുക്കപ്പെടുന്നു. പഞ്ചായത്ത്, മുനിസിപ്പൽ ഭരണസമിതികൾ സ്ത്രീകൾക്ക് 1/3 അംഗത്വവും ഭാരവാഹിത്വവും ഇവയെല്ലാം സവിശേഷമായ ഈ ഭരണഘടനാ ഭേദഗതികളുടെ സത്ഫലങ്ങളാണ്.

അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കാൻ ഉദ്ദേശിച്ചാണ് കേരളത്തിൽ ജനകീയാസൂത്രണ പരിപാടിക്ക് രൂപം നല്കിയിട്ടുള്ളത്. സാമൂഹിക സാംസ്കാരിക രാഷ്ട്രീയരംഗത്തെ പ്രവർത്തകരെയും വിദഗ്ദ്ധന്മാരെയും ഉദ്യോഗസ്ഥന്മാരെയും ജനങ്ങളെയും പ്രദേശികമായി കോർത്തിണക്കിക്കൊണ്ടുള്ള ഒരു പുതിയ പ്രവർത്തനശൈലിയിലൂടെയാണ് നാം ഒൻപതാം പദ്ധതിയെ സമീപിക്കുന്നത്. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും വൻതോതിൽ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഒൻപതാം പദ്ധതിയുടെ 35–40 ശതമാനം തുകയും ഭാവനാപൂർണമായി ഉപയോഗിക്കുവാനാണ് ഈ പ്രക്രിയയിലൂടെ പരിശ്രമിച്ചുവരുന്നത്.

തികച്ചും പുതിയ ഒരു പരീക്ഷണമാണിത്. മാമൂലുകൾ പലതും മാറ്റാൻ നാം നിർബന്ധിതരായിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന് തടസ്സം നില്ക്കുന്ന നിക്ഷിപ്ത താത്പര്യങ്ങളെയും ഭൂതകാല ജഡഭാരങ്ങളെയും തകർക്കുന്നതിന് ഇത്തരം ഒരു ബഹുജന മുന്നേറ്റത്തിലൂടെമാത്രമേ സാധിക്കുകയുള്ളൂ. നമ്മുടെ സമൂഹത്തിൽ പാഴായിപ്പോകുന്ന അമൂല്യമായ മനുഷ്യവിഭവം ഫലപ്രദമായി ഉപയോഗിക്കുവാനും ഇത്തരമൊരു പ്രവർത്തനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

അത്യധികം ഉത്സാഹത്തോടും ആവേശത്തോടും കൂടിയാണ് ജനങ്ങൾ ഈ പ്രസ്ഥാനത്തെ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് മാത്രമാണ് കുറഞ്ഞ സമയംകൊണ്ട് ഇത്തരമൊരു സംരംഭം വിജയകരമായി മുന്നോട്ടുകൊണ്ടു പോകാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ഗ്രാമസഭകളിൽ പങ്കെടുത്തുകൊണ്ടും മറ്റും ജനങ്ങൾ മുന്നോട്ടുവച്ച ആശയങ്ങളും അഭിലാഷങ്ങളുമാണ് ഈ റിപ്പോർട്ടിന്റെ ഉള്ളടക്കം. പന്ത്രണ്ട് വിഷയങ്ങളും വിശദമായ ചർച്ചയ്ക്ക് വിഷയീഭവിച്ച സഭകളിൽനിന്ന് അനുഭവങ്ങളുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ നിരവധി പ്രശ്നങ്ങളും പരിഹാരമാർഗങ്ങളുമാണ് ഉയർന്നു വന്നിട്ടുള്ളത്. നമ്മുടെ ഗ്രാമത്തെ പരമാവധി സ്വയം പര്യാപ്തതയിലേക്ക് നയിക്കാൻ ഉതകണമെന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാൻ ഏറെ സഹായിക്കും എന്ന പ്രതീക്ഷയോടെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കട്ടെ.

കൺവീനർ
ജനകീയാസൂത്രണം
ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്

പൊതുവിവരം

പഞ്ചായത്ത്	: ശ്രീകണ്ഠപുരം
റവന്യൂ പഞ്ചായത്ത്	: ശ്രീകണ്ഠപുരം; നെടിയേങ്ങ.
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: ശ്രികണ്ഠപുരം; നെടിയേങ്ങ.
ബ്ലോക്ക് പഞ്ചായത്ത്	: ഇരിക്കൂർ
താലൂക്ക്	: തളിപ്പറമ്പ
അസംബ്ലി മണ്ഡലം	: ഇരിക്കൂർ
ജനസംഖ്യ	: 30,854 (91ലെ സെൻസസ്
പ്രകാരം)	
വാർഡുകളുടെ എണ്ണം	: 12
പ്രസിഡന്റ്	: ശ്രീ. ജോസഫ് കുഴിത്തോട്ട്
വൈസ് പ്രസിഡന്റ്	: ശ്രീ. കെ. മൂസ്സാ മാസ്റ്റർ

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. എം.സി. ഹരിദാസൻ മാസ്റ്റർ
" സി.ഡി. ജോസഫ് മാസ്റ്റർ
" സി.ജെ. ജോസ് മാസ്റ്റർ
" കെ.കെ. മനോഹരൻ
ശ്രീമതി ജസ്സി ജോർജ്ജ് പടിഞ്ഞാറെടത്ത്
ശ്രീ ജോർജ്ജ്കുട്ടി കൃഷി ഓഫീസർ
" ഡോ.അനിൽ വർഗീസ്
" ഡോ.ഗിരീഷ് ബാബു
" എ,കൃഷ്ണൻ Retired J.D.C.
" പി.രാധാകൃഷ്ണൻ
" ജോർജ്ജ് വട്ടനിരപ്പേൽ
" പാപ്പച്ചൻ ഇടിമണ്ണിൽ
" ജോസ്
" എം.വി.അബ്ദുൾ റഹ്മാൻ
" വി.യു. സ്കറിയ
" വി.നാരായണൻമാസ്റ്റർ
" അനിരുദ്ധൻ മാസ്റ്റർ
ശ്രീമതിതങ്കമ്മ ടീച്ചർ
ശ്രീ വി.പി.രാഘവൻ
" അബ്ദു സ്സലാം
" മുഹമ്മദ് കുഞ്ഞി
" പി.മനോഹരൻ
" വർഗീസ് വയലാമണ്ണിൽ
" കരുവാത്ത് നാരയണൻ
" പി.പി.രാഘവൻ
" കീ.എൻ.രവീന്ദ്രൻ
" പി.പ്രഭാകരൻ
" എസ്.കെ.നാരായണൻ മാസ്റ്റർ
" ഷാജി തോമസ് മേലേമുറിയിൽ
" കെ.ഹരിദാസൻ
ശ്രീമതി കെ.വി.ഗീത
ശ്രീ സി.മനോഹരൻ
" കെ.വി.സ്കറിയ



സാമൂഹ്യസാംസ്കാരികചരിത്രം

സാമൂഹ്യസാംസ്കാരികചരിത്രം

കരക്കാട്ടിടം നായനാരുടെയും കല്ല്യാട്ട് യശമാന്റെയും ക്രൂരമായ വാഴ്ചയിൽ പൊറുതിമുട്ടി ജീവിതം ദുസ്സഹമായിത്തീർന്ന പാവപ്പെട്ട കൃഷിക്കാർ കർഷകത്തൊഴിലാളികൾ കുടിയേറ്റക്കാർ മറ്റു ഇതര ജനവിഭാഗങ്ങൾ ഇവരുടെ ഉയിർത്തെഴുന്നേൽപ്പിന്റെ ചരിത്രമാണ് ഈ പഞ്ചായത്തിന്റെ മുൻകാലചരിത്രം.

മലബാർ ജില്ല ചിറയ്ക്കൽ താലൂക്കിൽ മൂന്ന് വില്ലേജുകൾ ആയിട്ടാണ് ഇവിടെ ഭരണം നടന്നു വന്നിരുന്നത്. ശ്രീകണ്ഠപുരം കാഞ്ഞിലേരി നെടിയേണ്ട എന്നീ പേരുകളിൽ നിലനിന്നിരുന്ന വില്ലേജുകളിൽ അധികാരി മേനോൻ ശിപായിമാർ എന്നീ പേരുകളിലാണ് വില്ലേജ് ഉദ്യോഗസ്ഥൻ അറിയപ്പെട്ടിരുന്നത്. വില്ലേജുകൾ 'അംശം' എന്ന ഗ്രാമ്യനാമത്തിൽ അറിയപ്പെട്ടിരുന്നു.

ഇവിടെ ഈ കാലഘട്ടത്തിൽ ഉണ്ടായിരുന്നവരിൽ ബഹുഭൂരിഭാഗവും ഹിന്ദുക്കളായിരുന്നു. എ.ഡി.9-ാം നൂറ്റാണ്ടിൽ കേരളത്തിൽ പ്രചാരത്തിൽ വന്ന ഇസ്ലാം മതക്കാർ 12 പള്ളികൾ സ്ഥാപിച്ചതിലൊരെണ്ണം ശ്രീകണ്ഠപുരത്തു ആയിരുന്നു എന്നാണ് പല രേഖകളിലും കാണുന്നത്. അതിനാലായിരിക്കാം ശ്രീകണ്ഠപുരത്ത് അന്ന് മുസ്ലീംങ്ങളും താമസമുണ്ടായിരുന്നത്.

ശതാബ്ദങ്ങൾക്കു മുമ്പുതന്നെ ഒരു പരിഷ്കൃത ജനസമൂഹം ഇവിടെ ഉണ്ടായിരുന്നു. എന്നതിന് വിവിധ ഭാഗങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പൊളിഞ്ഞ് തകർന്ന് ഭവനങ്ങളുടെ അടിത്തറയും പഴയകുളങ്ങളും കാവുകളും ക്ഷേത്രങ്ങളും മറ്റും ഇവയിൽ ചിലതാണ് നമ്മുടെ പൂർവ്വികർ ഉപയോഗിച്ചിരുന്ന പാത്രങ്ങളുടെയും ഉപകരണങ്ങളുടെയും പൂജാമണികളുടെയും മറ്റും അവശിഷ്ടങ്ങൾ ഈ പ്രദേശങ്ങളിൽ കാണാം. അയിത്തം, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ ഇവയൊക്കെ കൊടികുത്തി വാണകാലമായിരുന്നു ഇത്.

കുടകിലേക്കും മൈസൂരിലേക്കും ഉള്ള വ്യാപാരമാർഗം കടന്നു പോയിരുന്നത് ഈ ഗ്രാമത്തിലൂടെ ആയിരുന്നതിനാൽ ശ്രീകണ്ഠപുരം ഒരു വ്യാപാര കേന്ദ്രം കൂടിയായിരുന്നു. മൈസൂർപട ശ്രീകണ്ഠപുരത്ത് വന്നതിന്റെ ലക്ഷണങ്ങൾ കാണാനുണ്ട്. കണ്ണൂർ നിന്ന് ബ്രീട്ടീഷ് പട്ടാളം ഈ മാർഗത്തിലൂടെ മൈസൂർക്ക് കടന്നു പോയതായും രേഖയുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി നാനൂറുകളിൽ രാജ്യമാകെ അലയടിച്ചുയർന്ന ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ അലയടികൾ ഈ ഗ്രാമത്തിലും പുത്തനുണർവു സൃഷ്ടിച്ചു. അന്ധവിശ്വാസത്തിലും അനാചാരത്തിലും അടിമത്വത്തിലും ആണ്ടിരുന്ന പാവപ്പെട്ട ജനതതങ്ങളുടെ മുജ്ജന്മ പാവത്തിന്റെ ഫലമായിട്ടാണ് ഈ പ്രയാസങ്ങളൊക്കെയുണ്ടാവുന്നത് എന്ന് വിശ്വസിച്ചിരുന്ന കൃഷിക്കാരിലും കർഷകത്തൊഴിലാളികളിലും സ്വാതന്ത്ര്യത്തിലൂടെ ലഭ്യമാകുന്ന പുതിയ ജീവിതത്തിന്റെ സന്ദേശം എത്തിച്ചതോടെ തങ്ങൾ ഇതുവരെ ചൂഷണത്തിനിരയാവുകയായിരുന്നു എന്ന തിരിച്ചറിവിലൂടെ തങ്ങളുടെ പഴയ വിശ്വാസങ്ങളും ആചാരങ്ങളും വലിച്ചെറിഞ്ഞ് ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറ്റി വർഗസമരത്തിന്റെ പുതിയ അധ്യായം രചിക്കപ്പെട്ടു.

ശ്രീകണ്ഠപുരം പഞ്ചായത്തിലെ കാവുമ്പായി സ്വാതന്ത്ര്യസമര ചരിത്രത്തിലെ വിസ്മരിക്കാനാവാത്ത അധ്യായമെഴുതിയിച്ചേർത്തു സ്വാതന്ത്ര്യത്തിന് പൊൻവെളിച്ചം നല്കുന്നതിന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സഹായത്തോടെ അക്രമവാഴ്ച നടത്തിയിരുന്ന കരക്കാട്ടിടം നായനാർക്കും കല്ല്യാട്ട് യശമാനനുമെതിരെ വർഗബോധമുള്ള ജനതയാകെ ഉണർന്നെഴുന്നേറ്റു. ഭ്രമിക്കും സ്വാതന്ത്ര്യത്തിനും, അടിമത്വത്തിനുമെതിരേയും വിവിധ രൂപത്തിലുള്ള സമരമുഖങ്ങളിൽ ഇവിടത്തെ ജനങ്ങൾ അണിനിരന്നു. നിരവധി പേർക്ക് പോലീസിന്റെയും ഗുണ്ടകളുടെയും മർദനം ഏല്ക്കേണ്ടിവന്നു. അമ്മമാരുടെയും സഹോദരന്മാരുടെയും മാനം രക്ഷിക്കാൻ 'ചെറിയമ്മയെ' പോലുള്ള വനിതകൾ മുന്നോട്ടുവന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ബലിപീഠത്തിൽ അഞ്ചുപേർ രക്തസാക്ഷികളായി. ഇവിടെ ഇവർ പുതിയ ചരിത്രം

രചിക്കുകയായിരുന്നു. മണ്ണിന്റെ നേരവകാശികൾ തങ്ങളുടെ ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ തുടർന്നു നടത്തി. ഈ പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലം വിവരിക്കുമ്പോൾ രക്തപങ്കിലമായ പോരോട്ടത്തിന്റെ ഈ അധ്യായം വിസ്മരിക്കാൻ കഴിയില്ല.

1943 മെയ് 8-ാം തീയതി കോട്ടയം കത്തോലിക്ക രൂപതയിൽപെട്ട നൂറോളം വീട്ടുകാർ സംഘടിച്ച് മടമ്പത്ത് കടിയേറ്റക്കാരായി വന്നു. അവർക്ക് ആ രൂപതയുടെ അന്നത്തെ ബിഷപ്പ് ആയിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ പിൻബലവും പ്രഫസർ കണ്ടോത്ത് ജോസഫ് അവർകളുടെ നേതൃത്വവുമുണ്ടായിരുന്നു. അതിന്റെ ഓർമ്മയ്ക്കായി ഇരുവരും ഒന്നിച്ചു നില്ക്കുന്നതായിട്ടുള്ള ഒരു പ്രതിമ മടമ്പത്ത് ഇന്നും ആരെയും ആകർഷിച്ചുകൊണ്ട് നില്ക്കുന്നു. 1942-ൽ ജപ്പാൻകാർ ബമ്മ പിടിച്ചെടക്കിയതോടെ തിരുവിതാംകൂർ മേഖലയിൽ അതിരൂക്ഷമായ അരിക്ഷാമം നേരിട്ടു. കൃഷി വികസിപ്പിക്കുവാൻ മാത്രം കൃഷി ഭൂമി കൈവശമില്ല. അതിനാൽ ഉള്ളതെല്ലാം വിറ്റു പെറുക്കി അവിടുത്തെ പാവപ്പെട്ട കൃഷിക്കാർ കൃഷിഭൂമി അന്വേഷിച്ചിറങ്ങാൻ നിർബന്ധിതരായി. ശ്രീകണ്ഠപുരം പ്രദേശങ്ങളിൽ ഭൂമി ധാരാളം ഉണ്ടെന്നും ധാരാളം കൃഷിയിറക്കാനും വിളവുണ്ടാക്കാനും കഴിയുന്ന പ്രദേശമാണെന്നും കേട്ടു. ഇവിടെ എള്ളരിഞ്ഞിയിൽ കരക്കാട്ടിടം ജന്മിയോട് 2000 എക്കർ സ്ഥലം പ്രഫസർ കണ്ടോത്ത് ജോസഫ് ചാർത്തിവാങ്ങി. ഇതു 100 വീട്ടുകാർക്കായി ഭാഗിച്ചു കൊടുത്തുകൊണ്ടാണ് കുടിയേറ്റക്കാരെ കൊണ്ടുവന്നത്. അവരെ താങ്ങാൻ കോട്ടയത്തുനിന്നു ഒരു വൈദികനെകൂടി അയച്ചു.

കുടിയേറ്റക്കാർ പിന്നെയും വന്നുകൊണ്ടിരുന്നു. 1945-ൽ ചെമ്പന്തൊട്ടി 1947-ൽ ചുണ്ടപ്പറമ്പിലും കുടിയേറ്റം നടന്നു മേഖലകൾ കുടിയേറ്റമേഖലകളായി മാറി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് തങ്ങളുടെ നല്ല ഭാവി മുന്നിൽ കണ്ടുകൊണ്ട് തങ്ങളുടെ കൃഷി ഭൂമിയിൽ കൃഷിയിറക്കി പൊന്നു വിളയിക്കാൻ തുടങ്ങിയപ്പോൾ പന്നിയും കാട്ടിയും മലാനും കുരങ്ങും തുടങ്ങിയ കാട്ടുമൃഗങ്ങളുടെ ശല്യം അതിഭയങ്കരമായിരുന്നു. അതിനേക്കാൾ കടുപ്പപ്പെട്ട രീതിയിലായിരുന്നു അന്നത്തെ ജന്മിമാരുടെ ഉപദ്രവം. കാട്ടുമൃഗങ്ങൾ നശിപ്പിച്ചു ശേഷം കിട്ടുന്നതിൽ നല്ലൊരു ഭാഗം ജന്മിയും കൊണ്ടുപോകും. ബാക്കി കിട്ടുന്നതുകൊണ്ടുവേണം കൃഷിക്കാർ ജീവിക്കാൻ അങ്ങിനെ ജന്മിത്വത്തിന്റെ ക്രൂരമായ ചൂഷണത്തിനും അവർ ഇരയായി.

1955-ൽ പഞ്ചായത്തുകൾ രൂപീകൃതമായി. ശ്രീകണ്ഠപുരം പഞ്ചായത്തിൽ ജനാബ് അബ്ദു റഹ്മാൻ സാഹിബും കാഞ്ഞിലേരിയിൽ ശ്രീ കെ.കുഞ്ഞിരാമൻ നമ്പ്യാരും നെടിയേങ്ങയിൽ ശ്രീ എം.സി.രാമുകുട്ടി നമ്പ്യാരും പ്രസിഡന്റുമാരായി ഇവരുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങളും ആരംഭിച്ചു.

1957-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് കാർഷിക പരിഷ്കരണനിയമം കൊണ്ടുവന്നതോടെ സ്വന്തം എന്നു കരുതാൻ അതുവരെ കഴിയാതിരുന്ന തങ്ങൾ അധ്വാനിക്കുന്ന ഭൂമിയും കാർഷിക വിളകളും സ്വന്തമായതോടെ കുടിയേറ്റമേഖലകളും മറ്റും ഇതര പ്രദേശങ്ങളിലും സംതൃപ്തിയും ആവേശവും കൈവന്നു. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യസ മേഖലകളിൽ ഇതോടെ പുതിയ മുന്നേറ്റവുമായി.

സ്വാതന്ത്ര്യാനന്തര കാലത്തും ബഹുജന പ്രസ്ഥാനങ്ങളുടെ മുഖ്യധാര ഭൂമിക്കു വേണ്ടിയുള്ള സമരങ്ങൾ തന്നെയായിരുന്നു. ഈ ബഹുജന പ്രക്ഷോഭങ്ങളുടെ ഫലമായി തൊള്ളായിരത്തി അമ്പത്തേഴുമുതൽ എഴുപത്തി ഒന്നുവരെയുള്ള കാലഘട്ടത്തിൽ വിവിധ ഭൂപരിഷ്കരണ നിയമങ്ങൾ രൂപം കൊണ്ടു. ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയും ഭൂപരിഷകരണവും നാടിന്റെ മുഖഛായ തന്നെ മാറ്റി.

കൊടികുത്തി വാണിരുന്ന ഫ്യൂഡൽ ജന്മിത്വം അതോടെ അപ്രത്യക്ഷമായി തൊള്ളായിരത്തി നാനൂറുകളിലും അമ്പതുകളിലും പത്തുശതമാനം പോക്കുപോലും കൃഷിഭൂമി സ്വന്തമായുണ്ടായിരുന്നില്ല. ഭൂപരിഷ്കരണ നിയമങ്ങൾ നിലവിൽ വന്നതോടെ ഭൂ ഉടമ ബന്ധങ്ങളിൽ വന്ന മാറ്റം സവർണ മേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. ശ്രീകണ്ഠപുരത്തിന്റെ മുഖഛായ മാറ്റുന്നതിൽ ബഹുജന പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്.

1960-ൽ വില്ലേജുകളുടെ പുനരേകീകരണ നിയമം മൂലം ഇവിടെത്തെ മൂന്നു വില്ലേജുകൾ രണ്ടായി. 1.ശ്രീകണ്ഠപുരം, 2.നിടിയേങ്ങ, ഈ രണ്ടു വില്ലേജുകൾ ഒന്നിച്ചുണ്ടായതാണ് ഇന്നത്തെ ശ്രീകണ്ഠപുരം പഞ്ചായത്ത്. 1962-ൽ എൻ.സി.വർഗീസും 1979 അനന്തമാരാരും, 1988-ൽ കെ.നാരായണനും പഞ്ചാത്തു പ്രസിഡന്റായി പടിപടിയായിട്ടുള്ള ശ്രീകണ്ഠപുരം പഞ്ചായത്തിന്റെ വളർച്ചയ്ക്കു ശേഷം 1995-ൽ ജോസഫ് കുഴിത്തോട്ടം പഞ്ചായത്തുപ്രസിഡന്റായി. ഇന്ന് ശ്രീകണ്ഠപുരത്തിന് 12 വാർഡുകൾ ഉണ്ട്. പഴയ പല പ്രശ്നങ്ങളും പോയി പുതിയ പ്രശ്നങ്ങൾ മുന്നിൽ വന്നിരിക്കുന്നു. ഈ പ്രശ്നങ്ങളെ മനസിലാക്കി അവയെ കൈകാര്യം ചെയ്യുന്നതിലൂടെ മാത്രമേ മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ.



ഭൂപ്രകൃതി

ഭൂപ്രകൃതി

ശ്രീകണ്ഠപുരംപഞ്ചായത്തിന്റെ വിസ്തീർണ്ണം 68.7 ചതുരശ്ര കി.മീറ്റർ ആണ്. നടുവിൽ എരുവേശി പയ്യാവൂർ പടിയൂർ കല്യാട് ഇരിക്കൂർ മലപ്പട്ടം ചെങ്ങളായി എന്നി പഞ്ചായത്തുകളോടു തൊട്ടുകിടക്കുന്ന ശ്രീകണ്ഠപുരത്തിന് 12 വാർഡുളുണ്ട്. 1.ചെമ്പന്തൊട്ടി 2.നിടിയേങ്ങ 3.കട്ടായി 4.ചേപ്പറമ്പ് 5.പഴയങ്ങാടി 6 കാവുമ്പായി 7 എള്ളരിഞ്ഞി 8 ശ്രീകണ്ഠപുരം 9 കൈതപ്രം 10.കാഞ്ഞിലേരി 11.വയക്കര 12 കോട്ടൂർ എന്നിവയാണ് അവ.

അതിർത്തിയിലുള്ള പ്രധാന ആവാസ കേന്ദ്രങ്ങളാണ് പരിപ്പായി പുഴയോരം പരിപ്പായി കള്ളുഷാപ്പ്, വേളായി വയലിന്റെ പടിഞ്ഞാരെക്കര, പെരുങ്കടവ്, നെല്ലിക്കുന്ന് ആലുവച്ചകരി, മടക്കാറ്, കാക്കണ്ണൻപാറ തോപ്പിലായി ചെമ്പൻ തൊട്ടി ഹൈസ്കൂൾ ഓടക്കുണ്ട് ഓണാട്ടുമൂല കൊക്കായി, നായനാർമല,ഞണ്ണമല, കരയ്ത്തുംചാൽ അമ്പഴത്തുംചാൽ പയറ്റ്യാൽ കലുങ്ക്, വള്ള്യാട്, പുതുക്കാട് എസ്റ്റേറ്റ്, ചുണ്ടക്കുന്ന്, മങ്കട ചുണ്ടപ്പറമ്പ പാക്കടവ് മണ്ണേരി നീരാക്കൽ എസ്റ്റേറ്റ്, മൈക്കിൾ ഗിരി മൊളൂർ പെരുവളത്തുപറമ്പിനു താഴെ (വയക്കര) കണിയാർവയൽ പ്ലാക്കാട് എസ്റ്റേറ്റ്, പഞ്ച മൻമൂല പരിപ്പായി പുഴക്കടവ് എന്നിവ.

ഏറ്റവും താഴ്ന്ന പ്രദേശമായി 3 മീറ്റർ കാണപ്പെടുന്നത് ശ്രീ കണ്ഠപുരം ബസ് സ്റ്റാന്റിന്റെ വടക്കുവശമുള്ള വയൽ പൊടിക്കുളം വയൽ എന്നീ പ്രദേശങ്ങളാണ്. മഴക്കാലത്ത് പുഴയിൽ നിന്നും വെള്ളം പെട്ടെന്നു കയറുന്ന പ്രദേശങ്ങളാണിവ.

ഏറ്റവും ഉയരക്കൂടതലുള്ള പ്രദേശങ്ങളാണ് ആലോറക്കോട്ട-ചേപ്പറമ്പ് 166 മീറ്റർ (എം.എസ്.എൽ) നായനാർമല-കോറങ്ങോട് 150 മീറ്റർ (എം.എസ്.എൽ) എന്നിവ കൂടാതെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മലകളാണ് ആലോറക്കോട്ട, മഞ്ഞളാംകുന്ന് നായനാർമല ഞണ്ണമല നരന്തമ്മല (മൈക്കിൾ ഗിരി) കോയിപ്പാടി മല നെരുവമ്പ്രം കുന്ന് എന്നിവ പഞ്ചായത്തിൽ പീഠഭൂമിയോടുപമിക്കാത്തക്ക സ്ഥലങ്ങളാണ് കാക്കണ്ണൻപാറ ചേപ്പറമ്പ പൊന്തപ്പാറ കംബ്ലാരിപ്പറമ്പ പെരുമ്പറമ്പ തുടങ്ങിയവ.

നഗ്നമായ ചീങ്കപ്പാറ പ്രദേശമാണ്. പെരുമ്പറമ്പ, കാക്കണ്ണൻപാറ, അയ്യപ്പൻകാവ്, ചെപ്പിണിത്തട്ട്, പൊന്താപറമ്പ്, ആലോറത്തട്ട് കംബ്ലാരിത്തട്ട് എന്നിവ. യന്ത്രവൽകൃത ചെങ്കൽ ഖനനം നടക്കുന്ന മേഖലയാണ് പെരുമ്പറമ്പ, ചെർപ്പിണി, ആലോറ, കംബ്ലാരി, ചേപ്പറമ്പ്, നിടിയേങ്ങ കാഞ്ഞിലേരി കാവുമ്പായി തുടങ്ങിയ കൈവട്ടിയാൽ സ്ഥലങ്ങളിൽ കൈകൊണ്ടും ചെങ്കൽ ഖനനം നടക്കുന്നു.

കരിങ്കൽ ഖനനം നടക്കുന്ന മേഖലകളാണ് നിടിയേങ്ങ, കട്ടായി മഞ്ഞളാംകുന്ന് കരയത്തുംചാൽ, പയറ്റ്യാൽ, കാനപ്രം, തോപ്പിലായി, ഞട്ടൂർ തുടങ്ങിയവ.

ശ്രീകണ്ഠപുരത്തെ പ്രധാന നീർമറി പ്രദേശങ്ങൾ (water shed)

1.കൊക്കായി തോട് (Wsl 2.5sqkm) ഇത് നായനാർ മലയിൽ നിന്നും തുടങ്ങി 2.5 KM ഒഴുകി ചെങ്ങളായി പഞ്ചായത്തിൽ ചേരുന്നു. VCB ഉണ്ട്.

2.കോറങ്ങോട്-ചെമ്പൻതൊട്ടി തോട് (wsl2.5sqkm)ഇത് കരയത്തും ചാൽ മഞ്ഞളാംകുന്ന് കോറങ്ങോട് കട്ടായി ചെമ്പന്തൊട്ടി വഴി ഒഴുകുന്നു VCB ഉണ്ട്.

3.നെരുവമ്പ്രംതോട് (ഒടത്തുപാല) VCB ഉണ്ട് (Wsl 55 qm) കംബ്ലോരി- ചേപ്പറമ്പ നിടിയേങ്ങ കാനപ്രം-കൊട്ടൂർവയൽ-വേളായി-മൊളോളം വഴി ഒഴുകുന്നു.

4.പെരുത്തി-പെരുങ്കടവ് പരിപ്പായിതോട് (Wsl 2.5 qm) കാക്കണ്ണൻപാറ മടക്കാട് പെരുഞ്ഞി പെരുമ്പറമ്പ് പെരുങ്കടവ് നെല്ലിക്കുന്നു വഴി ഒഴുകുന്നു.

5.കാവുമ്പായി കുട്ടുംമുഖം പൊടിക്കളം തോട് (Wsl 35 qm) ചുണ്ടക്കുന്ന് മങ്കട കാവുമ്പായി എള്ളരിഞ്ഞി പന്ന്യാൽ കൊയിലി വഴി പോകുന്നു. VCB ഉണ്ട്.

6.തൃക്കടമ്പ് തുമ്പേനിതോട് (Wsl 1sqm)

7.കുറ്റ്യാൽ-വയക്കര തോട് 3 കി.മി നീളത്തിൽ

കുറ്റ്യാൽമൂല നിന്നും വയക്കര വഴി ഒഴുകി പുഴയിൽ ചേരുന്നു.

8.മൈക്കിൾ ഗിരി പൊയ്യക്കണ്ടി തോട്: മൈക്കിൾഗിരി നിന്നും കണ്ണംകൈ കാഞ്ഞിലേറി വഴി 3Km നീളത്തിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകി കാഞ്ഞിലേരി പുഴയിൽ ചേരുന്നു.

9.കല്ലളംതോട് 2 കി.മീ നീളത്തിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകി പുഴയിൽ ചേരുന്നു.

10.പുള്ളങ്ങാനം തോട്: കിഴക്കു നിന്നും പടിഞ്ഞാറോട്ട് 2.കിമീ ഒഴുകി പുഴയിൽ ചേരുന്നു.

11.ഞെടൂർ തോട്: കട്ടലക്കല്ലിൽ തുടങ്ങി 2.5 KM നീളത്തിൽ തെക്കു നിന്നും വടക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

12.ആയിരംവട്യംതോട്: കോയിപ്പാടി മലയിൽ നിന്നും 2.5 KM നീളത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകി പുഴയിൽ ചേരുന്നു.

13.മണ്ണേരിതോട്: കോയിപ്പടി മലയിൽ നിന്നും 2.5 KM നീളത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകി പുവയിൽ ചേരുന്നു.

13.മണ്ണേരി തോട്: കോയിപ്പടി മലനിന്നും 2KM നീളത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

14.പ്ടാരിതോട്: മാപ്പിനി, നിടുങ്ങോം വഴി 2.5KM നീളത്തിൽ വടക്കുനിന്നു തെക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

15.മുണ്ടയാട്ട് പട്ടുവക്കടവ് തോട്: മുണ്ടയാട്ടുനിന്നും 1KM നീളത്തിൽ വടക്കുനിന്നും തെക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

16.ചെരിക്കോട്-അമ്പത്താറ് തോട്: വലിയടത്തു നിന്നു 2.5 കി.മി തെക്കു നിന്നും വടക്കോട്ടെഴുകി പുഴയിൽ ചേരുന്നു.

17.നാപ്പേനിക്കരിതോട്: പള്ളക്കസാറത്തിൽ നിന്നും 2 കി.മി വടക്കു നിന്നും തെക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

18. പെരിയത്തോട്: കൈവട്ടിയിൽ നിന്നും 2KM കിമി വടക്കു നിന്നും തെക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

19.പ്ലാമൂട് തോട്: എലിക്കുണ്ടാണി മലയിൽ നിന്നു 2കി.മീറ്റർ വടക്കു നിന്നും തെക്കൊട്ടൊഴുകി പുഴയിൽ ചേരുന്നു.

20.കൊയിലി മടമ്പം തോട്: കംബ്ലാരിത്തട്ട്, കൈതപ്രം കൊയിലി മടമ്പം വഴി 3 കി.മീ വടക്കു നിന്നും തെക്കോട്ടൊഴുകി പുഴയിൽ ചേരുന്നു.

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്
അതിരുകളും വാർഡുകളും



കൃഷിയും ജലസേചനവും

കൃഷിയും ജലസേചനവും

സാമ്പത്തിക ശാസ്ത്രത്തിൽ ഉൽപാദന പ്രക്രിയയുമായി ബന്ധപ്പെട്ടുവരുന്ന നാല് പ്രധാന സംഘടകങ്ങൾ ഭൂമി അഥവാ പ്രകൃതി, തൊഴിൽ, മൂലധനം, സംഘാടകൻ എന്നിവയാണ്. കാർഷിക ഉൽപാദനപ്രക്രിയയിലും ഇതേ നാല് ഘടകങ്ങൾ തന്നെയാണ് നിർണ്ണായകം. ഇവയുടെ പ്രത്യേകതകളും പ്രശ്നങ്ങളും നമ്മുടെ സാഹചര്യത്തിൽ ഒന്ന് വിശകലനം ചെയ്ത് നോക്കാം.

ഭൂമി അഥവാ പ്രകൃതി

സമുദ്രനിരപ്പിൽനിന്ന് സ്ഥിതിചെയ്യുന്ന ഉയരം അടിസ്ഥാനമാക്കി മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ശ്രീകണ്ഠപുരം പഞ്ചായത്തിന്റെ 70% പ്രദേശം ഇടനാടിന്റെയും 30% മലനാടിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്.

A. മൺതരം:– പുരാതനകാലത്ത് വനമണ്ണ് ആയിരുന്നത് കാലക്രമത്തിൽ ജൈവാംശം നഷ്ടപ്പെട്ട് ലാറ്ററൈസേഷന് വിധേയമായി രൂപാന്തരീകരണം സംഭവിച്ചും ചെങ്കൽപ്പാറകൾക്ക് അപചയം സംഭവിച്ച് രൂപപ്പെട്ട ചെങ്കൽമണ്ണും സമ്മിശ്രമാണ് നമ്മുടെ പ്രദേശം. വയലേലകളിൽ ക്ലേ ലോം മണ്ണും നദീതടങ്ങളിൽ എക്കൽമണ്ണും കാണപ്പെടുന്നു. എങ്കിലും സിംഹഭാഗവും ആദ്യം പ്രസ്താവിച്ച തരത്തിൽ ചെങ്കൽമണ്ണ് പ്രദേശങ്ങളാണ്. ജൈവാംശവും ജലാഗിരണശേഷിയും തീരെ കുറഞ്ഞ ഇത്തരം മണ്ണിന് അമ്ലസ്വഭാവം ആണ് മുന്നിട്ട് നിൽക്കുന്നത്. മൺതരികൾക്ക് പരസ്പരം ഒട്ടിച്ചേർന്ന് നിൽക്കുന്നതിനുള്ള കഴിവ് തീരെ കുറവാണ്. ചിട്ടയായ വളപ്രയോഗവും ജലസേചനവും പരിചരണവും ഇത്തരം മണ്ണിൽ വളരുന്ന വിളകൾക്ക് ഈ കാരണങ്ങളാൽ നന്നായി നൽകണം. നാം ഇതിന് വേണ്ട രീതിയിൽ ചെയ്യുന്നുമില്ല.

ലാറ്ററൈസേഷന് വിധേയമായിതീർന്ന കുറേയേറെ ഭൂപ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ഉദാ:– കംപ്ലാരിതട്ട്, S.E.S കോളജിന്റെ സമീപപ്രദേശങ്ങൾ. ഇവ പുനരുദ്ധാരണം നടത്തിയെടുക്കുക എന്നത് പ്രായേണ ദുഷ്കരമാണ്.

B മണ്ണൊലിപ്പ്:– ടൈപ്പ് II b യിൽപ്പെടുന്ന ഭൂപ്രദേശങ്ങൾ ആയതിനാൽ ഉപരിതലത്തിൽ പതിക്കുന്ന വെള്ളത്തുള്ളികൾ അധികവും നീർച്ചാലുകൾ വഴി ഒഴുകി നഷ്ടപ്പെടുന്നതിനിടയാക്കുന്നു. ഭൂപ്രകൃതിയുടെ ചരിവ് മൂലം ജലം മണ്ണിൽ കിനിഞ്ഞിറങ്ങുന്നതിനുള്ള അവസരവും കുറവാണ്. നീർച്ചാലുകളിൽ മേൽമണ്ണ് തരികൾ ഒഴുകിനഷ്ടപ്പെടുന്നതിനും ജലത്തിൽ അതിവേഗത്തിൽ ലയിക്കുന്ന സസ്യപോഷക മൂലകങ്ങൾ അലിഞ്ഞ് നഷ്ടപ്പെടുന്നതിനും ഇടയാകുന്നു. ക്രമേണ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞുപോകുന്നതിനിടയാക്കുന്നു.

C. ജലസേചനം, മഴ:– കേരളത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോരങ്ങൾ, വർഷത്തിൽ ഏതാണ്ട് 3500 മില്ലിമീറ്റർ മഴയാണ് ശരാശരി. എങ്കിലും തെക്കൻ ജില്ലകളെ അപേക്ഷിച്ച് മഴയുടെ വിതരണം ഏറ്റവും കുറവ് വടക്കൻ ജില്ലകളിലാണ്. (നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന മഴയുടെ അളവോ, വിതരണമോ സംബന്ധിച്ച് ഇതുവരെ പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.) ലഭിക്കുന്ന മഴയുടെ 80% ജൂൺ, ജൂലായ്, ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ്. ബാക്കി മാസങ്ങൾ മഴയില്ലാത്ത വരൾച്ചാ മാസങ്ങളും ജനുവരി മുതൽ മെയ്മാസംവരെയുള്ള കടുത്ത വേനൽകാലത്ത് കുടിവെള്ളംപോലും ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്നത് പതിവായിക്കഴിഞ്ഞു. ചുരുങ്ങിയ കാലയളവിൽ പെയ്തിറങ്ങുന്ന ജലം അധികവും പാഴായി പോകുകയാണ്. ഭൂമിയുടെ കൂടിയ ചെരിവും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ കുറവും മൂലം മണ്ണൊലിപ്പ് വളരെ രൂക്ഷമായി കാണപ്പെടുന്നു. ഒരൊറ്റ മഴക്ക് തന്നെ ഇവിടുത്തെ തോടുകളും പുഴകളും കലങ്ങിക്കാണുന്നത് ഈ കാരണത്താലാണ്.

ഭൂമിയുടെ നിമ്നോന്നതാവസ്ഥകൾ മൂലം ജലസേചന സൗകര്യങ്ങൾ മുഴുവൻ ഭാഗങ്ങളിലും നൽകാൻ കഴിയുന്ന തരത്തിൽ ഉള്ള ഒരൊറ്റ പദ്ധതിക്കും

യാതൊരു സാദ്ധ്യതയുമില്ല. ഈ പഞ്ചായത്തിലെ മടമ്പം, കാഞ്ഞിലേരി ഭാഗങ്ങൾ മാത്രമാണ് സമൃദ്ധിയായി ജലം ലഭിക്കുന്ന പ്രദേശങ്ങൾ. ഈ പ്രദേശങ്ങൾ തന്നെയാണ് മഴക്കാലത്ത് വെള്ളപൊക്കകെടുതികൾ ഏറ്റവും അനുഭവിക്കുന്നതും.

ഉപരിതല പ്രവാഹങ്ങൾ പരിഗണിക്കുമ്പോൾ പാറക്കടവിൽനിന്ന് പഞ്ചായത്ത് അതിർത്തിയിൽ കടന്ന് കാഞ്ഞിലേരി, മടമ്പം ഭാഗങ്ങളെ ഹരിതഭമാക്കി പഞ്ചായത്ത് അതിർത്തിയിൽനിന്ന് പുറത്ത് കടന്ന് ഒഴുകുന്ന കാഞ്ഞിലേരി, മടമ്പം പുഴയാണ് മുഖ്യം. ഇതിലേക്ക് വന്ന് ചേരുന്ന ഏതാനും തോടുകളും ചെറുതോടുകളും കൈവഴികളും കഴിഞ്ഞാൽ പിന്നെ പൊതുവായ ഒരു നീർച്ചാൽ ഇല്ല തന്നെ.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറ്റിലെ ജലനിരപ്പ് വിവിധതരത്തിലാണ് കാണപ്പെടുന്നത്. 18 മീറ്റർ വരെ ആഴമുള്ള കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. കുഴൽകിണറുകളുടെ ആഴം ശരാശരി 75 മീറ്ററാണ്. വേനൽക്കാലം രൂക്ഷമാകുന്നതോടെ കിണറുകൾ വറ്റുന്നതിനാൽ ധാരാളം കുഴൽകിണറുകൾ അടുത്തകാലത്തായി കുഴിച്ചിട്ടുണ്ട്.

മഹാളിരോഗം, റബ്ബറിന്റെ പിങ്കോഗം, പട്ടമരപ്പ്, അകാലിക ഇലപൊഴിച്ചിൽ, പൊടിക്കുമിൾ എന്നിവയും കനത്ത സാമ്പത്തിക നഷ്ടം ചില വർഷങ്ങളിൽ വരുത്തിവെയ്ക്കുന്നുണ്ട്.

F. മിശ്രവിള കൃഷി സമ്പ്രദായം:- ഒട്ടുമിക്ക കൃഷിയിടങ്ങളിലും മിശ്രവിള കൃഷി സമ്പ്രദായമാണ് അനുവർത്തിച്ചിരിക്കുന്നത്. ഭൂരിപക്ഷം കൃഷിയിടങ്ങളും വീടിനെചുറ്റിയുള്ള പുരയിടങ്ങൾ ആയതിനാൽ തെങ്ങും, കമുകും, പ്ലാവും, മാവും ഒക്കെ തിങ്ങി നിറഞ്ഞ 'Homested'കൾ ആയിട്ടാണ് കാണപ്പെടുന്നത്. റബ്ബർ, കശുമാവ് എന്നിവ തനിവിളയായും കൃഷിചെയ്ത് വരുന്നു. തെങ്ങിൻ തോപ്പുകൽ, കമുകിൻ തോപ്പുകൾ എന്നിവയും തനിവിളയായി കൃഷിചെയ്ത് വരുന്നുണ്ട്. എങ്കിലും Homested രീതിയിലുള്ള കൃഷി സമ്പ്രദായമാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലായും കാണപ്പെടുന്നത്. കൈവശഭൂമിയുടെ വിസ്തൃതിക്കനുസരിച്ചുള്ള കൃഷിയിടങ്ങളുടെ തരംതിരിവ് പരിശോധിക്കാം.

വില്ലേജ്	1-10	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 സെന്റ്	2-5 സെന്റ്	5ന് മുകളിൽ ഏക്കർ	ആകെ
നെടിയേങ്ങ	405	327	765	1017	1118	256	47	3935
ശ്രീകണ്ഠപുരം	85	285	624	2300	650	260	95	4299
ആകെ	490	612	1389	3317	1768	516	142	8234
ആകെയുള്ള കൃഷിടിയങ്ങളുടെ ശതമാനം	6.95	7.43	16.86	40.28	21.47	6.26	1.72	100

D. പ്രകൃതിക്ഷോഭങ്ങൾ:- കാറ്റ്, വെള്ളപ്പൊക്കം എന്നിവമൂലം എല്ലാവർഷവും പാടാരി, കാഞ്ഞിലേരി, മടമ്പം, ചെരിക്കോട്, പൊടിക്കളം എന്നീ ഭാഗങ്ങളിൽ കനത്ത കൃഷിനാശം ഉണ്ടാകാറുണ്ട്. നേന്ത്രവാഴ, കമുക്, റബ്ബർ, കശുമാവ് എന്നിവയാണ് മുഖ്യമായും നാശത്തിന് ഇരയാകാറുള്ള വിളകൾ.

E. രോഗങ്ങളും കീടങ്ങളും:- നാണ്യവിളകളെ ആക്രമിക്കുന്ന രോഗങ്ങളും കീടങ്ങളും വളരെയേറെ സാമ്പത്തികനഷ്ടം വരുത്തി വയ്ക്കുന്നുണ്ട്. കമുകിന്റെ മഞ്ഞളിപ്പ് രോഗം, ഏതാണ്ട് 500 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചിട്ടുണ്ട്. 1989-1993 കാലഘട്ടത്തിൽ കുരുമുളകിൻരെ ദ്രുതവാട്ടരോഗംമൂലം കുരുമുളക് കൃഷി കനത്തനാശത്തിന് വിധേയമാവുകയും വിസ്തൃതിയിൽ 400 ഹെക്ടർ കുറവ് നേരിടുകയും ചെയ്തു. തെങ്ങിന്റെ കാറ്റ്വീഴ്ചരോഗവും അടുത്തകാലത്തായി പ്രത്യക്ഷപ്പെട്ട് തുടങ്ങിയിട്ടുണ്ട്. കശുമാവിന്റെ തടിതുരപ്പൻ പുഴുവിന്റെ ആക്രമണം മൂലം കശുമാവ് വിസ്തൃതിയിൽ 200 ഹെക്ടർ കുറവ് ഉണ്ടായിട്ടുണ്ട്. തെങ്ങിന്റെ കൂമ്പുചീയൽ, കശുമാവിന്റെ തേയില കൊതുക്, കമുകിന്റെ പട്ടികയിൽനിന്നും ആകെയുള്ള കൃഷിയിടങ്ങളുടെ 61%വും 50 സെന്റിനും 2 ഏക്കറിനും മദ്ധ്യത്തിൽ വിസ്തൃതിയുള്ളവയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

G. തുണ്ടുകൾ ആക്കപ്പെട്ട കൃഷിഭൂമി:- '91ലെ സെൻസസ് പ്രകാരം കേരളത്തിലെ ആളോഹരി കൃഷിഭൂമിയുടെ വ്സ്തൃതി 25 സെന്റ് ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ശ്രീകണ്ഠപുരം പഞ്ചായത്തിൽ പ്രസ്തുത വിസ്തൃതി 21 സെന്റ് മാത്രമാണ്. ശരാശരി ഒരു കുടുംബത്തിന്റെ കൈവശമുള്ള കൃഷിഭൂമിയുടെ വിസ്തൃതി 1 ഏക്കർ എന്ന തോതിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ശരാശരി ഒരു കുടുംബത്തിലെ അംഗസംഖ്യ 5 വീതമാണ്. ചെറുകിട ഇടത്തരം കർഷകരെ സംബന്ധിച്ച് ശരാശരി 5 പേരുള്ള കുടുംബത്തിന്റെ ദൈനംദിന ചെലവുകൾ കഴിഞ്ഞ് ഭൂമിയിൽ മുടക്കുന്നതിന് കൂടുതലൊന്നും കഴിയാറില്ല എന്നതാണ് സത്യം. ഓരോ വിഭജനം കഴിയുമ്പോഴും ചെറുകിട-പരിമിത നാമമാത്ര കർഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ഓരോ കൃഷിയിടവും കാലക്രമത്തിൽ 'Un-

economic' ആകുന്നതിന് ഇടയാകുന്നു. ഇത് കൃഷിയിലുള്ള താത്പര്യം കുറക്കുന്നതിനും ഉത്പാദനക്ഷമത ഇടിയുന്നതിനും കാരണമാകുന്നു.

H. **കൃഷിയിടങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു:**– നെല്ലാടങ്ങൾ നികത്തി വീട് നിർമ്മിക്കുന്ന പ്രവണതയും ഇഷ്ടികകളങ്ങളുടെ നിർമ്മാണവും വ്യാപകമാവുകയാണ്. നെൽകൃഷിയുടെ ഉത്പാദനച്ചെലവ് കൂടുന്നത് മൂലവും കൃഷിയിടങ്ങളുടെ തുണ്ടുവൽക്കരണം മൂലവും തരിശിടുന്ന പ്രവണത ധാരാളമായി കാണാൻ കഴിയുന്നുണ്ട്.

I. **കൃഷിയിടങ്ങളുടെ തനത് സ്വഭാവം വ്യത്യാസപ്പെടുത്തൽ:**– നെൽപാടങ്ങൾ നികത്തിയും ആഴത്തിൽ ചാലുകൾ കീറി വാഴ, കമുക്, തെങ്ങ് എന്നിവ കൃഷി ചെയ്യുന്നതിന് ഉപയോഗിക്കുന്നു. റവന്യൂ കണക്ക് പ്രകാരം 336 ഹെക്ടർ നിലത്തിൽ 200 ഹെക്ടർ സ്ഥലത്ത് മാത്രമേ ഒന്നാംവിള നെൽകൃഷി ചെയ്യുന്നുള്ളൂ. ഈതരത്തിൽ കശുമാവ്, മരച്ചീനി എന്നിവയുടെ വ്യാപ്തിയും അതിവേഗത്തിൽ ചുരുങ്ങിവരികയാണ്. ഇവ മുഖ്യമായും റബ്ബർ കൃഷിക്കാണ് വഴിമാറി കൊടുക്കുന്നത്.

J. **കൃഷിഭൂമിയുടെ ലഭ്യതകുറവും വിലവർദ്ധനവും:**– കൃഷിക്കാവശ്യമായ ഭൂമി സാധാരണ കർഷകന് അപ്രാപ്യമായി മാറുകയാണിത്. മറ്റെന്തിനേക്കാളുമുപരി ബുദ്ധിപൂർവമായ ഒരു നിക്ഷേപം എന്ന രീതിയിൽ ഭൂമി വാങ്ങി കൂട്ടുക എന്നത് സർവ്വസാധാരണമായി കഴിഞ്ഞു. ഇത്തരം ഭൂമി ഏതു നിമിഷവും കൈമാറ്റം ചെയ്യപ്പെടാം എന്നതിനാൽ കാർഷിക പുരോഗതിയും വിറങ്ങലിച്ചു നിലകൊള്ളുന്നു.

K. **ഉൽപാദനക്ഷമത കുറഞ്ഞ വിളകൾ:**– റബ്ബർ ഒഴികെ തെങ്ങ്, കമുക്, കശുമാവ് എന്നിവയുടെ തോട്ടങ്ങളിൽ വർഗ്ഗഗുണം കുറഞ്ഞതും ഉൽപാദനക്ഷമത കുറഞ്ഞതുമായ ധാരാളം വിളകൾ കണ്ടുവരുന്നു. ഇവയോടൊപ്പംതന്നെ പരിചരണം കൂടി വളരെ അധികം കുറയുമ്പോൾ മൊത്തത്തിലുള്ള വരുമാനം തീരെ കുറയുന്നതിനിടയാകുകയും കൃഷി നഷ്ടമാണെന്ന ധാരണക്ക് ഇടയാക്കുകയും ചെയ്യുന്നു. രോഗകീടാക്രമണം ഇല്ലാതിരിക്കെ നല്ല പരിചരണം നൽകിയിട്ടും തുടർച്ചയായി വിളവ് കുറഞ്ഞിരിക്കുന്ന തോട്ടങ്ങൾ പുനരുദ്ധരിക്കുകതന്നെ വേണം. നെൽകൃഷി സംബന്ധിച്ച് കർഷകർ ഒട്ടുമിക്കവരും നാടൻ ഇനത്തിൽനിന്ന് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളിലേക്ക് കാലുമാറ്റിചവിട്ടിയെങ്കിലും മെച്ചപ്പെട്ട പരിചരണത്തിന്റെ അഭാവത്തിൽ ഉൽപാദനം ഗണ്യമായി വർദ്ധിച്ചിട്ടില്ല.

II. തൊഴിലും തൊഴിലാളിയും

കാർഷികമേഖലയാണ് ഏറ്റവും കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളുന്നത്. നെല്ല്, പച്ചക്കറികൾ, ഭക്ഷ്യവിളകൾ വാഴ, റബ്ബർ, തെങ്ങ് എന്നീ കാർഷികവിളകൾ തൊഴിലാളികളെ ഏറ്റവും അധികം ആവശ്യമുള്ള കാർഷിക മേഖലകളാണ്. ആഴശ്യാനുസരണം തൊഴിലാളികളെ ലഭിക്കാതിരിക്കുക, താരതമ്യേന ഉയർന്ന വേതന നിരക്ക് എന്നിവയാണ് മുഖ്യപ്രശ്നങ്ങൾ. വൈദഗ്ദ്ധ്യം ആവശ്യമുള്ള തെങ്ങ്, കമുക് എന്നിവ കയറുന്നതിനുള്ള തൊഴിലാളികളെയും റബ്ബർ ടാപ്പിങ്ങ്, മരുന്ന്തളി, കന്നുപൂട്ടൽ, നടീൽ, കൊയ്ത്ത് എന്നിവയ്ക്കും സമയാസമയങ്ങളിൽ ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കുന്നില്ല. ആധുനിക വിദ്യാഭ്യാസം സാർവത്രികമായതോടെ കർഷക-കർഷകതൊഴിലാളി കുടുംബങ്ങളിലെ യുവതലമുറ കാർഷികവൃത്തിയിൽനിന്ന് പിൻമാറി മറ്റ് തൊഴിൽ സംരഭങ്ങളിലേക്ക് നീങ്ങുകയാണ്. ശ്രീകണ്ഠപുരത്തെ സംബന്ധിച്ച് കരിങ്കല്ല്, ചെങ്കല്ല് വ്യവസായം വളരെയേറെ തൊഴിലാളികളെ ഉൾക്കൊള്ളുന്നുണ്ട്. ഈ മേഖലകളിൽ ലഭിക്കുന്ന ഉയർന്ന വേതന നിരക്കിൽ ആകൃഷ്ടനാകുന്ന ധാരാളം കാർഷിക തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരുന്നുണ്ട്. കർഷക തൊഴിലാളികളിൽചിലരുടെ കുറയുന്ന ആത്മാർത്ഥതയും ജോലി സമയവും മറ്റൊരു പ്രശ്നമാണ്. മറ്റ് സാങ്കേതിക തൊഴിലാളികളായ ആശാരിമാർ, കല്ലുപണിക്കാർ എന്നിവരെപ്പോലെ തന്നെ സ്വയം കൂലിനിരക്ക് അടിക്കടി വർദ്ധിപ്പിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. രൂപയുടെ മൂല്യം കുറയുന്നതനുസരിച്ച് കൂലി വർദ്ധനവ് അത്ര ഉയർന്നതല്ലെങ്കിലും ചെറുകിട കർഷകർക്ക് ഈ വർദ്ധനവ് ഉൾക്കൊള്ളാൻ കഴിയുന്നില്ല. കാരണം ഉത്പന്നങ്ങളുടെ ക്രമാനുഗതമായ വിലവർദ്ധനവ് ഉണ്ടാകുന്നില്ല എന്നതുതന്നെ.

ശ്രീകണ്ഠപുരം പഞ്ചായത്ത് നിലവിലുള്ള കൂലി നിരക്കുകൾ

തൊഴിൽ	പ്രവൃത്തി സമയം മണിക്കൂർ	ശരാശരികൂലി	
		പു	സ്ത്രീ
റബ്ബർ ടാപ്പിങ്ങ് (100 മരത്തിന്)	–	25.00	–
തേങ്ങയിടീൽ, അടക്ക പറിക്കൽ	4.5	100.00	–
”	7.5	150.00	–
കിളക്കൽ, തെങ്ങിന് തടയെടുക്കൽ	7.5	90.00	–
”	4.5	60.00	–
കളപറിക്കൽ, കാട് വയക്കൽ	4.5	–	35.00
”	7.5	–	50.00
മരുന്ന് തളി	4	100.00	–
വളംചുമട്, വളമിടീൽ	4.5	–	40.00
മരങ്ങളുടെ കൊമ്പ് ഇറക്കൽ	4.5	100.00	–
കന്നുപൂട്ടൽ	4.5	150.00	–

മേൽ പ്രസ്താവിച്ച കൂലിനിരക്കിന് പുറമെ ഭക്ഷണവും നൽകണം. മറ്റ് തൊഴിൽ മേഖലകളെ സംബന്ധിച്ച് കാർഷിക തൊഴിലാളികൾക്കാണ് കുറഞ്ഞ കൂലിനിരക്ക് എങ്കിലും കൃഷിക്കാരെ സംബന്ധിച്ച് ഇന്നത്തെ കൂലിനിരക്ക് തന്നെ താങ്ങാൻ കഴിയാത്തതാണ്.

നമ്മുടെ ഗ്രാമീണമേഖലയിൽ കാണുവാൻ കഴിയുന്ന മറ്റൊരു പ്രത്യേകത മിക്ക കുടുംബങ്ങളിലും കുടുംബാംഗങ്ങളുടെ തന്നെ സഹായം കൃഷിക്ക് ഉപകരിക്കുന്നില്ല എന്നതാണ്. വീട്ടമ്മമാരുടെയും വിദ്യാഭ്യാസം കഴിഞ്ഞ് മറ്റ് തൊഴിലുകൾ ഒന്നും ഇല്ലാതെ നിൽക്കുന്ന അഭ്യസ്ഥവിദ്യരായ യുവതീയുവാക്കളുടെയും ധാരാളം സമയം വൃഥാവിലാകുന്നു എന്നും കാണാം. കൃഷി നടത്തേണ്ടത് ഗൃഹനാഥന്റെ കടമയായി കാണുന്ന ധാരാളം കുടുംബങ്ങൾ കാണുവാൻ കഴിയും.

III മൂലധനം

ചെറുകിട പരിമിത കർഷകനെ സംബന്ധിച്ചു കാർഷിക മേഖലയിൽ ആവശ്യമായി വരുന്ന മൂലധന സ്വരൂപണം ഇവിടെ ഇന്ന് പ്രതിസന്ധി നേരിടുകയാണ്. തികച്ചും നാണ്യവിളകളെ അടിസ്ഥാനമാക്കി കെട്ടിപ്പടുത്തിരിക്കുന്ന നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ മെയ് മുതൽ സെപ്തംബർ മാസങ്ങളിൽ ധാരാളം മൂതൽമുടക്ക് ആവശ്യമാണ്. എന്നാൽ, തിമർത്ത് പെയ്യുന്ന മഴക്കാലത്ത് യാതൊരു വിളവെടുപ്പിന്റെയും സമയമല്ലാത്തതിനാൽ വളരെയേറെ സാമ്പത്തിക പ്രതിസന്ധി കർഷകൻ അനുഭവിക്കുന്നു. നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങൾ ഒന്നുംതന്നെ കർഷകന്റെ വായ്പ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമല്ല. ഒരു വായ്പ തരപ്പെടുത്തി എടുക്കുക എന്നത് ഇന്നും വളരെയേറെ ശ്രമകരമാണ്. കൈവശ സർട്ടിഫിക്കറ്റിനായും കുടിക്കടം പകർത്തുന്നതിനും സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന കർഷകന്റെ ചിത്രം ദയനീയമാണ്. മറ്റുള്ള വായ്പകളെ അപേക്ഷിച്ച് വായ്പക്കുള്ള പലിശനിരക്കും താരതമ്യേന ഉയർന്നതാണ്. ഏത് ആവശ്യത്തിനാണ് വായ്പ എടുക്കുന്നത് ആ ആവശ്യത്തിനുതന്നെ പ്രസ്തുത തുക ഉപയോഗിച്ച് യഥാസമയം തിരിച്ചടക്കുക എന്നതും കർഷകന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. കാർഷികരംഗത്ത് അനുഭവപ്പെടുന്ന മൂലധനകുറവ്, നല്ല വിത്ത്, വളം സസ്യസംരക്ഷണ മുറകൾ, പരിചരണം എന്നിവ പ്രദാനം ചെയ്യുന്നതിന് കുറവ് വരുത്തുകയും ക്രമേണ ഉൽപാദനം കുറയുകയും ചെയ്യുന്നു.

IV സംഘടനകൾ, മാനേജ്മെന്റ്

കൃഷിക്കാരൻ പാരമ്പര്യമായി കൃഷി ചെയ്തുവരുന്നുണ്ടെങ്കിലും ഇന്നും വളരെയേറെ അശാസ്ത്രീയതകൾ പുലർത്തുന്നുണ്ട്. വിഭവങ്ങൾ പരമാവധി ഫലവത്തായി ഉപയോഗപ്പെടുത്തുന്നതിലും കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ സുസ്ഥിര അറ്റാദായം കൈവരിക്കുന്നതിനും പ്രകൃതിക്കിണങ്ങുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലും കൂടുതൽ പരിശീലനം ആവശ്യമുണ്ട്. ഈ രംഗത്ത് കർഷക സംഘടനകൾക്ക് സമിതികൾക്കും ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. എങ്കിലും ഇവ പലപ്പോഴും ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമാകുന്നില്ല. ശ്രീകണ്ഠപുരം പഞ്ചായത്തിൽ 1 പഞ്ചായത്ത് തല കേരളസമിതി 2 വാർഡ് തല കേരസമിതികൾ 3 കുരുമുളക് സമിതികൾ 11 പാടശേഖര സമിതികൾ, 1 കർഷക വികസനസമിതി, 4 റബ്ബർ കർഷകസമിതി തുടങ്ങി 30 സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടാതെ പല കാർഷിക ക്ലബ്ബുകൾ, മഹിളാസമാജങ്ങൾ എന്നിവ വേറെയും. ഗ്രൂപ്പ് ഫാമിംഗ്, തെങ്ങ് കൃഷി ഗ്രൂപ്പ് മാനേജ്മെന്റ് എന്നിവ വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ടവയാണെങ്കിലും കടലാസ് പദ്ധതികളായി അവശേഷിക്കുന്നു. ഉത്പാദന ഉപാധികളുടെ സമാഹരണം, വിതരണം ഉൽപന്നങ്ങളുടെ സംഭരണം, വിപണനം മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം എന്നിവ ഇത്തരം സമിതികൾക്ക് ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്ന തരത്തിൽ സംഘടനകൾ ഇനിയും നമ്മുടെ പഞ്ചായത്തിൽ വളർന്നിട്ടില്ല എന്നതും പോരായ്മയാണ്.

കാർഷിക വിപണനം

ശ്രീകണ്ഠപുരം പഞ്ചായത്തിലെ കർഷകരുടെ കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യപ്പെടുന്നത് 80% വും പ്രാദേശിക വിപണന ശൃംഖലകളിലൂടെയാണ്. ചെമ്പന്തൊട്ടി, നിടിയേങ്ങ, ഐച്ചേരി, കാവുമ്പായി, മടമ്പം എന്നീ പ്രാഥമിക ഗ്രാമീണ മാർക്കറ്റുകളിൽനിന്നും ശേഖരിക്കുന്ന ഇവ പഞ്ചായത്തിന് പുറത്തേക്ക് നീക്കം ചെയ്യപ്പെടുന്നു. ഇതിൽ ശ്രീകണ്ഠപുരം പ്രാഥമിക മാർക്കറ്റും ദ്വിതീയ മാർക്കറ്റുമായി പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരേയൊരു മാർക്കറ്റിംഗ് സഹകരണസംഘം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി മാത്രമാണ്. ഈ സൊസൈറ്റി പഞ്ചായത്തിലെ മുഴുവൻ റബ്ബർ വിപണനവും ഏറ്റെടുത്ത് നടത്താൻ പര്യാപ്തമല്ല. നേന്ത്രക്കായ, റബ്ബർ, കുരുമുളക്, കൊപ്ര, അടക്ക, കശുവണ്ടി എന്നിവ ധാരാളം ഉൽപാദിപ്പിക്കപ്പെട്ട് വിപണനം ചെയ്യപ്പെടുന്നു. ഈ രംഗത്ത് സഹകരമ പ്രസ്ഥാനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ഈ ഉൽപനങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് മൂല്യവർദ്ധിത സാമഗ്രികൾ ആയി പരിവർത്തനം ചെയ്യപ്പെടുന്നത്. ബാക്കി മുഴുവനായി പ്രാഥമിക ഉൽപ്പന്നരൂപത്തിൽതന്നെ പഞ്ചായത്തിന് പുറമേക്ക് നീക്കം ചെയ്യപ്പെടുന്നു.

ശ്രീകണ്ഠപുരം പഞ്ചായത്ത് കാർഷിക ഉൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉപ ഉൽപ്പന്നങ്ങൾ			
മേഖല	നിർമ്മിക്കപ്പെടുന്ന ഉത്പന്നം	യൂണിറ്റുകളുടെ എണ്ണം	യൂണിറ്റ് സൈസ്
നാളികേരം	കൊപ്ര	6	ചെറുത്
അടക്ക	നിർമ്മിക്കപ്പെടുന്നില്ല	–	–
റബ്ബർ	റബ്ബർ ബാൻഡ്	2	ചെറുത്
	റബ്ബർ ചെരുപ്പ്	1	ചെറുത്
	സാന്ദ്രീകൃത റബ്ബർ പാൽ	1	ഇടത്തരം
കശുവണ്ടി	–	–	–
നേന്ത്രക്കായ	–	–	–
സുഗന്ധ വ്യജ്ഞനങ്ങൾ	–	–	–
പഴവർഗ്ഗ – പച്ചക്കറികൾ	–	–	–

മാർക്കറ്റിങ്ങ് പ്രാഥമിക ലക്ഷ്യമാക്കി എടുത്തിട്ടുള്ള സഹകരണ സംഘടങ്ങൾ ഈ രംഗത്ത് ഉയർന്ന് വരേണ്ടിയിരിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ വായ്പാരംഗത്ത് മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതിനാലാണ് അവർക്ക് മാർക്കറ്റിംഗ് രംഗത്ത് കാര്യമായി ഒന്നും ചെയ്യാനാകാത്തത്.

പച്ചക്കറി കൃഷിമേഖലയിൽനിന്നും ധാരാളം പച്ചക്കറികൾ വേനൽക്കാലങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇവയുടെ വിപണന രംഗത്ത് നടമാടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് സത്വരശ്രദ്ധ ആവശ്യമാണ്.

സാങ്കേതിക വിദ്യയും ഗവ: സബ്സിഡികളും:-

കാർഷികമേഖലയിൽ ഉരുത്തിരിയുന്ന നൂനത സാങ്കേതികവിദ്യകൾ ഗ്രാമതലത്തിൽ എത്തിച്ചേരുന്നതിന് വളരെയധികം സമയം എടുക്കുന്നുണ്ട്. ഈ കാല വിളംബം ഒഴിവാക്കുന്നതിന് കൃഷിഭവനെ ശക്തിപ്പെടുത്തണം.

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് കൃഷി വിജ്ഞാന വ്യാപന പ്രവർത്തകരുടെ പട്ടിക:-		
തസ്തിക	എണ്ണം	പ്രവർത്തനമേഖല
1. കൃഷി ഓഫീസർ	1	പഞ്ചായത്ത് മുഴുവൻ
2. സീനിയിർ കൃഷി അസിസ്റ്റന്റ്	1	ഓഫീസ് പ്രവൃത്തികൾ
3. കൃഷി അസിസ്റ്റന്റ്	2	a. നെടിയേങ്ങ വില്ലേജ് b. ശ്രീകണ്ഠപുരം വില്ലേജ്

മേൽപറഞ്ഞപ്രകാരം കൃഷിഭവനിൽ ആകെയുള്ള 4 ഉദ്യോഗസ്ഥരുടെ സേവനം 12 വാർഡുകളിലായി കിടക്കുന്ന ഏകദേശം 8000 കർഷക കുടുംബങ്ങൾക്ക് ലഭിക്കേണ്ടതുണ്ട്. ഈ അനുപാതം (ഒരു പ്രവർത്തകന് 2000 കുടുംബം) വിജ്ഞാനവ്യാപന പ്രവർത്തനം ഫലപ്രധമായി കർഷകരിലേക്ക് എത്തിക്കാൻ സഹായകരമല്ല.

കാർഷികയന്ത്രോപകരണങ്ങളുടെ റിപ്പയറിംഗ്, നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക മേൽനോട്ടം, വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിപണനം എന്നിവയൊന്നും തന്നെ ഫലപ്രദമായി കൃഷിഭവൻ തലത്തിൽ ഏറ്റെടുത്ത് നടത്തുവാൻഇന്ന്സാധിക്കുന്നില്ല.

ഗവൺമെന്റ് സബ്സിഡികൾ പ്രാദേശികമായ തരത്തിൽ അല്ല സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ പ്രദേശത്തിന് ഇണങ്ങുന്ന തരത്തിലുള്ള പദ്ധതികൾ രൂപപ്പെടുത്തി നടപ്പാക്കേണ്ടതിൽ ഇന്ന് കൃഷിഭവനുകൾ തികഞ്ഞ പരാജയമാണ്. ജലസേചനത്തിന് ഉതകുന്ന ചെക്ക് ഡാമുകൾ, മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ, നാട്ടിനിണങ്ങുന്ന യന്ത്രോപകരണങ്ങൾ എന്നിവയ്ക്ക് ഊന്നൽ കൊടുക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. കൂടാതെ കാർഷിക ആസൂത്രണം വളരെ ശ്രദ്ധയോടെ ചിട്ടയായി നടപ്പാക്കേണ്ട ഒരു ദീർഘകാല പദ്ധതിയായിരിക്കണം. ഇവിടെ കാലാകാലങ്ങളിൽ മാറിവരുന്ന ആസൂത്രണരീതിയാണ് കണ്ടുവരുന്നത്. ഇങ്ങനെ പദ്ധതികളുടെ അള്ളികയറ്റം മൂലം ശരിയായ തരത്തിലുള്ള 'Follow up' സാദ്ധ്യമാവാതെ വരുന്നു. സാമ്പത്തികവർഷത്തിലെ സാമ്പത്തികലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയെന്ന ഒറ്റലക്ഷ്യം മാത്രമേ ഇന്ന് നടത്തുന്ന മിക്ക പദ്ധതികൾക്കുമുള്ളു. കാർഷിക വികസനത്തിന് ശ്രദ്ധയോടെയുള്ള ആസൂത്രണവും അത് പടിപടിയായി നടപ്പിലാക്കുന്നതിനുള്ള അർപ്പണബോധവും ഇന്ന് കുറവാണെന്ന് കാണുന്നു. ഗ്രാമീണ മേഖലയിൽ ഇന്ന് സാർവത്രികമായി കാണുന്ന നാടൻ സാങ്കേതിക വിദ്യകൾ സമാഹരിക്കുന്നതിനും പഠനം നടത്തുന്നതിനും ശ്രദ്ധ വളരെ കുറവേ നൽകി കാണുന്നുള്ളൂ.

കാർഷികരംഗത്ത് കാണുന്ന ഊർജ്ജപ്രതിസന്ധിയും എടുത്ത് പറയേണ്ടതായിട്ടുണ്ട്. പമ്പുസെറ്റുകൾ സ്ഥാപിച്ച് 4, 5വർഷമായി കണക്ഷന് കാത്തിരിക്കുന്ന കർഷകർ ധാരാളമുണ്ട്. കാർഷികരംഗത്ത് ഉപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ഊർജ്ജത്തിന്റെ പാഴായിപോക്ക് തടയുന്നതിനും പദ്ധികൾ ആവശ്യമാണ്.

വിത്ത്, വളം, കീടനാശിനികൾ

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിൽ സഹകരണ മേഖലയിൽ 3ഉം സ്വകാര്യമേഖലയിൽ 3-ഉം വളം-കീടനാശിനി ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

വിത്ത് വിതരണത്തിന് സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ ഏജൻസികൾ ഒന്നുംതന്നെ

പ്രവർത്തിക്കുന്നില്ല. പച്ചക്കറി വിത്തുകൾ നല്ലയിനം നെൽവിത്തുകൾ, പയർ, ഉഴുന്ന് എന്നിവ കർഷകർക്ക് ആവശ്യമായ സമയത്ത് ആവശ്യമുള്ള അളവിൽ വിതരണം ചെയ്യാൻ കൃഷിഭവന് കഴിയുന്നില്ല.

വിവിധയിനം തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന 10-ഓളം ചെറുകിട നേഴ്സറികൾ ഉണ്ടെങ്കിലും, റബ്ബർ, കമുക്, തൈകളാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത്. ഇവയുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിന് ഇന്ന് യാതൊരു സംവിധാനവും ഇല്ല. നേഴ്സറി ഉടമയെ വിശ്വസിക്കുക മാത്രമേ നിർവാഹമുള്ളൂ. കോറലകാട് അനുവദിച്ചിട്ടുള്ള സ്വകാര്യ അംഗീകൃത നേഴ്സറി ഇന്ന് പ്രവർത്തിക്കുന്നില്ല. തെങ്ങിൻ തൈകൾ, കമുകിൻ തൈകൾ, കശുമാവിൻ തൈകൾ എന്നിവ ആവശ്യത്തിന്റെ പത്തിലൊന്ന് പോലും വിതരണം ചെയ്യുന്നതിന് കൃഷിഭവന് കഴിയുന്നില്ല. നമ്മുക്ക് ലഭിക്കുന്നത് തന്നെ കാലം തെറ്റിയുമാണ്. നെൽവിത്തിനങ്ങൾ ജയ, ജ്യോതി എന്നിവ മാത്രമാണ് വിതരണത്തിന് എത്തുന്നത്.

കശുമാവിൻ തൈകൾ, തെങ്ങിൻതൈകൾ, കമുകിൻ തൈകൾ എന്നിവ വളരെ ദൂരസ്ഥലങ്ങളിൽനിന്ന് ലോറിയിൽ ആണ് എത്താറ്. വളരെയധികം തൈകൾ നശിച്ചുപോകുന്നതിന് ഇടയാകുന്നു.

കൃഷിക്കാരന് തീരെ താങ്ങാവുന്നതല്ലാത്ത കുരുമുളക് വള്ളിത്തലകൾ കൊക്കോതൈകൾ എന്നിവയും ധാരാളമായി വിതരണത്തിനെത്തുന്നത് കാണാം. ഇതും ആശാസ്യമല്ല.

പാഴായിപോകുന്ന ഉപ ഉൽപ്പനങ്ങൾ:- മുഖ്യഉൽപ്പന്നം കൂടാതെ ധാരാളം ഉപ ഉൽപ്പന്നങ്ങൾ ഇന്ന് പാഴായിപോകുന്നുണ്ട്. ഇവ ഉപയോഗപ്പെടുത്തുന്ന സാഹചര്യത്തിൽ കർഷകന് കൂടുതൽ വരുമാനം നേടികൊടുക്കാൻ കഴിയും. കശുമാമ്പഴം, ചകിരി, ചിരട്ട, കമുകിന്റെ പാള, വാഴനാര് എന്നിവയൊക്കെ ഉപയോഗിച്ച് ധാരാളം കുടിൽ വ്യവസായങ്ങൾ ലാഭകരമായി നടത്തുവാൻ കഴിയും. സീസണിൽ ധാരാളമായി ലഭിമാകുന്ന ചക്ക, മാങ്ങ, മരച്ചീനി, നേന്ത്രക്കായ എന്നിവയൊക്കെ ഉപയോഗപ്പെടുത്തി നിരവധി സംസ്കരണശാലകൾ കെട്ടിയുയർത്താം. ഇതിനൊന്നും ഇന്ന് ശ്രമം നടന്നുകാണുന്നില്ല.

പ്രധാന പ്രശ്നങ്ങൾ

ചില പ്രദേശങ്ങളിലെ മണ്ണിന് ഫലപുഷ്ടി കുറവാണ്.
കൃഷിചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷിചെയ്യാതെ തരിശിട്ടിരിക്കുന്നു.
ഭൂമി തുണ്ടുതുണ്ടാക്കൽ
ചില സ്ഥലങ്ങളിൽ ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര കിട്ടാനില്ല.
വൈദ്യുതിക്ഷാമം -വോൾട്ടേജ് കമ്മി
ചില സ്ഥലങ്ങളിൽ മഴക്കാലത്ത് തോട് നിറഞ്ഞ് പൊട്ടി ഒഴുകുന്നതുകൊണ്ട് വിളനാശത്തിന് കാരണമാകുന്നു.
ഉൽപാദനക്ഷമത കുറഞ്ഞുവരുന്നു.
നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.
ജൈവവളങ്ങൾ കിട്ടാനില്ല.
രാസവളവില വർദ്ധന.
കീടബാധ
കർഷകത്തൊഴിലാളികളെ കിട്ടാനില്ല.
തൊഴിലാളികൾക്ക് കൂലി വളരെ കൂടുതൽ.
നാട്ടിൽ ഏകീകരിച്ച കൂലി സമ്പ്രദായമില്ല.
നാട്ടിനിണങ്ങിയ കാർഷിക യന്ത്രോപകരണങ്ങൾ കിട്ടാനില്ല.
കൃഷിഭവനിൽനിന്ന് ആവശ്യമായ സഹായം ലഭിക്കുന്നില്ല.ഉൽപ്പന്ന സംസ്കരണത്തിന് സൗകര്യമില്ല.
ഉൽപന്നങ്ങൾക്ക് വിലക്കുറവ്.
ഉപ ഉൽപന്നങ്ങൾ ധാരാളം പാഴായിപോകുന്നു.

സാധ്യതകൾ:

തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പരിപാടികൾ.
മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
നിലവിലുള്ള ജലസേചന പരിപാടികൾക്ക് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ചെയ്യുക.
പുതിയ ജലസേചന സംവിധാനങ്ങൾ പണിയുക.
പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾകൊണ്ടു വരിക, സാമൂഹ്യ സമ്മർദ്ദം ഉയർത്തിക്കൊണ്ടുവരിക.
പുതിയ നഴ്സറികൾ ആരംഭിക്കുക.
ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കണം.
പർച്ചേസിങ്ങ് സെന്ററുകൾ സ്ഥാപിക്കാനും പൊതുമാർക്കറ്റ് സ്ഥാപിക്കാനും മുൻകൈയ്യെടുക്കുക
നീർത്തട വികസനപദ്ധതി നടപ്പാക്കുക.
രോഗങ്ങൾ - കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ പ്രമുഖ കർഷകർ എന്നിവരുമായി സംസാരിച്ചു മനസ്സിലാക്കണം.
വായ്പാസൗകര്യങ്ങൾ- കാർഷിക മേഖലയിൽ ആവശ്യക്കാർക്ക് എത്രത്തോളം ധനസഹായം ലഭ്യമാകുന്നു എന്നത് പരിശോധിക്കണം.
കാർഷിക വികസനപ്രവർത്തനങ്ങൾ-കൃഷിഭവൻ അതിന്റെ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യണം.
കാർഷിക സംരംഭങ്ങൾ- ഇതുമായി ബന്ധപ്പെട്ടകാര്യങ്ങൾ സംഘടന ഭാരവാഹികളുമായി ചർച്ച ചെയ്യണം.

മൃഗസംരക്ഷണം, മത്സ്യം

മൃഗസംരക്ഷണം മത്സ്യബന്ധനം



മൃഗസംരക്ഷണം

ഗ്രാമീണ സമ്പദ്ഘടനയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ജനകീയ ആസൂത്രണപരിപാടിയിൽ മൃഗസംരക്ഷണമേഖലയ്ക്ക് നൽകാവുന്ന സംഭാവനകൾ പ്രഥമഗണനീയമാണ്. ആഭ്യന്തര മൊത്ത ഉത്പാദനത്തിന്റെ പ്രാഥമിക-ദ്വിതീയ മേഖലകലിൽ ഈരംഗത്തിനുള്ള സാദ്ധ്യതകൾ, ആസൂത്രണ പരിപാടിയുടെ ആദ്യഘട്ടങ്ങളിൽ ശരിയായ രീതിയിൽ അപഗ്രഥിച്ചിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ദ്വിതീയ മേഖലയിൽ വിവിധ വ്യവസായങ്ങൾക്കാവശ്യമായ തുകൽ, രോമം, ജെലാറ്റിൻ, കൊഴുപ്പ് എന്നിവയും അതുപോലെ ആധുനിക വൈദ്യശാസ്ത്രത്തിലുപയോഗപ്പെടുന്ന ഹോർമോണുകൾ, വാക്സിൻ, എൻസൈമുകൾ, സീറം, ശസ്ത്രക്രിയാസാമഗ്രികൾ തുടങ്ങിയവയും ഈ മേഖലയിൽ നിന്നുള്ള സംഭാവനകളാണ്. ഇതിനൊക്കെ പുറമെ മൃഗസംരക്ഷണ രംഗത്തിന്റെ ഉപോത്പന്നങ്ങളാണ്. ഊർജ്ജോത്പാദന രംഗത്തും ഈ മേഖലയ്ക്ക് തനതായ പ്രാധാന്യമുണ്ട്. ഭാരം വലിക്കുന്നതിനും ഉഴവിനും മറ്റുമായി ഉപയോഗപ്പെടുത്തുന്ന മൃഗശക്തിയും ബയോഗ്യാസ് പ്ലാന്റുകളും ചുരുങ്ങിയ ചെലവിലുള്ള ഊർജ്ജസ്രോതസ്സുകളാണ്.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾക്കാണ് 9-ാം പദ്ധതിയിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മേഖല എന്ന നിലയിൽ ഈ രംഗം പ്രാധാന്യമർഹിക്കുന്നു. ഇതുകൂടാതെ ഏകദേശം 60%ത്തിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം അവകാശപ്പെടാവുന്ന മേഖലയാണിത്. മറ്റ് പ്രാഥമിക ഉത്പാദന മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ മൃഗസംരക്ഷണ മേഖലയ്ക്ക് വളരെയധികം ഗുണകരമായ പ്രത്യേകതകളുണ്ട്.

1. മൃഗസംരക്ഷണ മേഖലയിലെ ഉത്പന്നങ്ങളിൽ ഏറിയപങ്കും സംസ്ഥാനത്തിനകത്താണ് ഉപയോഗിക്കപ്പെടുന്നത്. അതിനാൽ അന്താരാഷ്ട്ര വിപണിയിലെ ഏറ്റക്കുറച്ചിലുകളും മാറിമാറിവരുന്ന ഇറക്കുമതി നയവും ഈ ഉപത്പന്നങ്ങളുടെ വിപണി.

2. ആളോഹരി കൈവശഭൂമി വളരെക്കുറവ് മാത്രമുള്ള നമ്മുടെ സംസ്ഥാനത്തിന് യോജിച്ചതാണ് ഈ മേഖല.

3. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഈ മേഖലയെ കാര്യമായി ബാധിക്കാറില്ല.

4. കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിൽ ഒരിനത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറുവാൻ എളുപ്പമാണ്.

5. ഈ രംഗത്ത് നിരന്തരവും കാര്യക്ഷമവുമായ ഉത്പാദന വർദ്ധനവ് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിൽ വരുത്താം.

6. ചുരുങ്ങിയ കാലയളവിൽ, കുറഞ്ഞ മുതൽമുടക്കിൽ കൂടിയലാഭം നേടുവാൻ ഈ മേഖല അനുയോജ്യമാണ്.

1993-94 വർഷത്തിലെ കണക്കുകൾ പരിശോധിച്ചാൽ പ്രാഥമിക മേഖലയിലെ (കൃഷിയും അനുബന്ധമേഖലകളും മൃഗസംരക്ഷണം ഉൾപ്പെടെ) മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 40% മൃഗസംരക്ഷണ മേഖലയിൽനിന്നാണെന്ന് കാണാം. പക്ഷേ ഇതേ കാലയളവിൽ ഈ മേഖലയിലുള്ള പദ്ധതി നിക്ഷേപം പ്രാഥമിക മേഖലയിലെ മൊത്തം നിക്ഷേപത്തിന്റെ വെറും 9.6 % മാത്രമായിരുന്നുവെന്നതാണ് വസ്തുത. സമഗ്രമായ ആസൂത്ര

ണത്തിന്റെ അഭാവം ഈ രംഗത്ത് നിലനിൽക്കുന്നു എന്നത് എടുത്തുപറയത്തക്കതാണ്. വ്യക്തമായ പദ്ധതികൾ ആവിഷ്കരിച്ച് ഈ മേഖലയുടെ അനന്തസാദ്ധ്യതകൾ ചൂഷണം ചെയ്യേണ്ടത് നമ്മുടെനാട് ഇപ്പോൾ നേരിടുന്ന സാമ്പത്തിക മുരടിപ്പ് വലിയൊരളവുവരെ തടയുന്നതിന് സഹായകമാകും എന്നതിൽ സംശയമില്ല.

ശ്രീകണ്ഠപുരം പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയുടെ ചരിത്രം:

ശ്രീകണ്ഠാപുരം പഞ്ചായത്തിൽ സ്വാതന്ത്ര്യപൂർവ്വ കാലത്തുതന്നെ മൃഗസംരക്ഷണം നിലവിലുണ്ടായിരുന്നു. ചേപ്പറമ്പ, നെടിയങ്ങ, കാഞ്ഞിലേരി, ശ്രീകണ്ഠപുരം തുടങ്ങിയ പ്രദേശങ്ങളിൽ കന്നുകാലിവളർത്തൽ ജനജീവിതത്തിന്റെ ഒരു അഭിവാജ്യഘടകമായിരുന്നു. ഉത്പാദനം കുറഞ്ഞു നാടൻ കന്നുകാലികളായിരുന്നു അന്ന് ഉണ്ടായിരുന്നത്. ഓരോ ശരാശരി കർഷകനും അഞ്ചോ അതിലധികമോ കന്നുകാലികളെ വളർത്തിയിരുന്നു. പ്ടാവുകൾ ഹന്നറിയപ്പെടുന്ന വേലികെട്ടിയൊരുക്കിയ സ്ഥലങ്ങളിലാണ് ഇവയെ പാർപ്പിച്ചിരുന്നത്. കാലത്ത് സമീപപ്രദേശങ്ങളിലെ മലമുകളിലേക്ക് അഴിച്ചുവിടുകയും വൈകുന്നേരം തിരികെ കൊണ്ടുവരുകയും ചെയ്യുന്ന രീതിയായിരുന്നു അനുവർത്തിച്ചിരുന്നത്. അക്കാലത്ത് ഒരു നാടൻ പശുവിന്റെ ശരാശരി പ്രതിദിന ഉത്പാദനം അരലിറ്റർ മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ഗാർഹിക ഉപഭോഗത്തിനു മാത്രമേ ഇത് ഉപകരിച്ചിരുന്നുള്ളൂ. ഏറ്റവും മുന്തിയ നാടൻ പശുവിന്റെ പ്രതിദിന ഉത്പാദനം ഒന്നു ഒന്നരലിറ്റർമാത്രം. ഇക്കാരണത്താൽ പാലുൽപാദനത്തിനുവേണ്ടിയുള്ള കന്നുകാലിവളർത്തൽ ഒരു ഉപജീവനമാർഗം എന്ന നിലയിൽ ആരും തന്നെ സ്വീകരിച്ചിരുന്നില്ല. മാംസത്തിന്റെ ഉപയോഗവും അക്കാലത്ത് വളരെ കുറവായിരുന്നു.

സ്വാതന്ത്രലബ്ധിയോടുകൂടി ദക്ഷിണകേരളത്തിൽനിന്ന് കുടിയേറ്റം ആരംഭിക്കുകയും ഏകദേശം എഴുപതുകളുടെ പ്രാരംഭത്തിൽ പൂർണ്ണമാവുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ അവസാനത്തിൽ കേരളത്തിൽ നാടൻ കന്നുകാലികളുടെ വർഗ്ഗോദ്ധാരണത്തിനു വ്യക്തമായ പ്രജനന നയത്തിനു മൃഗസംരക്ഷണവകുപ്പു രൂപം നൽകി. മേൽത്തരം ഭാരതീയ ജനുസുകളുള്ള വിത്തുകാളകളെ ഉപയോഗിച്ചുള്ള വർഗ്ഗോദ്ധാരണമാണ് നമ്മുടെ നാട്ടിൽ പ്രാരംഭദശകളിൽ അവലംഭിച്ചത്. ഇതിന്റെ ഭാഗമായി നെടിയങ്ങയിൽ മേൽത്തരം വിത്തുകാളയെ പ്രജനന പ്രക്രിയയ്ക്കായി ഉപയോഗപ്പെടുത്തി. എഴുപതുകളുടെ ആരംഭത്തോടുകൂടിതന്നെ കൃത്രിമബീജസങ്കലനം കേരളത്തിൽ സാർവ്വത്രികമായി. തുടർന്ന് അത്യുൽപാദനശേഷിയുള്ള വിദേശജനുസ്സുകളുടെ ഗാഢശീതികൃതബീജം ഇതിലേക്കായി പ്രയോജനപ്പെടുത്തി. ഇതോടെ പാലുൽപാദനരംഗത്ത് കേരളം ഒരു എടുത്തുച്ചാടത്തിന് നാന്ദി കുറിച്ചു.

ശ്രീകണ്ഠപുരം പഞ്ചായത്തിലെ കുടിയേറ്റ കർഷകർ ദക്ഷിണ കേരളത്തിൽനിന്നും ഉൽപാദനശേഷികൂടിയ പശുക്കളെ ഇവിടേയ്ക്ക് കൊണ്ടുവന്നു. ഈ കാലയളവിൽതന്നെ മൃഗസരംക്ഷണ വകുപ്പിൻ കീഴിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ (സി.ഐ.എ) ശ്രീകണ്ഠപുരം പഞ്ചായത്തിൽ മേൽത്തരം ബീജം ഉപയോഗിച്ചു കന്നുകാലികളെ വർഗ്ഗോദ്ധാരണ പ്രവർത്തനം ഊർജ്ജിതമാക്കി. 1985-ൽ ചെമ്പൻത്തൊട്ടിയിൽ വെറ്ററിനറി പോളിക്ലിനിക്കൽ അത്യുൽപാദനശേഷിയുള്ള വിദേശ ജനുസുകളുടെ ഗാഢശീതികരിച്ച ബീജം ഉപയോഗിച്ചുള്ള കൃത്രിമ ബീജധാന സൗകര്യം ഏർപ്പെടുത്തി. ഇതോടെ ശ്രീകണ്ഠപുരം പഞ്ചായത്തിൽ പാലുൽപാദനരംഗത്ത് ഒരു സമൂല പരിവർത്തനത്തിനു തുടക്കം കുറിച്ചു. പാലുൽപാദനത്തിൽ കഴിഞ്ഞ മുപ്പതു വർഷങ്ങളിൽ പത്തിരട്ടി വർദ്ധനവുണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചു.

കുടിയേറ്റകാരുടെ വരവോടെ മാംസം, മുട്ട എന്നിവയുടെ ഉപഭോഗം വർദ്ധിച്ചുവെങ്കിലും ഈ രംഗത്ത് ഉൽപാദനത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നുകാണാം. എഴുപതുകളുടെ അവസാനംവരെ കാളവണ്ടികൾ ചരക്കുകടത്തുന്നതിനും യാത്രാവശ്യങ്ങൾക്കും ഈ പഞ്ചായത്തിൽ മൃഗശക്തി പ്രയോജനപ്പെടുത്തിയിരുന്നു. യന്ത്രവത്ക്കരണത്തോടുകൂടി കാളവണ്ടികളുടെ ഉപയോഗം ഏതാണ്ട് നിലച്ചെങ്കിലും ഉഴവ് ആവശ്യങ്ങൾക്കായി പരിമിതമായ തോതിൽ ഇപ്പോഴും മൃഗങ്ങളെ ഉപയോഗിക്കുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിൽനിന്ന് ലഭിക്കുന്നതും കൃഷിക്ക് അനുപേക്ഷിണീയവുമായ ജൈവവളങ്ങൾ പരിമിതമായ തോതിൽ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിലെ മൊത്തം കന്നുകാലി സമ്പത്തുമായി പരിഗണിക്കുമ്പോൾ അതിന്റെ മൂഴുവൻ ശേഷിയും ഈ രംഗത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ടോ എന്ന് ഈ അവസരത്തിൽ വിലയിരുത്തേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണ മേഖലയുടെ ഇന്നത്തെ സ്ഥിതി

ലഭ്യമായ കണക്കുകളനുസരിച്ച് ശ്രീകണ്ഠപുരം പഞ്ചായത്തിൽ പൂർവ്വകാല സ്ഥിതിയിൽനിന്നും കാതലായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കന്നുകാലിസമ്പത്തിൽ ഏറിയപങ്കും സങ്കരയിനം ജനുസുകളിൽപ്പെട്ടവയാണ്. ആട് പന്നി, കോഴി തുടങ്ങിയവയുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കാളനാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ് ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്.			
4	66	17	331	190	145	1530	920	17	8	14	860	1103

വളർത്തു പക്ഷികളുടെ സ്ഥിതിവിവരകണക്കുകൾ					
പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ട ഇടുന്നത്	മുട്ട യിടാത്തത്	ആൺ	പെൺ	
2253	5512	3876	35	64	47

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	മറ്റുള്ളവ
ദഹനസംബന്ധമായത്	760	21	207	27	25	150	36
ശ്വാസകോശസംബന്ധം	200	9	71	-	-	1415	
ഉപാപചയസംബന്ധം	132	–	35	-	-	-	-
ത്വക്ക് രോഗങ്ങൾ	245	3	83	-	-		12
ധാതു ലവണങ്ങളുടെ അഭാവം	275	2	42	8	-	364	15
പരാദരോഗങ്ങൾ	1365	12	265	-	52	100	
പ്രത്യുൽപാദനവുമായി സംബന്ധം	910	3	117	2			
വന്ധ്യത	153	–	-				
അകിടുവീക്കം	111	–	21				
മൂടന്തൻപനി	420	17					
പകർച്ചവ്യാധികൾ	25	-	-	-	-	275	-

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിനായി ഒരു വെറ്ററിനറി പോളിക്ലിനിക്കും കൂട്ടുമുഖത്ത് ഒരു വെറ്ററിനറി ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. കന്നുകാലികളിൽ കൃത്രിമബീജാദാനം നടത്തുന്നതിനുള്ള ഒരു ഉപകേന്ദ്രം തുംബേനിയിലും, ഇതേലക്ഷ്യം വച്ചുകൊണ്ട് കരയത്തുംചാൽ ക്ഷീരോത്പാദക സഹകരണസംഘത്തിലും ഒരു കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മൃഗസംരക്ഷണമേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതും മൃഗആരോഗ്യപരിപാലനരംഗത്തിന്റെ മേൽനോട്ടം വഹിക്കുന്നതും മേൽപറഞ്ഞ രണ്ടു മൃഗാശുപത്രികളാണ്. ഈ രണ്ടുസ്ഥലങ്ങളിലുമായി പ്രതിവർഷം ശരാശരി കൈകാര്യംചെയ്യുന്ന രോഗവിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എല്ലാംകൂടി ഏകദേശം 1500-നുമേൽ (ആയിരത്തിഅഞ്ഞൂറ്) കൃത്രിമ ബീജധാന കുത്തിവയ്പുകൾ അത്യുൽപാദന ശേഷിയുള്ള വിദേശ ജനസുകളുടെ ബീജം ഉപയോഗിച്ചു നടത്തുന്നുണ്ട്.

മൃഗസംരക്ഷണമേഖലയിൽ അപ്രതീക്ഷിതമായ നാശനഷ്ടങ്ങൾ ഉണ്ടാക്കാറുള്ള പകർച്ചവ്യാധികൾ തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ മേൽ പ്രസ്താവിച്ച മൃഗാശുപത്രികളിലും വർഷംതോറും നടത്തിവരുന്നുണ്ട്.

രോഗം	പശു	പട്ടി	കോഴി
കുളമ്പുരോഗം	500		
കുരളടപ്പൻ	450		
കരിങ്കാൽ	150		
പേവിഷം		502	
കോഴിവസന്ത			2217
കോഴിവസൂരി			562

സംസ്ഥാനതലത്തിൽ സർക്കാർ ആസൂത്രണം ചെയ്തു നടത്തുന്ന വിവിധ വികസന പദ്ധതികൾ ഈ ആശുപത്രികളുടെ കഴിഞ്ഞ പഞ്ചവത്സരപദ്ധതികാലത്ത് നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിയുടെ പേര് വർഷം	എണ്ണം/നേട്ടം
സ്കൂൾ പൗൾട്രി ക്ലബ് 93/94	90 കോഴികൾ വീതം 16 സ്കൂളുകളിൽ
സമഗ്രമൃഗസമ്പത്ത് വികസനപരിപാടി (എം.എൽ.പി.പി.) 94-95	1000 കോഴികൾ 20 പന്നികൾ
എഗ്ഗർ പൗൾട്രി നേഴ്സറികൾ 91-95	6000 കോഴികളെ ഉൽപാദിപ്പിച്ചു.
ഗോരക്ഷാ ക്യാമ്പുകൾ	6 എണ്ണം
വന്ധ്യത പരിശോധന ക്യാമ്പ്	2 എണ്ണം

മൃഗസംരക്ഷണവകുപ്പ് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപകല്പന ചെയ്യുന്നത്. നാൽ നമ്മുടെ പഞ്ചായത്തിന്റെ തനതു സാഹചര്യങ്ങളിൽ ഈ പദ്ധതികൾ എത്രമാത്രം നേട്ടങ്ങൾ കൈവരിച്ചു എന്നുള്ളത് വിലയിരുത്തേണ്ടിയിരിക്കുന്നു.

പാൽ ഉല്പാദന രംഗം

ശാസ്ത്രീയമായ സങ്കേതങ്ങളുടെ ഉപയോഗത്തോടെ പാൽ ഉല്പാദനത്തിലുണ്ടായ വർദ്ധനവ് വിപണന സൗകര്യങ്ങളുടെ ആവശ്യകത വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി എഴുപതുകളുടെ ആരംഭത്തിൽ പരിപ്പായിയിൽ ആദ്യത്തെ ക്ഷീരസഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. പലകാരണങ്ങൾകൊണ്ടും ഇത് സംഘത്തിന്റെ പ്രവർത്തനം നിലച്ചെങ്കിലും പിന്നീട് കരയത്തുംചാലിലും കൈതപ്രത്തും ചുണ്ടപ്പറമ്പിലും ഓരോ ആനന്ദ് മാതൃക ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിച്ചു തുടങ്ങി. ഈ സംഘങ്ങളിൽ എല്ലാംകൂടി പ്രതിദിനം ശരാശരി 255 ലിറ്റർ പാൽ സംഭരിക്കുന്നു. ഇത് പഞ്ചായത്തിലെ മൊത്തം പാലുൽപാദനത്തിന്റെ 3.5 ശതമാനം മാത്രമാണ്. അതായത് പഞ്ചായത്തിലെ മൊത്തം പ്രതിദിന പാലുൽപാദനം ശരാശരി 6200 ലിറ്റർ ആണ്. ഇന്നത്തെ പാലിന്റെ മാർക്കറ്റ് വിലയായ ലിറ്ററൊന്നിന് 11 രൂപപ്രകാരം പഞ്ചായത്തിലെ പ്രതിദിന മൊത്തം പാലുൽപാദനമൂല്യം 68200 രൂപയാണ്. അതായത് പ്രതിവർഷം 2.48 കോടിയോളമാണ്. ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാലിൽ 140 ലിറ്റർ പ്രതിദിനം പഞ്ചായത്തിനു വെളിയിലേക്ക് പോകുന്നുണ്ടെങ്കിലും ദിവസേന 400 ലിറ്റർ പാൽ മിൽമബൂത്തുകളിലൂടെ നമ്മുടെ പഞ്ചായത്തിലേക്ക് ഒഴുകിയെത്തുന്നുണ്ട്. അതായത് 260 ലിറ്റർപാൽ ഇന്നത്തെ സാഹചര്യത്തിൽ ദിനംപ്രതികമ്മിയുണ്ട്. ഈയിനത്തിൽ 10.44 ലക്ഷം രൂപ വർഷംതോറും പഞ്ചായത്തിനുവെളിയിലേക്ക് പോകുന്നുണ്ട്. ആരോഗ്യവകുപ്പ് നിശ്ചയിച്ചിട്ടുള്ള പാൽ ഉപയോഗം പ്രതിദിനം 240 മി.ലി. എന്ന ലക്ഷ്യം കൈവരിക്കാൻ ജനസംഖ്യ വേണം.

ജനസംഖ്യയുടെ ശ്രീകണ്ഠപുരം പഞ്ചായത്തിൽ പാലുൽപാദനം ഇനിയും വളരെമുന്നേറേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സാഹചര്യത്തിൽതന്നെ മെച്ചമായ കന്നുകാലി പരിപാലനരീതികളിലൂടെ പാലുൽപാദനത്തിൽ 70% ത്തോളം വർദ്ധനവ് ഇനിയും കൈവരിക്കാവുന്നതാണ്. അവശേഷിക്കുന്ന നാടൻ പശുക്കളുടെ വർഗ്ഗോദ്ധാരണവും നൂതന സങ്കേതങ്ങളുപയോഗിച്ച് അത്യുൽപാദനശേഷിയുള്ള കന്നുകാലികളുടെ സൃഷ്ടിയും കൊണ്ട് ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ ഈ ലക്ഷ്യം നേടാവുന്നതേയുള്ളൂ.

ശാസ്ത്രീയ കന്നുകാലി പരിപാലനം

ഈ പഞ്ചായത്തിൽ ഇന്നുള്ള കന്നുകാലി സമ്പത്ത് പാലുൽപാദനലക്ഷ്യംമാത്രം കണക്കിലെടുത്താൽ ആവശ്യത്തിലധികമാണ്. ശാസ്ത്രീയമായ പരിപാലനമുറകളുടെ അഭാവമാണ് ഉല്പാദന മാന്ദ്യത്തിനു കാരണം. കേരളത്തിലെ സങ്കരവർഗ്ഗ പശുക്കളുടെ നിലവാരം അനുസരിച്ച് ആദ്യസേവനം 30-ാം മാസത്തിലും പിന്നീടുള്ള പ്രസവങ്ങൾ ഓരോ 12-14 മാസത്തിലും -എന്നരീതിയിലാണ് ലഭിക്കേണ്ടത്. എന്നാൽ, നമ്മുടെ പഞ്ചായത്തിൽ പശുക്കളുടെ ആദ്യപ്രസവത്തിനുള്ള പ്രായം ശരാശരി 48 മാസത്തിനുമുകളിലും അതുപോലെ പിന്നീടുള്ള പ്രസവങ്ങൾ ഓരോ 24 മാസങ്ങളിലുമാണ് ലഭിക്കുന്നത്. അതായത് ഓരോ കിടാരികൾക്കും ആദ്യത്തെ ഒരു കറവകാലവും പിന്നീടുള്ള രണ്ടു പ്രസവത്തിനുള്ളിൽ നഷ്ടമാവുന്നുവെന്ന് കാണാം. ഈ കാരണത്താൽ മാത്രം വർഷം തോറും പാലുൽപാദനത്തിൽ മൊത്തം ഉൽപാദനശേഷിയുടെ 50% -ൽ അധികം കുറവുവരുന്നു. അതുകൊണ്ട്തന്നെ ശാസ്ത്രീയമായ ഒരു പരിപാലനനയം രൂപീകരിക്കേണ്ടതും പഞ്ചായത്തുതലത്തിൽ ഈ നയം പ്രചരിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും അടിയന്തര പരിഗണനം അർഹിക്കുന്നു.

കാലിത്തീറ്റ

കന്നുകാലികളുടെ ശാസ്ത്രീയ പരിപാലനമുറകളിൽ അവയുടെ തീറ്റക്രമം ഏറ്റവും അധികം പ്രധാന്യം അർഹിക്കുന്നു. കന്നുകാലികളെ വളർത്തുന്നതിനുള്ള മൊത്തം ചിലവിന്റെ 70% തീറ്റയിനത്തിലാണ് വിനിയോഗിക്കപ്പെടുന്നത്. കാലിത്തീറ്റയുടെ ഉപയോഗത്തിനു നമ്മുടെ കർഷകരുടെ ഇടയിൽ ശരിയായ പ്രചാരണം ലഭിച്ചിട്ടില്ല. എല്ലാ പോഷകമൂല്യങ്ങളും ആവശ്യമായ അളവിൽ ഇല്ലാത്തതും അതേസമയം വില വളരെ കൂടുതലുള്ളതുമായ പിണ്ണാക്കാണ് കർഷകർ കൂടുതലായി ഉപയോഗിക്കുന്നത്. ഇത് തീറ്റചിലവ് ഗണ്യമായി വർദ്ധിക്കുന്നതിനു കാരണമായിട്ടുണ്ട്. പാലുൽപാദനം ലാഭകരമാക്കുന്നതിനും മേൽത്തരം കാലിത്തീറ്റ ഉപയോഗിക്കേണ്ടതും അതുവഴി തീറ്റയിനത്തിലുള്ള ചിലവ് കുറയ്ക്കേണ്ടതും അത്യാവശ്യമാണ്. ശരിയായ രീതിയിലുള്ള പോഷണം ലഭിക്കുന്നതിനു 5 ലിറ്റർ പാലുൽപാദിക്കുന്ന ഒരു സങ്കരയിനം കറവപശുവിനു ആവശ്യമുള്ളത്ര പച്ചപുല്ല് ലഭിക്കുന്ന സാഹചര്യത്തിൽ ശരാശരി പ്രതിദിനം 11/2 കിലോ കാലിത്തീറ്റ നൽകണം. അതായത് പഞ്ചായത്തിലെ കന്നുകാലികൾക്ക് പ്രതിദിനം 4 ടൺ കാലിത്തീറ്റ ആവശ്യമായിട്ടുണ്ട്. അതായത് പ്രതിവർഷം 1400 ടൺ കാലിത്തീറ്റ. ഒരു കിലോ കാലിത്തീറ്റയ്ക്ക് 5 രൂപ പ്രകാരം മൊത്തം വാർഷികമൂല്യം ഏകദേശം 70 ലക്ഷം രൂപയോളം വരും. ഈ പഞ്ചായത്തിൽ ചിലവാകുന്ന കാലിത്തീറ്റ മുഴുവനായും മറ്റു സ്ഥലങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്നവയാണ്. അതുകൊണ്ട് തന്നെ ആയിനത്തിൽ ഭീമമായ ഒരുസംഖ്യ വർഷംതോറും അന്യസ്ഥലങ്ങളിലേക്ക് ഒഴുകുന്നു. ഇതുമാത്രമല്ല ഇപ്പോൾ വിപണിയിൽ ലഭിക്കുന്ന കാലിതീറ്റയുടെ ഗുണനിലവാരം നിശ്ചിത

മില്ല. ഈ കാരണങ്ങൾകൊണ്ടുതന്നെ കാലിത്തീറ്റ നിർമാണത്തിനുള്ള (ഫീഡ് മിക്സിങ്ങ്) ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാദേശിക ചുറ്റുപാടുകളിൽ ലഭിക്കുന്ന പിണ്ണാക്ക്, കപ്പ, പുളികുറു, ചക്കക്കുരു തുടങ്ങിയവ ഉപയോഗിച്ച് ഗുണനിലവാരമുള്ള കാലിത്തീറ്റ ചുരുങ്ങിയ ചിലവിൽ ഉൽപാദിപ്പിക്കാവുന്നതാണ്. ഇത്തരം യൂണിറ്റുകളിൽ കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഇനിമേൽ ന്യൂട്രീഷനിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്തണം. കാലിത്തീറ്റ ഉൽപാദനത്തിനും സംഘടിത സഹകരണമേഖലയുടെ പ്രവർത്തനം പരിഗണന അർഹിക്കുന്നു. ഇപ്പോൾ കാലിത്തീറ്റ വിതരണ രംഗത്തുള്ള ഇടനിലക്കാരെ മാറ്റി നിർത്തുവാനും കന്നുകാലികളുടെ തീറ്റ'ചെലവ് കുറയ്ക്കുവാനും അതുവഴി ലാഭകരമായി പാലുൽപാദനത്തിനും ഇതു വഴിതെളിക്കും. കൂടാതെ ഈ ഇനത്തിലുള്ള സാമ്പത്തികനിക്ഷേപം പഞ്ചായത്തിൽ തന്നെ ഒതുക്കിനിർത്തുകയും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

മാംസോൽപാദന രംഗം

പ്രാഥമിക ഉൽപാദനമേഖലയിൽ അനന്തമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഒന്നാണ് മാംസോൽപാദനരംഗം. ഈ മേഖലയിൽ ഉദ്ഗ്രഥിതമായ വിലയിരുത്തലോ ആസൂത്രിതമായ നീക്കങ്ങളോ നടന്നിട്ടില്ല എന്നത് ഈ രംഗത്ത് അന്യസംസ്ഥാനങ്ങളിലേക്കുള്ള ഭീമായ സാമ്പത്തിക ചോർച്ചയ്ക്ക് കാരണമായിട്ടുണ്ട്. പഞ്ചായത്തിലെ 95%തിൽ അധികം ഇനങ്ങളും മാംസാഹാരം ഉപയോഗിക്കുന്നവരാണ്. ഇവിടെ ഉപയോഗിക്കുന്ന മാംസത്തിൽ ഏകദേശം 95% ഉം മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇവിടെ എത്തുന്ന ഉരുക്കളിൽനിന്ന് ഉൽപാദിപ്പിക്കുന്നതാണ്. ഈ ഇനത്തിൽ ഉണ്ടാകുന്ന സാമ്പത്തിക ചോർച്ച ഇതുവരെ ഗൗരവമായി കണക്കിലെടുത്തിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

ശ്രീകണ്ഠപുരം പഞ്ചായത്തിൽ മാട്ടിറച്ചിയാണ് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത്. കോഴിയിറച്ചിയ്ക്കാണ് രണ്ടാംസ്ഥാനം. പന്നി, ആട് തുടങ്ങിയവരുടെ അപര്യാപ്തതയാണ് ഇവയുടെ മാംസത്തിന്റെ ഉപയോഗം കുറയാനുള്ള പ്രധാനകാരണം. പഞ്ചായത്തിലെ വിവിധ അറവു സ്ഥലങ്ങളിലായി പ്രതിമാസം 190 മാടുകൾ, 75 ആടുകൾ, 2000 കോഴികൾ, 5 പന്നികൾ എന്നിവയെ മാസത്തിന്റെ ആവശ്യത്തിനായി കശാപ്പുചെയ്യുന്നു. തികച്ചും അനാരോഗ്യകരവും, അശാസ്ത്രീയവുമായ സാഹചര്യങ്ങളിലാണ് ഇവയെ കശാപ്പു ചെയ്യുന്നതും വിൽക്കുന്നതും മേൽപറഞ്ഞ അറവുസ്ഥലങ്ങളിൽ എല്ലാംകൂടെ പ്രതിമാസം ശരാശരി 13300 കിലോ മാട്ടിറച്ചിയും, 1125 കിലോ ആട്ടിറച്ചിയും 2000 കിലോ കോഴിയിറച്ചിയും 375 കിലോ പന്നയിറച്ചിയും വിറ്റഴിയുന്നു. ഇവയുടെ കമ്പോളമൂല്യം കണക്കിലെടുത്താൽ പ്രതിമാസം ശരാശരി 6.68 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. അതായത് പ്രതിവർഷം 80.1 ലക്ഷം രൂപ ഇതിൽ തന്നെ 80.1 ലക്ഷം രൂപ. ഇതിൽതന്നെ 76 ലക്ഷത്തോളം രൂപ അന്യസംസ്ഥാനങ്ങളിലേക്ക് ആണ് പോകുന്നത്. ഈ വിവരങ്ങൾ മാംസാവശ്യത്തിനുവേണ്ടി മാത്രമുള്ള മൃഗപരിപാലനവും അതിനായുള്ള പദ്ധതികളുടെയും ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. സംഘടിത- സഹകരണ മേഖലയിൽ ആസൂത്രിതമായി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത് വളരെയധികം പേർക്ക് ഉപജീവന ഉപാദി എന്ന നിലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും എന്നതിൽ സംശയം ഇല്ല. മാംസോൽപാദനത്തിനും വിപണനത്തിനും മാത്രമായുള്ള സഹകരണ സംഘങ്ങൾ -വിവിധയിനം മാംസങ്ങൾക്ക് പ്രത്യേകം പ്രത്യേകമായോ -കൂട്ടായോ പരിഗണിക്കാവുന്നതാണ്. മാംസാവശ്യത്തിനുമാത്രമായുള്ള മൃഗപരിപാലനത്തിൽ മൂരിക്കുട്ടൻമാരുടെ പരിപാലനം, ആട് വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, പന്നിവളർത്തൽ, കാട, മുയൽ വളർത്തലുകൾ എന്നിവ ഈ പഞ്ചായത്തിന് അനുയോജ്യമാണ്.

അറവുശാല-ശാസ്ത്രീയരീതിയിൽ

മാംസോൽപാദനത്തോടൊപ്പംതന്നെ മാംസത്തിന്റെ സംസ്കരണവും വിപണനവും പരിഗണിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ആരോഗ്യകരമായ രീതിയിൽ മാംസ സംസ്കരണത്തിനുള്ള ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കണം. അറവിനു മുൻപും പിൻപും മാടുകളെ വെറ്ററിനറി സർജന്റെ പരിശോധനയ്ക്ക് വിധേയമാക്കി മാംസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തണം മാംസത്തിന്റെ വിപണനത്തിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിപണന കേന്ദ്രങ്ങൽ സ്ഥാപിക്കാവുന്നതാണ്. ലൈസൻസില്ലാത്ത കശാപ്പുകാരുടെ മേൽ നിയന്ത്രണവും ശിക്ഷണനടപടികളും ഏർപ്പെടുത്തണം. ഗുണമേന്മ നിശ്ചയിക്കാത്ത മാംസത്തിന്റെ വിപണനം പൂർണ്ണമായും നിരോധിക്കണം.

ഇറച്ചിക്കുവേണ്ടിയുള്ള കന്നുകാലികളുടെ പരിപാലനം

നമ്മുടെ പഞ്ചായത്തിൽ ജനിക്കുന്ന കന്നുകുട്ടികളിൽ ചുരുങ്ങിയത് 50% മെങ്കിലും കാളകുട്ടികളാണ്. ഉടമസ്ഥർ കാര്യമായ ശ്രദ്ധ ചെലുത്താത്തതിനാൽ ഇവയിൽ ഭൂരിഭാഗവും വിരശല്യവുംപോഷകാഹാരക്കുറവും മൂലം ചത്തുപോവുകയാണ് ചെയ്യുന്നത്. ശേഷിക്കുന്നവ വളർച്ച മുരടിക്കുന്നതുമൂലം മാംസോൽപാദന ഉദ്ദേശ്യത്തിനുപോലും ഉപയോഗിക്കാൻ പറ്റാതെ നഷ്ടമാവുന്നു. ഈ മൂരികുട്ടികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തിയെടുത്താൻ പഞ്ചായത്തിന്റെ മാംസാ

വശ്യം ഒരു പരിധിവരെ വികത്താവുന്നതാണ്. പാലുൽപാദനരംഗത്ത് രൂപപ്പെടുത്തിയ രീതിയിൽ മാംസോൽപാദനത്തിനുവേണ്ടിയുള്ള ശാസ്ത്രീയ പ്രജനനനയം അടിയന്തര പരിഗണന അർഹിക്കുന്നു.

ആടുവളർത്തൽ:-

ഇടത്തരം കർഷകരുടെ സാമ്പത്തികമായ പരിമിതികൾക്കിണങ്ങുന്ന ഒരു പദ്ധതിയാണിത്. വളരെവേഗം പെറ്റുപെരുകുവാനുള്ള ആടുകളുടെ കഴിവ് മുതലെടുത്താൽ ഈ രംഗത്തെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിക്കും. ആട്മാംസത്തിനുള്ള ഉയർന്നവിലയും വിപണിയിലെ ആവശ്യകതയും ഈ മേഖലയിലേക്ക് ശ്രദ്ധതിരിച്ചുവിടാൻ പര്യാപ്തമാണ്. സ്ത്രീകൾക്ക് ധാരാളം തൊഴിൽ സാധ്യതകളുള്ള മേഖലയാണിത്.

പന്നിവളർത്തൽ:-

പഞ്ചായത്തിലെ ചുരുക്കം ചിലകർഷകർ മാത്രമാണ് പന്നിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്. അതും ഒന്നോ രണ്ടോ പന്നികൾമാത്രം. പാഴായിപോകുന്ന ഭക്ഷ്യവസ്തുക്കൾ മെച്ചപ്പെട്ട നിലവാരമുള്ള മാംസമായി മാറ്റുന്നതിനു പന്നികൾക്കുള്ള കഴിവ് മറ്റൊരു മൃഗത്തിനും ഇല്ല. വളരെ ചുരുങ്ങിയ ഗർഭകാലവും ഒരു പ്രസവത്തിൽതന്നെ ധാരാളം കുഞ്ഞുങ്ങളെ പ്രസവിക്കാനുള്ള കഴിവും മറ്റു മൃഗങ്ങളെ അപേക്ഷിച്ചു പന്നികൾക്കുള്ള പ്രത്യേകതയാണ്. സ്വയം തൊഴിൽ എന്ന നിലയിൽ ലാഭകരമായി നടത്താവുന്ന ഒരു സംരംഭമാണ് പന്നിവളർത്തൽ. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ പന്നിമാംസത്തിനു ധാരാളം ആവശ്യക്കാരുണ്ട്.

കോഴിവളർത്തൽ

മാംസ ഭക്ഷണം ഉപയോഗിക്കുന്നവരിൽ 98% പേരും കോഴിയിറച്ചി ഉപയോഗിക്കുന്നവരാണ്. പഞ്ചായത്തിൽ ഇറച്ചികോഴി വളർത്തലിനുള്ള 9 യൂണിറ്റുകൾ ഉണ്ട്. ഇവയിൽ നിന്നുമൊത്തം 900 കോഴികളെ പ്രതിമാസം വിപണിയിൽ എത്തിക്കുന്നു. അതായത് 900 കിലോ. ലഭ്യമായ കണക്കുകളനുസരിച്ച് ശ്രീഖണ്ഠപുരം പഞ്ചായത്തിൽ പ്രതിമാസം 2000 കിലോ കോഴിയിറച്ചി ചിലവാകുന്നു. അതായത് ഏകദേശം 1100 കിലോ കോഴിയിറച്ചി മറ്റു സ്ഥലങ്ങളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിൽ എത്തുന്നത്. ഇതിന്റെ മൂല്യം കണക്കിലെടുത്താൽ 52,800 രൂപ മാസംതോറും അതായത് പ്രതിവർഷം 6.34 ലക്ഷം രൂപ മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നതായി കാണാം. വളരെയധികം ലാഭകരമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടുകഴിഞ്ഞ ഇറച്ചികോഴി വളർത്തലിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതുവഴി ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കും.

മുട്ട ഉൽപാദന രാഗം

മൃഗസംരക്ഷണ രംഗത്തുനിന്ന് പ്രാഥമിക ഉൽപാദന മേഖലയിലേക്കുള്ള പ്രധാനമായുള്ള മറ്റൊരു സംഭാവയാണ് മുട്ട. മട്ടയിന്ന് കേരളിയർക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ആഹാരമാണ്. കോഴി താറാവ് എന്നിവയെയാണ് മുട്ടയുടെ ആവശ്യത്തിനായി പ്രധാനമായും വളർത്തുന്നത്. ശ്രീകണ്ഠപുരം പഞ്ചായത്തിൽ മുട്ടകോഴിയുടെ എണ്ണം ശരാശരി പ്രതിവാര ഉപഭോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെ പിന്നിലാണെന്ന് കാണാം.

ഉത്പാദനം പ്രതിവാരം		മൊത്ത ഉപഭോഗം	
എണ്ണം	മൂല്യം	എണ്ണം	മൂല്യം
പ്രതിവാരം 38640	48300	78640	98300

ഈ പഞ്ചായത്തിലെ പ്രതിമാസ മുട്ട ഉപയോഗം 3.1 ലക്ഷം എണ്ണം ആണ്. അതിന്റെ മൂല്യം 3.87 ലക്ഷം രൂപയാണ്. താറാവു കൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങളുടെ അഭാവം താറാവുവളർത്തുകളിൽനിന്നും കർഷകരെ പിന്തിരിപ്പിക്കുന്ന എങ്കിലും പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ പരിമിതമായ തോതിൽ സ്വന്ത ആവശ്യങ്ങൾക്കായി താറാവിനെ വളർത്തുന്നുണ്ട്. കാട, ടർക്കി തുടങ്ങിയവയും പരിപാലനം പഞ്ചായത്ത് മൊത്തമായി കണക്കിലെടുക്കുമ്പോൾ ഇല്ലയെന്നുതന്നെ പറയാം. പഞ്ചായത്തിലെ മൊത്തം മുട്ട ഉൽപാദനം ഉപഭോഗത്തിന്റെ 49% മാത്രമാണ്. അതായത് പ്രതിമാസം ഏകദേശം 1.58%ലക്ഷം മുട്ടകൾ അന്യസ്ഥലങ്ങളിൽനിന്നും ഇവിടെയെത്തുന്നു. ഒരുമുട്ടയ്ക്ക് 1.25 രൂപ പ്രകാരം മാസംതോറും 1.97 ലക്ഷം രൂപ അന്യസ്ഥലങ്ങളിലേക്ക് പോകുന്നു. അതായത് പ്രതിവർഷം 23.6 ലക്ഷം രൂപ. മുട്ടയുൽപാദനമേഖലയിൽ സ്വയം പര്യാപ്തത കൈവരിച്ചാൽ ഈ രംഗത്തുനിന്നുള്ള ഭീമമായ സാമ്പത്തികചോർച്ച ഒഴിവാക്കാവുന്നതേയുള്ളൂ. ഇരുന്നോറോ, ഇരുനൂറ്റി അൻപത് മുട്ടകോഴികൾ വീതമുള്ള ചെറുകിട മുട്ടയുൽപാദനയൂണിറ്റുകൾ സ്ഥാപിക്കണം. ഇത് ഗ്രാമീണ സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ അവസരമാണ്. മുട്ട ഉൽപാദകരെ ഏകോപ്പിക്കുന്ന തരത്തിൽ സഹകരണ സംഘങ്ങളും വിപണന കേന്ദ്രങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

പേവിഷബാധ നിയന്ത്രണം

മനുഷ്യരാശി ഇന്നോളം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ഭീകരമായ രോഗമാണ് പേവിഷബാധ. രോഗം ബാധിച്ചുകഴിഞ്ഞാൽ ചികിത്സ ഇല്ലന്നുള്ളതും മരണം സുനിശ്ചിതമാണ് എന്നുള്ളതുമാണ് ഈ രോഗത്തിന്റെ പ്രത്യേകത. എങ്കിലും ഫലപ്രദമായ ആസൂത്രണത്തോടെയുള്ള പ്രവർത്തനംകൊണ്ട് രോഗം നിയന്ത്രിച്ചു നിർത്താൻ സാധിക്കും. 95% അധികം സന്ദർഭങ്ങളിലും

ഈ രോഗം മനുഷ്യരിലേക്ക് പകരുന്നത് പേ ബാധിച്ച നായ്കളുടെ കടിയിലൂടെയാണ്. നായ്കളുടെ സമൂഹത്തിൽ ഈ രോഗം വരുവാനുള്ള സാധ്യത നിയന്ത്രണാതീതമാക്കിയാൽ മനുഷ്യരാശിയെ ഒരു പരിധിവരെ ഈ രോഗത്തിൽനിന്നും മുക്തമാക്കാൻ സാധിക്കും. ഇതിനായി പഞ്ചായത്തിലെ മുഴുവൻ വളർത്തുനായകളെയും പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കണം. ഉടമസ്ഥനില്ലാതെ അലഞ്ഞുനടക്കുന്ന നായ്കളുടെ സമൂഹത്തെ മുഴുവനായും നശിപ്പിക്കണം. പ്രതിരോധ ശക്തിയില്ലാത്ത ഒരൊറ്റ നായ്പോലും പഞ്ചായത്തിൽ ഉണ്ടായിരിക്കാൻ അനുവദിക്കരുത്. ശ്രീകണ്ഠപുരം പഞ്ചായത്തിൽ ഏകദേശം 1103 വളർത്തുനായ്ക്കളുണ്ട്. അലഞ്ഞുതിരിയുന്നവയുടെ എണ്ണം ഏകദേശം ഇതിന്റെ പകുതിയോളം വരും. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികളിലൂടെ അങ്ങിങ്ങായി ചില വാർഡുകളിൽ മാത്രം വളർത്തുനായ്കളെ പേവിഷബാധയ്ക്കെതിരെ കുത്തിവയ്പ്പിനു വിധേയമാക്കിയിട്ടുണ്ട്. അലഞ്ഞുതിരിയുന്ന നായ്കൾ ഉള്ളതുകൊണ്ട് പേവിഷബാധ നിയന്ത്രിത പഞ്ചായത്ത് എന്ന പദവിയിലേക്ക് നമ്മുടെ പഞ്ചായത്തിനു ഇതുവരെയും എത്താൻ സാധിച്ചിട്ടില്ല. ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ആസൂത്രിതമായ പ്രവർത്തനം കൊണ്ട് അനായാസം ലക്ഷ്യത്തിലെത്താൻ കഴിയും. പഞ്ചായത്തിൽ ആകെയുള്ള വളർത്തുനായ്കളുടെ വാർഡുതോറുമുള്ള വിതരണത്തിന്റെ കൃത്യമായ കണക്കുകൾ ലഭ്യമായാൽ പേവിഷനിയന്ത്രണം സുസാദ്ധ്യമാകും.

മൃഗാശുപത്രികളുടെ പ്രവർത്തനം

മൃഗസംരക്ഷണ മേഖലയിൽ വിദഗ്ധസേവനം ലഭ്യമാക്കുന്ന രണ്ട് മൃഗാശുപത്രികൾ പഞ്ചായത്തിൽ ഉണ്ട്. മൃഗസംരക്ഷണ രംഗത്തെ സാങ്കേതിക വിജ്ഞാന വ്യാപനത്തിനുള്ള സ്ഥാപനങ്ങളും ഇവയാണ്. (ഇതുകൂടാതെ കന്നുകാലികളുടെ വർഗ്ഗോദ്ധാരണത്തിനുള്ള കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ തുംബേനിയിലും കരയത്തുംചാലിലും പ്രവർത്തിക്കുന്നു.) നമ്മുടെ പഞ്ചായത്തിൽ ചെമ്പന്തൊട്ടിയിൽ വെറ്ററിനറി പോളിക്ലീനിക്കും. കൂട്ടുമുഖത്ത് വെറ്ററിനറി ഡിസ്പെൻസറിയും നിലവിലുണ്ട്. സർക്കാർ സ്ഥാപനങ്ങളായ ഈ രണ്ട് ആശുപത്രികളുടെയും ഇന്നത്തെ സ്ഥിതി തികച്ചും പരിതാപകരമാണ്. രണ്ടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. വെറ്ററിനറി പോളിക്ലീനിക്കിൽ യാതൊരുവിധമായ സൗകര്യങ്ങളും ഇല്ല. ആകെയുള്ള ഒരു ഹാളിലാണ് 9 പേരടങ്ങുന്ന ആശുപത്രി ജീവനക്കാരും ഫയലുകളും. മറ്റു സാമഗ്രികളും മരുന്നും അടിഞ്ഞുകൂടുന്നത്. ഫ്രിഡ്ജ് ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ആഫീസിലുള്ള വാഹനത്തിന്റെ സ്ഥിതിയും തികച്ചും ശോചനീയമാണ്. ആശുപത്രിജീവനക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യവും ഇവിടെ അന്യമാണ്. കൂട്ടുമുഖം മൃഗാശുപത്രിയുടെ സ്ഥിതി ഇതിലും ശോചനീയമാണ്. ഒരേ ഒരു മുറിയിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. നാല് ആശുപത്രി ജീവനക്കാരും ഫയലും, മരുന്ന്, ഫ്രിഡ്ജ് തുടങ്ങി സകലതും ഈ ഒരു മുറിയ്ക്കകത്ത് സ്ഥലം കണ്ടെത്തുന്നു. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ആശുപത്രിയിലും പരിസരത്തും ഇല്ല. ഈ ആശുപത്രിക്ക് വന്ത മായി 10 സെന്റ് സ്ഥലം കൂട്ടുമുഖം പാലത്തിനു സമീപം ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടം പണിയാനുള്ള നടപടി ഇതുവരെയും കൈക്കൊണ്ടിട്ടില്ല. ആശുപത്രികൾക്കാവശ്യമായ ലാബറട്ടറി, ഓപ്പറേഷൻ തീയറ്റർ, കർഷകർക്ക് പരിശീലനത്തിനായുള്ള ഹാൾ, ഫോൺ, മൈക്രോസ്ക്കോപ്പ് തുടങ്ങിയവ എവിടെയും ഇല്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ ആശുപത്രികളിൽ ചികിത്സ, കൃത്രിമബീജദാനം പ്രതിരോധകുത്തിവയ്പുകൾ, ഓപ്പറേഷനുകൾ എന്നിവ നടക്കുന്നുണ്ടെങ്കിലും ഇവയൊന്നിനും ഉള്ള സൗകര്യങ്ങൾ ലഭ്യമല്ല. ബ്ലോക്കുതലത്തിൽ ഒന്നുമാത്രമുള്ള വെറ്ററിനറി പോളിക്ലിനിക്ക് ഇപ്പോൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിലെ യാത്രാസൗകര്യങ്ങൾ കുറഞ്ഞ ഒരു പ്രദേശത്താണ്. ഇരിക്കൂർ ബ്ലോക്കിന്റെ സിരാകേന്ദ്രമായ ശ്രീകണ്ഠപുരത്ത് ഈ സ്ഥാപനം പ്രവർത്തിക്കുകയാണെങ്കിൽ കൂടുതൽ പ്രദേശങ്ങളിലുള്ള കർഷകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കും. ഇതോടൊപ്പം തന്നെ പകൽ സമയം മുഴുവൻ സേവനം ലഭിക്കത്തക്കവിധത്തിൽ വെറ്ററിനറി പോളിക്ലീനിക്കിന്റെ പ്രവർത്തനം ക്രമീകരിക്കേണ്ടത് പ്രത്യേകം പരിഗണന അർഹിക്കുന്നു. പ്രാഥമിക ഉൽപാദന മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകാൻ കഴിവുള്ള മൃഗസംരക്ഷണമേഖലയുടെ മുഴുവൻ പ്രവർത്തനങ്ങളെയും പ്രകോപിപ്പിക്കുന്ന സ്ഥാപനമെന്ന നിലയിൽ മൃഗാശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടത് അനിവാര്യമാണ്.

തീറ്റപ്പുല്ല്

കന്നുകാലികളുടെ ഒരു പ്രധാന ഘടകമാണല്ലോ തീറ്റപ്പുല്ല്. പച്ചപ്പുല്ല് കൊടുക്കുന്ന കന്നുകാലികളിൽ പാലുൽപാദനം കൂടുതലാണെന്ന് കാണാൻ സാധിക്കും. എന്നാൽ, ശാസ്ത്രീയമായ രീതിയിൽ പുൽകൃഷി നടത്താത്തതിനാൽ മഴക്കാലം കഴിയുന്നതോടുകൂടി പച്ചപ്പുല്ലിന്റെ ക്ഷാമം ആരംഭിക്കുകയായി. തന്മൂലം നമ്മുടെ നാട്ടിൽ പലപ്പോഴും വേനൽക്കാലത്ത് കന്നുകാലികൾ ആരോഗ്യം ക്ഷയിച്ചു എല്ലും തോലുമായി മാറുന്നു. ഇതിനൊരു പരിഹാരമെന്ന നിലയിൽ തീറ്റപ്പുൽ കൃഷിയെ പ്രോൽസാഹിപ്പിക്കണം. വേനൽക്കാലത്ത് ജലസേചനം നടത്താൻ സാധിക്കുന്നയിടങ്ങളിൽ തീറ്റപ്പുൽകൃഷി ഇടവിളയായി നടാൻ നടപടിയെടുക്കണം. അതിർവരമ്പുകളിലും തെങ്ങിൻ തോപ്പുകളിലും ഇവ വളരെയെളുപ്പം നട്ടുവളർത്താവുന്നതാണ്. ഈ പച്ചപ്പുല്ലുകൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ചാൽ വേനൽക്കാലത്തെ

തീറ്റക്ഷാമം ഒരു പരിധിവരെ നികത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വേനൽക്കാലത്ത് ആഴ്ചതോറും നാലും അഞ്ചും ലോറി വൈക്കോലാണ് എത്തുന്നത്. ഒരു മുടി വൈക്കോലിനു 6 രൂപയോളം ഇന്ന് വിലവരും. അതായത് ഒരാഴ്ചയായാൽ ഏകദേശം 60,000രൂപയ്ക്ക് വയ്ക്കോൽ നമ്മുടെ പഞ്ചായത്തിൽ വിതരണത്തിനായി എത്തുന്നുണ്ട്. ഇതിൽനിന്നും പൽകൃഷിയെ പ്രോൽസാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് മനസിലാക്കാൻ പറ്റാവുന്നതേയുള്ളൂ.

ജൈവവളം

കൃഷിഭൂമിയുടെ ഫലഭൂയിഷ്ടതെ ഉപയോഗത്തിലൂടെ കുറയ്ക്കുന്ന രാസവളങ്ങളുടെ അതിപ്രസരത്തിൽനിന്നും ജൈവവളങ്ങളുടെ കാലത്തേക്ക്തന്നെ ഒരു തിരിച്ചുപോക്കിന്റെ കാലഘട്ടമാണിത്. ഒരു സങ്കരയിനം പശുവിൽനിന്നും പ്രതിവർഷം ഏകദേശം 3,000 രൂപയുടെ ജൈവവളം ഉൽപാദിപ്പിക്കുന്നതിനുള്ള ചാണകം ലഭിക്കുന്നു. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ കന്നുകാലികൾ മുഖേന ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളത്തിന്റെ വില ഏകദേശം 90 ലക്ഷം രൂപയോളം വരും. അതായത് കാർഷികമേഖലയുടെ അടിത്തറതന്നെ നില്ക്കുന്നത് ഇതിലാണെന്നു പറയാം.

ഊർജം:

പഞ്ചായത്തിൽ മുപ്പതോളം ഗോബർഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു. രാജ്യം ഇന്ന് ഊർജ പ്രതിസന്ധിയുടെ വക്കിലാണ്. പെട്രോളിയം ഉത്പന്നങ്ങളുടെയും പാചകവാതകത്തിന്റെയും വില അനുദിനമെന്നോണം കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പാചക ആവശ്യത്തിനുള്ള ഇന്ധനം ഉൽപാദിപ്പിക്കുന്നതിനായി ഗോബർഗ്യാസ് പ്ലാന്റുകളെ ആശ്രയിക്കാവുന്നതാണ്. പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റുകൾ കൂടുതൽ സ്ഥാപിക്കേണ്ടത് ഈ അവസരത്തിൽ ആവശ്യമാണ്.

പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കന്നുകാലികളുടെ ശാസ്ത്രീയമായ രീതിയിലുള്ള പരിപാലനത്തിന്റെ അഭാവം മൂലം നല്ലയിനം പശുക്കളുടെതന്നെ ഉത്പാദനക്ഷമത വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

2. കാലിത്തീറ്റയുടെ ഉയർന്ന വിലയും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും.

3. കൃത്രിമ ബീജസങ്കലന സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

4. പാൽ വിപണനത്തിനു പ്രയാസം നേരിടുന്നു. ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പര്യാപ്തത.

5. മാംസപോത്പാദന രംഗത്ത് 76 ലക്ഷത്തിലേറെ രൂപ പ്രതിവർഷം പഞ്ചായത്തിനു നഷ്ടപ്പെടുന്നു. മാംസവിപണനരംഗത്ത് സംഘടിതമായ സംവിധാനമില്ല.

6. മുട്ടയുൽപാദന രംഗത്ത് പ്രതിവർഷം 23.6 ലക്ഷം രൂപ പഞ്ചായത്തിനു പുറത്തേക്ക് ഒഴുകുന്നു. ഇഗ്ലർ നേഴ്സറികളും ചെറുകിട മുട്ടയുൽപാദന യൂണിറ്റുകളും പഞ്ചായത്തിൽ ഇല്ല.

7. ഇറച്ചി കോഴി വളർത്തൽ രംഗത്ത് പഞ്ചായത്ത് കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല.

8. പന്നിവളർത്തൽ രംഗത്തെ സാധ്യതകൾ ചൂഷണം ചെയ്യാൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല.

9. പഞ്ചായത്തിലെ കാഞ്ഞിരേലി എന്ന സ്ഥലത്ത് കർഷകർക്ക് കന്നുകാലികളിലെ കൃത്രിമ ബീജധാനത്തിനു ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

10. പേ വിഷ നിർമാർജന പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. തെരുവു നായ്ക്കളുടെ ശല്യം രൂക്ഷമാണ്.

11. ചെമ്പന്തൊട്ടിയിലെയും കൂട്ടുമുഖത്തെയും ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടമോ മറ്റു പ്രാഥമിക സൗകര്യങ്ങളോ ഇല്ല.

12. ഗോരക്ഷാ ക്യാമ്പുകൾ എല്ലാ വാർഡുകളിലേക്കും വ്യാപിക്കാൻ സാധിക്കുന്നില്ല.

മൃഗസംരക്ഷണ മേഖല സാദ്ധ്യതകൾ/നിർദേശങ്ങൾ

1. നിലവിലുള്ള സങ്കരയിനം കന്നുകാലികളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനായി ശാസ്ത്രീയമായ കന്നുകാലി വളർത്തലിനുള്ള നയം രൂപീകരിക്കുക.

2. ശുചിത്വമുള്ളതും രോഗവിമുക്തമുള്ളതുമായ മാംസം ലഭിക്കുന്നതിനായി പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവുശാല സ്ഥാപിക്കുക.

3. കശാപ്പുകാർക്ക് ലൈസൻസ് നിർബന്ധമായും ഏർപെടുത്തുക. അറവുമാടുകളെ വെറ്റിറനറി സർജന്റെ പരിശോധനയ്ക്കു വിധേയമാക്കി ഹെൽത്ത് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക

4. പാലുൽപാദനം വർദ്ധിപ്പിക്കാൻ അവശേഷിക്കുന്ന നാടൻ പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനായി കൃത്രിമ ബീജദാനം ത്വരിതപ്പെടുത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക

5. കൃത്രിമ ബീജദാനം പ്രത്സാഹിപ്പിക്കാൻ ഈ സൗകര്യം പരിമിതമായ കാഞ്ഞിലേരിയിൽ ഒരു ഉപ കേന്ദ്രം ആരംഭിക്കുക

6. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക

7. ന്യായമായ വിലയും ഉന്നത നിലവാരമുള്ള കാലിത്തീറ്റ ലഭിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിലായി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

8.കൂടുതൽ ക്ഷീരോത്പാദക സഹകരണ സംഘങ്ങളും പാൽ സംഭരണ കേന്ദ്രങ്ങളും തുറക്കുക. പാൽ വിതരണത്തിന് ശക്തമായ സംവിധാനം ഏർപ്പെടുത്തുക.

9. കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഉൾപ്പെടുത്തി കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക

10. പഞ്ചായത്തിലെ മാംസാവശ്യത്തിനായി കാളക്കുട്ടികളെ വളർത്തിയെടുക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

11. സ്ത്രീകൾക്ക് ഒരു ഉപരി തൊഴിലെന്ന നിലയിൽ മുട്ടക്കോഴി വളർത്തിലിനെ പ്രോത്സാഹിപ്പിക്കുക. വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ മുട്ട ഉൽപാദന യൂണിറ്റ് ആരംഭിക്കുക.

12. മുട്ട ഉൽപാദനത്തിൽ സ്വയം പര്യാപത കൈവരിക്കുന്നതിനായി പത്തുകോഴികൾ വീതമുള്ള 500 അടുക്കളമുറ്റത്തെ കോഴിവളർത്തൽ ആരംഭിക്കുക.

13. മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ രണ്ടോ മുന്നോ ഏക്കർ നഴ്സറികൾ സ്ഥാപിക്കുക

14. ഇടത്തരം കർഷകർക്കും സ്ത്രീകൾക്കും യോജിച്ച തൊഴിലെന്ന നിലയിൽ ആടുവളർത്തിലിനെ പ്രോത്സാഹിപ്പിക്കുക

15. പഞ്ചായത്ത് തലത്തിൽ മാംസോൽപാദനത്തിനായി സഹകരണ സംഘവും വിപണ കേന്ദ്രവും ആരംഭിക്കുക

16. തൊഴിൽ രഹിതർക്കും വനിതകൾക്കും ഉപകാരപ്രദമായ രീതിയിൽ സഹകരണാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് ആരംഭിക്കുക.

17. ഇറച്ചിക്കോഴി വളർത്തിലിനെ ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ സഹകരണസംഘവും വിപണനത്തിനായി വിപണനകേന്ദ്രവും ആരംഭിക്കുക.

18. അനുകൂലമായ ചുറ്റുപാടുകളിൽ പന്നിവളർത്തലിലെ പ്രോത്സാഹിപ്പിക്കുക.

19. ഒരു ഊർജ സ്രോതസ് എന്ന നിലയിൽ ഗോവർഗ്യാസ് പ്ലാന്റുകൾക്ക് കൂടുതൽ പ്രചാരണം നൽകുക.

20. പേ വിഷ നിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വളർത്തുനായക്കൾക്ക് കുത്തിവയ്പ്പും ലൈസൻസും കർശനമാക്കുകയും ചെയ്യുക

21. ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം പണിയുക, ആ മൈക്രോസ്ക്കോപ്പ്, ടെലിഫോൺ, ലാബട്ടറി സൗകര്യങ്ങൾ കൂടുതൽ മരുന്നുകൾ തുടങ്ങിയവ ഏർപ്പെടുത്തുക.

22. ഗോരക്ഷ ക്യാമ്പുകൾ ഓരോ വാർഡിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുക.

23. വിജ്ഞാനവ്യാപന സൗകര്യങ്ങൾ വിപുലമാക്കുക.

24. ആകസ്മിക നഷ്ടങ്ങളിൽ കന്നുകാലുകളിൽനിന്നുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.

25. മൃഗസംരക്ഷണമേഖലയിൽ മികച്ച കർഷകന് അംഗീകാരം ഏർപ്പെടുത്തുക

26. നിടിയേങ്ങ കക്കംണ്ടപാറ ഉപയോഗപ്പെടുത്തി മൃഗസംരക്ഷണം മാംസം, പാലുൽപന്ന ഫാം ആരംഭിക്കുക.

മത്സ്യബന്ധനം

പഞ്ചായത്തതിർത്തിയായ മണ്ണേരി പാറക്കടവ് നിന്നും തുടങ്ങി ചെങ്ങളായി പഞ്ചായത്തിലേക്ക് കടക്കുന്ന കാഞ്ഞിലേരി മടമ്പം-കോട്ടൂർ പുഴയാണ് ശ്രീകണ്ഠപുരത്തെ ഏക ഉപരിതല ജലസ്രോതസ്സ്. ഇതിൽ ഒഴുകിയെത്തുന്ന ചെറിയ തോടുകളും ചിലയിടങ്ങളിൽ കാണാം. കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുപത്തിരണ്ടോളം കുളങ്ങളും കാണാം. ഈ കുളങ്ങൾ സ്വകാര്യ വ്യക്തികളുടേതുമാണ്.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ആരും തന്നെ ശ്രീകണ്ഠപുരത്തില്ല. എങ്കിലും മത്സ്യക്കച്ചവടം മുഖ്യ തൊഴിലാക്കിയ ചിലരെങ്കിലും ഉണ്ട്. മത്സ്യ വിപണത്തിനുള്ള പൊതുസംവിധാനങ്ങൾ താരതമ്യേന ഇവിടെ കുറവാണ്.

പ്രശ്നങ്ങൾ:

1.കുളങ്ങളിൽ കൃഷി നടത്തുവാൻ താത്പര്യമുള്ളവർ ഉണ്ടെങ്കിലും അവക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുവാൻ പ്രയാസമാണ്.

2.മത്സ്യവിൽപന കേന്ദ്രങ്ങളിൽ മാലിന്യവും ദുർഗന്ധവും ജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമായി ബാധിക്കുന്നു. പരിസരമലിനീകരണം നടക്കുന്നു.

സാധ്യതകൾ:

കുളങ്ങളിൽ മത്സ്യം വളർത്തുവാൻ വേണ്ട മത്സക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം

മത്സ്യവിൽപനകേന്ദ്രങ്ങൾ വഴി ഉണ്ടാകുന്ന പരിസരമലിനീകരണം ഒഴിവാക്കാൻ വേണ്ട നടപടികൾ എടുക്കണം.





വ്യവസായം

വ്യവസായം

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിനു നീണ്ടതും വിപുലമായ ഒരു വ്യവസായ ചരിത്രം ഇല്ല. നിലവിലുള്ള വ്യവസായ സംരംഭങ്ങൾ മിക്കതും ഒരു വ്യാഴവട്ടത്തിനുള്ളിൽ ആരംഭിച്ചവയാണ്. അതിന് മുമ്പ് കുടിൽ വ്യവസായങ്ങൾ എന്ന നിലയിൽ, പായനെയ്ത്തും കുരിയാ, പാച്ചാക്കുറിയ, കൊടുവട്ടി, ഓലക്കുട, ഇരുമ്പുപണി സ്വർണപണി എന്നിവ ചെറിയ തോതിൽ പഞ്ചായത്തിൽ നിലവിൽ ഉണ്ടായിരുന്നു. ഈ തൊഴിലുകളെല്ലാം ജാതീയമായ അടിസ്ഥാനത്തിലായിരുന്നു നിർവഹിച്ചു പോന്നത്.

ഇപ്പോഴും എണ്ണപ്പെട്ട വ്യവസായങ്ങൾ എന്ന് പറയാൻ മാത്രം നമ്മുടെ പഞ്ചായത്തിൽ അധികം സംരംഭങ്ങൾ ഇല്ല തന്നെ ഉള്ളവ തന്നെ അസംഘടിത വ്യവസായങ്ങളുമാണ്. കരിങ്കൽ വ്യവസായ രംഗത്താണ് കൂടുതൽ തൊഴിലാളികളും ജോലി ചെയ്തു വരുന്നത് കൂടാതെ അഞ്ച് സോമില്ലുകളും ഒരു സീമന്റ് ഹോളോ ബ്രിക്സ് നിർമാണയൂണിറ്റ്, ഒരു ചെരിപ്പ് നിർമാണ യൂണിറ്റ് 12 ഫ്ളവർ മിലുകൾ 6 കൊപ്ര ആട്ടുമില്ലുകൾ ഇരുമ്പു പണിക്കാരുടെ 12 ആലകൾ ഒരു അലൂമിനിയം പാത്രനിർമാണ യൂണിറ്റ്, ഒരു സിമന്റ് ഇഷ്ടിക നിർമാണ യൂണിറ്റ്, 12 ഫർണിച്ചർ യൂണിറ്റ് 13 സ്വർണാഭരണ നിർമാണ സ്ഥാപനം. നാല് പ്രിന്റിങ്ങ് പ്രസുകൾ, ഏതാനും ഗാർമെന്റ്സ് യൂണിറ്റുകൾ യന്ത്രം ഉപയോഗിച്ച് കല്ല് കൊത്തുന്ന 20 പണകൾ ഒരു സ്റ്റീൽ ഇൻഡ്രസ്ട്രി. റബർ പാൽ അസംസ്കൃത പദാർഥമായി പ്രവർത്തിക്കുന്ന മൂന്ന് ഫാക്ടറികൾ ഒരു സോപ്പ് നിർമാണ യൂണിറ്റ്, രണ്ട് ഖാദി നൂൽ നൂപ്പ് കേന്ദ്രങ്ങൾ, ഒരു സർവീസിങ്ങ് സ്റ്റേഷൻ. ഒരു മേച്ചിൽ ഷീറ്റ് നിർമാണ യൂണിറ്റ്, 6 ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ, രണ്ട് ടയർവർക്സ്, ആറ് മെറ്റൽ ഇൻഡ്രസ്ട്രീസ് (ഇതിൽ രണ്ടെണ്ണത്തിൽ ലെയ്ത്തു ജോലികൾ ചെയ്യുന്നു) രണ്ട് മോട്ടോർ റിപ്പയറിംങ്ങ് സെന്റർ ഒരു റെഫ്രിജറേറ്റർ റിപ്പേറിംങ്ങ് ആൻഡ് പെയിന്റിംഗ് യൂണിറ്റ്. മൂന്ന് ബേക്കറികൾ മൂന്നു കുമ്മായ ചൂളകൾ രണ്ട് സിനിമാ തിയേറ്റർ രണ്ട് സോഡാ ഫാക്ടറി, ഏതാനും ടെലിവിഷൻ, റേഡിയോ വാച്ച് സർവീസിങ്ങ് സെന്ററുകൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവയിൽ ചിലതെല്ലാം (ഖാദി. സോപ്പ്, മേച്ചിൽ മീറ്റ് നിർമാണം തുടങ്ങിയവ) പ്രവർത്തനരഹിതമായതും മറ്റു ചിലത് രോഗ ഗ്രസ്തങ്ങളുമാണ്. കെട്ടിടനിർണമാണ രംഗത്തും ധാരാളം തൊഴിലാളികൾ ഈ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നുണ്ട്. ഈ മേഖലയിൽ സംഘടിതമായ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ വേണ്ടത്ര ഇല്ലെന്ന് തന്നെ പറയാവുന്നതാണ്. വീടുകളിൽ നിന്ന് പുട്ട്, അപ്പം, വട തുടങ്ങിയ പലഹാരങ്ങൾ ഉണ്ടാക്കി കടകളിൽ വിൽപ്പന നടത്തുന്ന തൊഴിലിൽ ഏതാനും സ്ത്രീകളും ഏർപ്പെട്ടിട്ടുണ്ട്.

കരിങ്കൽ ചെങ്കൽ വ്യവസായം

പഞ്ചായത്തിൽ 25 കരീങ്കൽ ക്വാറികളിലും, 12 ജില്ലി യടിക്കൽ യൂണിറ്റിലുമായി 190 സ്ത്രീ തൊഴിലാളികളും 140 പുരുഷന്മാരും ജോലി ചെയ്തു വരുന്നുണ്ട്. 1, 2, 3, 4, 11 വാർഡുകളിലാണ് പ്രധാനമായും ഈ വ്യവസായം. വ്യാപിച്ച് കിടക്കുന്നത്. പരിസരമലീനകരണത്തിന്റെയും മറ്റും പേരിൽ ആറ് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം ഇപ്പോൾ കോടതി സ്റ്റേ ചെയ്തിരീക്കുകയാണ്. വൻതോതിൽ ക്രഷറുകളിൽ നിന്നും ജില്ലി ഉൽപ്പാദിപ്പിക്കപ്പെടുന്നത് മൂലം ഈ വ്യവസായ മേഖലകളിൽ നിലവിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉള്ളവാക്കുന്നുണ്ട്. 3, 4 വാർഡുകളിലായി രണ്ട് കരീങ്കൽ ക്രഷറുകൾ സ്ഥാപിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. ചേപ്പറമ്പ്, നിടിയേണ്ട മേഖലയിൽ പുതുതായി ചെങ്കല്ല് കൊത്ത് യന്ത്രം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ രംഗത്ത് 235 പുരുഷന്മാരും 96 സ്ത്രീകളും ജോലി ചെയ്തു വരുന്നുണ്ട്. കയ്യട്ടിയാൽ, കാവുമ്പായി തുടങ്ങിയ സ്ഥലങ്ങളിൽ ഏതാനും പണകളിലായി 75-ഓളം തൊഴിലാളികൾ കല്ല് കൊത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

മരവ്യവസായം:- പഞ്ചായത്തിൽ ശ്രീകണ്ഠപുരം, പഴയങ്ങാടി (രണ്ട്), കൊട്ടൂർ വയൽ, കാഞ്ഞിലേറിഎന്നി

വടങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് സോമില്ലുകളിലായി 20 തൊഴിലാളികൾക്ക് നേരട്ടും 60-ഓളം തൊഴിലാളികൾക്ക് പരോക്ഷമായും ജോലി ലഭിക്കുന്നുണ്ട്. തടിയുടെ ലഭ്യത കുറവും വൈദ്യുതി പ്രതിസന്ധിയും ഈ വ്യവസായ സ്ഥാപനങ്ങളെ സാരമായി ബാധിച്ചിരിക്കുന്നു.

ഖാദി വ്യവസായം: മടമ്പം കാർഷിക വികസന സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച രണ്ട് ഖാദി നൂൽ നൂല് കേന്ദ്രങ്ങളും ഒരു തീപ്പെട്ടി നിർമാണ യൂണിറ്റും ഇപ്പോൾ പ്രവർത്തനരഹിതാണ്. മാനേജ്മെന്റിന്റെ പ്രാപ്തിക്കുറവും സാമ്പത്തിക പ്രശ്നങ്ങളുമാണ്. ഈ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്.

നിടിയേണ്ട സോപ്പ് നിർമാണ യൂണിറ്റ്:-

കോഴിക്കോട് ഖാദി ഭവന്റെ കീഴിൽ നിടിയേണ്ടയിൽ ആരംഭിച്ച സോപ്പ് നിർമാണ യൂണിറ്റ് ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. 11 സ്ത്രീകൾ തൊഴിൽ ചെയ്ത ഈ സ്ഥാപനം ആവശ്യമായ അസംസ്കൃത പദാർഥങ്ങളുടെയും മറ്റും ലഭ്യത കൂറവുമൂലമാണ് പ്രവർത്തനരഹിതമായത്. മാർക്കറ്റിങ്ങിന്റെ പ്രശ്നവും ഈ സ്ഥാപനത്തെ ബാധിച്ചിരുന്നു.

ശ്രീകണ്ഠപുരം ലാറ്റക്സ് പ്രൈവറ്റ് ലിമിറ്റഡ്

മടമ്പത്ത് പ്രവർത്തിക്കുന്ന ശ്രീകണ്ഠപുരം ലാറ്റക്സ് പ്രൈവറ്റ് ലിമിറ്റഡ് ഒരു സംഘടിത വ്യവസായ സ്ഥാപനമാണ്. ഇവിടെ റബർ പാലാണ് അസംസ്കൃത പദാർത്ഥം. ഓഫീസ് സ്റ്റാഫ്, കാഷ്വൽ വർക്കേഴ്സ് ഉൾപ്പെടെ 37 തൊഴിലാളികളാണ് ഈ കമ്പനിയിൽ ജോലി ചെയ്യുന്നത്. അലക്സ് നഗറിൽ പ്രവർത്തിക്കുന്ന രണ്ട് റബർ ബാന്റ് നിർമാണ യൂണിറ്റുകളിൽ ഒന്ന് പ്രവർത്തന രഹിതമാണ്.

പായ നെയ്ത്, കൊട്ട, വട്ടി നിർമാണം

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ എന്ന നിലയിൽ പട്ടികജാതിയിൽപ്പെട്ട ജനവിഭാഗങ്ങൾ ചെയ്തുപോരുന്ന പായനെയ്ത്ത്, കൊട്ട, വട്ടി നിർമാണം ഇപ്പോൾ നാമാവശേഷമായി വരികയാണ്. തോടുകളിൽ കൈതവെച്ച് പിടിപ്പിച്ച് വേണ്ടത്ര ഓല ലഭ്യമാക്കുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്താൽ ഈ വ്യവസായത്തെ പുനരുജീവിപ്പിക്കാൻ കഴിയും.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർഥങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും കാർഷികോൽപ്പന്നമായ റബർ, നാളീകേരം, കശുവണ്ടി, അടയ്ക്കാ, കൊക്കോ, വാഴക്കുല, പഴവർഗങ്ങൾ, (ചക്ക, മാങ്ങ, കശുമാങ്ങ ഉൾപ്പെടെ) കുരുമുളക്, ചുക്ക്, തടി എന്നിവയാണ് അസംസ്കൃത പദാർഥങ്ങളായി ലഭിക്കാനുള്ളത്. കൂടാതെ തുകൽ, കരിങ്കല്ല്, ചെങ്കല്ല്, മണൽ എന്നിവയും ലഭ്യമാണ്. ശ്രീകണ്ഠപുരം പുഴയിലെ ജലവും വ്യവസായ സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ

വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ

1വോൾട്ടേജ് കുറവ്

2.ലോഡ് ഷെഡ്ഡിംഗ്

3.പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം.

2.വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലം കണ്ടെത്താനുള്ള പരിശ്രമമില്ലായ്മ.

3.മാർക്കറ്റിംഗ് രംഗത്തെ മത്സരവും സൗകര്യമില്ലായ്മയും

4 പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർഥങ്ങൾ ഉപയോഗപ്പെടുത്താനുള്ള ഭാവനാ പൂർണമായ പരിശ്രമമില്ലായ്മ.

5.സംരംഭകരെ പരിശീലിപ്പിക്കാൻ മാർഗ നിർദേശം നൽകുവാനും പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

6.വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് സമ്പാദിക്കാനുള്ള കാലതാമസം.

7.വിദഗ്ദ തൊഴിലാളുടെ ലഭ്യതകുറവ്.

8.വ്യവസായ സംരംഭങ്ങൾക്ക് നേതൃത്വം നൽകാനും മൂലധനമിറക്കാനും സഹകരണ പ്രസ്ഥാന നിലവിൽ വരാത്തതിന്റെ പ്രയാസം.

9.പരമ്പരാഗതകുടിൽ വ്യവസായങ്ങളായ പായ നെയ്ത്ത്, കൊട്ട, വട്ടി നിർമ്മാണം സംരക്ഷിക്കാനുള്ള പരിശ്രമമില്ലായ്മ

10 മലിനീരണ പ്രശ്നങ്ങൾ പരിഹരിക്കാൻ ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകൾ ലഭിക്കായ്ക.

സാധ്യത:

1.വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം ഉചിതമായ സ്ഥലം തെരഞ്ഞെടുത്ത് ചെറുകിട വ്യവസായ കേന്ദ്രം സ്ഥാപിക്കുകയും വെള്ളം, വൈദ്യുതി, കെട്ടിടം, റോഡ്, തുടങ്ങിയ പഞ്ചായത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. (ഇതിന് റവന്യൂ ഭൂമി

കൾ ഉപയോഗപ്പെടുത്താവുന്നതാണ്)

2.സംരഭകരുടെ വീടുകൾ പ്രയോജനപ്പെടുത്താൻ കഴിയും വിധവും അല്ലാതേയും ഉള്ള ഔട്ട് വർക്ക് ഉൽപാദനം സമ്പ്രദായം ആവിഷ്കരിക്കുക.

3 പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

4.ഓട്ടോ മൊബൈൽ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകൾ ആരംഭിക്കുക.

5.പായ നെയ്ത്ത്, കൊട്ട, വട്ടി തുടങ്ങിയവയുടെ നിർമ്മാണടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

6.സംരഭകരെ ആകർഷിക്കാൻ കഴിയും വിധം പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7.സംരംഭകർക്ക് പഞ്ചായത്ത് ആവശ്യമായ പരിശീലനം ഏർപ്പെടുത്തുക.

8.മാർക്കറ്റിംഗിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സംയുക്തമായ പരിശ്രമങ്ങൾ നടത്തുക.

9.ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് ചെറുകിട ഇലക്ട്രോണിക് വ്യവസായങ്ങൾ ആരംഭിക്കുക.
(ഫാൻ, ഇസ്തിരിപ്പെട്ടി, മോട്ടോർ, റോഡിയോ, തുടങ്ങിയ)

10.നിടിയേണ്ട കാക്കണ്ടംപാറയിൽ തരിശായികിടക്കുന്ന 122 എക്കർ സ്ഥലം ഉപയോഗിച്ച് കശുവണ്ടി ഫാക്ടറി തുടങ്ങാൻ സാധ്യതയുണ്ട്.

11.റബർ ഫാക്ടറികൾ തുടങ്ങാവുന്നതാണ്

12.മത്സ്യം വളർത്തൽ ആരംഭിക്കാം.

13.തേനീച്ച വ്യവസായം

14.സിമന്റ് കൊണ്ടുള്ള ഉൽപ്പനങ്ങൾ

15.സഹകരണാടിസ്ഥാനത്തിൽ ഇരുമ്പുകൊണ്ടും മറ്റും ഉത്പാദിപ്പിക്കുന്ന വീട്ടുപകരണങ്ങൾ.

16.കശുമാങ്ങ സംസ്കരണ ഫാക്ടറി

17.കറി, മാസാല, അച്ചാറ് ഉൽപന്ന യൂണിറ്റുകൾ

18 കടലാസ് കവർ പോളിത്തീൻബാഗുകൾ നിർമാണ യൂണിറ്റ്

19. പ്ലാസ്റ്റിക്ക് ഉൽപന്നയൂണിറ്റ്.



വിദ്യാഭ്യാസം

വിദ്യാഭ്യാസം

സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ കേരളം സാക്ഷരതയിലും വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും മുൻപന്തിയിലായിരുന്നു. സാമൂഹ്യ പരിഷ്കർത്താക്കളും മിഷണറിമാരും സ്വകാര്യ സംരംഭകരും വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും സാമൂഹ്യ പരിവർത്തനത്തിന് കളമൊരുക്കുകയും ചെയ്തു. ഐക്യകേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസം ഒരു സാമൂഹ്യബാദ്ധ്യതയായി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബന്ധമായ തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തേയും പ്രധാന ലക്ഷ്യം.

സവർണാധിപത്യത്തിൽനിന്ന് വിദ്യാഭ്യാസം എല്ലാവരിലേക്കും കടന്നുവന്നത് 20-ാം നൂറ്റാണ്ടോടുകൂടിയാണ്. ദേശീയ പ്രസ്ഥാനങ്ങൾ ഇതിൽ വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്. ആദ്യകാലത്ത് ഐച്ചേരിയിൽ ഓലഷെഡിൽ പ്രവർത്തിച്ചിരുന്ന വായനശാലയിൽനിന്നും അനൗപചാരിക വിദ്യാഭ്യാസം ആരംഭിച്ചതായി പഴമക്കാർ പറയുന്നു. പക്ഷേ, സവർണമേധാവികൾ അത് അഗ്നിക്കിരയാക്കുകയാണുണ്ടായത്. പ്രൈമറി തലത്തിൽ എള്ളരിഞ്ഞി എൽ.പിയും സെക്കണ്ടറി തലത്തിൽ ശ്രീകണ്ഠപുരം ഗവൺമെന്റ് ഹൈസ്കൂളും നിലവിൽവന്നു. നാളിതുവരെ ശ്രീകണ്ഠപുരം പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ മികച്ചു നില്ക്കുന്നതായി കാണാവുന്നതാണ്.

സമഗ്രമായ വികസനത്തിന് ദാഹിക്കുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസം. ഇന്നുവരെ അനുവർത്തിച്ചുപോന്ന വിദ്യാഭ്യാസനയം ഗുണപരമല്ലായിരുന്നു എന്ന യാഥാർത്ഥ്യം നമ്മെ തിരിഞ്ഞെതിർത്തുകൊണ്ടിരിക്കുന്നു. ഉപജീവനത്തിനുപകരിക്കാൻ കഴിയാത്ത വിദ്യാഭ്യാസ സമ്പ്രദായത്തെ ജീവിതഗന്ധിയാക്കി മാറ്റാൻ കഴിയുന്നവിധത്തിൽ പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

നിരവധി പോരായ്മയുടെയും അശ്രദ്ധയുടെയും അനാസ്ഥയുടെയും അനൗചിത്യപരിഷ്കാരങ്ങളുടെയും വിഹാരവേദിയായി മാറിയിരിക്കുന്നു വിദ്യാഭ്യാസരംഗം. വിദ്യാഭ്യാസ വിചക്ഷണർ, ചിന്തകർ, സാമൂഹ്യ പ്രവർത്തകർ, അധ്യാപക പ്രതിനിധികൾ, രക്ഷാകർത്തൃപ്രതിനിധികൾ, വിദ്യാർഥി പ്രതിനിധികൾ, ഭരണ-പ്രതിപക്ഷ പ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത കാലത്തിനും ജനങ്ങൾക്കും യോജിച്ച വിധത്തിലുള്ള വിദ്യാഭ്യാസനയം രൂപപ്പെടുത്തി വിദ്യാഭ്യാസത്തെ സംരക്ഷിക്കേണ്ടതാണ്.

സ്കൂൾ കോംപ്ലക്സ് ആയാലും 'ഗുരുകുലം' ആയാലും വിദ്യാഭ്യാസ നിലവാരത്തകർച്ചയുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ നടപ്പാക്കുന്ന യാതൊന്നും ഫലപ്രദമാകുകയില്ല. ഉറക്കാത്ത തറയിൽ ബഹുനില കെട്ടിടങ്ങൾ പടുത്തുയർത്തിയാൽ അതിന്റെ തകർച്ച ഏതു നിമിഷവും പ്രതീക്ഷിക്കാമല്ലോ. അടിത്തറ ഉറയ്ക്കാത്തതാണ് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. അതിന് നിരവധി അടിസ്ഥാന കാരണങ്ങൾ ഉണ്ട്. അവ പരിശോധിച്ച് പരിഹാരം കണ്ടെത്തുകയാണ് അഭികാമ്യം.

സിലബസ്

വിദ്യാഭ്യാസത്തിൽ പാഠ്യപദ്ധതി പരമപ്രധാനമാണ്. കേരളീയ ഹൃദയം കണ്ടറിയാൻ ശ്രമിക്കാത്തത് പഠനത്തോട് വിദ്യാർഥികൾക്ക് വിരസതയുണ്ടാക്കുന്നു. ഉന്നതന്മാരായ വിദ്യാഭ്യാസ വിചക്ഷണന്മാരുടെ ചിന്തയിലുദിക്കുന്ന പരിഷ്കാരങ്ങളാണ് കാലാകാലങ്ങളിൽ പാഠ്യപദ്ധതിയായിരുന്നത്. പ്രായത്തിനനുസരിച്ച് ഗ്രഹിക്കാൻ കഴിയുന്നതും താങ്ങാൻ കഴിയുന്നതും മാത്രമേ കുട്ടികൾക്ക് നൽകാവൂ. ഘട്ടംഘട്ടമായി നിലവാരം ഉയർത്തണം.

200 സാധ്യായ ദിനങ്ങൾ കണക്കാക്കി സിലബസ്സ് തയ്യാറാക്കുന്നു. ഒരു വർഷം 181 മുതൽ 195 വരെ

പ്രവൃത്തി ദിവസങ്ങൾ ലഭിക്കുന്നു. ഇതിൽനിന്ന് പരീക്ഷ, ഉത്സവങ്ങൾ, യാദൃശ്ചികാവധി, സമരം ഇവയൊക്കെ ഒഴിവാക്കിയാൽ 150 മുതൽ 160 വരെ മാത്രമേ പഠനത്തിന് ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ വിഷയങ്ങൾ സമഗ്രമായി പഠിപ്പിക്കാൻ അവസരം ലഭിക്കുന്നില്ല. ഈ പോരായ്മ ഒന്നുമുതൽ ഉപരിപഠന മേഖല വരെ പിന്തുടരുന്നു. നമ്മുടെ വിദ്യാർഥികളുടെ ബൗദ്ധികനില ഇക്കാര്യത്തിൽ ഗൗരവമായി പരിഗണിക്കണം. അതുകൊണ്ട്, സിലബസിന്റെ കാഠിന്യവും ദൈർഘ്യവും കുറയ്ക്കണം.

ശ്രീകണ്ഠപുരം പഞ്ചായത്തിലെ സർക്കാർ-സ്വകാര്യ മേഖലയിൽ എൽ.പി., യു.പി., എച്ച്.എസ്., വിദ്യഭ്യാസ സ്ഥാപനങ്ങളുടെ പൊതുവിവരം ഗ്രഹിക്കുന്നതിനു വേണ്ടി പട്ടിക 1-ൽ കൊടുത്തിരിക്കുന്നത് നോക്കുക.

ഇവിടെ സർക്കാർ വക ഒരു എൽ.പി സ്കൂളും സ്വകാര്യമേഖലയിൽ 5 എൽ.പി സ്കൂളുകളും സ്ഥിതി ചെയ്യുന്നു.

6 യു.പി. സ്കൂളുകളിൽ 4 എണ്ണം സർക്കാർ മേഖലയിലും 2 എണ്ണം സ്വകാര്യ മേഖലയിലുമാണ്.

4 ഹൈസ്കൂളുകളിൽ തുല്യബലം. 2 എണ്ണം സർക്കാർ. 2 എണ്ണം സ്വകാര്യ മേഖല.

സർക്കാർ മേഖലയിലെ നെടുങ്ങോം എച്ച്.എസിൽ 1 മുതൽ 10 വരെ ക്ലാസുകൾ നടക്കുന്നു. (എൽ.പി., യു.പി., എച്ച്.എസ്.)

സ്വകാര്യമേഖലയിൽ മടമ്പം മേരിലാന്റ് എച്ച്.എസ്സിലും 1 മുതൽ 10 വരെ ക്ലാസുകളുണ്ട്. (എൽ.പി., യു.പി., എച്ച്.എസ്.)

ശ്രദ്ധേയമായ മറ്റൊരു കാര്യം ഗവൺമെന്റ് മേഖലയിൽ എൽ.പി. സ്കൂൾ ഒന്നു മാത്രമേയുള്ളൂവെന്നതും യു.പി. വിഭാഗത്തിൽ 4 എണ്ണം സർക്കാർ മേഖലയിൽ ആണെന്നുള്ളതുമാണ്.

കൊട്ടൂർവയൽ എൽ.പി സ്കൂളിലും കരയത്തുംചാൽ ഗവൺമെന്റ് യു.പി സ്കൂളിലും നിടുങ്ങോം ഗവൺമെന്റ് ഹൈസ്കൂളിലും പെൺകുട്ടികൾക്ക് മുൻതൂക്കം. 3 സ്കൂളുകൾക്ക് ഒരേക്കറിൽ കുറവാണ് വിസ്തീർണം.

നിർദേശങ്ങൾ

കാവുമ്പായി ഗവൺമെന്റ് എൽ.പി സ്കൂളിലും കോട്ടൂർ എ.യു.പി സ്കൂളിലും നിടിയേങ്ങ ഗവൺമെന്റ് യു.പി സ്കൂളിലും ഓരോ അധ്യാപകരുടെ ഒഴിവും കരയത്തുചാൽ ഗവൺമെന്റ് യു.പി. സ്കൂളിലെ 12 അധ്യാപകരുടെ ഒഴിവും ഉടൻ നികത്തേണ്ടതാണ്. ദീർഘകാല ലീവുകൾക്ക് ബദൽ സംവിധാനം ഏർപെടുത്തണം.

കളിസ്ഥലം ഇല്ലാത്ത 4 എൽ.പി., 2 യു.പി., ഒരു ഹൈസ്കൂൾ എന്നിവക്ക് സ്ഥലം ഉണ്ടായിട്ടും കളിസ്ഥലം ഇല്ലാത്ത അവസ്ഥ പരിഹരിക്കണം.

ശ്രീകണ്ഠപുരം പട്ടണത്തിന്റെ തിലകമായ ശ്രീകണ്ഠപുരം ഗവൺമെന്റ് ഹൈസ്കൂളില രണ്ടര ഏക്കർ സ്ഥലം വെറുതെ കിടക്കുമ്പോൾ കളിസ്ഥലം ഇല്ലെന്ന അപര്യാപ്തത ഉടൻ പരിഹരിക്കണം.

ഉപയോഗശൂന്യമായി കിടക്കുന്ന സ്കൂൾ പരിസരം കളിസ്ഥലത്തിന് പര്യാപ്തമാകുന്ന വിധത്തിൽ സംവിധാനം ചെയ്യുകയും ബാക്കിയുള്ളവയിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പാക്കുകയും ചെയ്യണം.(പട്ടിക-2 കാണുക)

ഭൗതിക സാഹചര്യങ്ങൾ

വിദ്യാലയങ്ങളോടനുബന്ധിച്ച് ഭൗതികസാഹചര്യങ്ങൾ അത്യന്താപേക്ഷിതമാണെന്നുള്ള യാഥാർഥ്യം വിസ്മരിച്ചതുപോലെയാണ് തോന്നുന്നത്. ഭൗതിക സാഹചര്യങ്ങൾ പ്രഥമവും പ്രധാനവുമാണ്. എന്നാൽ, അവയെ തീരെ പരിഗണിച്ചതായി തോന്നുന്നില്ല.

കെട്ടിടം

കാഞ്ഞിലേരി എ.എൽ.പി സ്കൂളും, പഴയങ്ങാടി ഗവൺമെന്റ് യു.പി. സ്കൂളും, കരയത്തുചാൽ ഗവൺമെന്റ് യു.പി. സ്കൂളും ഓരോ താത്ക്കാലിക കെട്ടിടത്തിലും നിടുങ്ങോം ഗവൺമെന്റ് ഹൈസ്കൂൾ 3 താത്ക്കാലിക കെട്ടിടത്തിലുമാണ് ക്ലാസുകൾ നടത്തുന്നത്. 3 താത്ക്കാലിക മുറികളിൽ കൊട്ടൂർവയൽ എ.എൽ.പിയും 15 താത്ക്കാലിക മുറികളിൽ നിടുങ്ങോം ഹൈസ്കൂളും ക്ലാസുകൾ നടത്തുന്നു. മിക്ക സ്കൂളുകൾക്കും കെട്ടിടം ആവശ്യമാണ്. സ്ഥലപരിമിതിയുടെ പ്രശ്നം നിലവിലുള്ള സ്കൂൾക്കില്ല.

മൂത്രപ്പുര

കാഞ്ഞിലേരി എ.എൽ.പി സ്കൂളിന് മൂത്രപ്പുരയില്ല. ഉള്ളവ അപര്യാപ്തമാണ്. നിടിയേങ്ങ, കോട്ടൂർ, കാവുമ്പായി, എളരിഞ്ഞി എന്നിവിടങ്ങളിലൊഴികെ മറ്റെല്ലാ വിദ്യാലയങ്ങൾക്കും മൂത്രപ്പുര അത്യാവശ്യമാണ്.

കക്കൂസ്

നിടിയേങ്ങ യു.പി.എസ്, കാവുമ്പായി എൽ.പി, കാഞ്ഞിലേരി എ.എൽ.പി, എളളരിഞ്ഞി എ.എൽ.പി, ചേപ്പറമ്പ എ.എൽ.പി എന്നീ വിദ്യാലയങ്ങളിൽ കക്കൂസ് ഇല്ല. പഴയങ്ങാടി ഗവൺമെന്റ് യു.പി.എസിൽ 2, ശ്രീകണ്ഠപുരം മാപ്പിള എൽ.പിയിൽ 2, ശ്രീകണ്ഠപുരം ഗവൺമെന്റ് ഹൈസ്കൂളിൽ 1 എന്നീ ക്രമത്തിൽ ഉപയോഗശൂന്യമായി തീർന്നവ ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കണം.

കുടിവെള്ളം

നിടുങ്ങോം ഗവൺമെന്റ് ഹൈസ്കൂളിന് കുടിവെള്ള സംവിധാനം ഇല്ല. ഒന്നാംക്ലാസു മുതൽ പ്രവർത്തിക്കുന്ന ഈ സർക്കാർ ഹൈസ്കൂളിൽ കുടിവെള്ള സംവിധാനം ഏർപ്പെടുത്താൻ ഇനിയും വൈകിക്കൂടാ.

വൈദ്യുതി

ജി.എൽ.പി.എസ് കാവുമ്പായി, എ.എൽ.പി.എസ് കാഞ്ഞിലേരി, എ.എൽ.പി.എസ് എളരിഞ്ഞി,

എൽ.പി.എസ് ചേപ്പറമ്പ, ഗവൺമെന്റ് യു.പി.എസ് വയക്കര, എ.എൽ.പി.എസ്. കൊട്ടൂർവയൽ, ഗവൺമെന്റ് യു.പി.എസ് കരയത്തുംചാൽ എന്നിവിടങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല. പാചകമുറി

ഗവൺമെന്റ് യു.പി. പഴയങ്ങാടി, ഗവൺമെന്റ് എൽ.പി. പഴയങ്ങാടി, എ.എൽ.പി.എസ് കാഞ്ഞിലേരി, മാപ്പിള എൽ.പി. ചേപ്പറമ്പ, ഗവൺമെന്റ് ഹൈസ്കൂൾ നിടുങ്ങോം, ഗവൺമെന്റ് യു.പി.എസ് വയക്കര എന്നിവിടങ്ങളിൽ പാചകമുറി ഇല്ല.

ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്ന സ്കൂളുകളിൽ അരി മുതലായ സൂക്ഷിക്കുന്നതിനും പാചകം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ അനിവാര്യമാണ്.

സ്റ്റാഫ്റൂം

കാവുമ്പായി എൽ.പി.എസ്, കാഞ്ഞിലേരി എ.എൽ.പി.എസ്, എളരിഞ്ഞി എ.എൽ.പി.എസ്, ചേപ്പറമ്പ എ.എൽ.പി.എസ്, വയക്കര ഗവൺമെന്റ് യു.പി.എസ്, കൊട്ടൂർവയൽ എ.എൽ.പി.എസ്, കരയത്തുംചാൽ ഗവൺമെന്റ് യു.പി.എസ് എന്നീ വിദ്യാലയങ്ങളിൽ സ്റ്റാഫ്റൂം ഇല്ല.

ഗവൺമെന്റ് സ്കൂളുകളിൽ സർക്കാർ ചെലവിലും മാനേജ്മെന്റ് സ്കൂളിൽ മാനേജ്മെന്റും അടിയന്തരമായി സ്റ്റാഫ്റൂം സൗകര്യപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഫർണിച്ചർ

കാവുമ്പായി ഗവൺമെന്റ് എൽ.പി.എസ്, കാഞ്ഞിലേരി എ.എൽ.പി.എസ്, ചേപ്പറമ്പ എ.എൽ.പി.എസ്, കൊട്ടൂർവയൽ എ.എൽ.പി.എസ്, കോട്ടൂർ എ.യു.പി.എസ്, നിടിയേങ്ങ ഗവ. യു.പി.എസ്, പഴയങ്ങാടി ഗവ. യു.പി.എസ്, വയക്കര ഗവ. യു.പി.എസ്, കരയത്തുംചാൽ ഗവ. ഹൈസ്കൂൾ, നിടുങ്ങോം ഗവ. ഹൈസ്കൂൾ, ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂൾ എന്നീ 13 വിദ്യാലയങ്ങളിൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ല.

അക്ഷരം എഴുതി ഉറയ്ക്കേണ്ട എൽ.പി., യു.പി., വിഭാഗത്തിൽ കുട്ടികൾക്ക് ഇരിക്കാൻ ബഞ്ചും വച്ചെഴുതാൻ ഡസ്കും അടിയന്തര പ്രാധാന്യം നല്കി പരിഹരിക്കണം. ഫർണിച്ചർ ആവശ്യമുള്ളിടത്ത് അവ എത്തിക്കാനുള്ള ക്രമീകരണം നടത്തേണ്ടതാണ്.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയ്ക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടതാണ്. (പട്ടിക-3 കാണുക)

ഈ പട്ടികയിൽ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട പത്താമത്തെ കോളത്തിൽ കാവുമ്പായി ഗവ. എൽ.പി. സ്കൂളും ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി. സ്കൂളും ഒഴിച്ച് ബാക്കിയുള്ള എൽ.പി., യു.പി. സ്കൂളുകളിൽ എൽ.എസ്.എസ്, യു.എസ്.എസ്. പരീക്ഷാകാര്യത്തിൽ ഒരു നേട്ടവും കാഴ്ചവച്ചിട്ടില്ലെന്നു കാണാം.

നിർദേശം:

എല്ലാ എൽ.പി., യു.പി. സ്കൂളുകളിലും രാവിലെയോ വൈകുന്നേരമോ അതാതു സ്കൂളിലെ തെരഞ്ഞെടുത്ത താത്പര്യമുള്ള അധ്യാപകർ ക്ലാസെടുക്കുകയും നിർബന്ധമായും കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്തുകയും ചെയ്യണം. കാര്യക്ഷമമായി ക്ലാസുകൾ എടുക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തണം. കാര്യമായ പരിശീലനം നൽകാത്തതിന്റെ അപാകതയാണ് ആ രംഗത്ത് യാതൊന്നും നേടാൻ കഴിയാത്തത്. (പട്ടിക-4 കാണുക)

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ കാര്യമായ മുന്നേറ്റമുള്ള വിദ്യാലയം ഈ പഞ്ചായത്തിൽ ഇല്ലെന്നത് ഖേദകരമാണ്. കലാ-കായിക സാഹിത്യ പ്രഭാഷണ ഉപന്യാസ മത്സരവേദികളിലേക്ക് വിദ്യാർഥികളെ കൈപിടിച്ചുയർത്തുന്ന പദ്ധതി മിക്ക സ്കൂളുകളിലും നടപ്പാക്കുന്നില്ലെന്നാണ് ഇത് തെളിയിക്കുന്നത്. ഈ രംഗങ്ങളിൽ അടിത്തറ പാകേണ്ടുന്ന പ്രൈമറി തലത്തിൽ ഒരു വിധ പ്രോത്സാഹനവും നൽകുന്നില്ല.

ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പി. സ്കൂൾ, ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂൾ എന്നീ മാനേജ്മെന്റ് സ്കൂൾ അല്പം ശ്രദ്ധിക്കുന്നുവെന്ന് തോന്നുന്നു. കായികരംഗത്ത് ചെമ്പന്തൊട്ടി ഹൈസ്കൂൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തത് അഭിമാനകരമാണ്. മടമ്പം ഹൈസ്കൂൾ കലാ- കായിക രംഗത്ത് പിന്നോക്കമാകാൻ പാടില്ലാത്തതാണ്. ഒരു രംഗത്തും മുന്നോട്ടു വരാത്ത സാഹചര്യം പരിശോധിക്കണം.

നിടുങ്ങോം ഹൈസ്കൂൾ കായികരംഗത്തും ശ്രീകണ്ഠപുരം ഹൈസ്കൂൾ ശാസ്ത്ര-സാഹിത്യ രംഗത്തും തിളങ്ങി നൽക്കുന്നു. ഇതുരണ്ടും സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനമാണെന്നത് ശ്രദ്ധേയമാണ്. ഇതിൽ എന്തുകൊണ്ടും തിളക്കം കൂടുതൽ ശ്രീകണ്ഠപുരം ഹൈസ്കൂളിനാണെന്ന് കാണാവുന്നതാണ്. ഒരു കളിസ്ഥലത്തിന്റെ അപര്യാപ്തത ശ്രീകണ്ഠപുരം ഹൈസ്കൂളിന്റെ ദുഃഖമാണ്.

നിർദേശം:

കലാ കായിക സാഹിത്യ പ്രഭാഷണ ഉപന്യാസ രംഗങ്ങളിൽ താത്പര്യമുള്ള അധ്യാപകർ മുൻകൈയെടുത്ത് കുട്ടികൾക്ക് പരിശീലനം നൽകി സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന എല്ലാ മത്സരങ്ങളിലും പങ്കെടുപ്പിക്കണം. വിദ്യാർഥികളിൽ അത്തരം താത്പര്യം വളർത്തി കലാ-കായിക പ്രതിഭകളാക്കി മാറ്റണം.

(പട്ടിക-5 പരിശോധിക്കു)

ഈ പട്ടിക പരിശോധിച്ചാൽ അക്കാദമിക് സൗകര്യങ്ങൾ എല്ലാ വിദ്യാലയത്തിലും അപര്യാപ്തമാണെന്ന് കാണാവുന്നതാണ്.

ലൈബ്രറി:

കാഞ്ഞിലേരി എൽ.പി, കാവുമ്പായി എൽ.പി., പഴയങ്ങാടി ഗവ. യു.പി. എന്നിവിടങ്ങളിൽ ലൈബ്രറി സൗകര്യം ഇല്ല. ശ്രീകണ്ഠപുരം ഗവ. ഹൈസ്കൂളിൽ ലൈബ്രറി പ്രവർത്തനം നന്നായി നടക്കുന്നു. റീഡേഴ്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. സർഗ്ഗവാസന വികസിപ്പിച്ചെടുക്കുന്നതിന് കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കുന്നു. മറ്റു സ്കൂളുകളിൽ ലൈബ്രറി ഉണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന് പറയാതിരിക്കാൻ നിർവാഹമില്ല.

നിർദേശം:

ലൈബ്രറി ഇല്ലാത്ത സ്കൂളുകളിൽ ഉടൻ പ്രവർത്തനം ആരംഭിക്കണം. ഉള്ള വിദ്യാലയങ്ങളിൽ കാര്യക്ഷമമാക്കാൻ നടപടികൾ ആരംഭിക്കണം. ലൈബ്രറിക്ക് ഒരു പിരിയഡ് അനുവദിക്കണം. ആവശ്യത്തിന് പുസ്തകം നല്കണം. ലൈബ്രറി നോട്ട് തയ്യാറാക്കണം. ഇരുന്നു വായിക്കാൻ റൂം സൗകര്യം ഉണ്ടാക്കണം.

ലബോറട്ടറി:

കാഞ്ഞിലേരി എൽ.പി.യിലും പഴയങ്ങാടി ഗവൺമെന്റ് യു.പി.യിലും കരയത്തുംചാൽ ഗവ. യു.പി.യിലും ലബോറട്ടറി സൗകര്യം ഇല്ല.

നിർദേശം:

ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക. ഉള്ളവ കാര്യക്ഷമമാക്കാൻ നടപടികൾ എടുക്കുക. പരീക്ഷണങ്ങൾ ലബോറട്ടറിയിൽ ഇരുത്തി കാണിക്കാനും പഠിപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാക്കുക. ശാസ്ത്രതാത്പര്യമുള്ള കുട്ടികളെ വളർത്തിയെടുക്കാൻ പ്രത്യേകം പരിശീലനം നൽകുക.

പഠനോപകരണങ്ങൾ

കാഞ്ഞിലേരി എൽ.പി യിലും, പഴയങ്ങാടി ഗവ. യു.പി.യിലും, വയക്കര ഗവ. യു.പിയിലും ചെമ്പന്തൊട്ടി ചെറുപുഷ്പം യു.പിയിലും കരയത്തുംചാൽ ഗവ. യു.പി.യിലും പഠനോപകരണങ്ങൾ ഇല്ല. സർക്കാർ മേഖലയിലെ രണ്ട് ഹൈസ്കൂളുകളിലും പഠനോപകരണങ്ങൾ ആവശ്യത്തിനില്ലത്രേ. ഉള്ളിടത്തുതന്നെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് സംശയമാണ്.

നിർദേശം:

പഠനോപകരണങ്ങൾ ഇല്ലാത്തിടത്ത് എത്തിക്കുക, ഉള്ളിടത്ത് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക. പഠനോപകരണങ്ങളുടെ അഭാവം പഠനത്തെ കാര്യമായി ബാധിക്കുന്നതിനാൽ അവയുടെ സാധ്യത ഉറപ്പുവരുത്തുക.

ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ

എളരിഞ്ഞി എൽ.പി.ക്ക് റേഡിയോയും ടേപ്പ് റിക്കാർഡറും ഉണ്ട്. ചേപ്പറമ്പിൽ എൽ.പിക്ക് റേഡിയോ ഉണ്ട്. കാഞ്ഞിലേരി എൽ.പിക്ക് റേഡിയോ രണ്ടെണ്ണം ഉണ്ട്. ശ്രീകണ്ഠപുരം മാപ്പിള എൽ.പിക്കും കാവുമ്പായി ജി.എൽ.പി.ക്കും കൊട്ടൂർവയൽ എൽ.പിക്കും റേഡിയോ മാത്രമല്ല ടേപ്പ് റിക്കാർഡറുമുണ്ട്. കരയത്തുംചാൽ ഗവ. യു.പിക്ക് ടേപ്പ് റിക്കാർഡർ രണ്ടെണ്ണമുണ്ട്. ചെമ്പന്തൊട്ടി എ.യു.പി.എസിന് ഒരു റേഡിയോയും ഒരു ടി.വി.യുമുണ്ട്. ടി.വി.യുള്ള ഏക വിദ്യാലയം എന്ന ബഹുമതി ചെമ്പന്തൊട്ടി യു.പി. സ്കൂളിനാണ്.

നിർദേശം:

ദൃശ്യ-ശ്രാവ്യ പഠനമാധ്യമങ്ങൾ എല്ലാ വിദ്യാലയങ്ങൾക്കും അടിയന്തര പ്രാധാന്യം നല്കി വിതരണം ചെയ്യേണ്ടതാണ്. പഠനത്തെ നേരിട്ടു സഹായിക്കാൻ ഈ മാധ്യമങ്ങൾക്ക് കഴിയും. വിദ്യാഭ്യാസ പുരോഗതിയ്ക്കുതകുന്ന പല പരിപാടികളും ഈ മാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യുന്നത് ശ്രദ്ധിക്കാൻ വിദ്യാലയങ്ങളിൽ ഇത് ആവശ്യമാണ്.

സർക്കാർ മേഖലയിലെ രണ്ട് ഹൈസ്കൂളുകളിലും സിനിമാ പ്രൊജക്ടറും സ്ലൈഡ് പ്രൊജക്ടറും ഓവർ ഹെഡ് പ്രൊജക്ടറും ഉണ്ട്.

ഒരു വിദ്യാലയത്തിലും കമ്പ്യൂട്ടർ ഇല്ല. എന്നാൽ, ശ്രീകണ്ഠപുരം ഗവ. ഹൈസ്കൂളിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ തെരഞ്ഞെടുക്കപ്പെടുന്ന 50 വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നല്കുന്നു. പക്ഷേ, ഇവർക്ക് തുടർവിദ്യാഭ്യാസത്തിന് സൗകര്യം ഇല്ല.

നിർദേശം

ശ്രീകണ്ഠപുരം ഗവ. ഹൈസ്കൂളിൽ ഒരു തൊഴിൽ പരിശീലനം എന്ന നിലയിൽ നിലവിലുള്ള കമ്പ്യൂട്ടർ കോഴ്സിൽ ഉന്നത വിദ്യാഭ്യാസം നല്കാൻ ഒരു കോഴ്സ് അനുവദിക്കുക. നിടുങ്ങോം ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കുക.

ബ്ലാക്ക് ബോർഡ്

കാഞ്ഞിലേരി എൽ.പി. സ്കൂളിന് ബ്ലാക്ക് ബോർഡില്ലത്രെ. ശ്രീകണ്ഠപുരം ഗവ. ഹൈസ്കൂളിന് 10 ബോർഡ് വേണം. പഴയങ്ങാടി ഗവ. യു.പി.ക്ക് ബോർഡ് വേണം. നിടിയേങ്ങ യു.പിക്ക് 4-ഉം വയക്കര യു.പി.ക്ക് 2ഉം കരയത്തുചാൽ ഗവ. യു.പി.ക്ക് 5ഉം ബ്ലാക്ക് ബോർഡ് വേണം.

നിർദേശം

ബ്ലാക്ക് ബോർഡിന്റെ അഭാവം ഉടൻ പരിഹരിക്കണം.

സാധ്യായദിവസങ്ങൾ

200 സാധ്യായ ദിവസങ്ങൾ ഒരു വിദ്യാലയത്തിലും ലഭിക്കുന്നില്ല. ഏറ്റവും താണ സാധ്യായദിവസം 181-ഉം ഏറ്റവും ഉയർന്നത് 195ഉം ആണ്. ഹൈസ്കൂളിൽ ഏറ്റവും കുറഞ്ഞ സാധ്യായദിവസം നിടു

ങ്ങോത്തും(181) ഏറ്റവും കൂടിയത് മടമ്പം മേരിലാന്റ് ഹൈസ്കൂളും ആണ്(193 1/2). എൽ.പി. സ്കൂളിൽ ഏറ്റവും കുറഞ്ഞത് ശ്രീകണ്ഠപുരം മാപ്പിള എൽ. പി(184), ഏറ്റവും കൂടിയത് ശ്രീനാരയണവിലാസം എൽ.പി. സ്കൂൾ ചേപ്പറമ്പിലും, എൽ.പി.എസ് കോട്ടൂർ വയലിലും(194) ആണ്. യു.പി. വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ സാധ്യായദിവസം പഴയങ്ങാടി ഗവ. യു.പി.ക്കും (183) ഏറ്റവും കൂടിയത് ചെമ്പന്തൊട്ടി യു.പിക്കും (195) ആണ്.

ഹൈസ്കൂളിലെ സാധ്യയദിവസങ്ങൾ പരിശോധിച്ചാൽ സമരം കാരണം 6 ദിവസം നഷ്ടപ്പെട്ടത് സർക്കാർ സ്കൂളിൽ മാത്രം. സർക്കാർ ഹൈസ്കൂളുകളിൽ 181, 188(നിടുങ്ങോം, ശ്രീകണ്ഠപുരം) എന്നീ ക്രമത്തിലും സ്വകാര്യ മേഖലയിൽ 191, 193 1/2(ചെമ്പന്തൊട്ടി, മടമ്പം) എന്നീ ക്രമത്തിലുമാണ് സാധ്യായദിനങ്ങൾ. സർക്കാർ സ്കൂളുകളിൽ സാധ്യായദിവസങ്ങൾ പൊതുവേ കുറവായി കാണുന്നു. ഒരേ വർഷം സമരങ്ങൾ ഉള്ള സ്കൂൾ ഒഴിച്ച് മറ്റ് സ്കൂളുകളിൽ സാധ്യയദിവസങ്ങൾ ഇത്രയും വ്യത്യാസപ്പെട്ടു കാണുന്നതെന്തുകൊണ്ടാണെന്ന് പരിശോധിക്കാം.

സാധ്യായ ദിവസങ്ങളുടെ പട്ടികയിൽനിന്ന് പരീക്ഷാ ദിവസങ്ങൾ, ഉത്സവങ്ങൾ, മറ്റ് അവധികൾ ഇവ കുറച്ചാൽ യഥാർഥത്തിൽ അധ്യയന ദിവസങ്ങൾ വീണ്ടും കുറയുന്നതുകാണാം.

നിർദേശം:

പഠന ദിവസങ്ങൾക്ക് ഒരു ഏകീകരണം ഉണ്ടാകണം. യഥാർത്ഥത്തിൽ ലഭിക്കുന്ന 200 പഠനദിവസങ്ങൾക്കനുസരിച്ച് മാത്രം പാഠ്യപദ്ധതി തയാറാക്കണം. (പട്ടിക -6,7,8 കാണുക)

പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുക

ഓർമ്മ പരിശോധന മാത്രമാണല്ലോ ഒന്നുമുതൽ ബിരുദ, ബിരുദാനന്തര ബിരുദം വരെയുള്ള പരീക്ഷാ സമ്പ്രദായത്തിന്റെ അടിസ്ഥാനം. ഇത് ഒരു അശാസ്ത്രീയ സമ്പ്രദായമാണ്. ഗുരുകുലം പദ്ധതിയിൽ പരീക്ഷിച്ചു തുടങ്ങിയിട്ടുള്ള പ്രായോഗിക പരീക്ഷ ഗുണപ്രദം ആണ്. വിദ്യാർഥികളുടെ അറിവു പരിശോധന മാത്രം അവരുടെ കഴിവുകളെ അളക്കാൻ ഉപകരിക്കുന്ന മാനദണ്ഡമല്ല. പ്രായോഗിക ജീവിതത്തിൽ പഠിച്ചവ പ്രയോഗിക്കാൻ കഴിയുമോ എന്നുകൂടി അറിയേണ്ടതുണ്ട്. ഇന്നത്തെ അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായം കുട്ടികളിൽ മടിപ്പുളവാക്കുന്നു. നേടിയ അറിവിന്റെ എല്ലാ മേഖലകളെയും സസൂക്ഷ്മം വിലയിരുത്താൻ കഴിയുന്ന വിധത്തിൽ പരീക്ഷാരീതി അടിയന്തരമായി പരിഷ്കരിക്കണം.

നിർദേശം:

ഗുരുകുലം പദ്ധതിയിൽ ആവിഷ്കരിച്ച സമ്പ്രദായം കുറച്ചുകൂടി വിപുലപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടെ എല്ലാ വിദ്യാലയങ്ങളിലും പ്രാവർത്തികമാക്കണം. വിദ്യാഭ്യാസത്തിൽ വരുത്തുന്ന മാറ്റങ്ങൾ സർക്കാർ-സ്വകാര്യ മേഖലകളെയും ഒരു പോലെ ബാധിക്കണം.

പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുക

വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലും മൂലക്കല്ലും പ്രൈമറി വിദ്യാഭ്യാസമാണ്. ഇവിടെ ഉണ്ടാകുന്ന തകർച്ച പതർച്ചയും തുടർന്നുള്ള വിദ്യാഭ്യാസത്തെയും ബാധിക്കുന്നു. 'അടി തെറ്റിയാൽ ആനയും വീഴുമല്ലോ'. പഠിക്കാൻ കൊടുത്തത് പഠിച്ചുറപ്പിച്ചു എന്ന് ബോധ്യം വന്നതിനുശേഷം അടുത്ത ക്ലാസിലേക്ക് കയറ്റം മതി.

നിർദേശങ്ങൾ:

ഓരോ വാർഡിലും മൂന്നോ നാലോ അങ്കണവാടികൾ ഉണ്ടായിരിക്കുക. ഓരോ എൽ.പി. സ്കൂളിലും ഒരു പ്രി-പ്രൈമറി സ്കൂൾ തുടങ്ങുക. പ്രൈമറിക്ക് പ്രത്യേക ഡയറക്ടറേറ്റ് അനുവദിക്കുക. എൽ.എസ്.എസ്, യു.എസ്.എസ് കോച്ചിംഗ് ക്ലാസ് കൊടുത്തു പരിശീലിപ്പിക്കുക. ബൗദ്ധിക നിലവാരത്തിനനുസരിച്ച് കുട്ടികളെ എ, ബി, സി എന്ന് മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് പഠിപ്പിക്കുക. എൽ.പി.ക്ക് നാലാം ക്ലാസിലും യു.പിക്ക് ഏഴാം ക്ലാസിലും എസ്.എസ്.എൽ.സിക്കു നടത്തുന്നതുപോലെ പൊതു പരീക്ഷ നടത്തുക. പരീക്ഷാ ചുമതല എഇഒ മാർക്ക് നൽകുക. ഒരു ക്ലാസിൽ കുട്ടികളുടെ എണ്ണം മുപ്പതാക്കി നിജപ്പെടുത്തുക. (വ്യക്തികേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഇത് അത്യാവശ്യമാണ്.)

പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക

സ്കൂൾ വർഷാരംഭത്തിൽതന്നെ എല്ലാ പാഠപുസ്തകങ്ങളും വിദ്യാർഥികൾക്ക് ലഭിക്കത്തക്ക വിധത്തിൽ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യണം.

നിർദേശം:

പുസ്തകം മുൻകൂട്ടി അച്ചടിച്ച് ഡിപ്പോകൾക്ക് വിതരണം ചെയ്യണം. ഏപ്രിൽ, മേയ് മാസങ്ങളിൽതന്നെ അടുത്ത അധ്യയന വർഷത്തിലേക്കുള്ള പുസ്തകം തയ്യാറാക്കി എത്തിയിരിക്കണം.

അധ്യാപക നിയമനം

ഓരോ അധ്യയന വർഷത്തിലും ജൂൺ ആദ്യവാരത്തിൽ വിദ്യാലയങ്ങളിൽ അധ്യാപകരെ പൂർണമായും നിയമിച്ചിരിക്കണം. അധ്യയനവർഷത്തിനിടയിൽ സ്ഥലംമാറ്റം നൽകിയാൽ പകരം നിയമനം നടത്തിയിരിക്കണം.

നിർദേശം:

അടുത്ത അധ്യയനവർഷത്തിലേക്ക് അധ്യാപകരെ ആവശ്യമുണ്ടെങ്കിൽ ഹെഡ്മാസ്റ്റർമാരിൽനിന്ന് ലിസ്റ്റു

വരുത്തി മേയ് അവസാനത്തിൽ നിയമന ഉത്തരവ് അയക്കണം. സ്ഥലംമാറ്റങ്ങൾ ജൂൺ ആദ്യവാരംതന്നെ നടത്തുക. താത്കാലിക നിയമനാധികാരം ഹെഡ്മാസ്റ്റർമാർക്ക് നൽകിയാൽ കാലവിളംബം ഉണ്ടാകാതിരിക്കും.

നൈറ്റ് ഡ്യൂട്ടി നിർബന്ധവും കർശനവുമാക്കുക

ഓരോ വിദ്യാലയത്തിലും വാച്ച്മാൻമാരെ നിയമിക്കുകയും ഡ്യൂട്ടി കൃത്യമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. വീഴ്ച വരുത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക. ഇപ്പോൾ നൈറ്റ് ഡ്യൂട്ടി കടലാസിൽ മാത്രമാണ്.

അധ്യാപകർക്ക് ഇൻ-സർവീസ് കോഴ്സുകൾ

പ്രൈമറി അധ്യാപകർക്ക് ഡയറ്റിൽനിന്നും ഹൈസ്കൂൾ അധ്യാപകർക്ക് ഡി.ടി.ഇയിൽനിന്നും ഇൻ സർവീസ് കോഴ്സ് നൽകി അധ്യാപകരെ റിസോഴ്സ് ആക്കുന്നതിൽ ശ്രദ്ധിക്കുക.

നിർദേശം

5 മാസത്തിൽ ഒരിക്കൽ ഏകദിന, ദ്വിദിന, ത്രിദിന ക്യാമ്പുകളിൽ കോഴ്സ് നല്കുക. നവീന പഠനരീതിയും അധ്യാപന രീതിയും രൂപം നല്കി പരിശീലിപ്പിക്കുക. പഠനോപകരണ ശിൽപശാല സംഘടിപ്പിക്കുക, പാഠപുസ്തകം മാറിയാലുടൻ കോഴ്സ് നല്കുക. എല്ലാ വിഷയങ്ങൾക്കും കൈപ്പുസ്തകം നല്കുക.

അധികവായനയ്ക്കവസരം നൽകുക

വിദ്യാർത്ഥികളുടെ അധികവായനയെ പ്രോത്സാഹിപ്പിക്കുന്നതിന് ആഴ്ചയിൽ ഒരു പീരിയഡ് ലൈബ്രറിക്ക് അനുവദിക്കുക. ലോകപരിചയത്തിനും വിജ്ഞാനസമ്പാദനത്തിനും അധികവായന അനിവാര്യമാണ്.

നിർദേശം

സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുക, ഹായനാ കോർണർ, അസംബ്ലിയിൽ വാർത്താ പാരായണം ഇവ കാര്യക്ഷമമാക്കുക. വായനാക്കുറിപ്പുകൾ തയ്യാറിക്കുക. റിഡേഴ്സ് ക്ലബ് പ്രവർത്തനം സംഘടിപ്പിക്കുക. വിവിധ പരിപാടികൾ ആവിഷ്കരിക്കുക.

കലാകായികരംഗം മെച്ചപ്പെടുത്തുക

ഈ രംഗം ഉത്സവസമയം മാത്രം ഉണരുന്നതിനുപകരം വർഷാരംഭം മുതൽ ശരിയായ പരിശീലനം നല്കി കലാകായിക പ്രതിഭകളെ വളർത്തിയെടുക്കുക.

നിർദേശം

കല: ആഴ്ചയിൽ ഒരിക്കൽ ക്ലാസ് സാഹിത്യ സമാജം. മാസത്തിൽ ഒരിക്കൽ പൊതു സാഹിത്യ സമാജം. സാഹിത്യ സമാജത്തിൽ വിവിധ ഇനം കലാപരിപാടികൾ അവതരിപ്പിക്കുക. വെറും ചടങ്ങാകരുത്. ഗൗരവപൂർവ്വം സംഘടിപ്പിക്കുക.

കായികം: നിരന്തര പരിശീലനം, മാസത്തിൽ ഒരിക്കൽ 3 മണിക്കു ശേഷം കായിക പ്രദർശനം നടത്തുക. മികച്ച കായികതാരങ്ങളെ അതിൽനിന്ന് തിരഞ്ഞെടുക്കുക.

തൊഴിൽ പരിശീലന വിദ്യാഭ്യാസം

ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഏതെങ്കിലും തൊഴിൽ പരിശീലന വിദ്യാഭ്യാസം നിർബന്ധമായും നല്കണം. ജീവിതവൃത്തിക്ക് ഇനിയും തൊഴിൽ വിദ്യാഭ്യാസമാണ് ഗുണം ചെയ്യുക.

നിർദേശം

എട്ടാം ക്ലാസുമുതൽ കുട്ടികളുടെ താത്പര്യമനുസരിച്ച് കൃഷി, ആശാരിപ്പണി, കെട്ടിടനിർമാണം, ഭൂമി അളക്കൽ, ഇരുമ്പുപണി, മെക്കാനിക്കൽ, പ്രിന്റിംഗ്, ബുക്ക് ബൈന്റിംഗ് തുടങ്ങി നിരവധി പ്രവൃത്തി പരിചയങ്ങൾ പരിശീലിപ്പിക്കാവുന്നതാണ്. എസ്.എസ്.എൽ.സിക്കു ശേഷം കുട്ടികൾ പരിശീലിച്ച തൊഴിലിൽ തുടർവിദ്യാഭ്യാസം നൽകണം.

മാതൃഭാഷാ വിദ്യാഭ്യാസം

നിർബന്ധമാക്കണം

എസ്.എസ്.എൽ.സി വരെയുള്ള വിദ്യാഭ്യാസം മാതൃഭാഷയിലാണ്. ആകയാൽ മാതൃഭാഷക്ക് ഊന്നൽ നല്കണം. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ കുട്ടികൾ ഏതു മാധ്യമവും സ്വീകരിച്ച് പഠിക്കട്ടെ. ഏതു കോഴ്സും സ്വീകരിക്കട്ടെ. പഠിക്കുന്നവർതന്നെ എന്തു പഠിക്കണമെന്നും തീരുമാനിക്കുക.

അധ്യാപകരക്ഷാകർത്തൃ സംഗമം

പി.ടി.എ, മദർ പി.ടി.എ എന്നിവ കാര്യക്ഷമമായാൽ വിദ്യാലയാന്തരീക്ഷവും മെച്ചപ്പെടും. പി.ടി.എ. മാതൃകാപരമായി പ്രവർത്തിച്ചാൽ ഭൗതിക സാഹചര്യങ്ങൾ മാത്രമല്ല, പഠനസൗകര്യങ്ങളും ഉയർന്ന വിജയശതമാനവും കരസ്ഥമാക്കാൻ കഴിയും.

നിർദേശം:

മാസത്തിൽ ഒരുപ്രാവശ്യം ഭരണസമിതി യോഗം ചേരുക. 3 മാസം കൂടുമ്പോൾ പൊതുയോഗം ചേരുക. പൊതുയോഗത്തിൽ ബോധവൽക്കരണ ക്ലാസും കുട്ടികളുടെ കലാപരിപാടികളും സംഘടിപ്പിക്കുക. പ്രവർത്തനങ്ങൾ വിലയിരുത്തുക. ഗൃഹാന്തരീക്ഷം കുട്ടികൾക്ക് സ്വസ്ഥമായിരുന്ന് പഠിക്കാനുള്ള അവസരം ഉണ്ടാക്കണം.

പഠനനിലാവര ക്ഷമതാരേഖ

ഇത് വീടുകളിലേക്ക് കൊടുത്തയക്കുന്നതുകൊണ്ട് കാര്യമായ ഗുണം ചെയ്യുന്നില്ലെന്നു മാത്രമല്ല, മിക്ക

കുട്ടികളും രക്ഷാകർത്താക്കളുടെ ഒപ്പ് സ്വയം ഇട്ടു കൊണ്ടു വരുന്ന അനുഭവമാണുള്ളത്. അതുകൊണ്ട് രക്ഷാകർത്താക്കളെ സ്കൂളിലേക്ക് വരുത്തി ക്ലാസ് ടീച്ചർമാരും അതാതു ക്ലാസിൽ പഠിപ്പിക്കുന്നവരും കുട്ടികളും കൂടി ഒന്നിച്ചിരുന്ന് ഓരോ കുട്ടിയേയും വിലയിരുത്തുക.

നിർദേശം

പ്രോഗ്രസ് കാർഡ് എഴുതിക്കഴിഞ്ഞാൽ സ്റ്റാൻഡേർഡ് തരത്തിൽ ഒരു ദിവസം രക്ഷിതാക്കളെ വിളിച്ചുചേർത്ത് പൊതുവായ ഒരു ക്ലാസ് നൽകിയ ശേഷം ഡിവിഷനായിരുന്ന് ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികളെയും രക്ഷിതാക്കളെയും ഓരോരുത്തരായി വിളിച്ച് പഠനനിലവാരവും മറ്റും ബോധ്യപ്പെടുത്തുക. വീട്ടിൽ ഇരുന്ന് പഠിക്കുന്ന സമയം, തുടക്കം, ഒടുക്കം, പ്രഭാതവായന, വീട്ടിലെ പെരുമാറ്റം ഇങ്ങനെ വിവിധ കാര്യങ്ങൾ അന്വേഷിച്ചറിയണം. രക്ഷിതാക്കളെ നന്നായി പരിചയപ്പെടുകയും കുടുംബ പശ്ചാത്തലം മനസിലാക്കുകയും ചെയ്യണം.

വിദ്യാർഥി സംഘടന

നിലവിലുള്ള വിദ്യാർഥി സംഘടനയുടെ ഘടന, പ്രവർത്തന ശൈലി, സംഘടനാ രീതി, സ്കൂൾ, കോളജ്, തെരഞ്ഞെടുപ്പ് സമ്പ്രദായം എന്നിവ പുനഃപരിശോധിച്ച് വിദ്യാലയങ്ങൾ ശാന്തിനികേതനങ്ങളാക്കാൻ ശ്രമിക്കണം.

നിർദേശം

വിദ്യാർഥിസമൂഹം ഒന്നാണ്. അവർ വിദ്യാലയത്തിലെത്തിയാൽ വിദ്യാർഥി മാത്രമായിരിക്കണം. വിദ്യാർഥിയുടെ പ്രശ്നം രാഷ്ട്രീയമായി കാണാതെ വിദ്യാർഥി പ്രശ്നമായി കാണണം. 'വിദ്യാർഥി ഐക്യം' കാമ്പസുകളിൽ മുഴങ്ങട്ടെ. സ്കൂൾ, കോളജ് തെരഞ്ഞെടുപ്പുകൾക്ക് ഒരു പൊതു മാനദണ്ഡം സ്വീകരിക്കാവുന്നതാണ്. സമർഥനും സത്സ്വഭാവിയുമായ കുട്ടി ലീഡറാകട്ടെ. അതിൽനിന്ന് ഏറ്റവും നല്ല മിടുക്കൻ സ്കൂൾ ലീഡറും മറ്റൊരു മിടുക്കി ചെയർമാനും ആകട്ടെ. കോളജിലും ഇതുതന്നെ തുടരാവുന്നതാണ്. കുട്ടികൾ സ്നേഹിച്ചും സഹകരിച്ചും വിശ്വസിച്ചും വിദ്യാഭ്യാസകാലം കഴിക്കട്ടെ.

സാമൂഹ്യമായ പിന്നോക്കാവസ്ഥ

സാമൂഹ്യമായ പിന്നോക്കാവസ്ഥ തലമുറകളായി വിദ്യാഭ്യാസത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. അത്തരം വിഭാഗങ്ങളിൽ പഠന നിലവാര തകർച്ച സ്വാഭാവികമാണ്. രക്ഷിതാക്കളുടെ അജ്ഞത കുട്ടികളെയും ബാധിക്കുന്നു.

നിർദേശം

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന രക്ഷാകർത്താക്കളെയും കുട്ടികളെയും പ്രത്യേകം വിളിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുക. അവരുടെ അവകാശങ്ങളെയും കടമകളേയും കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും പഠനനിലവാരം ഉയർത്താനുള്ള മാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.

ഗൃഹാന്തരീക്ഷത്തിലെ അധ്യാപക വിമർശനം

ഓരോ ദിവസത്തെയും സ്കൂൾ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ചറിയാൻ രക്ഷാകർത്താക്കൾക്ക് അവകാശം ഉണ്ട്. പോരായ്മകൾ കണ്ടാൽ അധ്യാപകരോടോ ഹെഡ്മാസ്റ്ററോടോ പറയുകയും ചെയ്യാം. എന്നാൽ, വീട്ടിലോ പൊതുവേദിയിലോ അധ്യാപകരെ അപമാനിക്കുകയോ മോശമായ രീതിയിൽ വിമർശിക്കുകയോ ചെയ്യുന്നത് ഗുണകരമല്ല.

നിർദേശം

അധ്യാപകരുടെ ഭാഗത്ത് വീഴ്ചയുണ്ടായാൽ സ്നേഹപൂർവം നേരിട്ട് അദ്ദേഹത്തോട് പറയുക. നിർവാഹമില്ലെങ്കിൽ ഹെഡ്മാസ്റ്ററെ അറിയിക്കുക. ആക്ഷേപിക്കുകയോ അവഹേളിക്കുകയോ ചെയ്യരുത്.

മോണിറ്ററിംഗ് സംവിധാനത്തിലെ അപാകത

ഇന്നത്തെ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല. അതുകൊണ്ടുതന്നെ നിലവാരം തകരുന്നു. ആരും ഉത്തരവാദിത്വത്തോടെ ഒന്നും ചെയ്യുന്നില്ല.

നിർദേശം

പഞ്ചായത്ത് തലത്തിൽ അഞ്ചംഗ കർമ്മസമിതി സ്കൂൾ നിലവാരം അന്വേഷിക്കട്ടെ. മാസത്തിൽ ഒരു പ്രാവശ്യം. ഈ സന്ദർശനം സൗഹാർദപരമായിരിക്കണം. ഒരു തരത്തിലുമുള്ള അനാവശ്യ ഇടപെടൽ പാടില്ല. നല്ല നിർദേശങ്ങൾ നല്കാം.

മാനേജ്മെന്റ് സ്കൂളുകളിൽ ആരംഭകാലത്ത് എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വരെ വിജയം കരസ്ഥമാക്കിയിരുന്നു. ഇത് രക്ഷിതാക്കളെയും കുട്ടികളെയും അങ്ങോട്ടാകർഷിക്കാൻ കാരണമായി. എന്നാൽ, ഏതാനും വർഷങ്ങളായി ആ നില മാറിയിരിക്കുന്നതായി പട്ടിക-9 ൽനിന്ന് മനസ്സിലാക്കാവുന്നതാണ്. (പട്ടിക-9 കാണുക)

നിരവധി പരാധീനതകളും പരിമിതികളും ഉണ്ടായിട്ടും സർക്കാർ സ്കൂളുകളിലെ വിജയശതമാനം സാമാന്യം തൃപ്തികരമാണെന്ന് ഈ പട്ടിക തെളിയിക്കുന്നു. കൂട്ടായ പരിശ്രമം ഉണ്ടെങ്കിൽ സർക്കാർ മേഖ

ലയെ മെച്ചപ്പെടുത്താൻ സാധിക്കും.

ഇന്ന് കുട്ടികളുടെ ക്ഷാമം മിക്ക വിദ്യാലയങ്ങൾക്കും വൻ ഭീഷണിയായിതീർന്നിരിക്കുന്നു. അതുകൊണ്ട് പല അധ്യാപകർക്കും ജോലി നഷ്ടപ്പെടുകയും മറ്റേതെങ്കിലും വിദ്യാലയത്തിലേക്ക് ചേക്കേറി പോകേണ്ടതായും വരുന്നു. ജോലി സ്ഥിരത ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്. സ്വകാര്യമേഖലയിലെ ഈ ദുരന്തം സർക്കാർ മേഖലയിൽ ജോലി പ്രതീക്ഷിച്ചിരിക്കുന്നവരുടെ ജോലി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

നിർദേശം

അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരവും തള്ളിക്കയറ്റവും അവസാനിപ്പിക്കുക. സ്വകാര്യമേഖലയിൽനിന്ന് ജോലി നഷ്ടപ്പെട്ടാൽ അവിടെ പുതിയ തസ്തിക ഉണ്ടാകുന്നതുവരെ മാനേജർ ശമ്പളം നല്കാനുള്ള സംവിധാനം ഉണ്ടാക്കുക.

ഗവൺമെന്റ് മേഖലയിലുള്ള എൽ.പി., യു.പി., എച്ച്.എസ് സ്കൂളുകൾക്കൊന്നും ചുറ്റുമതിൽ ഇല്ല. ആവശ്യമായ കളിസ്ഥലം ഇല്ല. നിലവിലുള്ള മൂത്രപ്പുര, കക്കൂസ് എന്നിവ അപര്യാപ്തങ്ങളാണ്. നിടുങ്ങോം ഹൈസ്കൂളിലെ കുടിവെള്ളക്ഷാമം ഗൗരവമായി പരിഗണിക്കേണ്ടതാണ്. കരയത്തുംചാൽ ഗവ. യു.പി.യിൽ വൈദ്യുതി ഇല്ല. പഴയങ്ങാടി യു.പി., കാവുമ്പായി ജി.എൽ.പി, നിടുങ്ങോം എച്ച്.എസ് എന്നിവിടങ്ങളിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യവും ഇല്ല.

സർക്കാർ മേഖലയിലെ വിദ്യാലയങ്ങളിൽ ഈ വർഷം തന്നെ 125 ഡസ്കും, 132 ബഞ്ചും 48 മേശയും 55 കസേരയും ആവശ്യമുണ്ട്.

ശ്രീകണ്ഠപുരം ഗവ. ഹൈസ്കൂളിലെ 10 ക്ലാസ്റൂം ഓല മേഞ്ഞതാണ്. നിടുങ്ങോം ഗവ. ഹൈസ്കൂളിലെ 12 ക്ലാസ്റൂം ഓലമേഞ്ഞതാണ്.

ഭൗതികസാഹചര്യവും മെച്ചപ്പെടുത്തേണ്ടത് വിദ്യാഭ്യാസ മേഖലയിൽ അടിയന്തര പ്രാധാന്യം ഉള്ളവയാണ്. സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

അധ്യാപക സംഗമം

മാസത്തിൽ ഒരിക്കൽ വിഷയാടിസ്ഥാനത്തിൽ അധ്യാപക സംഗമം. എൽ.പി., യു.പി., എച്ച്.എസ്. പ്രത്യേകം ചേരണം. ചർച്ച, സംശയ നിവാരണം, പ്രശ്നങ്ങൾ, പരിഹാര നിർദേശങ്ങൾ എന്നിങ്ങനെ ക്രിയാത്മകം ആയിരിക്കണം.

നിർദേശം

എൽ.പിക്കും യു.പിക്കും പരിശീലനം ലഭിച്ചവർ ക്ലാസ് നയിക്കണം. ആശയങ്ങൾ മുൻകൂട്ടി അറിയിക്കുക. മാതൃകാ ക്ലാസുകൾ എടുക്കുക.

വിദ്യാഭ്യാസ കലണ്ടർ ഏകീകരിക്കുക

വിദ്യാലയങ്ങൾക്ക് എല്ലാം വിദ്യാഭ്യാസ കലണ്ടർ ഒന്നുമതി. അടിയന്ത്ര പ്രാധാന്യം നല്കി വിദ്യാഭ്യാസ കലണ്ടർ ഏകീകരിക്കേണ്ടത് അത്യാവശ്യമാണ്.

നിർദേശം

ചിന്തകന്മാർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, ഭരണ-പ്രതിപക്ഷങ്ങൾ, രാഷ്ട്രീയനേതാക്കന്മാർ, മതാചാര്യന്മാർ എന്നിവരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കേണ്ടതാണ്.

എസ്.എസ്.എൽ.സി പരീക്ഷ

ഉന്നത വിദ്യാഭ്യാസത്തിന്റെ ആരംഭത്തിനുള്ള അടിത്തറയാണ് എസ്.എസ്.എൽ.സി. അതുകൊണ്ടുതന്നെ ചെയ്യപ്പെട്ട മാർക്ക് കരസ്ഥമാക്കാൻ കുട്ടികളും രക്ഷിതാക്കളും ശ്രമിക്കുന്നു. വിദ്യാലയത്തിന്റെ നന്മതിന്മ അളക്കുന്നതും എസ്.എസ്.എൽ.സിയുടെ വിജയശതമാനം പരിഗണിച്ചുകൊണ്ടാണ്. എസ്.എസ്.എൽ.സിക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയാലും മതിയാകുന്നതാണ്.

നിർദേശങ്ങൾ

അധ്യാപകരുടെ സൗകര്യം അനുസരിച്ച് രാവിലെയോ വൈകുന്നേരമോ പ്രത്യേക കോച്ചിംഗ് നല്കുക. ഒരു യൂണിറ്റോ ഒരു പാഠമോ കഴിഞ്ഞാൽ പരീക്ഷ നടത്തുക. ദിവസവും ആദ്യത്തെ പത്തുമിനിട്ട് മുന്നറിവ് പരിശോധന നടത്തുക. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ റിവിഷൻ നടത്തുക. ഉത്തരങ്ങൾ എഴുതി പഠിപ്പിക്കുക. ശനിയാഴ്ച ദിവസങ്ങളിൽ ഭാഷാ ഗ്രൂപ്പ്, സബ്ജക്ട് ഗ്രൂപ്പ് ഈ അടിസ്ഥാനത്തിൽ ഇടവിട്ടുള്ള ആഴ്ചകളിൽ പരീക്ഷ നടത്തുക. എ, ബി, സി ഗ്രൂപ്പുകളായി കുട്ടികളെ വിഭജിച്ച് പ്രത്യേക പരിശീലനം നൽകുക. ഇംഗ്ലീഷ്, ഹിന്ദി, കണക്ക് എന്നിവയിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകം പരിശീലിപ്പിക്കുക.

എസ്.എസ്.എൽ.സി കഴിയുമ്പോൾ ഗ്രേഡ് അനുസരിച്ച് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുക. മൂന്നോ, നാലോ ഗ്രേഡുകളാക്കുക. ഏറ്റവും മികച്ചത് എ ഗ്രേഡ് തുടർന്ന് ഡി വരെ.

ഉന്നത വിദ്യാഭ്യാസത്തിനുള്ള സെലക്ഷന് എൻട്രൻസ് പരീക്ഷ നടത്താവുന്നതാണ്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പഠന സഹായിയാണ്. വ്യക്തിത്വവികസനം, സഹകരണ മനോഭാവം, സംഘബോധം, സർഗ്ഗാത്മക, കലാസാഹിത്യാസ്വാദനം, വിവിധതരം നൈപുണികളുടെ വികാസം, സ്വയം പഠനശേഷി, നേതൃത്വപാടവം തുടങ്ങിയവ വിദ്യാർഥികളിൽ വളർത്തുന്നതിനും വിദ്യാഭ്യാസം കൂടുതൽ സജീവവും ആകർഷകവും ആക്കുന്നതിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സഹായകമാകുന്നു.

നിർദേശം

സാഹിത്യ സമാജം, കൈയെഴുത്തു മാസിക, സയൻസ് ക്ലാസ്, വായനാ കോർണർ, പഠനയാത്ര, മാസ്ഡ്രിൽ, പരിസര ശുചീകരണം, യൂണിഫോറം, ദേശീയദിനാചരണം എന്നിവയിൽ പങ്കാളികളാവുക.

പാഠ്യേതര പ്രവർത്തനം

വ്യക്തി വികാസത്തിനും സാമൂഹ്യ ബന്ധത്തിനും പാഠ്യേതര പ്രവർത്തനം ഒരു വിദ്യാർഥിക്ക് അനുപേക്ഷണീയമാണ്. സ്കൗട്ട്, ഗൈഡ്, എൻ.സി.സി, എൻ.എസ്.എസ് എന്നിവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം.

നിർദേശം

സാമൂഹ്യനന്മക്ക് ഉതകുന്ന പ്രവർത്തനങ്ങളിൽ ജാഗരൂപകൻ ആയിരിക്കുക. പരസ്പരം സഹായിക്കുന്നതിന് സന്നദ്ധത കാണിക്കണം.

സാമൂഹ്യ വനവൽക്കരണം

എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയിൽ സാമൂഹ്യ വനവൽക്കരണ പരിപാടി നടപ്പാക്കണം. പ്രകൃതിസംരക്ഷണ ബോധവും പ്രകൃതി സ്നേഹവും വളർത്തിയെടുക്കാൻ ഇത് സഹായകമാകും.

നിർദേശം

ഗ്രൂപ്പുകളായി വിഭജിച്ച് (10, 20, 30) ഒരു ലീഡറുടെ ചുമതലയിൽ തൈകൾ സംരക്ഷിക്കണം. ഏറ്റവും നല്ല തിന്റെ ഗ്രൂപ്പിനെ അസംബ്ലിയിൽവച്ച് അനുമോദിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റൽ

ഈ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള ഹോസ്റ്റൽ കോട്ടൂരിൽ സ്ഥിതി ചെയ്യുന്നു. പ്രത്യേക ട്യൂഷൻ പരിപാടിയും ഏർപെടുത്തിയിട്ടുണ്ട്. എങ്കിലും അവിടുത്തെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുന്നില്ല.(പട്ടിക-10 കാണുക)

നിർദേശം

വാർഡൻ മാസത്തിൽ ഒരിക്കൽ സ്കൂളുമായി ബന്ധപ്പെടണം. സ്കൂൾ അവധി ദിവസങ്ങളിൽ (ഓണം, ക്രിസ്തുമസ്) ഹോസ്റ്റൽ തുറന്നു പ്രവർത്തിക്കണം. കുട്ടികളുടെ സ്പെഷ്യൽ ക്ലാസുകളുടെ സൗകര്യം ഉപയോഗപ്പെടുത്തണം.

സ്ത്രീ വിദ്യാഭ്യസം നിർബന്ധമാക്കണം

ജാതിമത ഭേദമെന്യേ സ്ത്രീ വിദ്യാഭ്യാസം നിർബന്ധമാക്കണം. സമൂഹത്തിൽ സ്ത്രീ പുരുഷ സമത്വം അംഗീകരിച്ചുകൊടുക്കണം. ശ്രീകണ്ഠപുരത്തെ മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർന്നുവരുന്നത്. അഭിമാനകരമാണ്. സ്ത്രീ വിദ്യാഭ്യാസത്തിലൂടെയേ സാമൂഹ്യനന്മ വളർത്തിയെടുക്കാൻ കഴിയു. സ്ത്രീകളുടെ വിവാഹപ്രായം 21 ആയി ഉയർത്തുന്നത് അവരെ കുടുംബജീവിതത്തിന് കൂടുതൽ പ്രാപ്തരാക്കാൻ സഹായിക്കും.

നിർദേശം: പുരുഷനോടൊപ്പം എല്ലാ മേഖലയിലും പൂർണമായ സ്വാതന്ത്രം നൽകുക. ഒരേ ജോലിക്ക് ഒരേ വേതനം എന്ന തത്വം അംഗീകരിക്കണം.

അധ്യാപകവൃത്തി

ഇതര ജീവനക്കാരിൽനിന്ന് അധ്യാപകൻ എപ്പോഴും വ്യത്യസ്തനാണ. ആയിരിക്കണം. സമൂഹം എപ്പോഴും അധ്യാപകരെ ശ്രദ്ധിക്കുന്നു. അധ്യാപകൻ മാതൃകയായിരിക്കണം. അർപ്പണബോധവും ആത്മാർഥതയുള്ളവനും സമൂഹത്തിന്റെ ഭാഗവും ആയിരിക്കണം അധ്യാപകൻ.

നിർദേശം: സേവനവേതന കാര്യങ്ങളിൽ ശ്രദ്ധിക്കുമ്പോൾ സ്വന്തം കടമയും കർത്തവ്യവും മറക്കാതിരിക്കണം. ഗുരുശിഷ്യബന്ധം സുദൃഢമാക്കണം. ശിഷ്യരെയും കുടുംബത്തെയും അറിഞ്ഞ് അധ്യാപനം നടത്തണം. നിലവാരം കുറഞ്ഞവർക്ക് പ്രത്യേകം പരിശീലനം നൽകാൻ പരിശ്രമിക്കണം.

പ്രശ്നങ്ങൾ

1. അങ്കണവാടികളുടെയും പ്രി-പ്രൈമറികളുടെയും വൈരള്യം
2. എൽ.പി., യു.പി. സ്കൂളുകളിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
3. വ്യക്തികേന്ദ്രീകൃത വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നില്ല.
4. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത.
5. പരീക്ഷാ സമ്പ്രദായത്തിന്റെ അശാസ്ത്രീയത.
6. സിലബസിന്റെ ദൈർഘ്യവും കാഠിന്യവും.
7. ലൈബ്രറി ലബോറട്ടറി എന്നിവയുടെ അപര്യാപ്തത.
8. കൃത്യനിമായും ആവശ്യത്തിനനുസരിച്ച് അധ്യാപകരെ ലഭിക്കായ്ക.
9. യഥാസമയം പാഠപുസ്തകം ലഭിക്കുന്നില്ല.
10. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ഇല്ലായ്മ.
11. ശരിയായ മോണിട്ടറിംഗിന്റെ അഭാവം.
12. പുറമേന്നിന്നുള്ള അനാവശ്യഇടപെടൽ.
13. പുസ്തകോപകരണങ്ങളുടെ ദൗർലഭ്യം.
14. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ അപര്യാപ്ത.
15. യഥാസമയം അധ്യാപക പരിശീലനം ലഭിക്കായ്ക.

സാധ്യതകൾ

1. ഓരോ വാർഡിലും മൂന്ന് അങ്കണവാടികളും എൽ.പി. സ്കൂളിനോട് ചേർന്ന് പ്രീ-പ്രൈമറി സ്കൂളുകളും ആരംഭിക്കുക.
2. ഓരോ ഡിവിഷനിലും 30 കുട്ടികളെന്ന് നിജപ്പെടുത്തുക.

3. അധ്യാപകർക്ക് സന്ദർഭാനുസരണം ഇൻസർവ്വീസ് കോഴ്സുകൾ നൽകുക.

4. അനർഹവും അനുചിതവുമായ ക്ലാസ്കയറ്റ സമ്പ്രദായം നിർത്തലാക്കുക.

5. പ്രൈമറി തലവിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുക.

6. സ്റ്റാന്റേർഡ് അടിസ്ഥാനത്തിൽ പഠന നിലവാരം മോശമായ കുട്ടികൾക്ക് പ്രത്യേകം കോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുക.

7. നാല്, ഏഴ് എന്നീ ക്ലാസുകളിൽ സംസ്ഥാനവ്യാപകമായി പഞ്ചായത്ത് തലത്തിലോ ഉപജില്ലാ തലത്തിലോ പൊതുപരീക്ഷ നടത്തുക.

8. ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക.

9. കുടിവെള്ള സംവിധാനം ഏർപ്പെടുത്തുക.

10. പ്രൈമറി സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുള്ള പാചകസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

11. ഹൈസ്കൂൾ ക്ലാസുകളിൽ ഏതെങ്കിലും തൊഴിൽ പരിശീലിപ്പിക്കുക.

12. എസ്.എസ്.എൽ.സി.ക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പര്യാപ്തമായ ഉന്നത വിദ്യാഭ്യാസം നൽകുക.

13. അധികവായന പരിശീലിപ്പിക്കുവാൻ ലൈബ്രറിക്ക് ഒരു പിരിയിഡ് അനുവദിക്കുക.

14. അധ്യാപക രക്ഷാകർത്തൃബന്ധവും മാതൃസംഗമവും മെച്ചപ്പെടുത്തുക.

15. കലാകായിക രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുക.

16. മാതൃഭാഷാ വിദ്യാഭ്യാസം കർശനമാക്കുക.

17. ഇംഗ്ലീഷ്മീഡിയം സ്കൂളിന് നിയന്ത്രണം ഏർപ്പെടുത്തുക.

18. സിലബസിന്റെ ദൈർഘ്യവും കാഠിന്യവും കുറയ്ക്കുക.

19. വിദ്യാർത്ഥികളുടെ സംഘടനാരീതിയിൽ മാറ്റം വരുത്തുക.

20. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുക.

21. പഠനോപകരണങ്ങൾ ഉറപ്പുവരുത്തുക.

22. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ അനിവാര്യമാക്കുക.

23. സാമാന്തര വിദ്യാഭ്യാസ സ്ഥാനപങ്ങൾ മെച്ചപ്പെടുത്തുക.

പട്ടിക-7
അധ്യാപകർ

L.P.	35
U.P.	92
H.S.	148
ആകെ	275

പട്ടിക-9
സർക്കാർ/സ്വകാര്യ ഹൈസ്കൂൾ
എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂളിന്റെ പേര്	വർഷം				
	91-92	92-93	93-94	94-95	95-96
1. ഗവ. ഹൈസ്കൂൾ നിടുങ്ങോം	75%	78%	58%	51%	61%
2. ഗവ. ഹൈസ്കൂൾ ശ്രീകണ്ഠപുരം	70%	67%	62%	58%	63%
3. മേരിലാന്റ് എച്ച്.എസ്. മടമ്പം	98.8%	97.8%	96.2%	90.3%	81.6%
4, സെന്റ് ജോർജ് എച്ച്.എസ്. ചെമ്പന്തൊട്ടി	91%	90%	87.2%	76%	72.2%

പട്ടിക-10
പട്ടികജാതി-പട്ടികവർഗഹോസ്റ്റൽ

കുട്ടികളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഭക്ഷണവിവരം			
		അരി/പയർ	മുട്ട	ഇറച്ചി	പാൽ
24	5	✓	✓	✓	✓

പട്ടിക 1
സ്കൂളിന്റെ പൊതു വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്		സ്കൂളിന്റെ ഉടമസ്ഥത: സർക്കാർ	സ്കൂളിന്റെ ഉടമസ്ഥത: എയ്ഡഡ്	ആൺ	പെൺ	ആകെ	അധ്യാപകരുടെ എണ്ണം: ആകെ	അധ്യാപകരുടെ എണ്ണം: സ്ഥിരം	ഒഴിവ്	ലീവ്	കോമ്പൗണ്ടിന്റെ വിസ്തീർണം	ഉപയോഗിക്കാത്തതിന്റെ വിസ്തീർണം	കളിസ്ഥലം വിസ്തീർണം	ചുറ്റുമതിൽ അറ്റകുറ്റപ്പണി തീർന്നിട്ടുണ്ടോ
1	ജി.എൽ.പി.എസ്. കാവുന്നായി	എൽ.പി., യു.പി.,	✓	–	66	52	118	4F 2P	4	1PT	1	3 ഏക്കർ	–	–	ചുറ്റുമതിൽ ഇല്ല
2	എ.എൽ.പി.എസ്. കാഞ്ഞിരേരി	എച്ച്.സ്.	✓	–	53	57	120	5	5	–	–	1 ഏക്കർ	–	–	ചുറ്റുമതിൽ ഇല്ല
3	മാപ്പിള എൽ.പി.സ്കൂൾ ശ്രീകണ്ഠപുരം	എൽ.പി.	✓	–	58	46	104	4	4	–	–	27 സെന്റ്	–	–	"
4	എൽ.പി.എസ്. എളരിഞ്ഞി	എൽ.പി.	✓	–	129	124	235	9	9	–	1	2 ഏക്കർ	1/2 ഏക്കർ	1/2 ഏക്കർ	"
5	എ.എൽ.പി.എസ് ചേപ്പറമ്പ	"	✓	–	76	65	141	5	5	–	–	1 ഏക്കർ 18 സെന്റ്	25 സെന്റ്	1/2 ഏക്കർ	"
6	എ.എൽ.പി.എസ് കോളൂർവയൽ	"	✓	–	116	100	216	8	8	–	1	50 സെന്റ്	50 സെന്റ്	–	"
7	ഗവ: യു.പി.എസ്. നടുവേങ്ങ	"	✓	–	266	235	501	19	18	1	1	86 സെന്റ്	–	–	"
8	ഗവ: യു.പി.എസ്. പഴയങ്ങാടി	"	✓	–	153	116	319	13	13	–	–	1.28 സെന്റ്	–	1 ഏക്കർ	"
9	ഗവ: യു.പി.എസ്. വായക്കര	യു.പി.	✓	–				9	9	–	–		40 സെന്റ്	1.5 ഏക്കർ	"
10	ഗവ: യു.പി.എസ് കരയത്തുംചാൽ	"	✓	–	256	236	492	18	17	1	2	3 ഏക്കർ	–	1.50 ഏക്കർ	"
11	എ.യു.പി.എസ് കോട്ടൂർ	"	✓	–	76	79	155	8	6	2	–			1 ഏക്കർ	"
12	പെരുവുഴിപ്പാ യു.പി.എസ് പെരുമ്പൻതൊട്ടി	"	✓	–	445	395	840	29	29	–	–	3 ഏക്കർ	–	–	"
13	ഗവ: ഹൈസ്കൂൾ ശ്രീകണ്ഠപുരം	"	✓	–	559	560	1119	37	37	–	–	3 ഏക്കർ	1 ഏക്കർ	30 സെന്റ്	"
14	ഗവ: ഹൈസ്കൂൾ നടുവേങ്ങാ	"	✓	–	804	710	1514	49	49	–	1	4.52 ഏക്കർ	2.52 ഏക്കർ	–	"
15	മേരിഗിരി ഹൈസ്കൂൾ മടമ്പം	എച്ച്.എസ്.	–	✓	564	487	1051	40	40	–	2	3 ഏക്കർ	–	1 ഏക്കർ	"
16	സെന്റ് ജോർജ് ഹൈസ്കൂൾ പെരുമ്പൻതൊട്ടി	"	–	✓	266	260	526	22	22	–	–	3 ഏക്കർ	–	2.50 ഏക്കർ	"

പട്ടിക–2 : സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കെട്ടിടങ്ങൾ: ആകെ ഡിവിഷൻ	കെട്ടിടങ്ങൾ: സ്ഥിരം	കെട്ടിടങ്ങൾ: താൽക്കാലികം	മുറികൾ: സ്ഥിരം	മുറികൾ: താൽക്കാലികം	ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം	ഇനിയും ആവശ്യമുള്ള കെട്ടിടസൗകര്യങ്ങൾ	ഫർണിച്ചർ കുറവുള്ള ഉപയോഗത്തിനുള്ള ഇനങ്ങൾ	ഇനിയും ആവശ്യമുള്ള ഫർണിച്ചറുകളുടെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗപ്രദമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സൗകര്യം ഇല്ലെങ്കിൽ/ഉണ്ടെങ്കിൽ	വൈദ്യുതി ഉണ്ട്/ഇല്ല	റാമ്പ്	സ്റ്റെപ്പ്	ഹാൻഡ്റെയിൽ ഉണ്ട്/ഇല്ല	ഡസ്ക്	ഇനിയും ആവശ്യമായ വസ്തുക്കളുടെ എണ്ണം: ബെഞ്ച്	ഡെസ്ക്	കസേര	ബോഡ്
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
1	ജി.എൽ.പി.എസ്. കാവുന്നായി	4	1	1	–	–	–	–	5	ഉണ്ട്	2	8	–	–	–	1	ഇല്ല	ഇല്ല	–	ഇല്ല	3	10	1	2	2
2	എ.എൽ.പി.എസ്. കാഞ്ഞിരേരി	4	1	1	1	–	–	–	5	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	–	1	–	ഇല്ല	–	–	–	16	10	2	1
3	മാപ്പിള എൽ.പി.സ്കൂൾ ശ്രീകണ്ഠപുരം	7	3	–	–	9	–	–	–	ഉണ്ട്	ഉണ്ട്	–	ഇല്ല	1	2	ഉണ്ട്	ഉണ്ട്	ഇല്ല	1	ഉണ്ട്	–	–	–	–	2
4	എൽ.പി.എസ്. എളരിഞ്ഞി	8	2	2	–	ഇല്ല	ഇല്ല	ഇല്ല	–	2	2	16	–	–	–	ഉണ്ട്	–	–	–	ഉണ്ട്	–	–	–	–	–
5	എ.എൽ.പി.എസ് ചേപ്പറമ്പ	5	1	1	–	2	3	ഇല്ല	1	ഉണ്ട്	1	20	1	–	–	ഉണ്ട്	–	ഉണ്ട്	–	ഇല്ല	2	5	2	2	2
6	എ.എൽ.പി.എസ് കോളൂർവയൽ	4	1	–	–	2	1	3	1	ഉണ്ട്	–	–	3	1	–	ഉണ്ട്	–	ഉണ്ട്	–	ഇല്ല	10	10	2	2	2
7	ഗവ: യു.പി.എസ്. നടുവേങ്ങ	15	12	1	–	10	1	–	6	ഉണ്ട്	2	12	–	–	–	ഉണ്ട്	ഉണ്ട്	ഉണ്ട്	1	ഇല്ല	12	12	3	6	വേണം
8	ഗവ: യു.പി.എസ്. പഴയങ്ങാടി	10	1	1	1	–	–	–	10	ഉണ്ട്	2	20	2	2	2	ഉണ്ട്	ഉണ്ട്	ഇല്ല	1	ഇല്ല	60	60	10	10	വേണം
9	ഗവ: യു.പി.എസ് വായക്കര		8	20	–	–	3	–	4	ഉണ്ട്	1	15	1	1	ഉണ്ട്	1	–	–	–	ഇല്ല	10	25	4	3	6
10	ഗവ: യു.പി.എസ് കരയത്തുംചാൽ	7	7	1	1	5	4	–	–	2	16	–	2	1		ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	10	5	5	4	1
11	എ.യു.പി.എസ് കോട്ടൂർ	15	1	3	–	–	–	–	1	ഉണ്ട്	2	8	–	1	–	ഉണ്ട്	ഉണ്ട്	ഉണ്ട്	1	ഇല്ല	–	–	–	–	–
12	പെരുവുഴിപ്പാ യു.പി.എസ്. പെരുമ്പൻതൊട്ടി	23	3	–	–	23	–	–	–	–	2	8	2	3	–	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	15	25	10	15	2
13	ഗവ: ഹൈസ്കൂൾ ശ്രീകണ്ഠപുരം	31	5	4	–	14	19	–	2	ഉണ്ട്	2	10	2	2	1	ഉണ്ട്	ഉണ്ട്	1	1	ഇല്ല	20	20	20	20	4
14	ഗവ: ഹൈസ്കൂൾ നടുവേങ്ങാ		3	1	3	12	4	15	20	ഉണ്ട്	2	10	2	2	–	ഇല്ല	ഉണ്ട്	ഇല്ല	1	ഇല്ല	10	10	5	10	–
15	മേരിഗിരി ഹൈസ്കൂൾ മടമ്പം	27	7	2	–	32	–	–	2	ഉണ്ട്	1	4	2	3	–	ഉണ്ട്	ഉണ്ട്	ഉണ്ട്	1	ഇല്ല	25	50	10	10	5
16	സെന്റ് ജോർജ് ഹൈസ്കൂൾ പെരുമ്പൻതൊട്ടി	13	2	–	–	17	–	–	5	ഉണ്ട്	2	10	10	3	–	ഉണ്ട്	ഉണ്ട്	ഇല്ല	–	ഇല്ല	25	25	3	3	4

പട്ടിക 3

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മണ്ണീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ഇവരുടെ മക്കൾക്ക് നൽകുന്ന ആനുകൂല്യം	ബീഡി തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യ തൊഴിലാളി സ്കോളർഷിപ്പ്	മറ്റുള്ളവ
1	2	3	4	5	6	7	8	9	10
1	ശ്രീകണ്ഠപുരം എൽ.പി.	–	–	–					–
2	കാണിശേരി എൽ.പി.	–	5	–	–	–	–	–	–
3	മേപ്പറമ്പ എ.എൽ.പി.	–	6	–	–	1	–	–	–
4	എളരിഞ്ഞി എ.എൽ.പി.	–	41	6	4	2	–	–	–
5	കൊട്ടൂർവയൽ എ.എൽ.പി.	–	9	–	–	–	–	–	–
6	കാവുമ്പായി ഗവ: എൽ.പി.	–	9	–	1	1	–	–	lss1
7	ഗവ: യു.പി. നിടിയേങ്ങ	–	52	16	–	2			
8	ഗവ: യു.പി.എസ്. വയക്കര	–	15	10	1	–	–	–	–
9	ഗവ: യു.പി. പഴയങ്ങാടി	–	2	160	1	–	–	–	–
10	എ.യു.പി.എസ്. കൊട്ടൂർ	6	107	73	2	–	–	–	–
11	ചെറുപുഷ്പം യു.പി. മെമ്പൽതൊട്ടി	8	45	6	6	1	1	1	1
12	ഗവ: യു.പി.എസ്. കരയത്തുചാൽ	–	43	–	–	–	–	–	–
13	ഗവ: ഹൈസ്കൂൾ നിടുങ്ങോം	5	91	30	2	–	–	–	–
14	ഗവ: ഹൈസ്കൂൾ ശ്രീകണ്ഠപുരം	12	173	165	8	–	–	–	–
15	മേരിലാന്റ് ഹൈസ്കൂൾ മടമ്പം	2	31	10	5	–	–	–	–
16	സെന്റ് ജോർജ് ഹൈസ്കൂൾ ചെമ്പൻതൊട്ടി	–	30	8	2	1	–	–	–

പട്ടിക-4
കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡ്

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഇനവിവരം	ജില്ലാതലം			സംസ്ഥാനതലം			ദേശീയതലം		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	എ.എൽ.പി. എളരിഞ്ഞി	–	–	–	–						
2	ജി.എൽ.പി. കാവുമ്പായി	–	–	–							
3	മാപ്പിള എൽ.പി. ശ്രീകണ്ഠപുരം	–	–	–	–						
4	എ.എൽ.പി. ചേപറമ്പ്	–	–	–	–						
5	എ.എൽ.പി.എസ്. കോട്ടൂർവയൽ	–	–	–	–						
6	എ.എൽ.പി.എസ്. കാഞ്ഞിരേരി	–	–	–	–						
7	ഗവ: യു.പി. നിടിയേങ്ങ	–	–	–	–						
8	ഗവ: യു.പി. പഴയങ്ങാടി	–	–	–	–						
9	ഗവ: യു.പി. വയക്കര	–	–	–	–						
10	ഗവ: യു.പി. കോട്ടൂർ	–	–	–	–						
11	എ.യു.പി. കോട്ടൂർ	–	–	–	–						
12	ചെറുപുഷ്പം യു.പി. ചെമ്പൻതൊട്ടി	ഗണിതശാസ്ത്രം									
		കിസ്	1	–	1						
		സ്പോഴ്സ്	3	1	4						
13	മടമ്പം ഹൈസ്കൂൾ	–	–	–	–						
14	നിടുങ്ങോം ഹൈസ്കൂൾ	ജാവലിൻ ത്രോ	Ist	–1							
		ഡിസ്കസ് ത്രോ	IInd(1)	–	1						
15	ചെമ്പൻതൊട്ടി സെന്റ് ജോർജ് ഹൈസ്കൂൾ	കായികം	2	2	4	2	2	4			
16	ശ്രീകണ്ഠപുരം ഗവ: ഹൈസ്കൂൾ	സഞ്ചയിക പ്രസംഗം	1st	–1							
		ജനസംഖ്യാ പ്രസംഗം	1st	–	1						
		സഞ്ചയിക ഉപന്യാസം	–	11nd	1						
		സയൻസ്	2nd	–	1						
		സെമിനാർ	2nd	–	1						
		വന്യജീവി സംരക്ഷണവാരം ഉപന്യാസം	2nd	–	1						

പട്ടിക – 5
അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല	ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല	പഠനോപകരണങ്ങൾ	ടോയ്ലറ്റ്	ടി.വി. സെറ്റ്	ടേപ്പ് റിക്കോർഡർ	വി.സി.ആർ./വി.സി.പി.	സിനിമാ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ഫർണിച്ചർ ഉള്ള ക്ലാസ്സുകൾ	നിലവിലുള്ള ക്ലാസ്സുകൾ	95-96 ൽ ഉള്ള കുട്ടികളുടെ എണ്ണം	പ്രത്യേക കുടിവെള്ള സൗകര്യങ്ങൾ	ടോയ്ലറ്റ് സൗകര്യങ്ങൾ	മറ്റുള്ളവ	ക്ലാസ് റൂം പഠനം ഉള്ളത്/ഇല്ലാത്തത്
1. എ.എൽ.പി.എസ്. എളയരിഞ്ഞി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	9	9	191	ഇല്ല	ഇല്ല	സജീ	ഇല്ല
2. ശ്രീനാരായണ വിലാസം എൽ.പി.എസ്. ചേപ്പറമ്പ്	ഉണ്ട്	ഉണ്ട്	വേണ്ട ത്രയില്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	5	194	ഇല്ല	6	വം ,,	ഉണ്ട്
3. എ.എൽ.പി. കാഞ്ഞലേരി	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	–	ഇല്ല	ഇല്ല	–	–	–	–	184	–	4		ഉണ്ട
4. മാപ്പിള എൽ.പി. ശ്രീണ്ഠപുരം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	–	–	–	–	–	–	7	187.5	ഇല്ല	–	,,	ഉണ്ട്
5. ഗവ. എൽ.പി.എസ് കാവുമ്പായി	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	–	–	–	–	4	4	191	ഇല്ല	ഇല്ല	,,	ഇല്ല
6.എ.എൽ.പി.എസ്. കൊട്ടൂർവയൽ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	–	–	–	–	–	4	4	194	ഇല്ല	ഇല്ല	,,	ഇല്ല
7. ഗവ. യു.പി.എസ്. പഴയങ്ങാടി	ഉണ്ട്						–	–	–	–	–	10	2	183	ഇല്ല	ഇല്ല	,,	ഇല്ല
8. ഗവ. യു.പി.എസ്. നിടിയേങ്ങ	ഉണ്ട്	ഉണ്ട്	ഉണ്ട്				–	–	–	–	–	4	13	193	ഇല്ല	8	ഇല്ല	ഇല്ല
9. ഗവ. യു.പി. വയക്കര	ഉണ്ട്	ഉണ്ട്	ഇല്ല				–	–	–	–	–	2	7	190	ഇല്ല	4	സജീ	ഇല്ല
10. ഗവ. യു.പി.കരയത്തുംചാൽ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	2		–	–	–	–	–	5	2	192	–	8	വം	ഉണ്ട്
11. എ.യു.പി.എസ്. കോട്ടൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല		–	–	–	–	–	15	5	193.5	ഇല്ല	5	,,	ഉണ്ട്
12.എ.യു.പി.എസ്. ചെമ്പൻതൊട്ടി	ഉണ്ട്	ഉണ്ട്	ഇല്ല	1	ഇല്ല	1	–	–	–	–	–	23	23	195	–	5	,,	ഇല്ല
13.ഗവ. ഹൈസ്കൂൾ നെടുങ്ങോം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉ	ഉണ്ട്	ഉ	ഇല്ല	–	28	181	6	4	,,	ഉണ്ട്
14. ഗവ. ഹൈസ്കൂൾ ശ്രീകണ്ഠപുരം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ണ്ട്	ഉണ്ട്	ണ്ട്	ഇല്ല	10	20	188	6	5	,,	ഉണ്ട്
15. മേരിലാന്റ് എച്ച്.എസ്. മടമ്പം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉ	ഉണ്ട്	ഉ	ഇല്ല	ഉണ്ട്	27	193.5	ഇല്ല	4	,,	ഉണ്ട്
16. സെന്റ് ജോർജ് ഹൈസ് കൂൾ ചെമ്പൻതൊട്ടി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്			ഇല്ല	ണ്ട് ഇല്ല	–	ണ്ട് ഉ	–	13	13	191	ഇല്ല	7	,, ,,	ഉണ്ട്

പട്ടിക-6

ചെലവു സംബന്ധിച്ച വിവരങ്ങൾ

സകൂളിന്റെ പേര്	ചെലവ്						ചാർജ് എ						ചാർജ്-ബി			
	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ	ഉപകരണങ്ങൾ/ഫർണീച്ചർ അറ്റകുറ്റപ്പണി	ഉപകരണങ്ങൾ, മാനവവസ്തുക്കളുടെ ഇംപായ്മെന്റുകൾ	സ്റ്റാഫ് പേയ്മെന്റ്	കലാ-വിനോദങ്ങൾക്ക്	ശമ്പളേതരം	ട്യൂഷൻ	യൂനിഫോം	സർക്കാർ	മറ്റുള്ളവ	ആകെ	ഹോസ്റ്റൽ	ഭക്ഷണം	സ്കൂൾ ഫണ്ട്	സർക്കാരിതരസ്രോതസ്സുകൾ	ആകെ
1. ഗവ. ഹൈസ്കൂൾ ശ്രീകണ്ഠപുരം	20000	1000	5000	2000	3000	5000	ഇല്ല	26200	26200		26200	13	8483	450000	18000	2688483
2. ഗവ. ഹൈസ്കൂൾ നിടുങ്ങോം	28134	1500		2000	8000	1500	4000	5000	2378.80		2378.80			68688	38805	107493
3. മേരിലാൻറ് ഹൈസ്കൂൾ മടമ്പം	14645	4000	1350	2500	10000	2200	3000	1500	6281		6291		1000	1500	500	3000
4. സെന്റ് ജോർജ് ഹൈസ്കൂൾ ചെമ്പൻതൊട്ടി	1500	750	250	2000	3000	1750			2500		2500		6000		9250	
5. ഗവ. യു.പി. പഴയങ്ങാടി	12500			170	120		3150	730	4000	630	4630	750		8040	4000	12040
6. ഗവ. യു.പി. വയക്കര	6000			1000	600	300	470	250	125		125					
7. ഗവ.യു.പി. നെടിയേങ്ങ	1000	3000	1000	1000	20000	1500	12000	2000	4800		4800			4000		4000
8. ഗവ. യു.പി. കരയത്തുംചാൽ	25000	1000	5000	5000	10000	3000	5000		200		200				2000	520000
9. എ.യു.പി. കോട്ടൂർ	70000	1000			100	500	8000		3750		3750		95050		94850	94850
10. എ.യു.പി. ചെമ്പൻതൊട്ടി	1530	710		4000		60	8000	95050	1586287	1586287			248	3066	5212.10	1598518
11. ഗവ. എൽ.പി. കാവുമ്പായി	1000	7949	100				2792.95	1565	5145	4448	9593			1656		114999
12. എ.എൽ.പി. എളയടഞ്ഞി	6000	1500					30000	300	700		700					
13. മാപ്പിള എൽ.പി. ശ്രീകണ്ഠപുരം	580	300	100	200	250	100	600	100	598		598					
14. എ.എൽ.പി. കാഞ്ഞിലേരി							700	300	350		350					350
15. എ.എൽ.പി. കോട്ടക്കവയൽ	1250	960	500				3590		955		988			1632	3600	5232
16. എ.എൽ.പി. പേപ്പറമ്പ്	2000	1000			100		6000							4800	950	5750

പട്ടിക-8 വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സംഖ്യയും വിദ്യാർത്ഥികളുടെ എണ്ണവും

		വയസ്	1	2	3	4	5	6	7	8	9	10	11	12	ആകെ
HS/HSS		സർക്കാർ						1		1					2
		എയ്ഡഡ്		1							1				2
		അൺ എയ്ഡഡ്													
		മറ്റുള്ളവ													
		ആകെ		1				1		1	1				4
U.P.S.		സർക്കാർ	1	1						1			1		4
		എയ്ഡഡ്	1											1	2
		അൺ എയ്ഡഡ്													
		മറ്റുള്ളവ													
		ആകെ	2	1						1			1	1	6
L.P.S	സ്കൂളുകളുടെ എണ്ണം	സർക്കാർ						1							1
		എയ്ഡഡ്			1		1		1	1		1			5
		അൺ എയ്ഡഡ്													
		മറ്റുള്ളവ													
		ആകെ			1		1	1	1	1		1			6
സ്കൂൾ		സർക്കാർ	2	2	2	2	2	2	2	3	2	2	2	3	26
		എയ്ഡഡ്													
		അൺ എയ്ഡഡ്													
		മറ്റുള്ളവ													
		ആകെ	2	2	2	2	2	2	2	3	2	2	2	3	26
പാരലൽ കോളേജുകൾ		സർക്കാർ													
		സ്വകാര്യ								6	2			2	10
		ആകെ								6	2			2	10
കോളേജുകൾ		സർക്കാർ													
		സ്വകാര്യ											1	1	2
		ആകെ											1	1	2
പാരലൽ കോളേജുകൾ		സ്കൂൾ ക്ലാസുകൾ നടത്തുന്നവ													
		കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ		1					1	2				1	5
		രണ്ടും നടത്തുന്നവ													
		ആകെ													5

ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്
അതിരുകളും വാർഡുകളും





കുടിവെള്ളം, പൊതുജനാരോഗ്യം

കുടിവെള്ളവും പൊതുജനാരോഗ്യവും

ശ്രീകണ്ഠപുരംപഞ്ചായത്തിലെമുഖ്യകുടിനീർ സ്രോതസ്സ് കിണറുകളാണ്. 6300ഓളം വീടുകളിൽ 4500ഓളം വീടുകൾക്കും സ്വന്തമായി കിണറുണ്ട്. 71%പേർ അയൽവീടുകളിലെ കിണറുകളെയും പൊതു കിണറുകളെയും ആശ്രയിക്കുന്നു. പൊതുജലവിതരണ സംവിധാനങ്ങളെ ആശ്രയിക്കുന്ന കുടുംബങ്ങൾ പഞ്ചായത്തിൽ തീരെ ഇല്ലെന്നുതന്നെ പറയാം. 71% കിണറുകളിൽതന്നെ സാനിറ്ററി കിണർ എന്ന ഗണത്തിൽ പെടുത്താവുന്ന 10% ത്തോളം വരികയുള്ളു. പഞ്ചായത്തിലെ മിക്കവാറും കുളങ്ങൾ ഉപയോഗയോഗ്യമല്ല. കാവുമ്പായിപാലം, കോട്ടൂർ സ്കൂൾ, നിടിയേങ്ങ എന്നിവിടങ്ങളിലെ കിണറുകൾ ഉപയോഗയോഗ്യമാക്കുകയാണെങ്കിൽ പ്രസ്തുത പ്രദേശങ്ങളിലെ ജലക്ഷാമം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ സാധിക്കും. പഞ്ചായത്തിലെ I, II, III, IV, V, XII, VII വാർഡുകളിലെ മങ്കട്ട,എള്ളരഞ്ഞിക്കുന്ന്, കൈതപ്രം, പയറ്റുചാൽ, പേപ്പറമ്പ്, നിടിയേങ്ങ, മോളാർമൂല ആവണക്കോൽ, കരുവന്റെ പറമ്പ്, കോണംയിൽ, ചുണ്ടപ്പറമ്പ്, ഐച്ചോതി, ചെറിക്കോട് എളരിഞ്ഞി ഹരിജൻ കോളനി, കാവുനായി കപ്പണത്തട്ട് എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. കുഴൽകിണറുകളിൽ പലതിലും പ്രതീക്ഷിച്ചത്ര വെള്ളം കിട്ടുന്നില്ലെന്നു മാത്രമല്ല അവയിൽ വെള്ളത്തിന് രുചിവ്യത്യാസവും അനുഭവപ്പെടുന്നു.

ശ്രീകണ്ഠാപുരം പഞ്ചായത്തിലെ 40% വീടുകൾക്കും സ്വന്തമായി കക്കൂസുണ്ട്. ESP type കക്കൂസുകളാണ് ഇവിയിലധികവും. 60% വീടുകൾക്ക് കക്കൂസില്ല. ഇവർ തുറന്ന സ്ഥലത്ത് മലവിസർജ്ജനം നടത്തുന്നതിനാൽ പൊതുജനാരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്നു. I, II, IV, V വാർഡുകളിൽ സാനിറ്ററി കക്കൂസിന്റെ അപര്യാപ്ത രൂക്ഷമായി നിലനില്ക്കുന്നു. 60% വീടുകളിലും മലിനജലം കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനമില്ല. 80% വീടുകളിലും ഖരമാലിന്യങ്ങൾ കത്തിച്ചുകളയുന്ന സമ്പ്രദായമില്ല. വീട്ടുപറമ്പിലോ പൊതുവഴിയിലോ അലക്ഷ്യമായി വലിച്ചെറിയുന്ന സമ്പ്രദായമാണുള്ളത്. മലിനീകരണം പഞ്ചായത്തിലെ മുഖ്യ ആരോഗ്യപ്രശ്നമല്ലെങ്കിലും ശ്രീകണ്ഠപുരം ടൗണിലെയും പുഴയിലെയും മാലിന്യങ്ങൾ വലിയ പൊതുജനാരോഗ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട മലിനീകരണം ശ്രീകണ്ഠാപുരത്തെ കുമ്മായചൂള, മടമ്പം latex ഫാക്ടറി എന്നിവടങ്ങളിൽ നിന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ പൊതുശ്മശാനങ്ങളുടെ ആത്യന്തികത ഏറിവരികയാണ്. ജനനിബിഡമായ പൊതുശ്മശാനങ്ങൾ പണിയുകയാണെങ്കിൽ വയുജന-മണ്ണ് മലിനീകരണം കുറച്ചുകൊണ്ടുവരാൻ സാധിക്കും. കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും paying latine system വും (പൊതുകക്കൂസ്) അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ട ആരോഗ്യ പ്രവർത്തനമായി കാണേണ്ടിയിരിക്കുന്നു.

കൂട്ടുമുഖം Mini PHC centreഉം കോട്ടൂർ, കാഞ്ഞിലേരി, നിടിയേങ്ങ എന്നിവിടങ്ങളിലെ സബ് സെന്ററുകളും ഉൾപ്പെടുന്നതാണ് ശ്രീകണ്ഠാപുരം പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം. നെടുമാങ്ങം സബ് സെന്ററിന് കെട്ടിടം ലഭ്യമാകത്തക്കവിധത്തിൽ ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാഞ്ഞലേരി സബ് സെന്ററും വാടക കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് പണം അനുവദിച്ചിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനത്തിൽ എവിടെയുമെത്തിയിട്ടില്ല. സ്വകാര്യമേഖലയിൽ നിലവിൽ ആശുപത്രിയും ലിനി ആശുപത്രിയുമാണ് കിടത്തി ചികിത്സിക്കുവാൻ അനുമെങ്കിലും സൗകര്യമുള്ള ആശുപത്രികൾ സർക്കാർ മേഖലയിൽ കിടത്തിചികത്സ സംവിധാനമില്ലാത്തത് വലിയൊരു ബുദ്ധിമുട്ടുതന്നെ. എന്നാൽ, കൂട്ടുംമുഖം PHC ക്ക് 25 കിടക്കകളുള്ള വാർഡ് നിർമ്മിക്കുന്നതിന് നാട്ടുകാർ ശ്രമാരംഭിച്ചിട്ടുണ്ട്.

സർക്കാർ മേഖലയിൽ ആയുർവേദാശുപത്രിയും ഹോമിയോ ആശുപത്രിയും നിലവിലില്ല. പാരമ്പര്യമേഖലയിൽ ചികിത്സാരംഗത്ത് മൂന്ന് വൈദ്യശാലകളും പഞ്ചായത്തിലുണ്ട്.

മലമ്പനി തിരിച്ചുവരുന്നതായാണ് കഴിഞ്ഞ വർഷത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതിൽ ഭൂരിപക്ഷവും സംസ്ഥാനത്തിന് പുറമേനിന്ന് ലീവിലും മറ്റും വരുന്നവർക്കാണ്. (imported cases) കഴിഞ്ഞ വർഷം പഞ്ചായത്തിലെ 33 പേർക്ക് മലമ്പനി രോഗം പിടിപെട്ട് ചികിത്സനടത്തിയതായി കാണാൻ കഴിയും. പഞ്ചായത്തിലെ സർക്കാർമേഖലയിലുള്ള കൂട്ടുമുഖം PHCയിലെ Out Patient രോഗികളെ എണ്ണവും സാധാരണ കാണപ്പെടുന്ന രോഗങ്ങളും പട്ടികയായി താഴെ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ കുട്ടികളുടെ (1 മുതൽ 6 വയസുവരെപ്രായമുള്ള) പോഷണനിലവാരം തൃപ്തികരമല്ല. വിളർച്ച വ്യാപകമായി കണ്ടുവരുന്നു. 481 കുട്ടികളിൽ ലഘുവായ പോഷണക്കുറവും 97 കുട്ടികളിൽ മിതമായ പോഷണക്കുറവും 3 കുട്ടികളിൽ ഗുരുതരമായ പോഷണക്കുറവും കാണുന്നു.

ആരോഗ്യരക്ഷാരംഗത്ത് മരുന്നും ഉപകരണങ്ങളും വാങ്ങിയവകയിൽ 95-96 വർഷത്തിൽ 84,769 രൂപയും 96-97 വർഷത്തിൽ 19,799 രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട് (ആളോഹരി രൂപ 2.65 (95-96വർഷം) 96-97 വർഷത്തിൽ 0.62 രൂപയുമാണ്.

രോഗങ്ങൾ സംബന്ധിച്ച വിവരം -എണ്ണം

വർഷം	ഔട്ട് പേഷ്യന്റ് എണ്ണം	തക്ക് രോഗം	വാതരോഗം (എല്ലാവിഭാഗവും)	പകർച്ച വ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	22,110	2200	72	2396	17,442	22,110
1993-94	23,540	924	143	5708	16,765	23,540
1994-95	24,230	925	268	3492	19,545	24,230
1995-96	14,747	416	20	2129	10,182	12,747

മുണ്ടിനീര്, ചെങ്കണ്ണ്, ചിക്കൻപോക്സ്, വയറിളക്കം രോഗങ്ങൾ എന്നിവ സീസണലായി എല്ലാവർഷവും വിവിധ പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്. വയറിളക്ക രോഗങ്ങൾ കൂടുതലും കരയത്തുചാൽ, നിടിയേങ്ങ, ലക്ഷംവീട് കോളനി, കംപ്ലാരി കോളനി, നിടിയേങ്ങ എന്നീ പ്രദേശങ്ങളിൽ കണ്ടുവരുന്നുണ്ട്. പരിസരജന്യം, ദാരിദ്ര്യജന്യം വിഭാഗങ്ങളിലുള്ള രോഗങ്ങളിലാണ് രോഗാതുരത നിലനിൽക്കുന്നത്.

കുടുംബക്ഷേമ പദ്ധതിയിൽ കീഴിൽവരുന്ന 50 ശതമാനത്തിലേറെ ദമ്പതികളും സ്ഥിരമായ സന്താനനിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. 95-96 വർഷത്തിൽ ശിശുമരണവും മാതൃമരണവും റിപ്പോർട്ടു ചെയ്തിട്ടില്ല. പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയോടൊപ്പം നിൽക്കുന്നു. (15.5). പൊതുമരണനിരക്ക് 3 ആണ് (95-96) പ്രതിരോധ കുത്തിവെയ്പിന്റെ കാര്യത്തിലും 100%നേട്ടം കൈവരിച്ചിട്ടുണ്ട്. ദേശീയ ഹോമിയോ നിർമ്മാർജ്ജന പരിപാടിയും സ്കൂൾ ആരോഗ്യപരിപാടിയും കാര്യക്ഷമായി നടന്നു.

Tame of Beneficiaries - (coverage) പ്രതിരോധ കുത്തിവെപ്പ്	(ശതമാന കണക്കിൽ ലഭ്യമായ കുട്ടികൾ
OPV	- 97%
OPT	-97%
BCG	- 92%
TT	- 100%
Measures	-95%

പ്രശ്നങ്ങൾ

1. ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. പഞ്ചായത്തിലെ മിക്കവാറും കുളങ്ങൾ ഉപയോഗയോഗ്യമല്ല.
3. കുഴൽകിണറുകൾ പ്രതീക്ഷിച്ച വെള്ളം കിട്ടുന്നില്ല. വെള്ളത്തിന് രുചിവ്യത്യാസം അനുഭവപ്പെടുന്നു.
4. സാനറ്ററി കക്കൂസുകൾ ഇല്ലാത്തത് പരിസരമലിനീകരണത്തിനും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും ഇടവരുത്തുന്നു.
5. ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ശാസ്ത്രീയമായി മാനേജ് ചെയ്യുന്നില്ല.
6. ശ്രീകണ്ഠാപുരം ടൗൺ, പൂഴ എന്നിവിടങ്ങളിൽ മലിനീകരണം രൂക്ഷമാണ്.
7. പൊതുശ്മശാനങ്ങൾ എല്ലാ വാർഡുകൾക്കും ലഭ്യമാക്കണം.
8. സർക്കാർ മേഖലയിൽ കിടത്തിചികിത്സിക്കുന്ന ആശുപത്രിയില്ല.
9. ജനസംഖ്യാനുപാതികമായി ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കണം.
10 രോഗാതുരത നിലനിൽക്കാനും ചിലപ്രദേശങ്ങളിൽ.
11. ശിശുമരണനിരക്ക് ജനനനിരക്ക് എന്നിവ സംസ്ഥാന ശരാശരിയോടൊപ്പമാണ്.

12. മലമ്പനി തിരിച്ചുവരുന്നതായി കാണുന്നു.

13. ബോധവൽക്കരണ പ്രവർത്തികൾ കൂടുതലായി സംഘടിപ്പിക്കണം.

സാദ്ധ്യതകൾ

1. കുടിവെള്ളക്ഷാമം പരിഹരിക്കൽ:

a. ജലസംരക്ഷണ പ്രവർത്തനങ്ങളെ സംഘടിപ്പിക്കണം.

b. ജസസംരക്ഷണത്തെപ്പറ്റി ബോധവത്ക്കരിക്കുക

c. കുളങ്ങൾ സംരക്ഷിക്കുകയും ഉപോയഗയോഗ്യമാക്കുകയും ചെയ്യുക.

(കാവുന്നായി, കോട്ടൂർ സ്കൂൾ ,നിടിയേങ്ങ എന്നീ കുളങ്ങൾ ഉപയോഗയോഗ്യമാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിൽ ജലക്ഷാമം ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കും)

d. പയ്റ്റുയാൽ, കപ്പണത്തട്ട്, ചേപ്പറമ്പ്, കട്ടായി, കരയത്തുംചാൽ, ചുണ്ടപ്പറമ്പ് എളരിഞ്ഞി എന്നിവിടങ്ങളിൽ PHC വഴി വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നതിനു സംവിധാനമേർപ്പെടുത്തുക.

2. കക്കൂസുകൾ വ്യാപകമാക്കാൻ ബോധവത്ക്കരണവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

3. മുഴുവൻ വീടുകൾക്കും (കക്കൂസില്ലാത്ത) കക്കൂസ് നിർമ്മിച്ചു നൽകാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയ സംഘത്തിന് രൂപം നൽകുക.

4. സർക്കാർ മേഖലയിൽ കിടത്തി ചികിത്സിക്കുന്ന ആശുപത്രി എത്രയും പെട്ടെന്ന് നിർമ്മിക്കുക, സ്ഥിരം ഡോക്ടറെ നിയമിക്കുക.

5. നിലവിലുള്ള PHC പ്രവർത്തനം മെച്ചപ്പെടുത്തുക

6. ശ്രീകണ്ഠപുരം ടൗൺ പുഴ മലിനീകരണം തടയുക.

7. എല്ലാവാർഡിലും ജനനിബിഢമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പൊതുശ്മശാനങ്ങൾ നിർമ്മിക്കുക.

8. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

9. സർക്കാർ മേഖലയിൽ ഹോമിയോ-ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.

ഗതാഗതം, ഊർജ്ജം

ഗതാഗതം ഊർജ്ജം

ഗതാഗതം

ഏതൊരുനാടിന്റെയുംതനതായഗതാഗതശൃംഖലയാണ് അതിന്റെ ഇന്നത്തെ പുരോഗതിക്ക് അടിത്തറ പാകിയിട്ടുള്ളത്. സമൂഹത്തിന്റെ സമസ്ത പുരോഗതിക്കും അത് വഴി തെളിയിച്ചിട്ടുണ്ടെന്നതിൽ ആർക്കും ഒരു തർക്കവുമില്ല. അതുകൊണ്ടുതന്നെയായിരിക്കണം വികസനം എന്നു കേൾക്കുമ്പോൾ റോഡുകളും പാലങ്ങളും ഏവരുടെയും മനസ്സിൽ ആദ്യം കടന്നുവരുന്നത്. നാട്ടിൻപുറങ്ങളിലുള്ള ഒറ്റയിടിപ്പാതകളും ഇടവഴികളും റോഡുകളായി രൂപാന്തരം പ്രാപിക്കുമ്പോൾ നമ്മുടെ സാമൂഹ്യവളർച്ചയെ ഈ മേഖല എത്ര സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് നമുക്കിവിടെ ഊഹിക്കാവുന്നതേയുള്ളു.

പല ചരിത്രസംഭവങ്ങൾക്കും സാംസ്ക്കാരിക നവോത്ഥാന പ്രസ്ഥാനങ്ങൾക്കും നേതൃത്വം കൊടുത്ത് കടന്നുപോയ നമ്മുടെ പൂർവ്വികർ അന്യരെ അറിയാനും ബന്ധപ്പെടാനും ആദ്യകാലങ്ങളിൽ ഇവിടെയാത്രചെയ്തിരുന്നത് കാൽനടയായും കാളവണ്ടിയിലുമായിരുന്നു. ആ കാളവണ്ടി യുഗത്തിൽനിന്നും ഇന്നത്തെ ആധുനിക സൗകര്യങ്ങൾ നിറഞ്ഞ ഗതാഗത മാർഗ്ഗത്തിൽ എത്താൻ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ശ്രീകണ്ഠപുരം പഞ്ചായത്തിൽ മെച്ചപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ടെന്നു പറയുവാൻ വയ്യ. നാടിന്റെ വികസനത്തിൽ ഗതാഗതയോഗ്യമായ റോഡുകളുടെ ആവശ്യകത വളരെ കൂടുതലാണ്. കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും വളരെയേറെ വികസന സാധ്യതകളുള്ള ഈ പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ ഇനിയും കുറെക്കൂടെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

68.75 Sq. K.M. വിസ്തീർണ്ണമുള്ള ശ്രീകണ്ഠപുരം പഞ്ചായത്തിൽ 218 കി.മീ. നീളത്തിൽ റോഡുകളും സ്റ്റേറ്റ് ഹൈവേ 6.K.M.

P.W.D 60 K.M.

പഞ്ചായത്ത് റോഡ് 172 K.M

ടാർ ചെയ്ത റോഡുകൾ:-

1. ശ്രീകണ്ഠപുരം – പയ്യാവൂർ റോഡ്
2. ശ്രീകണ്ഠപുരം – നടുവിൽ റോഡ്
3. കൂട്ടുമുഖം – ചെമ്പേരിറോഡ്

P.W.D ഏറ്റെടുത്ത റോഡുകൾ:-

1. നരേമ്പ്രം –ചേപ്പറമ്പ –ചെമ്പേരി റോഡ് ഇതിന്റെ നീളം 61/2 K.M. ഇതിൽ 21/2 K.M പഞ്ചായത്ത് ടാർ ചെയ്തതാണ്.
2. ചെമ്പന്തൊട്ടി പുറഞ്ഞാൺ റോഡ്. 5.1/2 K.M. ഇതിൽ RLEGP ടാർ ചെയ്തത് 31/2 K.M.
3. കണിയാർവയൽ കാഞ്ഞിലേരി മണ്ണേരി റോഡ് 8.K.M. ഇതിൽ പഞ്ചായത്ത് ടാർ ചെയ്തത് 3 K.M.
4. പൊടിക്കളം –മടമ്പം–അലക്സ് നഗർ – പാറക്കടവ് റോഡ് 9.K.M. 3.K.M 400 മീറ്റർ പഞ്ചായത്ത് ടാർ ചെയ്തു.

പ്രധാന പഞ്ചായത്ത് റോഡുകൾ:-

1. കാവുമ്പായി –കരിവെള്ളൂർ റോഡ് 14 KM
2. നെടിയേങ്ങ–ചേപ്പറമ്പ് റോഡ് 1.5 KM
3. കൂട്ടുമുഖം–പന്ന്യാൽ–പരുത്തിയാട്–കംബ്ലാരി ചെമ്പേരി റോഡ് 7KM
4. നെടിയേങ്ങ –കൂട്ടായി–കോറങ്ങോട് റോഡ് 4KM
5. ഐച്ചേരി–അമ്പത്താറ് റോഡ് ഇതിൽ 300 മീറ്റർ (വെള്ളപ്പൊക്കദുരിതാശ്വാസനിധിവക)
6. നെടുങ്ങോം–പാടി റോഡ്
7. എള്ളരിഞ്ഞി –കൊയിലി–ടെമ്പംറോഡ്
8. കോട്ടൂർ ആടൂർ റോഡ്
9. വയ്ക്കര–മൊളൂർ –മൈക്കിൾ ഗിരിറോഡ്.
10. കാഞ്ഞിലേരി–മൈക്കിൾഗിരി ബ്ലാത്തൂർ റോഡ്
11. ചെമ്പന്തൊട്ടിയിൽനിന്നും കോറങ്ങോട് എത്തുന്നതിനുമുമ്പ് ഇടത്തോട്ടു തിരിഞ്ഞു നയനാർമലവഴി

മാമ്പള്ളത്തേക്കു പോകുന്ന റോഡ് 3KM.

12. ചേപ്പറമ്പ് -കരയത്തുംചാൽ റോഡ് 2.5KM.
13. കാവുമ്പായി-ഐച്ചേരി റോഡ്.
14. കപ്പണത്തട്ട് -കാവുമ്പായി സ്കൂൾ റോഡ്
15. കാവുമ്പായി -കംബ്ലാരി ഹരിജൻ കോളനി റോഡ്
16. കട്ടായി റോഡ് 11/2 KM.
17. ചെമ്പന്തൊട്ടി -കട്ടായി റോഡ് 11/2 KM.
18. കോട്ടൂർപുളുള്ളകരി-ഘട്ടം ഹൈസ്കൂൾ റോഡ്.

ഈ പഞ്ചായത്തിൽ റോഡുകൾ എണ്ണത്തിൽ വളരെ കൂടുതലുണ്ടെങ്കിലും ഗതാഗതയോഗ്യവും ചുരങ്ങിയ പക്ഷം സഞ്ചാരയോഗ്യമെങ്കിലുമായ റോഡുകൾ പരിമിതമാണ്. മിക്കവാറും റോഡുകൾക്ക് ഓവുചാലുകളില്ലാതെയും ഉള്ളവതന്നെ വർഷക്കാലത്ത് വശങ്ങളിൽനിന്നും മണ്ണിടിഞ്ഞു വീണുനികന്നവയുമാണ്. ആവശ്യത്തിനുമാത്രം കൽവെർട്ടുകൾ ഇല്ലാത്തതിനാൽ ഉള്ള റോഡുകൾതന്നെ തകർന്നുപോയ റോഡുകൾ ധാരാളം.

ചില റോഡുകൾ അടിയന്തിരമായ ശ്രദ്ധ അർഹിക്കുന്നവയാണ്. വർഷങ്ങളായി ടാറു ചെയ്യാൻ ആവശ്യപ്പെടുന്ന കന്നിയാർവയൽ- കാഞ്ഞിലേരി മണ്ണേരി റോഡിൻരെ സ്ഥിതി വളരെ പരിതാപകരമാണ്. അടിയന്തിരമായി ടാർ ചെയ്തുവഹാന ഗതാഗത യോഗ്യമാക്കേണ്ട റോഡാണിത്. ഇതു പൂർത്തിയായാൽ ശ്രീകണ്ഠാപുരം ഉളിക്കൽ റൂട്ടിൽ 15.കി.മീ. ദൂരം കുറഞ്ഞു കിട്ടും. അതുവഴി കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെടാൻ വളരെ എളുപ്പമാണ്.

ചെമ്പന്തൊട്ടി-പുറഞ്ഞാൺറോഡ് അഞ്ചുകിലോമീറ്റർ ദൂരമുള്ള ഈറോഡിൽ 3.5 കി.മീറ്റർ ടാർ ചെയ്തതാണെങ്കിലും തുടർന്നുള്ള അറ്റകുറ്റപണികൾ സമയത്തു കിട്ടാത്തതിനാൽ വളരെ ശോചനായാവസ്ഥയിലാണ് ടാർചെയ്ത ചില ഭാഗങ്ങൾതന്നെ വാഹന ഗതാഗത യോഗ്യമല്ലെന്നു മാത്രമല്ല കാൽ നടത്തത്തിനുപോലും യോഗ്യമല്ല. ബാക്കിയുള്ള ഒരു കിലോമീറ്ററോളം ഇന്നും പരുക്കൻ മലമ്പാതതന്നെ. ഈ റോഡ് ടാർ ചെയ്തു വാഹന ഗതാഗതയോഗ്യമാക്കുകയാണെങ്കിൽ തളിപ്പറമ്പിൽനിന്നും ചെമ്പേരി കുടിയാന്മല ഭാഗത്തേക്കുള്ള യാത്രയിൽ ഉദ്ദേശം പത്തു കി.മീറ്റർ യാത്രാലഭവും സമയലാഭവും ഇന്ധനലാഭവും ഉണ്ടാകും. ചെമ്പന്തൊട്ടി, കരയത്തുംചാൽ പ്രദേശത്തെ നിവാസികളുടെ തീരാശാപമായിരുന്ന യാത്രാപ്രശ്നത്തിനു പരിഹാരവുമാകും.

നെടിയേങ്ങ-ചേപ്പറമ്പ്-കരയത്തുംചാൽറോഡ്:- ഉദ്ദേശം 4. കി. മീറ്റർ ദൂരമുള്ള റോഡ് കരിങ്കൽ / ചെങ്കൽ വ്യവസായ പുരോഗതിയിലേക്കു ഒരെടുത്തു ചാട്ടത്തിനു തയ്യാറെടുക്കുന്ന ചേപ്പറമ്പ് പ്രദേശത്തിന്റെ ഒരായുർരേഖയാണ്. എന്നാൽ ആവശ്യത്തിനുള്ള റോഡുകൾ. വാഹനഗതാഗതം എന്നിവ ഈ പ്രദേശത്തിന്റെ തീരാശാപമായി ഇന്നും നിലനിൽക്കുന്ന ഗതാഗതപരമായി അടിയന്തിരശ്രദ്ധ പതിയേണ്ടുന്ന ഒരു പ്രദേശമാണിത്. കാർഷികമേഖലയിലും മറ്റും കുടിയേറ്റ പ്രദേശങ്ങളെപ്പോലെ മുന്നിൽ നിൽക്കുന്ന ഈ പ്രദേശത്തെ ഗതാഗതസൗകര്യം പഞ്ചായത്തിന്റെ സമഗ്രവികസന പരിപാടിയിൽ ശ്രദ്ധ അർഹിക്കുന്നു. നിർദ്ദിഷ്ഠ ടൂറിസ്റ്റുകേന്ദ്രമായ പൈതൽമലയിലേക്കും ശ്രീകണ്ഠാപുരത്തുനിന്നും യാത്രാദൂരം കുറക്കുന്നതിൽ ഈ റോഡ് മുഖ്യ പങ്കുവഹിക്കുന്നു.

നിടിയേങ്ങ-കട്ടായി-കോറങ്ങോട് റോഡ് നിടിയേങ്ങയിൽനിന്നും കട്ടായിവഴി കോറങ്ങോട്ടേക്കു പോകുന്ന ഈ റോഡ് ഈ പ്രദേശത്തെ നിവാസികൽക്ക് വളരെയധികം ഉപകാരപ്രദമാണ്. ഈ റോഡിലൂടെ വാഹനങ്ങൾ പോയിട്ട് വർഷങ്ങളായി. അടിയന്തിരമായി ഈ റോഡിന്റെ പണിപൂർത്തിയാക്കേണ്ടതാണ്. മലമ്പ്രദേശമേഖലയായ ഈ പഞ്ചായത്തിലെ റോഡുകളിൽ മഴക്കാലത്ത് കയറിനിൽക്കാൻ ബസ് ഷെൽട്ടറുകൾ ഒരനിവാര്യതയാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുതന്നെ ചെയ്തു തീരേണ്ടത് റോഡുകളുടെ ദീർഘകാല നിലനിൽപ്പിനും തുടർന്നുണ്ടാകുന്ന പ്രവർത്തനങ്ങൾക്കും വന്നേക്കാവുന്ന ഭീമമായ ചെലവുകുറക്കുന്നതിനും സഹായിക്കും. കാർഷിക വിളകളാൽ സമ്പന്നമായ കുടിയേറ്റ കേന്ദ്രങ്ങളെ പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന ഒട്ടുമുക്കാൽ റോഡുകളും വളരെ ഇടുങ്ങിയവയും ആവശ്യത്തിനു ഗതാഗത സൗകര്യമില്ലാത്തവയുമാണ്. അവയെ അറ്റകുറ്റപ്പണികൾ ചെയ്തു വിസ്താരമുള്ളവയാക്കുന്ന പക്ഷം അത് നമ്മുടെ ക്ഷീണിതമായ കാർഷിക വ്യവസായമേഖലയെ വളർത്തുന്നതിനു സഹായകമാകും.

ടാർ ചെയ്യേണ്ട പ്രധാന റോഡുകൾ

1. കണിയാർ വയൽ, കാഞ്ഞിലേരി, ഉളിക്കൽ റോഡ്.
2. നെരേമ്പം, ചേപ്പറമ്പ്, പയറ്റ്യാൽ, ചെമ്പേരിറോഡ്.
3. കോട്ടൂർ, മലപ്പട്ടം ഹൈസ്കൂൾ റോഡ
4. കൂട്ടുമുഖം, പന്ന്യാൽ, ചേപ്പറമ്പ് റോഡ്.
5. പള്ളം, തോപ്പിലായി റോഡ്
6. ചേപ്പറമ്പ്, കരയത്തിചാൽ റോഡ്
7. ഐച്ചേരി,അലക്സ് നഗർ റോഡ്
8. നിടുങ്ങോം, മുണ്ടോൻവയൽ റോഡ്
9. നിടിയേങ്ങ ചേപ്പറമ്പ് റോഡ്
10. കാഞ്ഞിലേരി, മൈക്കിൾഗിരി, ബ്ലാത്തൂർ റോഡ്
12. കൂട്ടുമുഖം, പാറക്കടവ് റോഡ്
13. കാവുമ്പായി, ചെച്ചേരി റോഡ്
14. കോട്ടൂർവയൽ, പഴയങ്ങാടി റോഡ്
15. കൂട്ടുമുഖം, പന്ന്യാൽ റോഡ്
16. കാവുമ്പായി, കപ്പണതട്ട് റോഡ്
18. മടമ്പം ബസ് സ്റ്റോപ്പ്, മടമ്പം തൂക്കുപാലം റോഡ്
19. എള്ളരഞ്ഞി, ക്കൊയിലിറോഡ് (മടമ്പം, കൊയിലി, എള്ളരിഞ്ഞി, ആസ്പത്രി റോഡ്)

20. കോട്ടൂർ-ITC റോഡ്

21 പന്നിയോട്ടുമൂല ഹരിജൻ കോളനി SES കോളജ് റോഡ്.

22 A.K.G. നഗർ പെരുത്തി നെല്ലിക്കുന്ന് റോഡ്.

23. പയറ്റ്യാൽ, വള്ള്യാട് ഹരിജൻ കോളനി റോഡ്.

അറ്റകുറ്റപ്പണികൾ ചെയ്തു ഗതാഗത യോഗ്യമാക്കേണ്ടവ:-

1. നെടിയേങ്ങ കവലമുതൽ കട്ടായി കോറങ്ങോട്ട് വരെയുള്ള റോഡ്.

2. വെളിയനാട് അമ്പഴത്തും ചാൽ റോഡ്

3. ചേപ്പറമ്പ് സ്കൂൾമുതൽ ചേപ്പരമ്പ് പാറവരെ

4. പയറ്റുചാൽ, വെള്ളിയാട് (ഹരിജൻ കോളി), ചെമ്പേരി റോഡ്.

5. കോട്ടൂർവയൽ, കാനപ്രംറോഡ്.

6. കാവുമ്പായി-കംബ്ലാരി (ഹരിജൻ കോളനി) റോഡ്

7. ചേപ്പറമ്പ്, ചെട്ട്യാൻ, കംബ്ലാറി റോഡ്.

8. കാഞ്ഞിലേരി സ്കൂൾ-നരന്തേൻമല, ബ്ലാത്തൂർ റോഡ് 1.800 KM.

9. തുമ്പേനി-വഞ്ഞിയൂര-കണിയാൻ വയൽ റോഡ്.

10. ബാലങ്കരി-വെളൂർ റോഡ് 1KM.

11. കോട്ടൂർ-ആവണക്കോൽ റോഡ്.

12. കോട്ടൂർ I.T.C റോഡ്.

13. കോട്ടൂർ ഹരിജൻ കോളജി-മലപ്പട്ടം റോഡ് 4.KM.

14. SCS കോളേജ്-കോടൂർ ഹരിജൻ കോളനി റോഡ്.

15. കോറങ്ങോട്ടു-ഞാണ്ണമലവഴി-കരയത്തുംചാൽ

16. കൊക്കായിക്കോറഹ്ങ്ങോട് റോഡ്.

17. ചുണ്ടപ്പറമ്പ് -പാരിറോഡ്.

18. പ്ലാമൂട്ടിൽ-മാത്തോട്ടം റോഡ്.

19. കൈവെട്ടുചാൽ അലക്സ്നഗർ റോഡ്.

20. ചെരിക്കോട്-വെള്ളിടം റോഡ്.

21. വയക്കര-മൈക്കിൽ ഗിരിറോഡ് 3.20 KM.

22. ചെമ്പന്തൊട്ടി -ചമതത്തിരി റോഡ്.

23. അഞ്ചാംമൈൽ -വെള്ളിയാംമട റോഡ്

24. ചെരിക്കോട് -മുണ്ടകൽവയൽ റോഡ്

25. ചുണ്ടപ്പറമ്പ്-നെടുങ്ങോം റോഡ്.

26. എള്ളരഞ്ഞി-കാവുമ്പായി ഹിജൻ കോളനി റോഡ്.

27. എള്ളരിഞ്ഞി - വേട്ടക്കൊരുമകൻ റോഡ്.

28. കാവുമ്പായി മെയിൻ റോഡ്, കാവുമ്പായി സ്കൂൾ റോഡ്.

29. പെരുവളത്ത് പറമ്പ്, മുസ്ലിം പള്ളി, വയക്കര റോഡ്.

30. ഐച്ചേരി -പുള്ളിയംകുന്ന്, കാവുമ്പായി ഹരിജൻ കോളനി റോഡ്.

31. നിടിയേങ്ങ-എ.കെ.ജി.നഗർ നെല്ലികുന്ന് റോഡ്.

32. ചെമ്പന്തൊട്ടി -ഓടക്കുണ്ട് റോഡ്.

33. കോട്ടൂർ പാലം, ചായ്യാറ-ഹരിജൻ കോളനി റോഡ്.

34. കോട്ടൂർ എ. കുഞ്ഞിക്കണ്ണൻ വായനശാല റോഡ്.

35. ശ്രീകണ്ഠപുരം കടവുനടിചേരി റോഡ്.

പഞ്ചായത്ത് ഏറ്റെടുക്കേണ്ടവ

1. ചേപ്പറമ്പ്-ചെട്ട്യാൽ-കാനപ്രംറോഡ്

2. പെരുവളത്ത് പറമ്പ് -വയക്കര റോഡ്.

3. ആര്യപ്പറമ്പ്-പഞ്ചാംമൂലറോഡ്

4. മടമ്പം-കുറവത്തിറോഡ്

5. ചേപ്പറമ്പ്-ചെറുച്ചണി കട്ടായി-ചെമ്പന്തൊട്ടി റോഡ്.

6. കോട്ടൂർ ചമതക്കരി, SES കോളേജ് റോഡ്, (പന്നിയോട്ടുമൂല)

7. കാവുമ്പായി പാലം-കോറൂലറോഡ്

8. മടമ്പം-തൂക്കുപാലം-വഞ്ഞിയൂർ റോഡ്

9. നിടയേങ്ങ-ചെഞ്ഞരറോഡ്

10. പുല്ലായി -വഞ്ഞിയൂർ മടമ്പം തൂക്കുപാലം റോഡ്.

11. നിടിയേങ്ങ സ്വാമിമഠം, പെരുമ്പറമ്പ് റോഡ്

12. കോട്ടയിൽ-കോട്ടംറോഡ്

13. കോപ്പിലാടി-ബസർത്താട്ടി റോഡ്

14. കോട്ടൂർ സ്കൂൾ -ഛതുക്കുളം റോഡ്.

15. നിടിയേങ്ങ യു.പി.സ്കൂൾ തോപ്പിലടി ഹരിജൻ കോളനി റോഡ്.

16. കൊയിലി-വെൺവെട്ടി വഴി എള്ളരിഞ്ഞി ആസ്പത്രി റോഡ്.

17. കൊയിലി റോഡിൽനിന്ന് വെണ്ണക്കുന്നുവഴി മൂട്ടുമുഖം റോഡ്.

18. പൊടിക്കളം-കക്കാട്ട് വയൽ-വെണ്ണക്കുന്ന് റോഡ്.

19. മമ്പടം-കൊള്ളോളം വഴി-കൊയിലി ചോല റോഡ്.

അടിയന്തിരമായും ചെയ്തുതീർക്കേണ്ട പാലങ്ങൾ:-

മലപ്പട്ടം മുതമ്പുകടവുപാലം. ഈ പാലം മലപ്പട്ടം പഞ്ചായത്ത് അതിർത്തിയിൽ നിൽക്കേണ്ടതാണെങ്കിലും ഇതിന്റെ ഗുണഭോക്താക്കൾ അധികവും ശ്രീകണ്ഠപുരം പഞ്ചായത്തിലെ ജനങ്ങളായിരിക്കും. ശ്രീകണ്ഠപുരത്തുനിന്നും ജില്ലാ ആസ്ഥാനമായ കണ്ണൂരിലെത്താനുള്ള യാത്രയിൽ 15 കി.മീ. കുറക്കാനും അതുമൂലം യാത്രയിൽ സമയലാബവും തുടർന്നുള്ള ഇന്ധനലാഭവും ഈ പാലത്തിന്റെ നിർമ്മിതിയിലൂടെ നേടാനാകും. ഇരിക്കൂർ ബ്ലോക്കിൽ അകത്തുള്ള പിടിയൂർ കല്യാട്, ഏരുവേശ്, പയ്യാവൂർ, ഇരിക്കൂർ എന്നീ പഞ്ചായത്തിലെ ജനങ്ങൾക്കും ഈ പാലം യാത്രാദൂരം കുറക്കുന്നതിനും തുടർന്നുള്ള മറ്റുനേട്ടങ്ങൾക്കും സഹായകമാകും.

മടമ്പം റഗുലേറ്റർ കംബ്രിഡ്ജ്:- ഇന്നു നിലവിലുള്ള

തൂക്കുപാലം കാലപ്പഴക്കത്താൽ സുരക്ഷിതമല്ല. അതിനുപകരമായി ആ സ്ഥാനത്തു ഒരു റഗുലേറ്റർ കംബ്രിഡ്ജ് നിർമ്മിക്കുകയാണെങ്കിൽ മമ്പടം നിവാസികളുടെ യാത്രാപ്രശ്നം പരിഹരിക്കാനും പ്രദേശത്തെ കാർഷിക-ജലസേചന സൗകര്യങ്ങൾ ഉയർത്താനും ആവും.

ചെമ്പന്തൊടി-ചമതക്കിരി റോഡിൽ ചെമ്പന്തൊടി സ്കൂളിനുസമീപം ഇരുവശവും തകർന്നുപോയ പാലം പുതുക്കപ്പണിയണം.

തോമ്പിൽപടിക്ക് സമീപം ഒരു കലുങ്ക് പണിയേണ്ടത് അടിയന്തിര ആവശ്യമാണ്. ദൈനദിനം സ്കൂളിലും പള്ളിയിലും പോകുന്ന വിദ്യാർത്ഥികൾക്കും കാൽനടയാത്രക്കാർക്കും ഈ രണ്ട് പാലങ്ങളും പണിയേണ്ടത് അടിയന്തിര ആവശ്യമാണ്.

എ.കെ.ജിനഗർ -നെല്ലിക്കുന്ന് റോഡിൽ പെരുഞ്ഞിതോടിന് 4 മീറ്റർ പാലം.

നടപ്പാതകൾ

1. കൊളോളം-മടമ്പം-കൊയിലി പ്രദേശത്തുള്ളവർക്ക് കൂട്ടുമുഖം- പൊടിക്കുളം റോഡിലെത്തുന്നതിനും ഒറ്റനടപ്പാതവേണം.

ചെരിക്കോട്-പൊക്കംകുന്ന് വെള്ളിടം ഭാഗത്തുള്ള 25ഓളം കുടുംബങ്ങൾക്കു സമീപത്തുള്ള റോഡിലെത്തുന്നതിനും നിലവിലുള്ള ഊടുവഴി നടപ്പാതയാക്കണം.

3. വയക്കര-കാനാത്തിമൂല-പെരുവളത്തുപറമ്പ് പ്രദേശങ്ങളെ റോഡുമായി ബന്ധിപ്പിക്കണം.
4. കൊട്ടീഞ്ഞാൽ, അകവയലിൽനിന്നുള്ള നടപ്പാത.
5. പുതുവയൽ കണ്ണാകൈ നടച്ചാരി
6. പുതുവയൽ നടപ്പാത
7. കോട്ടംതാഴെ -(കോട്ടൂർ) നടപ്പാത

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1. മാപ്പിനി പ്രദേശത്തെ അല്ക്സ് നഗർ ഐച്ചേരി റോഡുമായി ബന്ധിപ്പിക്കുന്ന ഒരു പുതിയ റോഡ്.
2. കരയത്തുംചാൽ കോളനിയിൽനിന്നും.
3. തൃക്കടവ് മുതൽ ചൂളിയാട് വരെ
4. കാവുമ്പായി-എള്ളരിഞ്ഞി റോഡ്.
5. ഏരുപാംമ്പയൽ റോഡ്.

ഊർജ്ജം
(വൈദ്യുതി)

ശ്രീകണ്ഠപുരം പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് മട്ടന്നൂർ ചാവശ്ശേരി 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ്. ശ്രീകണ്ഠപുരവുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ എണ്ണവും പഠിച്ചതിൽനിന്ന് ട്രാൻസ്ഫോർമറുകളെല്ലാം അധികഭാരം വഹിക്കുന്നതാണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. കണക്റ്റഡ് ലോഡിലും ഉപഭോക്താക്കലുടെ എണ്ണത്തിലും ദിനം പ്രതി വർദ്ധനവുണ്ടായികൊണ്ടേയിരിക്കുന്നു. ഇവിടെ വൈദ്യുതി ഉപയോഗത്തിന്റെ ബഹുഭൂരിഭാഗവും ഗാർഹീക മേഖലയിൽ ആണെന്ന് കാണുന്നു. വ്യാപാരം, വ്യവസായം, കാർഷികം എന്നീ മേഖലയിലും ഇവിടെ വൈദ്യുതി ഉപയോഗിക്കുന്നു.

ശ്രീകണ്ഠപുരം ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നു കിട്ടിയ കണക്കുപ്രകാരം പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി ഉപയോഗം

ഗാർഹീകം	3042
വ്യാപാരം	352
വ്യവസായം	48
കാർഷികം	140
തെരുവ്വിളക്ക് ബൾബ്	164-40W
ട്യൂബ്	9എണ്ണം

ശ്രീകണ്ഠപുരത്തെ വൈദ്യുതി ഉപഭോക്താക്കളെ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ട്തയാണ്. സബ് സ്റ്റേഷനിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. സബ് സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ മുഴുവനും ലഭിക്കുന്നില്ല എന്നാണ്. പിക്ലോഡ് സമയത്താണങ്കിൽ ഇതുവളരെ കുറയുകയും ചെയ്യുന്ന ശ്രീകണ്ഠപുരത്തിന് 11 കെ.വി. വൈദ്യുതി കിട്ടേണ്ട സ്ഥാനത്ത് 9നും 4നും മദ്ധ്യേ കെ.വി. മാത്രമെ കിട്ടുന്നുള്ളു. മട്ടന്നൂർ ചാവശ്ശേരി സബ് സ്റ്റേഷനിൽനിന്നും ശ്രീകണ്ഠപരുത്തേക്കുള്ള ദൂരക്കൂടുതലും അധിക ലോഡും (ഉപയോഗത്തിന്റെ എണ്ണം) ആണ് കാരണം പറയുന്നത്.

ധാരാളം ഉപഭോക്താക്കൾ 110 വി. ബൾബാണ് ഉപയോഗിക്കുന്നത്. മാത്രമല്ല സ്റ്റെപ്പ്-അപ്പുകൾ വളരെ വ്യാപകമായി ഇവിടെ ഉപയോഗിക്കുന്നു. വീടുകളിലെ കണക്റ്റഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രജിസ്റ്ററുകളിൽ യഥാർത്ഥത്തിൽ രേഖപ്പെടുത്തിയതിനേക്കാൾ വളരെ കൂടുതലാണെന്നതു ഒരു വസ്തുതയാണ്.

വൈദ്യുതി മോഷണം പഞ്ചായത്തിൽ വിരളമാണ്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ-വിതരണ സംവി

ധാനങ്ങളുടെ തകരാർ കാരണമാണ്. ഈ നഷ്ടത്തിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അധികഭാരവും വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്.

വൈദ്യുതിയുടെ പ്രധാന ഗാർഹീക ഉപയോഗം വെളിച്ചത്തിനുവേണ്ടിതന്നെ. ജലസേചനത്തിനും ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രവർത്തനത്തിനും വൈദ്യുതി ഇന്ന് വീടുകളിലും മറ്റു സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നു. കുറഞ്ഞ വോൾട്ടേജിൽ ലഭിക്കുന്ന വൈദ്യുതി ഉപയോഗിക്കാൻ ഈ നാട്ടിലെ ജനങ്ങൾ നിർബന്ധിതരായിരിക്കയാണ്. തന്മൂലം വൈദ്യുതിയെ ആശ്രയിച്ച് ഉപയോഗിക്കുന്ന ഗാർഹീകോപകരണങ്ങൾക്ക് അതിവേഗം കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ശ്രീകണ്ഠപുരം പഞ്ചായത്തിൽ പലപ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

അടുപ്പുകൾ കത്തിക്കുന്നതിന് ഈ പഞ്ചായത്തിൽ അധികവും ഉപയോഗിക്കുന്നത് വിറകുതന്നെയാണ്. തെങ്ങിൽനിന്നും ഉള്ള വിറക്, പാഴ്മരങ്ങൾ മുതലായ ഇതിനുപയോഗിക്കുന്നു. ഗ്യാസ് മണ്ണെണ്ണ അടുപ്പുകൾ ഇപയോഗിക്കുന്നവർ രണ്ടാംസ്ഥാനത്തുനില്ക്കുന്നു. ഇവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്നു. സോളാർ അടുപ്പുകൾ ആരുംതന്നെ ഉപയോഗിക്കുന്നില്ല. പുക യില്ലാത്ത അടുപ്പുകൾക്ക് പ്രിയം ഏറിവരുന്നുണ്ടെങ്കിലും പല ചെറുകിട കൃഷിക്കാരും റബ്ബർഷീറ്റ് ഉണക്കുന്നതിനായി അടുപ്പിൽനിന്നുള്ള. പുക ഉപയോഗിക്കുന്നതിനാൽ ഇത്തരക്കാരുടെ ഇടയിൽ പുകയില്ലാത്ത അടുപ്പുകൾക്ക് പ്രിയം കുറവാണ്. ഈ ഇനത്തിൽ ഉൾപ്പെടാത്ത ചെറിയ കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ നല്കി പ്രചരിപ്പിക്കണം. ഗോബർ ഗ്യാസ്, ബയോഗ്യാസ് ഉപയോഗത്തിന് കൂടുതൽ സാധ്യതയുള്ള കന്നുകാലി വളർത്തൽ ഉപജീവനമാക്കിയ കുടുംബങ്ങൾ ധാരാളമുണ്ട്. അവർക്ക് ഈ വിഷയത്തിൽ പ്രോത്സാഹനം നല്കിയാൽ പാഴായി പോകുന്ന ഗോബർ ഗ്യാസ്, ബയോഗ്യാസ് ഊർജ്ജം ഉപയോഗപ്രദമാക്കാം.

പ്രസരണ നഷ്ടം

മലമ്പ്രദേശ മേഖലയായ ശ്രീകണ്ഠപുരത്ത് വൈദ്യുത കമ്പികൾ മരങ്ങളിൽ തട്ടിയുണ്ടാകുന്ന പ്രസരണ നഷ്ടം വളരെ കൂടുതലാണ്. (പട്ടണങ്ങളിൽ കുറവാണ്) ഈ വിഷയത്തിൽ അടിയന്തിരമായ ശ്രദ്ധ നൽകണം.

ഒരോ ട്രാൻസ്ഫോർമറിൽനിന്നും നല്കിയിട്ടുള്ള കണക്ഷൻ അതിനു താങ്ങാവുന്നതിലും വളരെ കൂടുതലാണ്. ആയതിനാൽ വോൾട്ടേജ് കുറവ് കൂടുതൽ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ആശ്യത്തിന് ട്രാൻസ്ഫോർമർ ഉണ്ടായിരിക്കണം.

ശ്രീകണ്ഠപുരത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സബ്സ്റ്റേഷന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം ഒരു പരിധിവരെ കുറയ്ക്കാം.

വൈദ്യുതി ഉത്പാദനം

ഈ പഞ്ചായത്തിലെ താരതമ്യേന ഉയർന്നതും ഉയർന്ന വൃക്ഷങ്ങൾ ഇല്ലാത്തതുമായ ചേപ്പറമ്പ് അലോറ മലയിൽ വർഷത്തിൽ എല്ലാക്കാലത്തും കാറ്റ് ലഭിക്കുന്നപ്രദേശമാണ്. അവിടെ കാറ്റാടി യന്ത്രം സ്ഥാപിച്ച് വൈദ്യുതിയെടുക്കാൻ കഴിയുന്ന ഒരു പദ്ധിക്ക് രൂപം നൽകിയാൽ ആ പ്രദേശത്തും സമീപ പ്രദേശത്തും വൈദ്യുതി പ്രശ്നം പരിഹരിക്കാവുന്നതാണ്.

അടിയന്തിരമായി തുറന്ന് പ്രവർത്തിക്കേണ്ടവ

1. അനർട്ടിന്റെ ഒരു ശാഖ ശ്രീകണ്ഠപുരം കേന്ദ്രമായി പ്രവർത്തിക്കേണ്ടത് ഈ പ്രദേശത്തെ ജനങ്ങൾക്ക് സ്ഥാപനത്തിന്റെ സേവനം കൂടുതൽ മെച്ചപ്പെട്ടരീതിയിൽ ലഭിക്കുന്നതിന് ആവശ്യമാണ്.

2. L.P.G. ഗ്യാസ് ഏജൻസിയുടെ ഒരു ശാഖ ശ്രീകണ്ഠപുരത്ത് സ്ഥാപിക്കേണ്ടത് ആവശ്യമാണ്. സ്ഥലത്തെ ഉപഭോക്താക്കൾ ഈ ആഴശ്യത്തിനായി തളിപ്പറമ്പ്, പയ്യന്നൂർ കേന്ദ്രങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.



പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിടം - സമൂഹ്യക്ഷേമം

പാർപ്പിടം - ഈ നൂറ്റാണ്ടിന്റെ അറുപതുകൾ വരെ വീടുകളുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു. അന്ന് ഇന്നുകാണുന്ന തരത്തിലുള്ള ഒറ്റ വീടും ഉണ്ടായിരുന്നില്ല. ചെറ്റപ്പുരകൾ, കട്ടപുരകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ലാത്ത വീടുകളാണുണ്ടായിരുന്നത്. കുറെയേറെ വീടുകൾക്കുകൂടി ഒരു കിണറാണുണ്ടായിരുന്നത്. കുറെ ഏക്കർ പറമ്പിൽ ഒരു വീടാണുണ്ടാവുക. ഒറ്റ വീടിനുപോലും കക്കൂസ് ഉണ്ടായിരുന്നില്ല. വിശാലമായ പറമ്പിന്റെ ഏതെങ്കിലും ഭാഗമായിരിക്കും മലമൂത്രവിസർജനത്തിന് ഉപയോഗിക്കുന്നത്. ഇടത്തരം കൃഷിക്കാരുടെ വീടുകൾ കുറെക്കൂടെ വലുതായിരുന്നു. എങ്കിൽപ്പോലും ഇന്നത്തെപ്പോലെ വിശാലമായ മുറികൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല. ധാന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനും കാർഷിക ഉപകരണങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതിനുമുള്ള വളരെ ഇടുങ്ങിയ മുറികളാണുണ്ടായിരുന്നത്. 1965-70കളോടെ വീടുകളുടെ സങ്കൽപത്തിൽ സമൂലമായ മാറ്റം വന്നു. സ്വീകരണമുറി, ശയനമുറികൾ, അടുക്കള തുടങ്ങിയ സൗകര്യങ്ങളുള്ള വലിയ വീടുകളോടുള്ള താൽപര്യം കൂടി വന്നു.

ഗൾഫ് പണത്തിന്റെ വരവോടുകൂടി വീടുകൾക്കുള്ളിലെ ആഡംബരങ്ങളും കൂടിവന്നു. ഗൾഫുകാരെ അനുകരിച്ച് ഇടത്തരക്കാർ കടംവാങ്ങി വീടുവയ്ക്കാൻ തുടങ്ങി. ജീവിതത്തിലെ വരുമാനത്തിന്റെ ഏറിയ പങ്കും പാർപ്പിടത്തിനുവേണ്ടിയാണ് പലരും നീക്കിവയ്ക്കുന്നത്. എന്നിരുന്നാൽ തന്നെയും അടിസ്ഥാന സൗകര്യങ്ങൾ മുഴുവൻ ലഭിക്കുന്നുമില്ല.

ശ്രീകണ്ഠാപുരം പഞ്ചായത്തിലെ അറുപതു ശതമാനം വീടുകളും അടിസ്ഥാന സൗകര്യമുള്ളവയാണ്. എന്നാൽ, എല്ലാ വാർഡുകളിലും കുടിലുകളുമുണ്ട്. പഞ്ചായത്തിൽ ചേരിപ്രദേശങ്ങൾ ഇല്ലെങ്കിലും പുറമ്പോക്കിൽ കുടിൽകെട്ടി താമസിക്കുന്നവരുണ്ട്. പത്തോളം ഹരിജൻ കോളനികളുമുണ്ട്. കോളനികളുടെ പശ്ചാത്തല സൗകര്യം ഏറെക്കുറെ തൃപ്തികരമാണ്. പഞ്ചായത്തിൽ ഏകദേശം 150ഓളം ഭവനരഹിത കുടുംബങ്ങൾ ഉണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഭവനനിർമാണത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്. നൂറോളം കുടുംബങ്ങളുടെ വരുമാനമാർഗ്ഗം ഗൾഫ് പണമാണ്. ഭവനനിർമാണത്തിനുവേണ്ടി പഞ്ചായത്തിലുള്ള സഹകരണ സ്ഥാപനങ്ങളേയും മറ്റു സർക്കാർ ഏജൻസികളേയുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ഹൗസിംഗ് സൊസൈറ്റികൾ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നില്ല. അടുത്ത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇരിക്കൂർ ഹൗസിംഗ് സൊസൈറ്റി, താലൂക്ക് ആസ്ഥാനമായ തളിപ്പറമ്പ് ഹൗസിംഗ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പകൾ വാങ്ങിക്കാറുണ്ട്. 1967നു മുമ്പ് കൂട്ടുകുടുംബ സമ്പ്രദായം ഉണ്ടായിരുന്നു. 1967ൽ നിയമം മൂലം ഈ സമ്പ്രദായം നിരോധിക്കുകയുണ്ടായി.

വീടുകളുടെ തരം		സർക്കാർ ഏജൻസികൾ മുഖാന്തിരം നിർമിച്ച വിടുകളുടെ വിവരപട്ടിക
ഓലമേഞ്ഞത്	754	ബ്ലോക്ക് മുഖാന്തിരം പൂർത്തിയാക്കിയത്
ഓടിട്ടത്	3218	1992-96 വർഷം മൊത്തം
കുടിൽ	320	എം. ഡബ്ല്യു. സ്കീം. 17
കോൺക്രീറ്റ്	2020	ജെ.ആർ.വൈ സ്കീം 6
ആകെ	6312	ആകെ വീടുകൾ 16

ഐ.ആർ.ഡി.പി സർവ്വേ പ്രകാരം 350 വീടുകൾ പഞ്ചായത്തിൽ ആവശ്യമുണ്ട്. വിവിധ പരിപാടികളിലായി 62 വീടുകൾ പൂർത്തിയായി. 4 വീടുകൾ പൂർത്തിയാക്കുവാനുണ്ട്. ടി സർവേ പ്രകാരം 284 വീടുകൾ അനുവദിക്കേണ്ടതായിട്ടുണ്ട്. സർക്കാർ സഹായംകൊണ്ടുമാത്രം പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ കഴിയുകയില്ല. ഭവന നിർമാണത്തിനാവശ്യമായ സാമഗ്രികൾ കടകൾ വഴി പഞ്ചായത്തിനകത്തു വിൽക്കപ്പെടുന്നുണ്ട്. കരാർ അടിസ്ഥാനത്തിലും

ദിവസക്കൂലിയും വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾ ജോലി ചെയ്യുന്നു. 1970-75 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് ഏകദേശം 10 രൂപയായിരുന്നു കൂലി. 95-96 വർഷത്തിൽ അത് ഏകദേശം 100-150 രൂപയായി വർദ്ധിച്ചു. 1988-90-ൽ ഒരു ചാക്ക് സിമിന്റിന് വില 100 രൂപയായിരുന്നു. 1995-96 വർഷത്തിൽ 190 രൂപയിൽ എത്തിനിൽക്കുന്നു. 85-90ൽ ഏകദേശം 100 കല്ലിന് 350 രൂപയായിരുന്നത് 95-96ൽ 800 രൂപയായി. കുടിയേറ്റ ജൂബിലിയുടെ ഭാഗമായി സർക്കാരിന്റെ സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി പാവപ്പെട്ടവർക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ആയതിന്റെ ഫലമായി അവരുടെ ജീവിത നിലവാരം ഉയരുകയും സന്തോഷപ്രദമായി കുടുംബജീവിതം നയിക്കുന്നതിനും കഴിയുന്നു. സമൂഹത്തിൽ ജാതി, മതപരിഗണനകൾക്കതീതമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതരായ എല്ലാവരേയും പരിഗണിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വ്യക്തിപരമായ ലോണുകൾ എന്ന നിലയിൽ ഉയർന്ന പലിശ നിരക്കു നല്കിയാണ് വായ്പകൾ എടുക്കുന്നത്. ഇത്തരം വായ്പകൾ സാധാരണക്കാർക്ക് ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്നു.

2. ഭവനനിർമാണ വായ്പകൾ പലിശനിരക്ക് ഉയർന്നതാണ്.

3. വീടു നിർമ്മാണത്തിനാവശ്യമായ സാമഗ്രികളുടെ രൂക്ഷമായ വിലവർധന സാധാരണക്കാർക്ക് താങ്ങാവുന്നതിലും അപ്പുറമാണ്.

4. ഉയർന്ന കൂലിനിരക്കും മറ്റു സാമഗ്രികളും വിലക്കയറ്റവും കാരണം പാവപ്പെട്ടവർക്ക് വീട് ഇന്നും സ്വപ്നം മാത്രമാണ്.

5. വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത മറ്റു പഞ്ചായത്തുകളേപ്പോലെ ശ്രീകണ്ഠപുരം പഞ്ചായത്തിലുമുണ്ട്. പുതിയ വീടുണ്ടാക്കുന്നതിനാവശ്യമായ സ്ഥലലഭ്യതയും മറ്റൊരു പ്രശ്നമാണ്.

6. ആശാരിമാർ, കൽപണിക്കാർ തുടങ്ങി വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം മറ്റൊരു പ്രശ്നമാണ്.

7. ശ്രീകണ്ഠപുരം പഞ്ചായത്തിൽ ഭവനരഹിതർക്ക് ഉപയുക്തമാകുന്ന തരത്തിലുള്ള ഒറ്റ ഹൗസിംഗ് സൊസൈറ്റി പോലുമില്ല.

നിർദേശങ്ങൾ

1. സർക്കാർ ഏജൻസികൾ മുഖാന്തിരം വീടുണ്ടാക്കുന്നവർ പാവപ്പെട്ടവരാണ്. അവർക്ക് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് വീട് നിശ്ചിത സമയത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്നില്ല. ആയതിനാൽ ഇത്തരക്കാർക്കുള്ള ധനസഹായം നൂലാമാലകളിൽ കുടുങ്ങാതെ എളുപ്പമാർഗത്തിൽ കിട്ടുവാനും വായ്പതുക വർധിപ്പിക്കുകയും വേണം.

2. ഗുണഭോക്താക്കൾ അർഹതപ്പെട്ടവർ തന്നെയാണ് അവർ പണി ഘട്ടം ഘട്ടമായി പൂർത്തിയാക്കണം.

3. മറ്റു വരുമാന മാർഗ്ഗമില്ലാത്തത് അവരുടെ പ്രശ്നമാണ്. സഹായധനം യഥാസമയം നിബന്ധനകൾക്കനുസരിച്ച് അവർ ഉപയോഗപ്പെടുത്തണം.

4. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

5. ഇതിന്റെ പ്രധാന ഉദ്ദേശലക്ഷ്യം താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമാണം ആയിരിക്കണം.

6. സാധാരണക്കാർക്ക് വായ്പ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം. പലിശനിരക്ക് കുറയ്ക്കണം.

7. ഇത്തരം സംഘങ്ങൾ വായ്പതുക നൽകുന്നതോടൊപ്പം കെട്ടിട നിർമാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും നടപടികളെടുക്കണം.

8. ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭൂമി പതിച്ചു നല്കുന്നതോടൊപ്പം വീടുനിർമാണത്തിനാവശ്യമായ സഹായധനം ഗ്രാന്റായി നൽകണം.

9. സഹായധനം പൊതുവെ വർധിപ്പിക്കണം.

10. വയൽനികത്തി വീടുണ്ടാക്കുന്ന പ്രവണ കർശനമായി തടയണം.

11. വീട് നിർമിക്കാൻ പ്രത്യേക സ്ഥലങ്ങൾ പഞ്ചായത്ത് മുഖാന്തിരം കണ്ടുപിടിച്ച് അവിടങ്ങളിൽ ഫ്ളാറ്റ് സമ്പ്രദായത്തിലുള്ള വീടുകൾ സൊസൈറ്റികൾ സ്ഥാപിച്ച് നിർമിക്കണം.

12. നിർമാണ തൊഴിലാളികളുടെ ദൗർലഭ്യം നികത്തെയെടുക്കുന്നതിനുവേണ്ടിയും ചെലവു കുറഞ്ഞ വീട് നിർമാണ വൈദഗ്ധ്യം നേടുന്നതിനുവേണ്ടിയും പഞ്ചായത്തിൽ 'നിർമിതി കേന്ദ്രം' മാതൃകയിൽ പരിശീലനകേന്ദ്രങ്ങൽ സ്ഥാപിക്കണം.

13. വീട് ആഡംബര പൂർണമാക്കി മാറ്റുന്ന പ്രവണത തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തണം.

14. നിർമാണ ചെലവ് രണ്ടുലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപെടുത്തണം.

15. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

സാമൂഹ്യക്ഷേമം

നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ജാതി-ജന്മി നാടുവാഴിത്ത വ്യവസ്ഥകൾ ഒരു വലിയ ഭാഗം ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്കു കാരണമായിരുന്നു. തൊഴിലില്ലായ്മ ദാരിദ്ര്യത്തിനുള്ള മറ്റൊരു കാരണമായിരുന്നു. ഇതിന്റെ ദുരിതം ഏറ്റവുംകൂടുതൽ അനുഭവിച്ചിരുന്നത് ആശ്രിതരായി കഴിഞ്ഞിരുന്ന വിധവകൾ, വികലാംഗർ, അഗതികൾ, ഹരിജനങ്ങൾ എന്നീ വിഭാഗക്കാരായിരുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954മുതൽ വികസന ബ്ലോക്കുകൾ നിലവിൽവന്നു. പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി 1960കളിൽ ക്ഷേമപദ്ധതികൾ ആരം

ഭിച്ചു. ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇപ്പോൾ ധനസഹായം എത്തിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന അതാത് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് മുഖേനയാണ്.

ഐ.ആർ.ഡി.പി. സർവേ സഹായധനം – 1993-94ൽ നടത്തിയ ഐ.ആർ.ഡി.പി കുടുംബ സർവേ പ്രകാരം ഈ പഞ്ചായത്തിൽ 2437 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഇതിൽ 332 കുടുംബങ്ങൾക്കു മാത്രമേ ഈ സ്കീം പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ളൂ. ഇതിൽതന്നെ 179 കുടുംബങ്ങൾ ഹരിജൻകുടുംബങ്ങളാണ്. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 30854ഉം മൊത്തം കുടുംബങ്ങൾ 6312ഉം ആണ്. ഏകദേശം 149 കുടുംബങ്ങൾ ദാരിദ്യരേഖയ്ക്കു മുകളിൽ എത്തുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സർവെ അപാകതകൾ ഉള്ളതും അർഹരായ ധാരാളം കുടുംബങ്ങൾ ഉൾപെടാത്തതുമാണ്.

ഡി.ഡബ്ല്യൂ.സി.ആർ.എ – ഐ.ആർ.ഡി.പി.യുടെ ഒരു അനുബന്ധ പരിപാടിയായ ഗ്രാമീണ വനിത ശിശു ക്ഷേമ (ഡി.ഡബ്ല്യൂ.സി.ആർ.എ) പരിപാടി പ്രകാരം ശ്രീകണ്ഠപുരം പഞ്ചായത്തിൽ 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ആകെ 58 വനിതകൾ പങ്കാളികളാണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം തികച്ചും നിരാശാജനകമാണ്. ഒരു പങ്കാളിക്ക് ഒരു ദിവസം കുറഞ്ഞത് 20 രൂപ പോലും സമ്പാദിക്കാൻ കഴിയുന്നില്ല. വിവിധ മേഖലകളിൽ ഇനിയും യൂണിറ്റുകൾ രൂപീകരിച്ച് നന്നായി പ്രവർത്തിക്കാവുന്നതാണ്.

ട്രൈസം – ഐ.ആർ.ഡി.പിയുടെ മറ്റൊരു ഘടക പദ്ധതിയായ ട്രൈഡം പരിപാടികളിൽ ഇതുവരെ 39 യുവതീയുവാക്കൾക്ക് പരിശീലനം നല്കുകയും എല്ലാവരും തൊഴിലിൽ ഏർപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിൽ 32 പേർ തയ്യൽ ജോലിയിലും 7 പേർ ആശാരിപ്പണിയിലുമാണ്. ഇനിയും വിവിധഇനം മേഖലകളിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകാവുന്നതാണ്.

ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരഭങ്ങളുടെ വിവരം.

ആരംഭിച്ച വർഷം	തൊഴിൽ സംരംഭത്തിന്റെ ഇനം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച് കുറിപ്പ്
1991-92	റെഡിമെയ്ഡ് ഗാർമെന്റ്സ്	10	ഇപ്പോൾ 7 പേർ പ്രവർത്തിക്കുന്നു
1995-96	ബ്രോയിലർ യൂണിറ്റ്	10	കെട്ടിടം പണി നടക്കുന്നു.
1990-91	ബ്രോയിലർ യൂണിറ്റ് കാഞ്ഞിലേരി	17	യൂണിറ്റ് പ്രവർത്തിക്കുന്നു.
1993-94	ഡയറി യൂണിറ്റ് വയക്കര	10	യൂണിറ്റ്പ്രവർത്തിക്കുന്നു.
1994-95	ഐവിൻ ഗാർമെന്റ്സ്	11	നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

ജനസംഖ്യയുടെ 30–40 ശതമാനം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ചെറുകിട കൃഷിയിലും അനുബന്ധ തൊഴിലിലും ഭൂരിപക്ഷവും ഏർപെട്ടവരാകുന്നു. വ്യവസായം, ഗ്രാമീണ കൈത്തൊഴിൽ മറ്റു മേഖലകൾ എന്നിവയിൽ സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലാത്തതിനാൽ തൊഴിലും തീരെ കുറവാണ്. കൃഷിയുടെ മുരടിപ്പും മറ്റു മേഖലകളിലെ പിന്നോക്കസ്ഥിതിയും ഇവരുടെ സാമ്പത്തിക ഭദ്രത തകർത്തിരിക്കുന്നു.

മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ സ്ത്രീകളേയും പട്ടികജാതിക്കാരേയും കർഷകതൊഴിലാളികളെയും കൂടുതൽ ബാധിച്ചിരിക്കുന്നു. അതൊടൊപ്പം അന്ധവിശ്വാസവും അനാചാരവും ഇവരുടെ വികസനത്തെ കാര്യമായി ബാധിക്കുന്നു.

ആംഗൻവാടികൾ

ഈ പഞ്ചായത്തിൽ 31 ആംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇവിടെ എല്ലാംകൂടി ഒരു വയസിനും അഞ്ചു വയസിനും ഇടയിലുള്ള 2921 ശിശുക്കളെയും 211 ഗർഭിണികളേയും പരിചരിക്കുന്നുണ്ട്. അന്നപൂരക പോഷകാഹാരം ലഭിക്കുന്ന 1994 കുട്ടികളും 166 ഗർഭിണികളും 161 മുലയൂട്ടുന്ന അമ്മമാരും ഇവയുടെ പ്രവർത്തന പരിധിയിൽ വരുന്നു. പഞ്ചായത്ത് മലമ്പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാലും യാത്രാസൗകര്യം കുറവായതിനാലും അർഹതയുള്ള എല്ലാ ശിശുക്കൾക്കും അമ്മമാർക്കും പ്രയോജനം ലഭിക്കുന്നില്ല. 31 ആംഗൻവാടികളിൽ 6 എണ്ണത്തിനേ സ്വന്തമായി കെട്ടിടമുള്ളൂ.

സാമൂഹ്യക്ഷേമ വകുപ്പു വഴിയും മറ്റു വകുപ്പുവഴിയും നൽകുന്ന വിവിധ ഇനം സഹായപദ്ധതികൾ താഴെ വിവരിക്കുന്നു.

സഹായത്തിന്റെ ഇനം	ലഭിയ്ക്കുന്നവരുടെ എണ്ണം
അഗതിപെൻഷൻ	ഇല്ല
വിധവാ പെൻഷൻ	156
വികലാംഗ പെൻഷൻ	39
വാർധക്യകാല പെൻഷൻ	4
അവശകലാകാര സാഹിത്യപെൻഷൻ	45
ക്ഷയരോഗ പെൻഷൻ	62
ക്യാൻസർരോഗ പെൻഷൻ	200
കർഷകതൊഴിലാളി പെൻഷൻ	544
തൊഴിലില്ലായ്മ വേതനം	4036

കർഷകതൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ എന്നിവയ്ക്ക് ഇനിയും 600 പേരെങ്കിലുമുണ്ടാകും. സാങ്കേതികമായ ബുദ്ധിമുട്ടുകാരണമാണ് അപേക്ഷ സമർപ്പിക്കാത്തത്.

മഹിളാ സമാജം

ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. ഉള്ള സമാജങ്ങളുടെ പ്രവർത്തനം മന്ദഗതിയിലാണ്. ഇവയ്ക്ക് പ്രവർത്തനമോ ക്രിയാത്മക നേതൃത്വമോ ഇല്ല.

സി.ആർ.സി.പി കക്കൂസ്

സി.ആർ.സി.പി പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ 1992നുശേഷം 61 കക്കൂസുകൾ നിർമിക്കുന്നതിന് 2000 രൂപവീതം 61 കുടുംബങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. 1992-96 വരെ 61 കക്കൂസുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി പദ്ധതിപ്രകാരം ധനസഹായം ആവശ്യമായ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിയുന്നില്ല.

2. സി.ആർ.സി.പി സ്കീം പ്രകാരം കക്കൂസ് അനുവദിക്കുന്നതിന് അപേക്ഷിക്കുന്നവർ നിരവധിയാണ്. എന്നാൽ, അതനുസരിച്ച് അലോട്ട്മെന്റ് ലഭിക്കുന്നില്ല. 2000 രൂപയാണ് സഹായധനമായതിനാൽ കക്കൂസിന് ഈ തുക തീരെ അപര്യാപ്തമാണ്.

3. വിവിധ സ്കീം പ്രകാരം ധനസഹായം വാങ്ങുന്നവർ പ്രസ്തുത തുക നിശ്ചയിക്കപ്പെട്ട പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല.

4. സി.ഡബ്ല്യൂ.സി.ആർ.എ സ്കീം പ്രകാരം ഒരു യൂണിറ്റിൽ 10 വനിതകൾ വേണം. എണ്ണക്കൂടുതൽ കാരണം ആഭ്യന്തരപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഉത്തരവാദിത്വമേറ്റെടുത്ത് പ്രവർത്തിക്കാൻ അവർക്ക് ആത്മവിശ്വാസമില്ല. ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ പ്രയാസപ്പെടുന്നു.

5. ആംഗൻവാടി ഹെൽപർ, വർക്കർ എന്നിവരുടെ സേവനവേതന ഘടന തീരെ തൃപ്തികരമല്ല.

6. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം ഗുണഭോക്താക്കൾക്ക് തീരെ പ്രയോജനപ്പെടുന്നില്ല.

7. മിക്ക ആംഗൻവാടികളിലും കക്കൂസ് സൗകര്യവും കിണറും സ്വന്തം കെട്ടിടവും ഇല്ല.

8. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.

9. അനർഹരായ ആളുകൾ പല പെൻഷനുകളും വാങ്ങിക്കൂട്ടുന്നുണ്ട്

നിർദേശങ്ങൾ

1. ഐ.ആർ.ഡി.പി സർവേ കൃത്യമായി നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരായ എല്ലാവരെയും ഉൾപെടുത്തി ധനസഹായം നല്കുകയും ചെയ്യണം.

2. ദാരിദ്ര്യനിർമാർജനത്തിനായി ആവിഷ്കരിക്കപ്പെട്ട ക്ഷേമപദ്ധതികൾ ഏതെന്നും അവ യഥാർഥ ഗുണഭോക്താക്കളിലേക്ക് എത്തിച്ചുകൊടുക്കേണ്ടതുമാണെന്നുള്ള അറിവ് രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർക്ക് ഉണ്ടാവണം.

3. ജനകീയ ബോധവൽക്കരണം

4. സി.ആർ.സി.പി. സ്കീം പ്രകാരം 2,000 രൂപ 5000 രൂപയായി വർധിപ്പിക്കണം.

5. പുരുഷൻമാർ മുൻകൈ എടുത്ത് ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റുകൾ ആരംഭിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കണം.

6. ഒരു ഗ്രൂപ്പിലെ സ്ത്രീകളുടെ എണ്ണം പത്തിൽനിന്ന് അഞ്ചായി കുറയ്ക്കണം.

7. എല്ലാം ആംഗൻവാടികളും സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

8. ലക്ഷ്യബോധമുള്ളതും ക്രിയാത്മകശേഷിയുള്ളതുമായ മഹിളാസമാജങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുകയും സാമൂഹ്യപിന്തുണ നേടികൊടുക്കുകയും വേണം.

9. ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റുകൾ മഹിളാസമാജം മുഖേന നടത്തുകയും വിപണന സൗകര്യം ഏർപ്പെടുത്തികൊടുക്കാനുള്ള സാമൂഹ്യപിന്തുണ നൽകുകയും വേണം. പഞ്ചായത്തിനകത്തു കിട്ടുന്ന അസംസ്കൃത വസ്തുക്കളും വിപണന സാധ്യതകളും കണക്കിലെടുത്തുവേണം ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റ് തുടങ്ങുവാൻ.

10. വരുമാനം വർധിപ്പിക്കുന്നതിനായി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

11. ബോധവൽകരണ സിമ്പോസിയം, സെമിനാറുകൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കണം.

സംസ്കാരം

സംസ്കാരം

സമ്പന്നമായ ഒരു സംസ്കാരിക പാരമ്പര്യം അവകാശപ്പെടാനുണ്ട് ശ്രീകണ്ഠപുരം പഞ്ചായത്തിന്. അറേബ്യയിൽ നിന്ന് ഇസ്ലാം മതപ്രചാരണത്തിനായി ആദ്യമായി ഇന്ത്യയിലെത്തിയ മാലിക്ദീബ്നുദിനാർ ഒരു പ്രധാന പ്രവർത്തന കേന്ദ്രം ഈ പഞ്ചായത്തിലെ പഴയങ്ങാടിയായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന സഹായികളിലൊരാളായിരുന്ന മാലിക് ദിനാർ ബ്ന് മുഹമ്മദ് ഉമർ അന്ത്യവിശ്രമം കൊള്ളുന്നതും ഇവിടെ തന്നെ മധ്യതിരുവിതാംകൂറിൽ നിന്ന് മലബാറിലേക്കുള്ള കർഷകരുടെ കുടിയേറ്റം ഇവിടത്തെ സാംസ്കാരിക രംഗത്തും കാര്യമായ ചലനങ്ങൾ വരുത്തുകയുണ്ടായി, മലബാറിലെ ആദ്യ കുടിയേറ്റ കേന്ദ്രമാണ് മടമ്പം ഈ പഞ്ചായത്തിലാണ്.

കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലാകെ മാറ്റം വരുത്തിയ കർഷക പ്രസ്ഥാനത്തിന്റെ ഈറ്റില്ലങ്ങളിലൊന്നായ കാവുമ്പായിലും ഈ പഞ്ചായത്തിൽ തന്നെ, ഹിന്ദു, കിസ്റ്റ്യൻ മുസ്ലീം മതവിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ സൗഹാർദ പൂർവ്വം ജീവിച്ചു വരുന്ന ഈ പഞ്ചായത്തിൽ വർഗീയഛായയുള്ള പ്രവർത്തനങ്ങൾ എപ്പൊഴെങ്കിലും നടന്നതായി കേട്ടു കേൾവിപോലുമില്ല.

മൂന്നു മതവിഭാഗങ്ങളുടേയും നിരവധി ആരാധനയങ്ങൾ ഈപഞ്ചായത്തിലുണ്ട്. അമ്മ കോട്ടം മഹാദേവി ക്ഷേത്രം, മടമ്പം ലൂർദ് ഫോറാനാപള്ളി. പഴയങ്ങാടി ജൂമാ അത്തു പള്ളി, മാലിക് ദിനാർ ബ്ത് ഉമറിന്റെ മക്ബറ, കാവുമ്പായിയിലെ പുലക്കോട്ടം (പുലയരുടെ ക്ഷേത്രം) ചെമ്പത്തൊട്ടി സെന്റ് ജോർജ് കിസ്ത്യൻ പള്ളി, നിടിയേങ്ങയിലെ സ്വാമിമഠം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇതിൽ അമ്മകോട്ടം പണ്ട് നശിച്ചുപോയതും അടുത്ത കാലത്തു പുന:രുദ്ധരിയ്ക്കപ്പെട്ടതുമാണ്. തൃക്കടമ്പിലുള്ള നശിച്ചുപോയ ക്ഷേത്രങ്ങളും ഇപ്പോൾ പുന:രുദ്ധരിയ്ക്കപ്പെട്ടുവരുന്നു. ഇതുകൂടാതെ നിരവധി കാവുകളും, നാഗപ്രതിഷ്ഠകളും പൊടിക്കളങ്ങളും ഈ പഞ്ചായത്തിലുണ്ട്.

വിവിധ മതക്കാരുടെ ദേവാലയങ്ങളിൽ നടക്കുന്ന ഉത്സവങ്ങളും പെരുനാളുകളും എല്ലാ വിഭാഗം ജനങ്ങളെയും ആകർഷിക്കുന്നു. പഴയങ്ങാടി മക്ബറയിലെ ഉറൂബ്, മടമ്പം, ചെമ്പത്തൊട്ടി, ചുണ്ടപുറമ്പ്, കോട്ടൂർ, പന്ന്യാൽ എന്നീ പള്ളികളിലെ പെരുനാളുകൾ കാവുമ്പായി പുലിക്കോട്ടത്തിലെ കളിയാട്ടം, നാടിയേങ്ങു സ്വാമി മഠത്തിലെ സമാധി ദിനം എന്നിവയാണ് പ്രധാനപ്പെട്ട ആഘോഷങ്ങൾ.

പഴയകാലത്തെ പല ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലാതായി വരികയാണെങ്കിലും മറ്റു പലതും ഇന്നു നിലനിൽക്കുന്നു. കാവുമ്പായി പുലക്കോട്ടത്ത് ശത്രുസംഹാരത്തിനായി നടക്കുന്ന 'കലംകമഴ്ത്തലും' അതിൽ നിന്ന് രക്ഷതേടാനായി നടത്തുന്ന 'കലം നിവർക്കലും' ഇന്നും നിലനില്ക്കുന്നുണ്ട്. കർക്കട മാസത്തിൽ വീടുതോറും കയറിയിറങ്ങുന്ന വേടനും മീന മാസത്തിലെ പുരോത്സവത്തിന്റെ ഭാഗമായി നടക്കുന്ന ചാണകം കൊണ്ടുണ്ടാക്കിയ കാമദേവനെ പൂജിക്കലും മകത്തിന് അരാമാവുകൊണ്ട് ശ്രീ ഭഗവതിക്കാൽ വെയ്ക്കുന്നതും മിക്ക ഭവനങ്ങളിലും ഇന്നും നടന്നു വരുന്നു. എന്നാൽ പുള്ളുവൻപാട്ട്, കെന്ത്രോൻപാട്ട്, കോതാമൂറി തുടങ്ങിയ ആചാരപരമായ കാര്യങ്ങൾ ഇന്ന് ഇല്ലെന്നു തന്നെ പറയാം. വിവാഹങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന ആചാരങ്ങളിലെല്ലാം പലമാറ്റങ്ങളും വന്നിട്ടുണ്ട്. എന്നാൽ ആഡംബരങ്ങൾ വർധിപ്പിക്കുന്ന തരത്തിലുള്ള മാറ്റങ്ങളാണ് കൂടുതലും ഉണ്ടായിട്ടുള്ളത്. മരണവുമായി ബന്ധപ്പെട്ട് നടത്തി വന്നിരുന്ന 'പിണ്ഡസഭ്യ' പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ജനങ്ങൾ വേണ്ടെന്നു വച്ചിട്ടുണ്ട്. അതിനു പകരം തൊട്ടടുത്ത വിദ്യാലയത്തിലെ കുട്ടികൾക്ക് അന്നേദിവസം പായസദാനം നടത്തുന്ന സമ്പ്രദായം നിലവിൽ വന്നിരിയ്ക്കുന്നു. ചോറൂണ് കാതുകുത്തൽ, തുരണ്ടുകുളി എന്നിവയുമായി ബന്ധപ്പെട്ട് പഴയ ആചാരങ്ങളൊന്നും ഇന്നു നിലനിൽക്കുന്നില്ല.

പഴയകാലത്തു നിലനിന്നിരുന്ന കലാരൂപങ്ങൾ പലതും നാശത്തിന്റെ വക്കിലാണ്. തെയ്യങ്ങളിൽ പുതിയ ഭഗവതിത്തിറ മാത്രമാണ് ഏറെക്കുറെ പഴയ നിലയിൽ തുടരുന്നത്. എള്ളമരത്തിലെ ചോന്നമ്മക്കോ

ട്ടത്ത് രണ്ടുദിവസം തുടർച്ചയായി നടന്നു വന്നിരുന്ന കളിയാട്ടത്തിന് അനേകം തെയ്യങ്ങൾ ഉണ്ടായിരുന്നു. എന്നാൽ കാൽ നൂറ്റാണ്ടിലേറെയായി അതു നിലച്ചിട്ടുണ്ട്. കാവുമ്പായി പുലക്കോട്ടത്തിലെ തെയ്യങ്ങൾ മറ്റെവിടെയെങ്കിലും ഉണ്ടോ എന്നു പോലും സംശയമാണ്. അത്യപൂർവ്വങ്ങളായ ആ തെയ്യങ്ങൾ ഇപ്പോൾ നടന്നു വരുന്നുണ്ടെങ്കിലും അടുത്ത തലമുറയിൽ അതു നിലനിൽക്കുമോ എന്നുറപ്പില്ല. ഹിന്ദുക്കളുടെയും മുസ്ലീംകളുടെയും ഇടയിൽ നിലനിൽക്കുന്ന രണ്ടു തരം കോൽക്കളികളുണ്ട്. അവയും അടുത്ത തലമുറയ്ക്ക് അപരിചിതമാവാനേ തരമുള്ളൂ. പഴയകാലത്തെ നാട്ടിപ്പാട്ടും ചുരുക്കം ചില പ്രായെ ചെന്ന സ്ത്രീകളുടെ ചുണ്ടുകളിൽ മാത്രം അവശേഷിക്കുന്നു. കോട്ടയം രൂപതയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന മാർഗം കളിയുടെ സ്ഥിതിയും ഏറെക്കുറെ അങ്ങിനെതന്നെ മുസ്ലിംകളുടെ ദഫ്മുട്ട് അറബനമുട്ട് എന്നിവയും പരിമിതമായ തോതിൽ ഇന്നും അവശേഷിക്കുന്നു. നാശോന്മുഖമായ ഈ കലാരൂപങ്ങളെ വരും തലമുറയുടെ ആവശ്യത്തിലേയ്ക്ക് സംരക്ഷിച്ചു നിർത്തേണ്ടതല്ലേ എന്ന് നാം ആലോചിക്കണം.

പഴയകാലത്തു ദേവാലയങ്ങൾ പ്രധാന സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായിരുന്നുവെങ്കിലും ഇന്നു ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബുകൾ തുടങ്ങിയവയാണ് ആ സ്ഥാനം അലങ്കരിക്കുന്നത്. ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിലെ ഗ്രന്ഥശാലയ്ക്കു പുറമെ കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേറ്റു ചെയ്ത 9 ലൈബ്രറികളും ക്ലബുകളും വായനശാലകളുമായി 22 സ്ഥാപനങ്ങളുമുണ്ട്.

പഞ്ചായത്തിലുള്ള എല്ലാ ഗ്രന്ഥാലയങ്ങളും നന്നായി പ്രവർത്തിയ്ക്കുന്നു. എന്നു പറയാൻ പറ്റില്ല. അമിതമായ പുസ്തവിലയും തുച്ഛമായ ഗ്രാന്റും ആവശ്യത്തിനു പുസ്തകം വരുന്നതിനുള്ള തടസ്സമാണ്. ഗ്രന്ഥാലയങ്ങളെ കൂടുതലായി പ്രയോജനപ്പെടുന്നത് വിദ്യാർഥികളും കുട്ടികളുമാണ്. പുസ്തങ്ങളെക്കാൾ കൂടുതലായി വായ്ക്കപ്പെടുന്നത് ആനുകാലിക പ്രസിദ്ധീകരണങ്ങളുമാണ്. ജനങ്ങൾക്ക് വായനയെക്കാൾ താത്പര്യം ഇലക്ട്രോണിക് മാധ്യമങ്ങളിലാണ് കേബിൾ, ടി.വി.സൗകര്യങ്ങളും ഇപ്പോൾ പഞ്ചായത്തിൽ തുടങ്ങിയിട്ടുണ്ട്. ഇവയുടെ അതിപ്രസരം കുട്ടികളുടെ പഠനത്തെയും വായനാശീലത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നതാണ് ഗ്രന്ഥശാല പ്രവർത്തകരുടെയും നാട്ടുകാരുടെയും അനുമാനം. സ്ത്രീകളുടെ ഇടയിൽ വായനശീലം വളരെ കുറവാണ്അ. വായനയുടെ നിലവാരം മെച്ചപ്പെടുത്താൻ ഊർജ്ജിതമായ ബോധവൽക്കരണ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. മാതൃഭൂമി, മലയാള മനോരമ, ദീപിക, കേരള കൗമദി, മംഗളം, ദേശാഭിമാനി, മാധ്യമം, ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്, ചന്ദ്രിക എന്നീ പത്രങ്ങളാണ് പഞ്ചായത്തിൽ പ്രചാരത്തിലുള്ളത്. കൂടാതെ മറ്റനേകം അനുകാലിക പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്. കലാ-കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഇരുപതിലധികം ക്ലബുകളും, കലാസമിതികളും ഈ പഞ്ചായത്തിലുണ്ട്. കേരളോദ്ധവം പോലുള്ള പരിപാടികളിൽ ഇവയുടെ പങ്കാളിത്തവും ഉണ്ടാവാറുണ്ട്. സാമ്പത്തിക പരാധീനതകൾ ഇവയുടെ പ്രവർത്തനങ്ങളെ പലപ്പോഴും തടസപ്പെടുത്തുന്നു.

കാർഷിക രംഗത്തെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ സ്ഥിതി പൊതുവെ പിന്നിലാണ്. നല്ല കളിസ്ഥലങ്ങളുടെ പോരായ്മയാണ് അതിനുള്ള പ്രധാന കാരണം. മടമ്പത്തും ചെമ്പന്തൊടിയിലുമാണ് സാമാന്യം നല്ല കളിസ്ഥലങ്ങൾ ഉള്ളത്. അതുകൊണ്ടു തന്നെ കായികരംഗത്ത് മികച്ചുനിൽക്കുന്നതും ആ പ്രദേശത്തെ ചെറുപ്പക്കാരാണ്. എന്നാൽത്തന്നെയും ഇവ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിന് സ്വന്തമായി കളിസ്ഥലം (മിനി സ്റ്റേഡിയം) ഉണ്ടെങ്കിലും അതുകായിക പരിശീലനങ്ങൾക്ക് ഉപയോഗപ്രദമല്ല. വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലമായതിനാൽ എത്ര നന്നാക്കിയാലും പരിമിതികളുണ്ട്. ശ്രീകണ്ഠപുരത്തും നെടുങ്ങോട്ടുമുള്ള ഗവൺമെന്റ് ഹൈസ്കൂളുകളോടുനുബന്ധിച്ച് ഓരോ കളിസ്ഥലങ്ങൾ ഉണ്ടായാൽ കായിക രംഗത്ത് പ്രധാന പോരായ്മ പരിഹരിയ്ക്കാം. ശ്രീകണ്ഠപുരം ഹൈസ്കൂളിൽ ഒരു മിനി സ്റ്റേഡിയം തന്നെ ഉണ്ടാക്കാനാവശ്യമായ ഭൂമിയുണ്ട്. അതുപയോഗപ്പെടുത്തിയാൽ ഈ പഞ്ചായത്തിനു മാത്രമല്ല, ബ്ലോക്കടിസ്ഥാനത്തിലുള്ള പരിപാടികൾപോലും സംഘടിപ്പിയ്ക്കാൻ പറ്റിയ മിനി സ്റ്റേഡിയം ഉണ്ടാക്കാം.

പ്രശ്നങ്ങൾ

1.ഗ്രന്ഥശാലകൾക്ക് ഇന്നു ലഭിച്ചുവരുന്ന ഗ്രാന്റ് തികച്ചും അപര്യാപതമാണ്. പഞ്ചായത്തിൽ നിന്ന് ലഭിയ്ക്കേണ്ട പത്രങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ല.

2.ജനങ്ങളുടെ ഇടയിൽ ഗൗരവമായ വായന ക്രമേണ കുറഞ്ഞു വരുന്നു. സ്ത്രീകളിലാണ് ഈ പ്രവണതകൾ കൂടുതലായി കാണപ്പെടുന്നത്.

3.ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം വിദ്യാർഥികളുടെ പഠന ത്തെയും പൊതുവെയുള്ള വായനശീലത്തേയും പ്രതികൂലമായി ബാധിയ്ക്കുന്നുണ്ട്.

4.ലൈംഗീകതയും അക്രമങ്ങളും നിറഞ്ഞ സിനിമകൾ ജനങ്ങളുടെ സാംസ്കാരിക നിലയെ അധ:പതിപ്പിയ്ക്കുന്നു. അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നതും പ്രശ്നമാണ്.

5. വിവാഹവുമായി ബന്ധപ്പെട്ട് ആഡംബര പൂർണമായ പുതിയ പ്രവണതകൾ വർധിച്ചു വരുന്നു. സ്ത്രീധനം, ആദരണഭ്രമം വിലകൂടിയ വസ്ത്രങ്ങൾ എന്നിവയ്ക്കു പുറമെ വിവാഹം പോലെ തന്നെ വിലയേറിയ വിവാഹനിശ്ചയം, ഒത്തു കല്യാണം, വിരുന്നു

സത്ക്കാരങ്ങൾ എന്നിവയും വർധിച്ചു വരികയാണ്. മദ്യത്തിന്റെ ഉപയോഗവും അതുമായി ബന്ധപ്പെട്ടു വർധിച്ചുവരുന്നു.

6.കായിക പരിശീലനിത്തിനും മത്സരങ്ങൾക്കും ഇതുകുന്ന കളിസ്ഥലങ്ങൾ, മിനി സ്റ്റേഡിയം എന്നിവ പഞ്ചായത്തിലെ എല്ലാ പ്രദേശക്കാർക്കും ലഭ്യമല്ല.

7.കലാം സംസ്കാരിക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പരാധീനത കാര്യമായ തടസമുണ്ടാക്കുന്നു.

8.പാരമ്പര്യ കലകൾ പുതിയ തലമുറയെ ആകർഷിയ്ക്കാത്തതിനാലും, അവർ അവ പരിശീലിയ്ക്കാത്തതിനാലും നാശത്തെ അഭീമുഖീകരരാകുന്നു.

9.കലാ സാംസ്കരിക രംഗങ്ങളിൽ സാമൂഹ്യകാരണങ്ങളാൽ സ്ത്രീകൾ വളരെ പിന്നിലാണ്.

10.സ്കൂൾ ലൈബ്രെറികൾ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

സാധ്യതകൾ

1.ലൈബറികൾക്ക് ആവശ്യമായ പുസ്തകൾ വാങ്ങാൻ ഗ്രാന്റ് അനുവദിയ്ക്കണം, ഗ്രന്ഥശാല സംഘം നൽകുന്നു ഗ്രാന്റിനു പുറമേ ഗ്രാമപഞ്ചായത്തിനും ഗ്രാന്റു നൽകാം. പുസ്തകങ്ങൾ അനുകാലികങ്ങൾ എന്നിവ സംഘടിപ്പിയ്ക്കാൻ പൊതുജന സഹകരണവും പങ്കാളിത്തവും ലഭ്യമാക്കാം. കാവുമ്പായി ടി.ആർ.എൻ. മെമ്മോറിയൻ ലൈബറി ഇക്കാര്യത്തിൽ മാതൃകകായിട്ടുണ്ട്.

2.ലൈബ്രറികളുടെ മേൽനോട്ടം അതാതു വാർഡിലെ ഗ്രാമസഭകൾക്ക് വിട്ടുകൊടുക്കാവുന്നതാണ്.

3.വായനശീലം പ്രോത്സാഹിപ്പിയ്ക്കാൻ വീടുകളിൽ പുസ്തങ്ങൾ എത്തിച്ചുകൊടുക്കുകയും താരിച്ചു വാങ്ങുകയും ചെയ്യുന്ന ഏർപ്പാടുകൾ വ്യാപകമാക്കണം. ഈ ജോലിയിൽ സ്ത്രീകൾക്ക് പ്രാമുഖ്യം നൽകുകയാണെങ്കിൽ അവരുടെ വായനശീലത്തെ അതു പ്രത്യേകം സ്വാധീനിക്കും.

4.സ്കൂളിലെ ലൈബ്രറികൾ നന്നായി ഉപയോഗപ്പെടുത്തുന്നതിന് റിട്ടേയർഡ് ക്ലബുകൾ സ്ഥാപിയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ശ്രീകണ്ഠാപുരം ഗവൺമെന്റ് ഹൈസ്കൂളിൽ വർഷങ്ങളായി നടന്നു വരുന്ന റിഡേർഡ് ക്ലബ് പ്രവർത്തനം മാതുകയാക്കാവുന്നതാണ്.

5.ലൈബ്രേറേിയൻ മാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകണം.

6.ഗ്രന്ഥശാലകളിൽ പുസ്തങ്ങൾ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റികളുണ്ടാക്കി ശാസ്ത്രീയത കൈവരുത്തണം

7.കേരളോത്സവം കുനക്കൂടി കാര്യക്ഷമായി സംഘടിപ്പിയ്ക്കണം. വാർഡുതലത്തിൽ മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതും ആലോചിക്കാവുന്നതാണ്.

8.കായിക വീനോദങ്ങളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നെടുങ്ങോം ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മിക്കുക. ശ്രീകണ്ഠപുരം ഗവൺമെന്റ് ഹൈസ്കൂളിൽ ലഭ്യമായ സ്ഥലം ഉപയോഗപ്പെടുത്തികൊണ്ട് നല്ല രീതിയിലുള്ള ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക.

9.കലാസമിതികൾക്കും ക്ലബുകൾക്കും, സംഗീത, കായികം ഉപകരണങ്ങൾ വാങ്ങുന്തിന് ഗ്രാന്റ് നൽകണം.

10.കേരളോത്സവവും മറ്റും സംഘടിപ്പിക്കുമ്പോൾ നാട്ടിപ്പാട്ട് പോലുള്ള നാടൻ പാട്ടുകളിലും കലകളിലും മത്സരങ്ങൾ നടത്തുകയും ആകർഷകമായ സമ്മാനങ്ങൾ നൽകുകയും ചെയ്യണം.

11. നാടൻ കലകളെ സംരക്ഷിക്കുതിന് അവയെല്ലാം ഓഡിയോ, വീഡിയോ കാസറ്റുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കണം.

12.സംസ്കാരികച്യുതിക്കെതിരേ വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിയ്ക്കണം.

13.അശ്ലീല പോസ്റ്ററുകൾ പതിയ്ക്കുന്നതിനെ ബോധവൽക്കരണവും, പതിയ്ക്കുന്നവർക്കെതിരെ നടപടിയും വേണം.



വനിത

വനിത

നമ്മുടെ പഞ്ചായത്തിൽ 31,893 പേരിൽ 16,043 പേർ സ്ത്രീകളാണ്. ഇത് മൊത്തം ജനസംഖ്യയുടെ 50.3 ശതമാനം വരും. ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന വനിതകൾ പ്രാചീനസങ്കൽപത്തിന്റെ തുടർച്ചയെന്നോളം ജീവിതത്തിന്റെ എല്ലാ തുറകളിലും ഉയർന്നു വരാൻ മടികാണിക്കുന്നു. അവരുടെ അലസതയ്ക്കു പരി സമൂഹത്തിന്റെ വിലക്കുകളും പ്രതികൂല സാഹചര്യങ്ങളും ഇതിന് കാരണമാകുന്നു.

പ്രൈമറിതലം മുതൽ ഹയർ സെക്കന്ററിതലം വരെ പഠിക്കുന്ന വിദ്യാർഥികളിൽ 47 ശതമാനം പേർ പെൺകുട്ടികളാണ്. ഇത് 7465ൽ 3582 പേരാണ്. ആൺകുട്ടികളെ പഠിപ്പിക്കുവാൻ കാണിക്കുന്ന അത്രത്തോളം താൽപര്യം പെൺകുട്ടികളുടെ കാര്യത്തിൽ ഇല്ലയെന്നുതന്നെ പറയാം. പെൺകുട്ടികളെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ പ്രാപ്തരാക്കുക എന്നതിലുപരി വിവാഹത്തിന് ഒരുക്കുന്ന ഒരു പ്രകീയയായി വിദ്യാഭ്യാസത്തെ കാണുന്നു. തൊഴിൽപരമായി വിഭ്യാഭ്യാസ മേഖലയിലും സാങ്കേതിക വിഭ്യാഭ്യാസ മേഖലയിലും പെൺകുട്ടികൾ വളരെ കുറഞ്ഞശതമാനമേ ഉയർന്നുവരുന്നുള്ളു. സാക്ഷരയിൽ വനിതകൾ മുൻപന്തിയിൽ ഉണ്ടെങ്കിലും പ്രായമായവരിൽ നല്ലൊരു ശതമാനം നിരക്ഷരരാണ്. ആരോഗ്യ കാര്യത്തിലും പുരുക്ഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ നല്ലൊരരു ശതമാനം മോശമായ നില കാണിക്കുന്നു. പ്രാഥമികമോ അതിലുപരിയോ വിദ്യ അഭ്യസിച്ച വനിതകൾ അവരുടെ അറിവ് വർധിപ്പിക്കുന്നതിന് വായനശാല ഗ്രന്ഥശാല തുടങ്ങിയ സംരഭങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സാമാന്യ വിഭ്യാഭ്യാസമുള്ളവർപോലും കുടുംബ പ്രാരബ്ദങ്ങളിലും ഗൃഹഭരണത്തിലും ഏർപ്പെട്ട് കഴിയുമ്പോൾ അറിവ് ഒരു പരിധിവരെ ചോർന്നു പോവുകയും വികസിത മനസ് നഷ്ടമാവുകയും ചെയ്യുന്നു.

വളരെ കുറഞ്ഞ ശതമാനം അധ്യാപകവൃത്തിയിലും നേഴ്സ്മാരായും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ വനിതകൾ ഏർപ്പെടുന്ന തൊഴിൽ കൃഷിയുമായി ബന്ധപ്പെട്ടവയായിരുന്നു. കാർഷിക മേഖലയിലെ മുരടിപ്പ് മറ്റ് മേഖലകളിൽ തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കുയും കെട്ടിടനിർമാണപ്രവർത്തനങ്ങളിൽ ചേക്കേറുകയും ചെയ്തിട്ടുണ്ട്. കാർഷിക വൃത്തിയിൽ പുതുതായി സ്ത്രീകൾ കടന്നുവരുന്നില്ല. ഉദാഹരണമായി ഞാറുനടൽ, കൊയ്ത് തുടങ്ങിയ മേഖലകളിൽ തൊഴിലാളി ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ നിലവിലുണ്ട്. സ്ത്രീകൾക്ക് മാത്രമായി പ്രവർത്തിക്കുന്ന ചെറുകിടയൂണിറ്റുകൾ തുലോം വിരളമാണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. ബിരുദവും ബിരുദാന്തര ബിരുദവും നേടിയ വനിതകൾ പുരുഷന്മാരെ അപേക്ഷിച്ച് സർക്കാർ തലത്തിലും അല്ലാതെയും ജോലി നോക്കുന്നവർ കുറവാണ്. അധ്യാപനം, നേഴ്സ് തുടങ്ങിയ ജോലികൾക്ക് തന്നെ അന്യസംസ്ഥാനങ്ങളിൽ വൻതുകകൾ കോഴ നൽകി പരിശീലനം നേടിയവരാണ് 68 ശതമാനവും.

തുല്യജോലിക്ക് പുരുഷനും സ്ത്രീക്കും തുല്യവേതനം ലഭിക്കുന്നില്ല. കായികമായി പുരുഷനോടൊപ്പം നിൽക്കുന്ന ജോലികൾക്ക് പോലും കൂലിയിൽ 40ശതമാനം മുതൽ 30 ശതമാനം വരെ അന്തരമുണ്ട്. കുടുംബത്തിന്റെ അത്താണിയായി വർത്തിക്കുന്ന വനിതകൾ ഏകദേശം 17ശതമാനം വരും. പഴയ സങ്കൽപത്തിലെ വീട്ടമ്മമാരായി കഴിയുന്ന വനിതകൾ ഗൃഹഭരണവും അടുക്കള ഭരണവുമായി കഴിഞ്ഞുകൂടുന്നു. അടുക്കളതോട്ടം, കറവമാടുകൾ തുടങ്ങിയ പരിപാലിക്കാൻ സൗകര്യങ്ങളുണ്ടായിട്ടും കൂടി വിനയോഗിക്കുന്നവർ വളരെ വിരളമാണ്. ഗ്രാമീണ വനിത ശിശു ക്ഷേമപരിപാടി (DWCRA) പ്രകാരം പഞ്ചായത്തിൽ 5 യൂണിറ്റുകളിലായി 58 പേർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 31 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യങ്ങളുടെയും പരാതികളുടെയും ഇല്ലായ്മകളുടെയും നീണ്ട പട്ടിക ഇവയുടെ പ്രവർത്തനത്തിൽ കാര്യമായ തടസം നിൽക്കുന്നു.

പൊതുരംഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾ വളരെ കുറവാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്നവരെ മോശമായ രീതിയിൽ ചിത്രീകരിക്കുകയും ഇത്തരം പ്രതികരണങ്ങളെ നേരിടാൻ മാനസീകമായി തയ്യാറാകാൻ കഴിയുന്നില്ലയെന്നതും പൊതുരംഗത്ത്

പ്രവർത്തിക്കാനുള്ള ശ്രമങ്ങൾക്ക് തടസം നിൽക്കുന്നു.

സ്ത്രീ പുരുഷന്റെ അധീനതയിൽ കഴിയേണ്ടവളാണ് എന്ന ധാരണ നിലവിലുണ്ട്. ബാല്യകാലം മുതൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിവേചന പരമായ പരിഗണനയാണ് നല്കുന്നത്. ആൺകുട്ടി കൾക്ക് പ്രത്യേക പരിഗണന നൽകുമ്പോൾ പെൺകു ട്ടികളെ വേണ്ടത്ര പരിഗണന നൽകാതെ ഭക്ഷണം, വസ്ത്രധാരണം തുടങ്ങിയവയിൽ നിയന്ത്രണം ഏർപ്പെ ടുത്തുന്നു. പഴയ ആചാര മര്യാദകളിൽ ഉറച്ചു നിൽക്കു ന്നത് കൂടുതലായും സ്ത്രീകളാണ്. മാറ്റങ്ങൾ ഉൾക്കൊ ള്ളാൻ വിമുഖതയും കാണിക്കുന്നു. പ്രാഥമീകവിദ്യാ ഭ്യാസം കിട്ടയവർ ഉയർന്നനിലവാരത്തിലുള്ള ജോലി സമ്പാദിക്കാൻ തുടർന്നു പഠിക്കുന്നതിൽ തൽപരല്ല. അതോടൊപ്പം സ്ത്രീകൾ പുറത്തിറങ്ങി ജോലി ചെയ്യു ന്നതിൽ ഒരു പരിധിവരെ വിലക്കുകളുമുണ്ട്. വിട്ടിനു ള്ളിലുള്ള അടുക്കള ജോലി, സ്വന്തം കാർഷിക വൃത്തി, ഗൃഹഭരണം ഇത്തരം പ്രവർത്തനങ്ങളിൽ പ്രഭാതം മുതൽ പ്രദോഷം വരെ ഏർപ്പെട്ടാലും അതൊന്നും ജോലിയായി അംഗീകരിക്കുന്നില്ല. കുട്ടികളെ വളർത്തു ന്നതും പരിപാലിക്കുന്നതും സ്ത്രീകളുടെ മാത്രം കടമ യാണെന്നും ഒരു ധാരണ പുരഷന്മാരിൽ കാണുകയും ഏറെക്കുറെ സ്ത്രീയതംഗീകരിക്കുകയും ചെയ്യുന്നു. ദരിദ്രകുടുംബങ്ങളിൽ ദാരിദ്ര്യത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് പുരുഷന്മാരെക്കാൾ സ്ത്രീകളാണ്. ഭക്ഷണ പാനിയങ്ങളിൽ മൊത്തത്തിൽ കുറവു വരു മ്പോൾ സഹിക്കുന്നത് വീട്ടമ്മയും പെൺകുട്ടികളു മാണ്.

ഇടത്തരവും അതിനുതാഴെയുമുള്ള കുടുംബങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകിച്ച് പദവിയൊന്നും നൽകികാ ണുന്നില്ല. സ്ത്രീകൾക്ക് വരുമാനമൊന്നുമില്ലാത്ത കുടും ബങ്ങളിൽ പുരുഷന് കിട്ടുന്ന വരുമാനം പുരുഷൻ തന്നെ ചെലവഴിക്കുന്നതായി കാണുന്നു. സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനങ്ങളും പുരുഷനിലൂടെ ചെലവഴി ക്കുന്നു. സ്ഥായിയായ സ്വത്ത് സമ്പാദിക്കുമ്പോൾ സ്ത്രീകൾ അധ്വാനിച്ച പങ്ക് കൂടിയുണ്ടെങ്കിൽപോലും പുരുഷന്റെതായി മാറ്റി പ്രമാണം ഉണ്ടാക്കുന്നു. ഇത് സ്ത്രീകളിൽ അവകാശ ബോധം നഷ്ടമാക്കുകയും അപകർഷതാബോധം ഉണ്ടാക്കുകയും ചെയ്യുന്നു.

പഞ്ചായത്തിൽ 156 പേർക്ക് വിധവ പെൻഷൻ ലഭി ക്കുന്നുണ്ട്. ബാല്യകാല വിവാഹം ചില മതസ്ഥരുടെ യിടയിൽ നേരിയ തോതിൽ നിലവിലുണ്ട്. ഇതുകാ രണം ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തി ക്കാൻ ഇവർക്ക് പ്രയാസങ്ങൾ നേരിടുന്നു. പഠനം മുട ക്കാനും വിവാഹം ഒരു കാരണമാകുന്നു. മതവും വിശ്വാ സവും ഒരു പരിധിവരെ സ്ത്രീകളുടെ വിദ്യാഭ്യാസവും വികസനവും തടയുന്നു. സ്ത്രീകൾക്ക് മാത്രമായ തൊഴിലോ, വരുമാനമോ ഇല്ലാത്തതിനാൽ ഭൂരിപക്ഷം സ്ത്രീകളും പുരുഷന്മാരെ ആശ്രയിച്ച് കഴിയേണ്ടിവ രുന്നു. ആയതിനാൽ കുടുംബത്തിനോ സമൂഹത്തിനോ അവരുടെതായ സംഭാവനകൾ നൽകാൻ കഴിയുന്നില്ല.

ഇടത്തരം കുടുംബങ്ങളിൽ പുരുഷൻമാർ മദ്യപാനം, ചൂതാട്ടം തുടങ്ങിയ ദുശീലങ്ങളിൽ ഏർപ്പെടുന്നു. തത്ഫ ലമായി കുടുംബങ്ങളിലെ സൈര്യജീവിതം നഷ്ടമാ വുകയും സ്ത്രീകൾക്ക് പീഢനം അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1.കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിലായ തുകൊണ്ട് പൊതു പ്രവർത്തനങ്ങൾക്ക് സമയക്കുറു വുണ്ട്.

2.തൊഴിൽ മേഖലയിൽ സ്ത്രീ–പുരുഷ കൂലി വ്യത്യാ സമുണ്ട്.

3. വനിതകൾക്കായി തൊഴിൽ സംരംഭങ്ങൾ കുറ വാണ്.

4.സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ പലരും മോശമായ രീതിയിൽ നോക്കികാ ണുന്നു.

5.പല തൊഴിൽമേഖലയിലും പുരുഷന്മാരെ അപേ ക്ഷിച്ച് സ്ത്രീകൾ കുറവാണ്.

6.അംഗൻവാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.

7.സ്ത്രീകൾക്കായുള്ള സർക്കാർ പദ്ധതികൾ അവർ അറിയുന്നില്ല.

8.സ്ത്രീകളുടെ ഇടയിൽ അന്ധവിശ്വാസവും അനാ ചാരവും നിലനിലവിലൂണ്ട്. ശാസ്ത്രബോധം കുറ വാണ്.

9. പൊതുസ്ഥലങ്ങളിൽ പ്രാഥമീക സൗകര്യങ്ങൾ കുറവാണ്.

10.വളരെകുറച്ച് സ്ത്രീകൾ മാത്രെ വായനശാല, ഗ്രന്ഥാലയം എന്നിവ ഉപയോഗിക്കുന്നുള്ളു.

11.സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാ യതു കാരണം സാമ്പത്തിക ഭദ്രതയില്ല.

12.സ്ത്രീകൾക്കെതിരെയുള്ള അക്രമവാസനകൾ, പീഢനങ്ങൾ നേരിയതോതിലുണ്ട്.

13. മഹിളാ സമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടു ന്നില്ല.

സാധ്യതകൾ

1.ഈ പഞ്ചായത്ത് കാർഷിക പ്രാധാന്യമുള്ള പ്രദേ ശമാണ്. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടി ക്കത്തക്ക രീതിയിൽ (Agrobased) ചെറുകിട വ്യവ സായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. (റബർ, കശുവണ്ടി, അടയ്ക്ക മുതലായവ)

2.പാരമ്പര്യ ഗ്രാമീണ വ്യവസായങ്ങൾ സ്ത്രീകൾക്ക് പ്രാമുഖ്യം കൊടുക്കത്തക്കരീതിയിൽ ആസൂത്രണം ചെയ്യണം

3 വീടുകളിൽ തന്നെയിരുന്ന് ചെയ്യാവുന്ന തൊഴിലു കൾ കണ്ടെത്തി നടപ്പിലാക്കണം

4.DWCRAയിൽ പെടുത്തി കൂടുതൽ തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക.

5.കോഴി വളർത്തൽ, കറവമാടുകൾ എന്നിവയിൽ ആധുനീക രീതിയിൽ പരിശീലനം നൽകി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

6.ട്രൈസം പരിപാടിയിൽ പരിശീലനത്തിന് സ്ത്രീകൾക്ക് വേണ്ടത്ര പ്രാമുഖ്യം കൊടുക്കണം

7.സമഗ്ര ഗ്രാമവികസന പരിപാടിയെന്ന ദേശീയ പരിപാടിയിൽ സ്ത്രീകൾക്ക് നിശ്ചയിച്ചിട്ടുള്ള 40 ശതമാനം കൃത്യമായി പാലിക്കുക

8.JRYയിൽ 30 ശതമാനം പ്രാദേശിക സ്ത്രീകൾക്കായി നീക്കിവെച്ചിട്ടുള്ളത് അവർക്ക് തന്നെ നല്കുക.

9. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം പ്രാവർത്തികമാക്കണം

10. പുരുഷനോടൊപ്പം തന്നെ സാങ്കേതിക മേഖലകളിൽ സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാൻ പ്രത്യേക പരിശീലനം ആസൂത്രണം ചെയ്യുക

11.കാർഷിക വൃത്തിയിൽ യന്ത്രവൽകൃത രീതികൾ ആവിഷ്കരിക്കുവാൻ സ്ത്രീകൾ പുറന്തള്ളപ്പെട്ടു പോകാതിരിക്കാൻ ശ്രദ്ധിക്കുക

12.പച്ചക്കറി കൃഷിയിൽ സ്ത്രീകളെ കൂടുതൽ പങ്കെടുപ്പിക്കുക

13.പഞ്ചായത്തിൽ വിവിധ മേഖലകളിൽ വനിതാ സഹകരണ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി വേണം.

14. സ്ത്രീകൾക്കും കുട്ടികൾക്കും സാമൂഹ്യ സാമ്പത്തിക മേഖലകളിൽ പ്രവർത്തിക്കുന്നതിന് മതിയായ നേതൃത്വ പരിശീലനം നല്കുക

15.പ്രവർത്തിക്കുന്ന 31 അംഗൻവാടികൾക്കും കെട്ടിടം മറ്റ് പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുകയും, കുട്ടികളുടെയും അമ്മമാരുടെയും ഇത്തരം പ്രവർത്തനങ്ങൾക്ക് പുരുഷ സഹകരണവും കഴിവും പ്രയോജനപ്പെടുത്തുക.

16.പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പു വരുത്തുക

17.സ്ത്രീകൾക്കെതിരെയുള്ള അക്രമവാസനകൾക്കും ലൈംഗിക പീഢനങ്ങൾക്കും കർശനമായ നിയമനടപടി ഉണ്ടാക്കുക

18.മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും ക്രീയാത്മക പ്രവർത്തനങ്ങൾക്കുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക.

19.സമ്പാദ്യ ശീലം വളർത്തുന്നതിനും സ്വന്തമായ നിലനിൽപിനുംവേണ്ടി വനിതാ സഹകരണസംഘം പോലുള്ളവ രൂപീകരിച്ച് പ്രവർത്തിക്കണം.

20. എല്ലാ മേഖലകളിലും തുല്യത കൈവരുത്തുന്നതിന് പുരുഷമനോഭാവത്തിൽ മാറ്റം വരുത്തുന്നതിന് വിജ്ഞാനപ്രദമായ പരിപാടികൾ നടപ്പിലാക്കുക

21.സ്ത്രീകൾക്കും പെൺകുട്ടികൾക്കും വായിക്കാനും അറിവ് വർധിപ്പിക്കുവാനുമുള്ള സൗകര്യങ്ങൾ വാർഡ് തലത്തിലോ പഞ്ചായത്ത് തലത്തിലോ നടപ്പാക്കുക

സഹകരണം

സഹകരണം

ജന്മി നാടുവാഴിത്തത്തിന്റെയും ഭൂപ്രമാണിമാരുടെയും അവരുടെ ദല്ലാളന്മാരുടെയും ചൂഷണത്തിനു പുറമെ വിലമുറി സമ്പ്രദായം, ഹുണ്ടിക വ്യാപാരികളുടെ ചൂഷണം മുതലായ വ്യവസ്ഥകളിൽ വീർപ്പുമുട്ടിയ കൃഷിക്കാരും കർഷകത്തൊഴിലാളികളും മറ്റുള്ളവരും തങ്ങളുടെ ഭാവിയെപ്പറ്റി ചിന്തിച്ചു – സഹകരണ പ്രസ്ഥാനംകൊണ്ട് തങ്ങൾക്ക് മോചനം കിട്ടുമെന്ന് അവർ മനസിലാക്കി. അന്നത്തെ കാഞ്ഞിലേരി റവന്യൂ വില്ലേജ്, നിടിയേങ്ങ വില്ലേജിലെ കാവുമ്പായി എന്നീ പ്രദേശങ്ങൾ പ്രവർത്തനപരിധിയായി 1954ൽ കൂട്ടുംമുഖത്ത് കാഞ്ഞിലേരി വിവിധോദ്ദേശ ഐക്യനാണയ സംഘം രജിസ്റ്റർ ചെയ്യുകയും അതുപോലെ നെടിയേങ്ങ വില്ലേജിൽ ചെമ്പന്തൊട്ടിയിൽ നിടിയേങ്ങ വിവിധോദ്ദേശ ഐക്യനാണ്യസംഘം, ശ്രീകണ്ഠപുരം ആസ്ഥാനമാക്കി കോട്ടൂർ വില്ലേജ് പ്രവർത്തന പരിധിയായി ശ്രീകണ്ഠപുരം ഐക്യനാണയ സംഘവും മദിരാശി പരസ്പര സഹായസഹകരണ സംഘം ആക്ട് പ്രകാരം 1954ൽ രജിസ്റ്റർ ചെയ്തു. 1955–ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ സംഘങ്ങളെല്ലാം രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ ഒരോഹരി തുകയും അംഗത്വമെടുപ്പിക്കുന്നതിന് പഴയ തലമുറ വളരെയധികം കഠിനാധ്വാനം ചെയ്തിട്ടുണ്ട്. കാരണം പി.സി.സി സൊസൈറ്റിയുടെ പതനംമൂലം ജനങ്ങൾ സംശയദൃഷ്ടിയോടെയാണ് സഹകരണ പ്രസ്ഥാനത്തെ വീക്ഷിച്ചത്. എന്നാൽ, ചിന്താശക്തിയും മനോശക്തിയും കെടാത്ത ഒരുപറ്റം സഹകാരികളുടെ നിസ്വാർഥമായ സേവനതൽപരത മുതൽമുടക്കാക്കി സംഘം പ്രവർത്തനം ആരംഭിച്ചു.

1945 കാലത്ത് മധ്യതിരുവിതാംകൂറിൽനിന്ന് പുതിയ കൃഷിഭൂമികളന്വേഷിച്ച് മലബാർ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചു. ഇവരുടെ വരവോടെ പുത്തൻകൃഷി സമ്പ്രദായങ്ങളും ആശയങ്ങളും സമ്മിശ്രണം ചെയ്തു. കൈയിലുള്ളതെല്ലാം വിറ്റുപെറുക്കി ഭൂമിക്കുവേണ്ടി അവർ മുടക്കുകയും തുടർന്നുള്ള കൃഷിആവശ്യങ്ങൾക്കോ നിത്യനിതാന ചെലവുകൾക്കോ ഒന്നും കൈയിലില്ലാത്തവരായ കുടിയേറ്റ ജനതയും സഹകരണ സംഘങ്ങളിൽ അംഗങ്ങളാവുകയും അതിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധരാവുകയും ചെയ്തു.

സംഘങ്ങളിൽനിന്ന് ആരംഭകാലത്ത് 25 രൂപ മുതൽ 100 രൂപ വരെയായിരുന്നു വായ്പ നല്കിയിരുന്നത്. ഇതുതന്നെ അന്നത്തെ ജില്ലാ സഹകരണ ബാങ്കായ മലബാർ ഡിസ്ട്രിക്ട് കോ–ഓപ്പറേറ്റീവ് ബാങ്കിന്റെ കോഴിക്കോട് ആപ്പീസിൽ പോയി വാങ്ങേണ്ട സ്ഥിതിയുമായിരുന്നു. യാത്രാസൗകര്യം തീരെ കുറവായിരുന്ന നമ്മുടെ പഞ്ചായത്തിൽനിന്നും കാൽനടയായി തളിപ്പറമ്പിൽ പോയി അവിടെനിന്നും കോഴിക്കോട് പോയി മൂന്നും നാലും ദിവസം ഊണും ഉറക്കവും ഉപേക്ഷിച്ച് യാത്രചെയ്താണ് പണം വാങ്ങി വിതരണം ചെയ്തിരുന്നത്. അങ്ങനെ വാങ്ങിക്കൊണ്ടുവന്ന പണം പ്രസിഡന്റിയോ ഓണററി സെക്രട്ടറിയുടെയോ വീട്ടിലോ മറ്റോ സൂക്ഷിച്ച് വിതരണം ചെയ്തിരുന്ന അന്നത്തെ ദേശസ്നേഹമുള്ള സഹകാരികളുടെ സേവനം ഒരിക്കലും മറക്കാനാവാത്തതാണ്. ആ കാലഘട്ടത്തിൽ സ്വന്തമായ ഓഫീസോ ജീവനക്കാരോ മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. സഹകാരികളിൽനിന്നു തന്നെ ശംബളമോ മറ്റ് ആനുകൂല്യങ്ങളോ ഇല്ലാതെ സേവനം മാത്രം കൈമുതലാക്കി അന്നത്തെ സഹകാരികൾ പ്രവർത്തിച്ചു. ജാതി–മത– രാഷ്ട്രീയ പരിഗണനകൾ ഒന്നും ഇക്കാലത്ത് സംഘത്തിന്റെ പ്രവർത്തനത്തെ തൊട്ടുതീണ്ടിയിരുന്നില്ല. നാലഞ്ചു വർഷങ്ങൾക്കുശേഷം സംഘങ്ങളുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തി വായ്പകൾ വാങ്ങുന്നതിനും അംഗത്വമെടുക്കുന്നതിനും സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന കർഷകർ സംഘങ്ങളുമായി കൂടുതൽ അടുക്കുന്നതിനും 500 രൂപവരെ വായ്പകൾ കൊടുക്കാവുന്ന നിലയിൽ സംഘങ്ങൾ വളരുകയും ചെയ്തു. മേൽപ്രകാരം കിട്ടിയിരുന്ന തുകയാണ് നമ്മുടെ പഞ്ചായത്തിലെ കൃഷി

ക്കാരുടെയും കർഷകതൊഴിലാളികളുടെയും ഉന്നമനത്തിന് അടിസ്ഥാന ശിലയിട്ടത്.

കേരള സംസ്ഥാന രൂപീകരണത്തോടുകൂടി വികസന ബ്ലോക്കുകൾ രൂപീകരിക്കുകയും കൃഷിക്കാർക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി, മുതലായവ ഉപയോഗിച്ചുള്ള നൂതന കൃഷിസമ്പ്രദായങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങി. ഇതിൽ ആകൃഷ്ടരായ കൃഷിക്കാർക്ക് കൃഷിയോടുള്ള തര വർധിക്കുകയും ശാസ്ത്രീയ രീതിയിലുള്ള കൃഷി സംരംഭങ്ങൾ അവർ ആരംഭിക്കുകയും ചെയ്തു. അതോടെ അവരുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ വർധിച്ചതിന്റെ ഫലമായി ഹ്രസ്വകാല കാർഷിക വായ്പക്കു പുറമെ മധ്യകാല കാർഷികവായ്പകളും കർഷകർക്ക് ആവശ്യമായി വന്നു. ഇതിനുവേണ്ടി സംഘങ്ങളുടെ ക്രയശേഷി വർധിപ്പിക്കുന്നതിന് സർക്കാരിന്റെ സഹയാത്തോടുകൂടി കെട്ടിടനിർമാണം ഓഫീസ് ഉപകരണങ്ങൾ, ഓഹരി മൂലധനം എന്നിവ സംഘങ്ങളിൽ നിക്ഷേപിച്ച് പ്രവർത്തനശേഷിയും കാര്യപ്രാപ്തിയും ഉണ്ടാക്കി. സംഘങ്ങളിലെ പ്രവർത്തനത്തിൽ മാനേജീരിയൽ സബ്സിഡി നല്കിക്കൊണ്ട് ജീവനക്കാരെ നിയമിക്കാനും അനുമതി നല്കി.

1954ൽ എം.പി.സി.എസ് ആയി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ കേരളപ്പിറവിക്കുശേഷം 1959ൽ ലാർജ് സൈസ്ഡ് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണസംഘമായും പിന്നീട് സർവീസ് സഹകരണസംഘമായും പ്രവർത്തനം വിപുലീകരിച്ചു. ഈ കാലയളവിലാണ് നമ്മുടെ പഞ്ചായത്തിലെ നിർജീവമായ സ്ഥാപനം എന്ന നിലയിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശ്രീകണ്ഠപുരത്ത് പ്രവർത്തിച്ചിരുന്ന സംഘം നിടിയേങ്ങ സഹകരണസംഘവുമായി യോജിപ്പിച്ച് വിപുലീകരിച്ചു. ഇതാണ് ഇന്ന് നാം കാണുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ബാങ്കുകൾ സർവീസ് സഹകരണ ബാങ്കുകളായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുന്നത്. കർഷകർ കൃഷിയിൽക്കൂടിയുണ്ടാക്കുന്ന വരുമാനമെല്ലാം സ്വന്തം സംഘത്തിൽതന്നെ നിക്ഷേപിച്ച് മറ്റുള്ളവരുടെ ഉന്നമനങ്ങളിൽ പങ്കാളികളാവുകയും സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യം കൂടി മുന്നിൽ കണ്ടുകൊണ്ടാണ്.

ഈ പഞ്ചായത്തിലെ മൂന്നിലൊന്ന് ഭാഗം പ്രവർത്തനപരിധിയായിട്ടുള്ള കൂട്ടുമുഖം സർവീസ് സഹകരണ ബാങ്കിനും, നിടിയേങ്ങ ബാങ്കിനുമാണ് കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും കച്ചവട ജന

ചില പ്രധാനപ്പെട്ട ബാങ്കുകൾ

പേര്	ആരംഭിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	നിക്ഷേപം	പ്രവർത്തന മൂലധനം/ ടേൺ ഓവർ	ലാഭം/ നഷ്ടം
കൂട്ടുമുഖം സർവീസ് സഹകരണ ബാങ്ക്	1954	9450	9	1248708	11416257	32805692	നഷ്ടം
നിടിയേങ്ങ സർവീസ് സഹകരണ ബാങ്ക്	1954	6446	17	20533000	25873600	55809000	നഷ്ടം

സ്കൂൾ സഹകരണ സംഘങ്ങൾ

പേര്	ആരംഭിച്ച വർഷം	ജീവനക്കാരുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	മൂലധനം
ചെമ്പന്തൊട്ടി യു.പി. സ്കൂൾ ശ്രീകണ്ഠപുരം	1976	1	2215	5000
ഗവ. ഹൈസ്കൂൾ	1976	1	6266	8794/29

ക്ഷീരോത്പാദക സഹകരണ സംഘം

പേര്	ആരംഭിച്ച വർഷം	ജീവനക്കാരുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	മൂലധനം
മടമ്പം	1994	2	75	1400
കരയത്തുംചാൽ	1992	3	150	2010

കള്ളുചെത്ത് മദ്യവ്യവസായ തൊഴിലാളി സഹകരണ സംഘം

അംഗങ്ങൾ	671
സ്ഥാപിച്ച വർഷം	1989
മൂലധനം	1227458.29
ജീവനക്കാരുടെ എണ്ണം	4

പട്ടികജാതി വികസന സഹകരണ സംഘം

അംഗങ്ങൾ	796
സ്ഥാപിച്ച വർഷം	1984
ജീവനക്കാരുടെ എണ്ണം	5

കസ്തൂർഭാ ഗാന്ധി വ്യവസായ സഹകരണ സംഘം(പട്ടികജാതി)

അംഗങ്ങൾ	12
സ്ഥാപിച്ച വർഷം	1996

കീയ പിൻബലം.

പഞ്ചായത്തിലെ 70 ശതമാനത്തിലധികം വരുന്ന കൃഷിക്കാരും കർഷകത്തൊഴിലാളികളും കച്ചവടക്കാരും മേൽപ്പറഞ്ഞ സംഘങ്ങളിൽ അംഗങ്ങളാണ്. എന്നാൽ, നിലവിലുള്ള മെമ്പർമാരായ ജനവിഭാഗങ്ങളിൽ സംഘങ്ങളിൽനിന്ന് ലഭിച്ചുവന്ന വായ്പകൾ ഉപയോഗപ്പെടുത്തിയും മറ്റു സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും സാമൂഹ്യവും സാമ്പത്തികവുമായി ഉന്നമനം ലഭിച്ചവരിൽ 80 ശതമാനവും മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് ചേക്കേറുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കൃഷിയുമായി ബന്ധപ്പെട്ട് ആദ്യകാലങ്ങളിൽ സഹകരണ സംഘങ്ങൾ മാത്രമാണ് വായ്പ നല്കിയത്. പിൽക്കാലത്ത് പൊതുമേഖലാ ബാങ്കുകൾ സ്വകാര്യ ബാങ്കുകൾ, ഗ്രാമീൺ ബാങ്കുകൾ എന്നിവ ഈ രംഗത്തേക്ക് കടന്നുവന്നതോടുകൂടി സമൂഹത്തിൽ സാമ്പത്തികമായി ഉന്നമനം ലഭിച്ചവർ സഹകരണ ബാങ്കുകൾ സ്വന്തം ഉടമകളായിട്ടുള്ള ബാങ്കായിട്ടും ഈ രംഗത്തേക്ക് തിരിഞ്ഞുനോക്കാതെ വൻകിട ബാങ്കുകളിൽ അവരുടെ മിച്ചധനം നിക്ഷേപിക്കുന്നതിന്റെ ഫലമായി സഹകരണസംഘം ശോഷിച്ചു വരികയാണ്. കൂടാതെ ഈ രംഗത്തുള്ള അമിതമായ രാഷ്ട്രീയ ഇടപെടലുകളും സംഘത്തിന്റെ പ്രവർത്തനത്തിൽ പ്രയാസങ്ങൾ ഉണ്ടാക്കുന്നു. നിസ്വാർഥമായ സഹകാരികളുടെ അഭാവവും ഈ രംഗത്ത് നിലനിൽക്കുന്നു. എന്നിരുന്നാലും സമൂഹത്തിലെ താഴേക്കിടയിൽ കിടക്കുന്ന 100 ശതമാനം ജനങ്ങളുടേയും ആശ്രയം ഇന്നും സഹകരണ സ്ഥാപനങ്ങൾ മാത്രമാണ്.

അവലോകനം

സഹകരണപ്രസ്ഥാനത്തിന്റെ അർപ്പണബോധമുള്ള സഹകാരികളും, വികസന ബ്ലോക്ക് ഉദ്യോഗസ്ഥരും സഹകരണ സംഘം ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരും ജില്ലാ സഹസഹകരണബാങ്ക് ഭാരവാഹികളും സംയുക്തമായി സഹകരണതത്വങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്തതിന്റെ ഫലമായും നിസ്വാർത്ഥമായ സേവനം മുഖമുദ്രയായിട്ടുള്ള കഠിനാദ്ധ്വാനം ചെയ്തതിന്റെ ഫലമായിട്ടുണ്ടായതാണ്. പണ്ടത്തെ സഹകരണപ്രസ്ഥാനം.

ഇന്ന് ഏതെങ്കിലും സഹകരണ സംഘത്തിന് എന്തെങ്കിലും പാളിച്ചകൾ കാണുന്നുണ്ടെങ്കിൽ അതിനുള്ള കാരണം അർപ്പണബോധമുള്ള സഹകാരികളുടെയും സ്വാർത്ഥരഹിതരായ ജീവനക്കാരുടെയും മറ്റ് ബന്ധപ്പെട്ട സഹകരണ ഡിപ്പാർട്ടമെന്റിന്റെയും പ്രവർത്തനത്തിന്റെ അഭാവമാണ്. ഇതിനൊക്കെ പുറമെ ആരംഭകാലത്ത് ഈ രംഗത്ത് തൊട്ടുകൂടീണ്ടുകപോലും ചെയ്യാത്ത വർദ്ധിച്ച രാഷ്ട്രീയാതിപ്രസരവും ഒരു പ്രധാന കാരണമാണ്.

സഹകരണബാങ്കുകളിൽ അംഗമായവർക്ക് ഇന്ന് ഒരുകുട്ടി ജനിക്കുമ്പോൾമുതൽ പ്രസവത്തിനുള്ള ശുശ്രൂഷമുതൽ അവരുടെ വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം എന്നിവ നേടിയെടുക്കുന്നതിനും മരണാനന്തര ക്രിയ നടത്തുന്നതുവരെയുള്ള വായ്പകൾ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ അംഗങ്ങളുടെയും അല്ലാത്തവരുടെയും ഇടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും അനുയോജ്യമായ വിവിധ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിൽവരുത്തിയിട്ടുണ്ട്. കൂടാതെ കർഷകരുടെ ആവശ്യത്തിനുവേണ്ടി വള, കീടനാശിനി, നിത്യോപയോഗസാധനങ്ങളുടെ വിതരണം, കാർഷിക വിളകളുടെ വിപണനം മുതലായവയും നടത്തിവരുന്നുണ്ട്. എന്നാൽ, വായ്പാവിതരണം ഒഴികെ മറ്റുള്ള പ്രവർത്തനങ്ങളൊന്നുംതന്നെ ഭംഗിയായി നടക്കുന്നുണ്ടെന്ന് കാണാൻ കഴിയില്ല.

നാനാ തുറകളിലുള്ള പ്രവർത്തനങ്ങൾ സംഘങ്ങൾ അംഗങ്ങൾ ഏറ്റെടുത്തു നടത്തുന്നുണ്ടെങ്കിലും ഭൂരിപക്ഷം വായ്പാ സഹകരണ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വരവിനെ അടിസ്ഥാനമാക്കിയുള്ള ചിലവ് നിയന്ത്രിക്കുന്നതിന്റെ പോരായ്മയും വായ്പയെടുത്തവർ കൃത്യമായി വിനിയോഗിക്കാതെ വീഴ്ചവരുത്തുന്നതിന് ഫലമായിട്ടുള്ള ഭീമമായ അവധി ബാക്കിതുകയും ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് വാങ്ങി വിതരണം നടത്തുന്ന വായ്പകൾക്ക് അര ശതമാനം മുതൽ രണ്ടര ശതമാനം വരെയുള്ള മാർജിൻ ലഭിക്കുന്നതുകൊണ്ട് കൂടിയാണ്. ഈ തുക നാമമാത്രമായി ജീവനക്കാരുടെ ശംബളം നൽകാൻപോലും തികയില്ല. ഈ പരിസ്ഥിതിയിലാണ് സംഘത്തിന് നഷ്ടം വരുത്തുന്നത്. നഷ്ടം നികത്തി സംഘത്തെ ലാഭത്തിലും നമ്മുടെ പഞ്ചായത്തിലെ എല്ലാ തുറകളിലുമുള്ള ജനവിഭാഗങ്ങൾക്ക് അവരുടെ എല്ലാ താത്പര്യങ്ങളും സംരക്ഷിക്കുവാൻ ഉതകുന്ന വിധത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് താഴെ പറയുന്ന പരിഹാര മാർഗങ്ങളും നമുക്ക് നിർദ്ദേശിക്കാവുന്നതാണ്.

1. സംഘങ്ങളുടെ വിഭവശേഷി വർധിപ്പിക്കുന്നതിന് എല്ലാ ജനവിഭാഗങ്ങളുടെയും മിച്ചം സഹകരണസംഘത്തിൽതന്നെ നിക്ഷേപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം സംഘടിപ്പിക്കുക. നിക്ഷേപങ്ങൾക്ക് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് വാണിജ്യ ബാങ്കുകളേക്കാളും റൂറൽ ബാങ്കുകളേക്കാളും പലിശ നൽകുന്നത് സഹകരണ ബാങ്കുകളാണ്. ഇങ്ങനെ സ്വരൂപിക്കുന്ന പണം ഉപയോഗിച്ച് പഞ്ചായത്തിലെ ജനവിഭാഗങ്ങളുടെ കാർഷികേതര ആവശ്യങ്ങൾ നിറവേറ്റാവുന്നതാണ്. ഇതിൽതന്നെ പരിസരശുചീകരണം, ആരോഗ്യം, എന്നീ ആവശ്യത്തിനും കക്കൂസ് പണിയുന്നതിനും കുടിവെള്ള ആവശ്യത്തിനും മുൻഗണന കൊടുക്കാവുന്നതാണ്. കൂടാതെ ചെറുകിട പാർപ്പിട നിർമ്മാണം, വിദ്യാഭ്യാസം, സ്വയം തൊഴിൽ സംരംഭങ്ങൾ ഗൃഹോപകരണ വായ്പകൾ എന്നിവയ്ക്കും വായ്പ നൽകി വർദ്ധിച്ചുവരുന്ന

തൊഴിലില്ലായ്മക്ക് പരിഹാരം കാണാവുന്നതാണ്. സംഘങ്ങളുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നത് വഴി കൂടുതൽ പലിശ മാർജിൻ ഇതുവഴി ലഭിക്കുന്നതു മൂലം സംഘങ്ങളുടെ ഒരു പങ്ക് നികത്താവുന്നതാണ്. ഇന്ന് വായ്പാ രംഗത്ത് ത്രിതല സമ്പ്രദായമാണ് നിലവിലുള്ളത്. സ്റ്റേറ്റ്, സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സഹകരണ ബാങ്ക് എന്നിങ്ങനെ ജില്ലാ സഹകരണ ബാങ്കിന്റെ യഥാർത്ഥ ഉദ്ദേശ്യം പ്രാഥമിക ബാങ്കുകളെ സഹായിക്കുക എന്നതുമാത്രമാണ്. ഇന്ന് ജില്ലാ സഹകരണ ബാങ്കുകൾ ചെയ്യേണ്ടതു വായ്പാ പ്രവർത്തനങ്ങൾ നേരിട്ടു നടത്തുന്നതു നിമിത്തം പ്രാഥമിക വായ്പാ സംഘങ്ങളുടെ ഇടപാടിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടതും പ്രാഥമിക സംഘങ്ങളുടെ വരുമാനത്തിൽ കുറവ് വരുത്തുന്നു. ഇതിന് പരിഹാരമായി ജില്ലാ ബാങ്കുകളെ സഹകരണ ബാങ്കിന്റെ ശാഖകളാക്കി മാറ്റുകയും ഇടത്തട്ട് ഒഴിവാക്കുന്നതിനും പ്രാഥമിക സംഘങ്ങൾക്ക് ഇന്നു പലിശയായി നൽകി വരുന്ന മാർജിൻ വർദ്ധിപ്പിച്ച് നഷ്ടം ലഘൂകരിക്കാവുന്നതാണ്. കൂടാതെ സഹകരണബാങ്കുകൾക്ക് ഗവൺമെന്റിൽനിന്ന് നാമമാത്രമായ ഓഹരി സംഖ്യമാത്രമാണ് മുതൽമുടക്കായിട്ടുള്ളത്. സംഘത്തിനുവേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകൽ, ഓഡിറ്റിംഗ്, ഇൻസ്പെക്ഷൻ, ആഢംഭരത്തിന് ഈടാക്കാറുള്ള കുടിശിക തുക ഈടാക്കി തരുന്നതിനുള്ള ഒരു ഏജൻസി എന്ന നിലയിൽ മാത്രമാണ് സഹകരണ ഡിപ്പാർട്ട്മെന്റ് ഈ രംഗത്തുള്ള പ്രവർത്തനം. ഈ ആവശ്യങ്ങൾക്ക് തന്നെ സംഘങ്ങൾക്ക് ഫീസിനത്തിൽ ഭാരിച്ച തുകയാണ് അടയ്ക്കേണ്ടത്. ഈ ഇനത്തിൽ സംഘങ്ങളിൽ നിന്നു അടയ്ക്കുന്ന തുക ഒഴിവാക്കുകയും സഹകരണ സംഘങ്ങൾക്ക് കാർഷികമേഖലയിൽ ചെയ്യുന്ന സേവനം മുൻനിർത്തി ഗ്രാന്റ് അനുവദിക്കുക വഴി സംഘങ്ങളുടെ നഷ്ടം ലഘൂകരിക്കാവുന്നതാണ്.

പൊതുമേഖലകളുടെ പ്രശസ്തി നഷ്ടപ്പെട്ടുവരികയും സ്വകാര്യവല്ക്കരണം ചെയ്യുന്ന ഈ കാലത്ത് ഈ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന് വലിയ പ്രശസ്തിയുണ്ട്. പക്ഷേ, ഇതിനു സർക്കാരിന്റെയും പ്രവർത്തന പരിധിയിലെ ജനവിഭാഗങ്ങളുടെയും നിർലോഭമായ സഹകരണം കൂടിയേ തീരൂ. സഹകരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന മുഴുവൻ ഫണ്ടും ആ മേഖലയിലെ അംഗങ്ങൾക്കും ഇടപാടുകാർക്കും മാത്രമാണ് ലഭിക്കുന്നത്. സംഘങ്ങളുടെ വരുമാനം ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയ്ക്ക് മാത്രമാണ് ഉപകരിക്കുന്നത്. എന്നാൽ, വാണിജ്യബാങ്കുകളിലും ലഭിക്കുന്ന തുക ഈ പഞ്ചായത്തിലെ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നില്ലെന്നു മാത്രമല്ല സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുകയാണ് ചെയ്യുന്നത്. വാണിജ്യ ബാങ്കുകൾക്ക് ലഭിക്കുന്ന നിക്ഷേപങ്ങളുടെ 50 ശതമാനംപോലും സംസ്ഥാനത്ത് വിനിയോഗിക്കുന്നില്ലെന്ന് ആധികാരികമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈയവസരത്തിലാണ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്റെ നൻമ നമുക്ക് പ്രയോജനപ്പെടുത്തിന്നതിന്റെ കാതലായ വശം ഉൾക്കൊണ്ടട്ടുള്ളത്. അതിനാൽ ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ ഫലപ്രദമായി വിനിയോഗിച്ചാൽ മാത്രം നമ്മുടെ ഗ്രാമങ്ങൾക്ക് സ്വയം പര്യാപ്തതയിലെത്താനും നാനാ തുറയിലുള്ള വികസന നടപ്പിൽവരുത്തുവാനും കഴിയുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ വിവിധ തരം സഹസ്ഥാപനങ്ങൾ ഉണ്ടെങ്കിലും അതിൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നവ വളരെ കുറവാണ്. അതിനാൽ കാർഷികമേഖലയ്ക്കും വനിതകൾക്കും ഗുണം ചെയ്യുവാനുതകുന്ന സംഘങ്ങളുടെ പ്രവർത്തനം എങ്ങനെ മെച്ചപ്പെടുത്തി പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ കൊണ്ടുവരുന്നതിനെപ്പറ്റി നമുക്ക് പരിശോധിക്കാവുന്നതാണ്.

1. കാർഷിക മേഖല. സർവ്വതന്ത്ര സ്വതന്ത്രമായിട്ടാണ് ഇന്ന് ഓരോ സംഘവും പ്രവർത്തിക്കുന്നത് ഇത്തരം സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഫലപ്രദമായ ഒരു ഏജൻസിയും ഇല്ല. ഇതിന് പരിഹാരമായി പ്രാഥമിക സംഘങ്ങളുടെ തനിമയും പ്രവർത്തന സ്വാതന്ത്ര്യവും നിലനിർത്തിക്കൊണ്ടതന്നെ ഇവയുടെ ഒരു ഏകീകരണ സമിതി ജില്ലാതലത്തിൽ വരുത്തുകയും സംഘങ്ങളുടെ നയരൂപീകരണവും, ജീവനക്കാരുടെ നിയമനം, നിയന്ത്രണം എന്നിവ ഈ സമിതി കൈകാര്യം ചെയ്യുക. കൂറ്റമറ്റ രീതിയിൽ ആകുകയും വേണം. സഹകരണ രംഗത്ത് നിയന്ത്രിക്കുന്നത് വിവിധ ഏജൻസികളാണ്. ആയത് ഒറ്റ ഏജൻസി മാത്രമായിരിക്കണം.

ഒരു ജില്ലാ സമിതി ഫലപ്രദമായി രൂപീകരിച്ചാൽ സംഘങ്ങളുടെ പ്രവർത്തനത്തിൽ കാര്യശേഷിയും കഴിവുറ്റ ഉദ്യോഗസ്ഥ വൃന്ദവും ഉണ്ടാവുകയാണെങ്കിൽ ഇന്നത്തെ സ്ഥാപിത താൽപര്യങ്ങൾ മുൻനിർത്തി സംഘത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. ഈ സമിതി കാലാകാലങ്ങളിലുള്ള മാറ്റങ്ങൾക്കനുസൃതമായി ജീവിനക്കാർക്ക് വേണ്ട എല്ലാ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുകയും പരിശീല പരിപാടികളും ആസൂത്രണം നടപ്പിൽവരുത്തേണ്ടതാണ്.

2. സംഘത്തിന്റെ പ്രവർത്തന പരിധിയിലെ ഭൂപ്രകൃതിയനുസരിച്ച് അതാത് സംഘം ഓരോ വർഷത്തേക്ക് വേണ്ട പദ്ധതികൾ തയ്യാറാക്കുകയും അതിന് ജില്ലാ സമിതിയുടെ അംഗീകാരവും നേടി നടപ്പിൽ വരുത്തേണ്ടതാണ്. ഓരോ പ്രദേശത്തിനുവേണ്ടി തയ്യാറാക്കുന്ന പ്ലാനിൽ അതാത് പഞ്ചായത്തിലെ കൃഷിഭവൻ മറ്റ് വികസന പദ്ധതി ഏജൻസികളിൽനിന്ന് വരുന്ന വർഷം ലഭിക്കാൻ സാധ്യതയുള്ള പണികളുടെ സാധ്യതയനുസരിച്ചുള്ള വികസന പ്രകൃയക്കനുസരിച്ചായിരിക്കണം

പ്ലാൻ തയ്യാറാക്കുന്നത് പ്ലാൻ തയ്യാറാക്കി അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്ത് പ്രദേശത്ത് വിദഗ്ദ്ധരുടെ സമിതി സംഘങ്ങൾ നൽകുന്ന വായ്പയുടെ വിനിയോഗം സംബന്ധിച്ച് പരിശോധിച്ച് ആയത് ശരിയാംവണ്ണം നടപ്പിൽ വരുത്തുണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്. പ്ലാൻ തയ്യാറാക്കുമ്പോൾ ഭൂമിയിൽ നിലവിലുള്ള കൃഷി സമ്പ്രദായം മെച്ചപ്പെടുത്താനുള്ള മാർഗം, വിഭശേഷി, അനിവാര്യമായ മറ്റ് ഘടകങ്ങൾ എന്നിവ പരിഗണിക്കണം. പ്ലാൻ തയ്യാറാക്കുമ്പോൾ നിലവിൽ വെറും തരിശായി കിടക്കുന്ന ഭൂമി എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്ന് പരിശോധിച്ച് ഉറപ്പുരുത്തേണ്ടതാണ്. അതുപോലെ ഏറ്റവും ചുരുങ്ങിയ ചിലവിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവക്കുന്നതിനാണ് ഊന്നൽ നൽകേണ്ടേത്.

3. കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുകയും അവ ഏറ്റവും ലളിതമായ നിലയിൽ പ്രാഥമിക സഹകരണ സംഘങ്ങളിൽ എത്തിക്കുന്നതിനും സംസ്ഥാന തല മാർക്കറ്റിംഗ് സംഘങ്ങളുമായി സഹകരണസംഘങ്ങളെ ബന്ധിപ്പിക്കുകയും കർഷകരുടെ ഉത്പന്നങ്ങൾ സംഭരിച്ചുവയ്ക്കുന്നതിന് ആവശ്യമായ ഗോഡൗൺ സൗകര്യം സാമ്പത്തികസഹായം ഗവൺമെന്റിൽനിന്ന് ലഭിക്കുകയും വേണം. ഇക്കാര്യത്തിൽ സംഘങ്ങളെ വിനിനനികുതിയിൽനിന്നും ഒഴിവാക്കുകയും വേണം.

4. പഞ്ചായത്ത് വികസനപദ്ധതികൾ സംഘങ്ങളിലൂടെ നടത്തുവാൻ കഴിയുന്നത് ആവ വഴി നടപ്പിൽവരുത്തണം.

5. സഹകരണ സംഘങ്ങളുടെ തത്വങ്ങൾക്കും ആദർശങ്ങൾക്കും പ്രവർത്തനത്തിനും പ്രധാന വിലങ്ങുതടിയായ രാഷ്ട്രീയ അതിപ്രസരം തീർത്തും ഒഴിവാക്കണം. ഒരു കക്ഷിതന്നെ സംഘം ഭരിക്കുന്നതിനു പകരം ദേശീയതലത്തിലും, സംസ്ഥാനതലത്തിലും അംഗീകാരമുള്ള രാഷ്ട്രീയപാർട്ടികൾ ഉൾപ്പെട്ട് പ്രമുഖ സഹകാരികളായവരെ ഗവൺമെന്റോ ജില്ലാനേതൃത്വമോ ഏകീകരണസമിതിയോ നാമനിർദേശം ചെയ്ത് ഭരണസമിതി രൂപീകരിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന ഭരണസമിതി അംഗങ്ങൾ യാതൊരു കാരണവശാലും ഒരു നിശ്ചിതകാലങ്ങളിൽ മാത്രമേ ഭരണം തുടരാൻ അനുവദിക്കാൻ പാടുള്ളൂ. ഒരാൾതന്നെ പല പ്രാവശ്യം ഭരണസമിതിയിൽ തുടരാൻ അനുവദിച്ചാൽ കഴിവുള്ള പുതിയ സഹകാരികൾക്ക് ഈ രംഗത്തേക്ക് കടന്നുവരാൻ സാധിക്കാതെയും സംഘത്തിന്റെ പ്രവർത്തനം അഴിമതിക്കും മറ്റും വഴി തെളിക്കുന്നതാണ്. ഭരണസമിതിയംഗങ്ങൾക്ക് മതിയായ വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം.

6. സമ്പാദ്യശീലം വളർത്താനുതകുന്ന സംഘങ്ങൾ നടത്തുന്ന ചിട്ടികളെ പൂർണ്ണമായും ചിട്ടി രജിസ്ട്രേഷൻ മുതലായ സർക്കാർ നിയന്ത്രണം ഒഴിവാക്കണം.

7. സംഘങ്ങളിൽ കൂടിവിതരണം ചെയ്യുന്ന നിത്യോപയോഗസാധനങ്ങൾ എന്നിവയുടെ വിനനന നികുതി ഒഴിവാക്കണം.

സാദ്ധ്യതകൾ/ നിർദേശങ്ങൾ

1. നിലവിലുള്ള തരിശുഭൂമികൾ പൂർണമായും അനുയോജ്യമായ കൃഷികൾ ചെയ്യുന്നതിനുവേണ്ടി പ്രേരിപ്പിക്കുക.

2. രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉതകുന്ന വിവിധ പദ്ധതികൾക്കുവേണ്ട പരിശീലനവും മറ്റു സൗകര്യങ്ങളും ചെയ്തുകൊണ്ടുക. ഉദാ. മുട്ടകോഴി, ഇറച്ചികോഴി, പന്നിവളർത്തൽ, ഓർക്കിഡ്, ആന്തൂറിയം കുറ്റിമുല്ല മുതലായ പുഷ്പ കൃഷികൾ.

3. രൂക്ഷമായ വരൾച്ച തടയുന്നതിനും മെച്ചപ്പെട്ട കൃഷി കൂടുതൽ ഉത്പാദനമുണ്ടാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും മഴക്കാലത്ത് ലഭിക്കുന്ന ജലം മതിയായ രീതിയിൽ സംഭരിച്ച് കൃഷിവിളകൾക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

4. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ, തൊഴിലാളി സഹകരണസംഘങ്ങൾ, ഉപഭോതൃസഹകരണസംഘങ്ങൾ എന്നിവയ്ക്ക് സാധ്യതകൾ ഏറെയുണ്ട്.

5. പ്രവർത്തനം മന്ദീഭവിച്ചതും തീരെ പ്രവർത്തിക്കാത്തതുമായ സംഘങ്ങളെ പുനർജീവിപ്പിക്കുക, ഗ്രാന്റ് മുതലായ ഗവൺമെന്റിൽനിന്ന് സംഘടിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനം ഏറ്റെടുത്ത് നടത്തുക.

6. മെമ്പർമാർക്കും ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും മറ്റും ആവശ്യമായ വിദ്യാഭ്യാസ പരിശീലന പരിപാടികൾ നടപ്പിലാക്കുക.

7. സ്ഥിരമായ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരേ സ്വഭാവമുള്ള സംഘങ്ങളെ പരസ്പരം കൂട്ടിയോജിപ്പിച്ച് പഞ്ചായത്താസ്ഥാനമായി വിപുലപ്പെടുത്തുക.

8. പഞ്ചായത്താസ്ഥാനമായി സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാർക്കുവേണ്ടി അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ഉതകുന്ന സഹകരണസംഘം രൂപീകരിക്കുക.

9. നാണ്യവിളകളുടെ വിള ഇൻഷ്വറൻസ് നടപ്പിൽ വരുത്തുക, ഇൻഷ്വറൻസ് പ്രീമിയം, പഞ്ചായത്ത്/ ഗവൺമെന്റ് സഹകരണ സംഘങ്ങൾ, മെമ്പർ എന്നിവർ കൂട്ടായി വഹിക്കുക.

10. വനിതാ സർവ്വീസ് സഹകരണ സംഘം രൂപീകരിക്കാം. ❑



പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി – വർഗ്ഗക്ഷേമം

പഞ്ചായത്തിൽ പട്ടികജാതിക്കാർ മാത്രമെ ഉള്ളൂ. 1991–ലെ കനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ ഇവരുടെ മൊത്തം ജനസംഖ്യ 2029 ആണ്. ഇതിൽ 1047 പുരുഷൻമാരും 1045 സ്ത്രീകളും അടങ്ങുന്നു. സ്ത്രീ–പുരുഷ അനുപാതം ഏതാണ്ട് തുല്ല്യമായി കാണുന്നു. പത്ത് കോളനികളിലായും അല്ലാതെയും ഉദ്ദേശ്യം 450 കുടുംബങ്ങളുണ്ട്. 25 കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യമല്ല.

വള്ളുവർ, വണ്ണാൻ (മണ്ണാൻ), പുലയർ, മാവിലർ, കരിമ്പാലർ, മലയർ, സംബവൻ എന്നീ ഉപജാതികളിൽപ്പെടുന്നവരാണ്. വള്ളുവർ, പുലയർ, മാവിലർ, കരിമ്പാലർ എന്നീ വിഭാഗങ്ങൾ എണ്ണത്തിൽ കൂടുതലാണ്. വിദ്യാഭ്യാസകാര്യത്തിലും തൊഴിലടിസ്ഥാനത്തിലും വള്ളുവർ, മണ്ണാൻ എന്നീ വിഭാഗം മറ്റുള്ളവരെ അപേക്ഷിച്ച് അല്പം മുൻപന്തിയിൽ എത്തിയിട്ടുണ്ട്. ബാക്കിയുള്ളവർ താരതമ്യേന പിന്നോക്കം നിൽക്കുന്നു. ഉദ്യോഗസ്ഥ മേധാവിത്വവും, ഈ വിഭാഗത്തിന്റെ അജ്ഞത കാരണവും ഇന്നുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനത്തിന്റെ ആനുപാതികമായ ഫലം ഒരു വിഭാഗത്തിനും ലഭിച്ചിട്ടില്ല. നേടിയതുതന്നെ വളരെ തുച്ഛവുമാണ്.

ഓരോ ഉപജാതിയും അവരവരുടേതായ വിശ്വാസത്തിലും ആചാരത്തിലും അടിയുറച്ചു വിശ്വസിക്കുന്നു. ഇവരുടെ ആചാരമര്യാദകളിൽ ഉറച്ചു വിശ്വസിക്കുമ്പോൾതന്നെ, സ്ത്രീധന സമ്പ്രദായം, ആഡംബരപൂർവ്വമായ വിവാഹച്ചടങ്ങുകൾ. ആഭരണഭ്രമം മുതലായ മറ്റുള്ളവരുടെ രീതികൾ അനുകരിച്ചു വരുന്നു. വ്യക്തികൾക്കോ, കുടുംബത്തിനോ സമഗ്രമായ വികസനം കൈവന്നിട്ടില്ലെങ്കിലും വസ്ത്രധാരണത്തിലും, ആഡംബരവസ്തുക്കൾ ഉപയോഗിക്കുന്നതിലും ഒരു പരിധിവരെ മറ്റു സമൂഹത്തോട് കിടപിടിക്കുന്നുണ്ട്. വിവാഹം, മരണാന്തര ചടങ്ങുകൾ എന്നിവയിൽ പരസ്പരം മറ്റുള്ളവരുമായി സഹകരിക്കുന്നു. എന്നിരുന്നാലും ഈ ഘട്ടങ്ങളിൽ ഒരു കുറഞ്ഞ ശതമാനമെങ്കിലും മറ്റുള്ളവർ ഇവരുടെ ഭക്ഷണങ്ങൾ ഉപയോഗിക്കാതെ തന്ത്രപൂർവ്വം ഒഴിവാകാറുണ്ട്. ജാതിയുടേയോ, മതത്തിന്റേയോ, പേരിൽ ചേരിതിരിവോ, മറ്റിനിർത്തലോ ഇല്ല. പരസ്പരം ഇടപെടുന്നതിൽ ജാതിയോ, മതമോ തടസ്സമായി നിൽക്കുന്നില്ല. ഇത് ഇരുവിഭാഗങ്ങൾ തമ്മിലുള്ള സഹകരണമനോഭാവവും, അനീതികളെ എതിർത്തു നിൽക്കുന്നതിനുള്ള തന്റേടവും ഒരു പരിധിവരെ ഇക്കൂട്ടർ നേടിയതുകൊണ്ടുമാണ്. പട്ടികജാതിക്കാരിലെ പ്രായമുള്ള വ്യക്തികളെ ഇതര സമൂഹത്തിൽപ്പെട്ടവർ സംബോധനയിൽപോലും മാനിക്കാറില്ല.

പട്ടികജാതിക്കാർ ഒന്നിച്ചോ, അല്ലെങ്കിൽ ഓരോ വിഭാഗമോ തമ്മിൽ ശക്തമായ സംഘടനാ ശക്തിയില്ല. സമൂഹ്യവും സാമ്പത്തികവുമായ എല്ലാ പ്രശ്നങ്ങളും സർക്കാരോ, രാഷ്ട്രീയ പാർട്ടികളോ പരിഹരിക്കുമെന്ന മിഥ്യാധാരണയിൽ ബഹുഭൂരിപക്ഷം വ്യക്തികളും എത്തിച്ചേർന്നിരിക്കുന്നു. അങ്ങിനെ ആക്കിയെടുത്തിരിക്കുന്നു. വികസനപ്രവർത്തനങ്ങളിൽ താതാമ്യം പ്രാപിക്കാതെ കാഴ്ചക്കാരായി മാറിനിൽക്കുന്നു. സംഘടിത വിഭാഗത്തിൽപ്പെട്ടവർ സാമ്പത്തികമായി ഒരു പരിധിവരെ ഇവരെ ചൂഷണം ചെയ്യുന്നു. പട്ടികജാതിയിൽപ്പെട്ട ഉപജാതിക്കാർ തമ്മിലോ, മറ്റു സമുദായക്കാർ തമ്മിലോ അംഗീകൃതമായ വിവാഹത്തിൽ ഏർപ്പെടാറില്ല. മദ്യപാനം, ചൂതുകളി എന്നീ ദൂഷിതവലയത്തിൽ ഏതാണ്ട് 80% പുരുഷൻമാരും പെട്ടിരിക്കുന്നു. സ്ത്രീകൾ അത് ഒരു പരിധിവരെ അംഗീകരിച്ച രീതിയിൽ സഹിച്ചും പൊറുത്തും കഴിയുന്നു. വൃദ്ധരായ

മാതാപിതാക്കളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വം പലരും ഏറ്റെടുക്കുന്നില്ല. മറ്റുള്ളവരുടെ തൊടിയിലും പറമ്പിലും കാർഷികവിളകൾ ഉണ്ടാക്കുന്ന ഇവരുടെ പാർപ്പിടങ്ങളുടെ പരിസരത്തുപോലും കുറഞ്ഞപക്ഷം പച്ചക്കറി കൃഷിയെങ്കിലും കൃഷിചെയ്യാൻ മടിക്കുന്നു.

പഞ്ചായത്തിൽ പ്രധാനമായും 10 കോളനികൾ ഉണ്ട്. അവയുടെ പേര് വിവരങ്ങൾ താഴെച്ചേർക്കുന്നു.

കോളനിയുടെ പേര്	ഉപജാതി	കുടുംബങ്ങളുടെ എണ്ണം
1. അംബേദ്ക്കർ കോളനി (കരയത്തുംചാൽ)	കരിമ്പാലർ	55
2. മങ്കട്ട് കോളനി	മാവിലർ	26
3. കംബ്ലാരി കോളനി	മാവിലർ	60
4. കാവുമ്പായി കോളനി	പുലയർ	35
5. പന്നിയോട്ടുമൂല കോളനി	പുലയർ	30
6. കരുമാന്റെപറമ്പ് കോളനി	വള്ളുവർ	60
7. നരന്തമ്മല കോളനി	പുലയർ	10
8. വള്ളിയാട് കോളനി	മാവിലർ	34
9. തോപ്പിലായി കോളനി	മാവിലർ	11
10. ചാക്യാറ കോളനി	വള്ളുവർ	60
11. പന്നിയോട്ടുമൂല ഹരിജൻ കോളനി		

ഇതുകൂടാതെ ശ്രമദാനം കോളനി, കൊട്ടൂർ കോളനി, പന്നിയോട്ടുമൂല കോളനി എന്നിങ്ങനെയും ഇവിടെ കോളനികളുണ്ട്.

ഈ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ളം ഈ പഞ്ചായത്തിലെ കോളനികളിൽ പ്രശ്നമല്ലെങ്കിലും പല കോളനികളിലും കിണർ നിർമ്മിക്കേണ്ടതായിട്ടുണ്ട്. കക്കൂസ്, പുകയില്ലാത്ത അടുപ്പ് മുതലായവ 80% കുടുംബങ്ങൾക്കും നിർബന്ധമാക്കുകയും വേണം. ഓരോ കോളനിയോടനുബന്ധിച്ച് പൊതുശ്മശാനം ഉണ്ടായിരുന്നത് ഇപ്പോൾ ഇല്ലാതാവുകയോ, അന്യാധീനപ്പെടുകയോ ചെയ്തിട്ടുണ്ട്. ഇങ്ങിനെ അന്യാധീനപ്പെട്ടിട്ടുള്ള ശ്മശാനങ്ങൾ കോളനികൾക്ക് തിരികെ ലഭിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും നിലവിലുള്ള കോളനി ശ്മശാനങ്ങൾ വേണ്ടരീതിയിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഒരു കോളനി ഒഴികെ മറ്റൊന്നും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല. യുവതലമുറയിൽപ്പെട്ടവർ പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ്. ഭൂരിപക്ഷം കുട്ടികളും സ്കൂളിൽ പോകുന്നവരാണ്. പ്രായമുള്ളവരുടെ സാക്ഷരതാ നിരക്ക് വളരെ കുറവാണ്. ഉയർന്ന വിദ്യാഭ്യാസനിലവാരം എസ്.എസ്.എൽ.സി, പ്രീ-ഡിഗ്രി എന്നിവയാണ്. ഭൂരിപക്ഷം ഇവിടെവച്ച് പഠനം നിർത്തുകയോ, തോറ്റുപോകുമ്പോൾ പഠനം തുടരാതിരിക്കുകയോ ചെയ്യുന്നു. ഉയർന്ന മാർക്കുനേടി മുന്നോട്ട് പഠിക്കാനോ മറ്റ് സാങ്കേതിക മേഖലയിലേക്ക് തിരിഞ്ഞുപോകാനോ കഴിയുന്നില്ല. വിദ്യാഭ്യാസാനുകൂല്യങ്ങളോ, സംവരണാടിസ്ഥാനത്തിലുള്ള സഹായങ്ങളോ അധികംപേർക്കും വേണ്ടത്ര രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനോ, ഉയർന്ന നിലവാരത്തിലുള്ള തൊഴിൽ സമ്പാദിക്കുന്നതിനോ വിദ്യാഭ്യാസമുള്ള യുവതീ-യുവാക്കൾ ജാഗ്രത കാണിക്കുന്നില്ല.

ഇവരിൽ അധികംപേരും കാർഷികരംഗത്ത് കൂലിപ്പണിചെയ്യുന്നവരാണ്. ഈ മേഖലയിലേക്ക് മറ്റ് സമുദായക്കാരുടെ പ്രവേശനം ഇവരിൽ തൊഴിൽ മാന്യത ഉണ്ടായിട്ടുണ്ട്. മറ്റ് മേഖലകളിൽ കടന്നു ചെല്ലാൻ കഴിയാത്തതിനാൽ മതിയായ തൊഴിൽ ഇല്ല. പായ്, കട്ട, വട്ടി നിർമ്മാണം, കക്കാനീറ്റ്, മത്സ്യബന്ധനം മുതലായ പാരമ്പര്യ തൊഴിലിൽ കുറഞ്ഞശതമാനം ആൾക്കാർ ഏർപ്പെട്ടിരിക്കുന്നു. എന്നാൽ അസംസ്കൃത സാധനങ്ങളുടെ ദൗർബല്ല്യം മൂലം ഇവിടെയും മാന്ദ്യത അനുഭവപ്പെടുന്നു. പ്രായമുള്ളവരിൽ 90% ആളുകളും നിരക്ഷരരാണ്.

ഉദ്ദേശം 25 കുടുംബങ്ങൾക്ക് സ്വന്തമായ ഭവനങ്ങൾ ഇല്ല. മിക്കവാറും എല്ലാ കുടുംബങ്ങൾക്കും ഭൂമി കൈവശമുണ്ട്. സ്വന്തമായി ഭൂമിഇല്ലാതിരുന്നവർക്കും മിച്ച ഭൂമി പതിച്ചുകിട്ടിയിട്ടുണ്ട്. മുൻപ് വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാതിരുന്ന ബാക്കിയുള്ളവർക്കെല്ലാം IAY, JRY ലക്ഷംകിണർ പദ്ധതി എന്നീ ദേശീയ പരിപാടി പ്രകാരവും സംസ്ഥാന ഗവൺമെന്റിന്റെ ക്ഷേമ വകുപ്പുകളിൽ കൂടിയും എല്ലാവർക്കും പാർപ്പിട സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഭംഗിയായി പാർപ്പിടം നിർമ്മിക്കുന്നതിനോ, പരിസരം ശുചിയായി സൂക്ഷിക്കുന്നതിനോ ഭൂരുപക്ഷത്തിനും കഴിയുന്നില്ല. പതിച്ചുകിട്ടിയ ഭൂമിയും അനുവദിച്ച ഭവനങ്ങളും നിയമരഹിതമായി കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. ഇതു തടയേണ്ടതാണ്. കർശനമായ നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

ബഹുജന സംഘടനാ നേതൃത്വത്തിൽ ആരുംതന്നെ ഈ പഞ്ചായത്തിൽ ഇല്ലെന്ന് പറയാം.

സംസ്ഥാന ഗവൺമെന്റിന്റെ വികസന പരിപാടികൽ കൃഷി, കാലിവളർത്തൽ, വ്യവസായി, വിദ്യാഭ്യാസം എന്നിവയിൽ ആനുപാതികമായ നേട്ടം കൈവരിച്ചിട്ടില്ല. നേട്ടം വളരെ തുച്ഛമാണ്. IRDP, JRY, IAY, ലക്ഷംകിണർ പദ്ധതി, സ്റ്റേറ്റ് റൂറൽ സാനിട്ടേഷൻ പ്രോഗ്രാം എന്നീ ദേശീയ പരിപാടികൾ ചുരുക്കം ചില കുടുംബങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അത്യന്തികമായ ഫലം ഉളവാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനം വേണ്ടത്ര രീതിയിൽ ഫലം നേടാൻ കഴിഞ്ഞിട്ടില്ല. ഇതിനുകാരണം പരിപാടികൾ നടപ്പിലാക്കുന്ന വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ആത്മാർത്ഥതകുറവും, പട്ടികജാതിക്കാരുടെ വികസനപരമായ അജ്ഞതയും, കാലഭേദങ്ങൾക്കനുസൃതമായ പരിപാടികളുടെ കുറവും, വഴിവിട്ടു നടപ്പിലാക്കൽ, ഇടത്തട്ടുകാരുടെ ചൂഷണം ഇവയെല്ലാമാണ്.

ലക്ഷ്യബോധവും അടുക്കും ചിട്ടയുമുള്ള കുടുംബങ്ങൾ കുറവാണ്. വരുമാനത്തിനുള്ളിൽനിന്നും ചെലവുകൾ ചെയ്യാനും സാമ്പത്തിക ഇടപാടുകളിൽ കൃത്യനിഷ്ടപാലിക്കാനും കഴിയുമാറാകണം. തൊഴിലാല്ലായ്മ സാമ്പത്തിക ഭദ്രതയെ തകർക്കുന്നു. സുകുമാര കലകളിലും കായിക രംഗങ്ങളിലും നൈസർഗ്ഗീകമായ വാസനയും കഴിവുമുള്ള ധാരാളം യുവതീ-യുവാക്കൾ ഉണ്ട്. ഈ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടത്ര ശ്രമിക്കാറില്ല. അതുകൊണ്ടുതന്നെ അവ മുരടിച്ചു പോവുന്നു.

സാധ്യതകൾ

1. ദേശീയ പരിപാടികളും, പ്രാദേശിക പരിപാടികളും നടപ്പിലാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ കൃത്യത പാലിക്കുക. ഉദ്യോഗസ്ഥർക്ക് അർപ്പണബോധം ഉണ്ടാക്കുക, കൈക്കൂളി, ഇടത്തട്ട് മുതലായ അഴിമതികൾ കർശനമായി നിയന്ത്രിക്കുക. പദ്ധതികളുടെ ഫലം ഇക്കൂട്ടർക്കുതന്നെ ഉറപ്പുവരുത്തുക.

2. പാരമ്പര്യ വ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾ ഉറപ്പുവരുത്തുക, പഞ്ചായത്ത്, പൊതുമരാമത്ത് റവന്യൂ പുറമ്പോക്കുകളിൽ മൂള, കൈത, മറ്റു ചെറുമരങ്ങൾ എന്നിവ JRY മുതലായ പദ്ധതികൾ മുഖേന നടട്ടുപിടിപ്പിക്കുകയും, അതിന്റെ ഉത്പന്നങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കി തൊഴിലായി നൽകുക.

3. കോളനികളിൽ അന്യാധീനപ്പെട്ട ശ്മശാനഭൂമികൾ തിരിച്ചെടുത്ത് നൽകുക. നിലവിലുള്ളവയ്ക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായത് ചെയ്യുക.

4. സമ്പാദ്യശീലം വളർത്തുന്നതിനാവശ്യമായ ഇവരുടെ സഹകരണസംഘങ്ങൾ തുടങ്ങുക.

5. ഫലവത്തായ രീതിയിലുള്ള ബോധവത്കരണ പരിപാടി സംഘടിപ്പിക്കുക.

6. പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുക. പദ്ധതികൾ നടപ്പിലാക്കൽ, അവലോകനം, വിലയിരുത്തൽ എന്നിവയ്ക്കായി പട്ടികജാതിക്കാർ മാത്രം അടങ്ങുന്ന അനൗദ്യോഗിക ഉപദേശക സമിതിക്ക് രൂപം നൽകി ഇവയുടെ പ്രവർത്തനം നടത്തുക.

7. വിദ്യാഭ്യാസം മറ്റ് മേഖലകളുടെ വളർച്ചാനിരക്ക് എന്നിവ കണക്കിലെടുത്ത് ഇന്ന് നടപ്പിലാക്കുന്ന പരിപാടികൾ യോജിച്ചതാണോ എന്ന് പരിശോദിച്ച് ഓരോ പ്രദേശത്തിനനുസൃതമായ പരിപാടികൾക്ക് രൂപം നൽകുക.

8. പഞ്ചായത്തിൽ പട്ടികജാതിക്കാർക്കു മാത്രമായി ഒരു കാർഷികബന്ധമായ വ്യവസായ യൂണിറ്റ് ആരംഭിക്കുക.

9. കലാ-കായിക, സാഹിത്യ പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ വളർത്തിയെടുക്കുന്നതിനും പഞ്ചായത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുക. വായനശാലകൾക്കും ക്ലബുകൾക്കും ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

10. ആവശ്യമുള്ള കക്കൂസുകൾ, കിണറുകൾ എന്നിവ എല്ലാ കോളനികളിലും ഒറ്റതിരിഞ്ഞുള്ള ഭവനങ്ങൾക്കും ഉണ്ടാക്കുക.

11. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ വിവിധതരം വ്യവസായ യൂണിറ്റുകൾ തുടങ്ങുക.

12. പഞ്ചായത്തിൽ നിലവിലുള്ള പ്രീ-പ്രൈമറി ഹോസ്റ്റലിന് സ്ഥലവും കെട്ടിടവും സ്വന്തമായി ഉണ്ടാക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.



വിഭവസമാഹരണം

വിഭവസമാഹരണം

ഏതൊരു സമൂഹത്തിന്റെയും നിലനിൽപിനടിസ്ഥാനം അതതു പ്രദേശത്തെ വിഭവങ്ങളാണ്. വിഭവങ്ങളുടെ അസൂത്രിതമായ വിനിയോഗമാണ് സാമൂഹ്യ പുരോഗതിക്ക് നിദാനം. പഞ്ചായത്തുകൾ ഒരു പ്രദാശിക ഗവൺമെന്റായി പ്രവർത്തിക്കുവാൻ തുടങ്ങുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനം വലിയ തോതിൽ വർധിപ്പിക്കേണ്ടിരിയിരിക്കുന്നു. ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നു കൊണ്ടു മാത്രമേ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കാൻ നമുക്കു കഴിയൂ. നിലവിലുള്ള കാർഷിക വ്യാവസായിക രംഗങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം വ്യത്യസ്ഥമായ സ്രോതസുകൾ കൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. വർധിച്ചു വരുന്ന ആവശ്യങ്ങളും പ്രശ്നങ്ങളേയും നേരിടാൻ അങ്ങിനെ നാം സ്വയം സജ്ജരാവേണ്ടിയിരിക്കുന്നു.

1-1-62 ന് നിലവിൽ വന്ന ശ്രീകണ്ഠപുരം പഞ്ചായത്തിന്റെ വിസ്തീർണം 68.7 ചതുരശ്ര കിലോമീറ്ററാണ്. 12 വാർഡുകളുള്ള ഈ പഞ്ചായത്തിന്റെ ജനസംഖ്യ 91ലെ സെൻസസ് പ്രകാരം 30854 ആണ്. ഇത്രയും വലിയ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ നാനാമുഖമായ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ പഞ്ചായത്തിന്റെ വിഭവങ്ങൾ തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളിലൂടെ കണ്ണോടിക്കുമ്പോൾ 92-93 ൽ നടപ്പിപ്പ് ചിലവ് വന്നത് 267693.70 പൈസയാണ്. 93.94 ൽ 33799405 പൈസയായി വർധിച്ചു. 94-95 ൽ അത് 2372890.80 രൂപയുമാണ്.

എന്നാൽ വികസന രംഗത്ത് (പൊതുമരാമത്ത്) 92-93, 93-94, 94-95 എന്നീ വർഷങ്ങളിൽ യഥാക്രമം ചിലവഴിക്കാൻ സാധിച്ചിട്ടുള്ളത് 338367 ഉം 398052 രൂപയും 211238 രൂപയും ആണ്.

പഞ്ചായത്തിന്റെ മൊത്തം തനത് നികുതി വരുമാനങ്ങളുടെ കണക്കുകൾ പരിശോധിച്ചപ്പോൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

92-93-ൽ കെട്ടിടനികുതി 124447-72 പൈസയും തൊഴിൽ നികുതി 114729 രൂപയും വിനോദനികുതിയിനത്തിൽ 77678 രൂപ 95 പൈസയുമാണ്. എന്നാൽ 93-94-ൽ കെട്ടിട നികുതി 321386.26 പൈസയും, തൊഴിൽ നികുതി 244891 രൂപയും വിനോദനികുതി 78121 രൂപ 55 പൈസയുമാണ്.

എന്നാൽ 94-95ൽ കെട്ടിടനികുതി 235604-20, തൊഴിൽ നികുതി 242206 രൂപയും വിനോദനികുതി 93886.30 പൈസയും ആണ്.

92-93 വർഷങ്ങളിലെ തനത് നികുതികളും 94-95 ലെ തനത് നികുതികളും താരതമ്യം ചെയ്യുമ്പോൾ കെട്ടിടനികുതിയിൽ ഭീമമായ വിന്യാസം വരുന്നതായി കാണുന്നു. 92-93 നെ അപേക്ഷിച്ച് 95-96 ൽ വിവിധ രീതിയിലുള്ള കെട്ടിടങ്ങളുടെ എണ്ണം കാര്യമായി വർധിച്ചു എങ്കിലും നികുതി വരുമാനത്തിന്റെ സാരമായ കുറവ് വന്നതായി കാണുന്നു. ഈ പഞ്ചായത്തിന്റെ വിവിധയിനം നികുതി സാധ്യതകളെകുറിച്ച് പരിശോധിച്ചാൽ ഈ പഞ്ചായത്തിന് ന്യായമായി പിഴിക്കേണ്ടുന്ന നികുതിയിനങ്ങളിൽ കുറവുവന്നതായി കാണുന്നു.

പഞ്ചായത്തിന്റെ മൂന്ന് വർഷത്തെ വരവ് ചിലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്. 92-93-ൽ മൊത്തം വരവ് 1665812.46 രൂപയും ചിലവ് 123170.95 പൈസയുമാണ്. ആയത് 93-94ൽ വരവ് 1940237.95 പൈസയും ചിലവ് 1977140.65 പൈസയുമാണ്. ആയത് 94-95 ൽ വരവ് 2218376.10 പൈസയും ചിലവ് 1594372.65 പൈസയുമാണ്.

മൊത്തം വരുമാനത്തിൽ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചപ്പോൾ നടത്തിപ്പ് ചിലവ് ക്രമാതീതമായി വർധിച്ചതായി കാണുന്നു.

സ്വന്തമായ വിഭവങ്ങൾ പഞ്ചായത്തിന്റെ സ്വന്തമായ വിഭവ സമാഹരണ സമാഹരണത്തിന്റെ പ്രധാനപ്പെട്ടത് ഷോപ്പിംഗ് കോംപ്ലക്സാണ്. 95-96 ൽ ഇതിൽ നിന്നും 485160 വരുമാനമുണ്ടായിട്ടുണ്ട്. കൂടാതെ ശ്രീകണ്ഠപുരം വണ്ടിതാവളവും ഉണ്ട്. ഇതിൽനിന്നും പഞ്ചായത്തിന് 95-96ൽ ലഭിച്ചത് 27700 രൂപയാണ്.

പഞ്ചായത്ത് കണക്കിൽ അറവ്ശാലകൾ നാലെണ്ണം കാണുന്നുണ്ടെങ്കിലും അയത് വേണ്ടവിധം മേൽനോട്ടം നടത്താത്തതിനാൽ ഇതിൽനിന്നും പഞ്ചായത്തിന് ലഭിച്ചത് തുഛമായ 250 രൂപ മാത്രമാണ്.

പഞ്ചായത്തിന്റെ വരുമാന മാർഗങ്ങളിൽ പ്രധാനമായും കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ നിന്നുമാണ് 95-96 ൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ താഴെ പറയും വിധമാണ്.

ഗ്രാമീണ റോഡ് സംരക്ഷണ ഇനത്തിൽ 37687, ചെറുകിട ജലസേചന പദ്ധതിപ്രകാരം 35000 രൂപയും, VTC ഇനത്തിൽ 227639 രൂപയും അടിസ്ഥാനനികുതി ഗ്രാന്റ് ഇനത്തിൽ 129029 രൂപയും വസ്തുകൈമാറ്റ ഡ്യൂട്ടിക്കായി 234439 രൂപയും JRY ഇനത്തിൽ 271950 രൂപയും ലഭിച്ചിട്ടുണ്ട്.

പുതിയ പഞ്ചായത്തീരാജ് നിയമപ്രകാരം വിവിധ വകുപ്പുകളിൽ നിന്നും 619592 രൂപ ലഭിച്ചിട്ടുണ്ട്. (95-96).

മൊത്തം വരവ് ചിലവ് കണക്കുകളിൽ അവലോകനം തുടങ്ങിയാൽ ജനങ്ങളുടെ സാമൂഹ്യ ക്ഷേമകാര്യങ്ങൾ പര്യാപതമായ വിധത്തിൽ നടത്താൻ ഉതകുന്ന തരത്തിലുള്ള വിഭവ സമാഹരങ്ങൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ അപാകത കാണുന്നു.

'95-96 കണക്കുകൾ പരിശോധിക്കുമ്പോൾ മൊത്തം വരവ് 2418779.60 രൂപയും ചെലവ് 2236584 രൂപയുമാണെങ്കിലും പഞ്ചായത്തിന് 1358000 രൂപ കടസാധ്യതയുള്ളതായി കാണുന്നു. കെട്ടിടനികുതി കെട്ടിടനികുതിയെ പറ്റി അവലോകനം നടത്തിയതിൽ 91-92 വർഷത്തിൽ 7516 കെട്ടിടങ്ങളുള്ളതിൽ 95-96 ആയത് 10659 ആയി വർധിച്ചു എങ്കിലും കെട്ടിട നികുതി ചുമത്തുന്നതിലെ മാനദണ്ഡം വേണ്ടവിധത്തിൽ പാലിക്കാത്തതുകൊണ്ട് കെട്ടിടനികുതിയിന വരുമാനം യഥാർഥത്തിൽ ലഭിക്കേണ്ടതിൽനിന്നും വളരെ കുറവുമാത്രമേ ലഭിക്കുന്നുള്ളൂ. കെട്ടിടനികുതി ചുമത്തുന്നതിനായി ഇന്നു സ്വീകരിച്ചവരുന്ന മാനദണ്ഡങ്ങൾ മാറ്റി Building Rule കർശനമായി നടപ്പാക്കികൊണ്ട് കെട്ടിടനികുതി ഇടേക്കേണ്ടതാണ്. ഇതു നടന്നുവരികയാണെങ്കിൽ പ്രസ്തുതയിനത്തിൽ ഇന്നുള്ളതിന്റെ ഇരട്ടിസംഖ്യ പഞ്ചായത്തിനു കെട്ടിടനികുതി ഇനത്തിൽ ലഭിക്കും എന്നതിനും സംശയമില്ല.

തൊഴിൽ നികുതി

തൊഴിൽ നികുതി ചുമത്തുന്ന ഇന്നത്തെ സമ്പ്രദായത്തിൽ ഉദ്യോഗസ്ഥർ ഒഴികെ ബാക്കിയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾഎല്ലാം തന്നെ നികുതി ചുമത്തുന്നതിൽ യാതൊരു മാനദണ്ഡവുമില്ല. ഉദ്ദേശം ഊഹിച്ചു കെട്ടി ഈടാക്കി വരുന്ന ഇന്നത്തെ രീതി മാറി ആയതു ശാസ്ത്രീയ രീതിയിൽ പുനർ നിർണ്ണയം ചെയ്യേണ്ടതാണ്. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വാണിജ്യ വിളകളിൽ നിന്നും ഫലപ്രദമായ മാനദണ്ഡം പാലിച്ചുകൊണ്ട് കാർഷിക തൊഴിൽ നികുതി ഈടാക്കുന്ന പക്ഷം നിലവിലുള്ള തൊഴിൽ നികുതി രണ്ടു ഇരട്ടിയോളമെങ്കിലും ആക്കി വർദ്ധിപ്പിക്കാൻ കഴിയുന്നതിൽ സംശയമില്ല.

പുറമ്പോക്കു ഭൂമി

പഞ്ചായത്ത് രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിൽ ഉദ്ദേശ്യം 500ൽ പരം എക്കർ പുറംപോക്കു ഭൂമി ഉള്ളതായി കാണന്നു. ആയതുമേൽ തോട്ടമില്ലാത്ത കാരണത്താൽ സ്വകാര്യ വ്യക്കികൾ കണ്ടമാനം കൈയേറി സ്ഥിരവിളകളായ റബർ, കവുങ്ങ്, തെങ്ങ് തുടങ്ങിയ അനുഭവങ്ങൾ വച്ചു പിടിപ്പിച്ചു. കൃഷി ചെയ്തു വരുന്ന ഈ ഭൂമി സമഗ്രമായ സർവ്വേ നടത്തി സ്വകാര്യ വ്യക്തികളിൽ നിന്നു പിരിച്ചെടുത്ത് പഞ്ചായത്ത് പഞ്ചായത്തിനു മുതൽകൂട്ടേണ്ടതാണ്.

വെഹിക്കിൾ ടാക്സ്

ഡീസൽ പെട്രോൾ എന്നിവ ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾക്കും ഇന്നു പ്രദേശിക നികുതികൾ ഇല്ലെന്നു തന്നെ പറയാം. അതുകൊണ്ട് ബസുകൾക്കും മറ്റും Hatling Place ൽ നിർബന്ധമായും നികുതി ചുമത്തേണ്ടതാണ്. ബസുകളിലെ ജീവനക്കാർക്ക് തൊഴിൽ നികുതി ചുമത്തുന്ന ഉറപ്പാക്കുകയും വേണം.

വിനോദ നികുതി

ഇന്നു നിലവിലുള്ള വിനോദനികുതി പരിശോധന സമ്പ്രദായത്തിൽ ഉദ്യോഗസ്ഥർക്കു പുറമെ ഒന്നിടവിട്ടു ദിവസങ്ങളിൽ ജനപ്രതിനിധികൾ പരിശോധന നടത്തുന്ന പക്ഷം വിനോദനികുതിയിനത്തിലെ വെട്ടിപ്പു ഒരു പരിധിയോളം ഫലപ്രദമായി തടയാൻ കഴിയുമെന്നു മനസ്സിലാക്കുന്നു.